Ci
XIV
128 b

N12<526908527 021 LS
ubTÜBINGEN

[Chr. Gottl. Barth. Biblische Geschichten.]

പഴയ

# നിയമത്തിൽനിന്ന

എടുത്ത

അമ്പത്തരണ്ട

## സത്യവെദകഥകളും

പുതിയ

# നിയമത്തിൽനിന്ന

എടുത്ത

അമ്പത്തരണ്ട

## സത്യവെദകഥകളും

ഇതിൽ അടങ്ങിയിരിക്കുന്നു.

---

COTTAYAM:
Printed at the Church Mission Press,
1855.

UNIV. BIBL. TÜBINGEN

Ii XIV 128 b

# ൧ സൃഷ്ടി.

ആദിയിൽ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു. സൃഷ്ടിപ്പിന്ന മുമ്പെ അവൻ അല്ലാതെ മറ്റൊന്നും ഉണ്ടായിട്ടില്ല. ദൈവം അത്രെ ആദിയും അന്തവുമില്ലാത്തവൻ. തന്റെ ഇഷ്ട പ്രകാരം എന്തെങ്കിലും സൃഷ്ടിപ്പാൻ ശക്തനാകുന്നു. സകലത്തിലും എണ്ണം തൂക്കം അളവ എന്നിവ പ്രമാണിച്ച നടത്തുകകൊണ്ട ആകാശത്തെയും ഭൂമിയെയും ക്ഷണത്തിൽ അല്ല ക്രമെണ അത്രെ നിൎമ്മിപ്പാൻ അവന്ന തിരുമനസ്സുണ്ടായത. ദൈവം ആറു ദിവസങ്ങൾക്കുള്ളിൽ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ പ്രകാരം പറയാം.

പ്രകാശം ഉണ്ടാകട്ടെ എന്ന ദൈവം കല്പിച്ചപ്പൊൾ പ്രകാശം ഉണ്ടായി. അവൻ പ്രകാശത്തെയും ഇരുട്ടിനെയും വെൎതിരിച്ചതിനാൽ ഒന്നാമത പകലും രാവും ഉണ്ടായി.

൨ാം ദിവസം ഭൂമിയെ ചുറ്റിയിരിക്കുന്ന തട്ടിനെ ഉണ്ടാക്കി. തട്ടിന്റെ കീഴും മെലുമുള്ള വെള്ളങ്ങളെ വെൎതിരിച്ചു തട്ടിന്ന ആകാശം എന്ന പെർ വിളിച്ചു.

൩ാം ദിവസം വെള്ളത്തെയും ഭൂമിയെയും വിഭാഗിച്ചു. ഭൂമിയിൽനിന്ന പുല്ലുകളെയും കായ്ക്കുന്ന വൃക്ഷങ്ങളെയും മുളപ്പിച്ചു.

൪ാം ദിവസം കാലഭെദങ്ങളെ അറിയിപ്പാൻ പകലിന്ന ആദിത്യനെയും രാത്രിക്ക ചന്ദ്രനെയും നക്ഷത്രങ്ങളെയും ഉണ്ടാക്കി.

൫ാം ദിവസം വെള്ളങ്ങളിൽ നീന്തുന്ന പലവിധ പുഴുക്കളെയും മീനുകളെയും ജന്തുക്കളെയും ആകാശത്തിൽ പറക്കുന്ന സകലവിധ പക്ഷികളെയും ചമച്ചു. നിങ്ങൾ പെരുകി നിറഞ്ഞുകൊൾവിൻ എന്ന അനുഗ്രഹിച്ചു.

൬ാം ദിവസം ദൈവം പലജാതി കാട്ടുമൃഗങ്ങളെയും നാട്ടുമൃഗങ്ങളെയും ഇഴയുന്ന പ്രാണികളെയും ഉണ്ടാക്കി. പിന്നെ ദൈവം സമുദ്രത്തിൽ ഉള്ള മത്സ്യങ്ങളെയും ആകാശത്തിലെ പക്ഷികളെയും മൃഗജാതികളെയും നിലത്തിഴയുന്ന സകല ജന്തുക്കളെയും ഭൂമിയെയും ഒക്കെ ഭരിക്കുന്നതിന്ന നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ ഉണ്ടാക്കെണമെന്ന വെച്ച തന്റെ സാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ നിൎമ്മിച്ചാറെ ഇവരൊട നിങ്ങൾ വൎദ്ധിച്ച ഭൂമിയിൽ നിറഞ്ഞ അതിനെ അടക്കികൊൾവിൻ എന്ന പറഞ്ഞ അനുഗ്രഹിച്ചു അപ്പൊൾ ദൈവം താൻ സൃഷ്ടിച്ചതിനെ ഒക്കെയും നൊക്കി ഇതാ അത എറ്റവും നല്ലത എന്ന കണ്ട സന്തൊഷിച്ചു.

൭ാം ദിവസം ദൈവം തന്റെ പ്രവൃത്തിയെ തീൎത്ത മനുഷ്യൎക്ക ആ ദിവസത്തെ ശുദ്ധനാളാക്കി സ്വസ്ഥനായിരുന്നു.

## ൨ പാപപ്രവെശനം.

ദൈവം ഒരു നല്ല തൊട്ടത്തെ ഉണ്ടാക്കി ആദ്യ മനുഷ്യനെ അതിൽ പാൎപ്പിച്ചു. ആ തൊട്ടത്തിൽ കാഴ്ചെക്ക സുന്ദരമായും ഭക്ഷണത്തിന്ന യൊഗ്യമായുമുള്ള പലവിധ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. നടുവിൽ ഇരിക്കുന്ന ജീവവൃക്ഷം ഗുണദൊഷങ്ങളെ അറിയിക്കുന്ന വൃക്ഷം ഒഴികെ വിശെഷമുള്ള മരങ്ങളെ ദൈവം മനുഷ്യന്ന കാട്ടി അവനൊട തൊട്ടത്തിലെ മറ്റു സകല വൃക്ഷഫലങ്ങളെയും ഭക്ഷിക്കാം. ഗുണദൊഷങ്ങളെ അറിയിക്കുന്ന വൃക്ഷത്തിൻ ഫലം മാത്രം ഭക്ഷിക്കരുത. ഭക്ഷിക്കും ദിവസം നീ മരിക്കും നിശ്ചയം എന്ന കല്പിച്ചു.

അനന്തരം മൃഗങ്ങളിൽ കൌശലമുള്ള പാമ്പ തൊട്ടത്തിൽ ചെന്ന സ്ത്രീയൊട നിങ്ങൾ സകല വൃക്ഷത്തിൽനിന്നും ഭക്ഷിക്കരുത എന്ന ദൈവം നിശ്ചയമായി കല്പിച്ചിട്ടുണ്ടൊ എന്ന ചൊദിച്ചപ്പൊൾ സ്ത്രീ പറഞ്ഞു തൊട്ടത്തിലെ ഫലത്തെ ഒക്കെയും ഞങ്ങൾക്ക ഭക്ഷിക്കാം എങ്കിലും നിങ്ങൾ മരിക്കാതെ ഇരിക്കെണ്ടുന്നതിന്ന നടുവിൽ ഇരിക്കുന്ന ഒരു വൃക്ഷത്തിൻ ഫലത്തെ മാത്രം തൊടുകയും ഭക്ഷിക്കയും ചെയ്യരുത എന്ന ദൈവത്തിന്റെ അരുളപ്പാടാകുന്നു എന്നത കെട്ടു പാമ്പ നിങ്ങൾ മരിക്കയില്ല നിങ്ങൾ ഭക്ഷിക്കുമ്പൊഴെ നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെട്ടും ഗുണദൊഷങ്ങളെ അറിഞ്ഞ ദൈവത്തെ പൊലെ ഇരിക്കും എന്നറിഞ്ഞത കൊണ്ടത്രെ ആയവൻ അതിനെ വിരൊധിച്ചു എന്ന പറഞ്ഞപ്പൊൾ ആ വൃക്ഷത്തിൻ ഫലം കാഴ്ചക്ക സൌന്ദൎയ്യവും ഭക്ഷണത്തിന്ന നല്ലതും ബുദ്ധി വൎദ്ധനവുമായിരിക്കും എന്ന സ്ത്രീ കണ്ട ഫലത്തെ പറിച്ചു ഭക്ഷിച്ചു ഭൎത്താവിന്നും കൊടുത്താറെ അവനും ഭക്ഷിച്ചു. അപ്പൊൾ അവരിരുവരുടെയും കണ്ണുകൾ തുറന്നു. അവർ നഗ്നന്മാർ എന്ന അറിഞ്ഞ അത്തിഇലകളെ കൂട്ടിത്തുന്നി തങ്ങൾക്ക ഉടുപ്പുകളെ ഉണ്ടാക്കി.

പിന്നെ വൈകുന്നെരത്തെ കുളിരുള്ളപ്പൊൾ ദൈവമായ യഹൊവ തൊട്ടത്തിൽ സഞ്ചരിച്ചാറെ ആദാമും ഭാൎയ്യയും അവന്റെ ശബ്ദം കെട്ടിട്ട സന്നിധിയിൽനിന്ന ഒടി തൊട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു. അപ്പൊൾ യഹൊവാ ആദാമെ നീ എവിടെ എന്ന വിളിച്ചു അതിന്നുത്തരമായിട്ട അവൻ തിരുശബ്ദത്തെ കെട്ടു നഗ്നനാകകൊണ്ട ഞാൻ ഭയപ്പെട്ട ഒളിച്ചു എന്ന പറഞ്ഞാറെ ദൈവം നീ നഗ്നൻ എന്ന നിന്നൊട അറിയിച്ചതാർ ഭക്ഷിക്കരുത എന്ന ഞാൻ വിരൊധിച്ച വൃക്ഷത്തിൻ ഫലം നീ ഭക്ഷിച്ചിട്ടല്ലൊ എന്ന ചൊദിച്ച ശെഷം ആദാം പറഞ്ഞു നീ എന്നൊട കൂടെ ഇരിപ്പാൻ തന്നിട്ടുള്ള സ്ത്രീ തന്നെ വൃക്ഷത്തിൻ ഫലം ഇനിക്ക തന്നു ഞാൻ ഭക്ഷിയും ചെയ്തു. അപ്പൊൾ ദൈവം സ്ത്രീയൊട നീ ചെയ്തിട്ടുള്ളതെന്തെന്ന ചൊദിച്ചു അതിന്ന സ്ത്രീ സൎപ്പം എന്നെ ചതിച്ചത കൊണ്ട ഞാൻ ഭക്ഷിച്ചു എന്ന പറഞ്ഞു.

അതിന്റെ ശെഷം ദൈവം പാമ്പിനൊട പറഞ്ഞു നീ ഇതിനെ ചെയ്തതകൊണ്ട എല്ലാ ജന്തുക്കളിലും ഞാൻ നിന്നെ ശപിക്കുന്നു. നീ ജീവിച്ചിരിക്കുന്നവരെക്കും ഉരസ്സുകൊണ്ട നടന്ന പൊടി തിന്നും നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും ഞാൻ ശത്രുത്വം ഉണ്ടാക്കും. സ്ത്രീയുടെ സന്തതി നിന്റെ തലയെ ച

തെക്കും നീ അവൻെറ മടമ്പ ചതെക്കും എന്ന കല്പിച്ചു അപ്പൊൾ ദൈവം സ്ത്രീയൊട നിനക്ക ഗൎഭധാരണത്തെയും ദുഃഖത്തെയും ഞാൻ എററവും വൎദ്ധിപ്പിക്കും. നീ വെദനയൊട പൈതങ്ങളെ പ്രസവിക്കും. നിൻെറ ഇഛ ഭൎത്താവിന്ന താണിരിക്കയും അവൻ നിൻെറ മെൽ വാഴ്കയും ചെയ്യും എന്ന കല്പിച്ചു. പിന്നെ ആദാമിനൊട നീ ഭാൎയ്യയുടെ വാക്ക അനുസരിച്ച എൻെറ വാക്കിനെ തള്ളികളഞ്ഞ ആ ഫലം ഭക്ഷിച്ചതുകൊണ്ട നിൻെറ നിമിത്തം ഭൂമിക്ക ശാപം സംഭവിച്ചു നിൻെറ ആയുസ്സുള്ള നാളൊക്കയും ദുഃഖത്തൊടു കൂടെ അതിൻഫലത്തെ നീ ഭക്ഷിക്കയും അത നിനക്ക മുള്ളുകളെയും കാരകളെയും മുളപ്പിക്കും. നീ പൊടിയാകുന്നു പൊടിയിൽ പിന്നെയും ചെരുകയും ചെയ്യും നിൻെറ മുഖത്തിൻെറ വിയൎപ്പൊട കൂടി നീ അപ്പം ഭക്ഷിക്കും എന്ന ശാസിക്കയും ചെയ്തു. പിന്നെ അവരെ തൊട്ടത്തിൽനിന്ന പുറത്താക്കി ജീവവൃക്ഷത്തിൻെറ വഴിയെ കാക്കെണ്ടതിന്ന എല്ലാടവും തിരിഞ്ഞ മിന്നുന്ന അഗ്നി വാളെ ധരിക്കുന്ന ഖരൂബിമാരെ സ്ഥാപിക്കയും ചെയ്തു.

## ൩ സഹൊദര നിഗ്രഹം.

ആദാമിൻെറ പുത്രന്മാരിൽ ജ്യെഷ്ഠനായ കായിൻ കൃഷിക്കാരനും അനുജനായ ഹബെൽ ഇടയനുമായി തീൎന്നു. ഒരു ദിവസം ഇരിവരും ബലികഴിപ്പാൻ വന്നപ്പൊൾ കായിൻ കൃഷിഫലങ്ങളെയും ഹബെൽ ആട്ടിൻകൂട്ടത്തിലുള്ള കടിഞ്ഞൂൽ കുട്ടികളെയും കൊണ്ടുവന്ന വെച്ചു അപ്പൊൾ യഹൊവ വിശ്വാസമുള്ള ഹബെലിൻെറ കാഴ്ചയിൽ ആദരിച്ചു കായിൻെറ ബലിയെ നിരസിച്ചു. കഠിനമുള്ളവനും അസൂയക്കാരനുമായ കായിൻ അതിനെ കണ്ടപ്പൊൾ എററവും കൊപിച്ച മുഖപ്രസാദം കൂടാതെ നിന്നു എന്തിന്ന കൊപം ഉണ്ടാകുന്നു എന്തിന്ന നിൻെറ മുഖം ക്ഷീണിക്കുന്നു നീ നന്മ ചെയ്യുന്നു എങ്കിൽ ഗുണം ഉണ്ടാകയില്ലയൊ തിന്മചെയ്താൽ പാപം വാതില്ക്കൽ കിടക്കയും നിൻെറ മെൽ ആഗ്രഹം വെക്കയും ചെയ്യുന്നുവല്ലൊ (ആയതിനെ നീ അടക്കെണം) എന്നിപ്രകാരം യഹൊവ പറഞ്ഞത കായിൻ കെട്ടു പിന്നെ അനുജനൊട സ്നെഹമായി സംസാരിച്ചു എങ്കിലും പടമ്പിൽ വെച്ച അവനെ കൊല്ലുകയും ചെയ്തു.

അനന്തരം യഹൊവ നിൻെറ അനുജനായ ഹബെൽ എവിടെ എന്നചൊദിച്ചതിന്ന ഞാൻഅറിയുന്നില്ല അനുജൻെറ കാവല്ക്കാരൻ ഞാനൊ എന്ന കായിൻ പറഞ്ഞാറെ യഹൊവ നീ എന്തുചെയ്തു നിൻെറഅനുജൻെറ രക്തം നിലത്തുനിന്ന എന്നൊട നിലവിളിക്കുന്നു സഹൊദരനിഗ്രഹം കൊണ്ടരക്തം കുടിച്ചിട്ടുള്ള ഭൂമിയിൽനിന്ന നീ ശപിക്കപ്പെട്ടവനാകുന്നു കൃഷിചെയ്യുമ്പൊൾ അത തൻെറ ഗുണം നിനക്ക തരികയില്ല ഭൂമിയിൽ ഉഴലുന്നവനും അലയുന്നവനുമാകും എന്ന കല്പിച്ചപ്പൊൾ കായിൻ ദൈവത്തൊട പറഞ്ഞു എൻെറ പാപം ക്ഷമിപ്പാൻ കഴിയാത്തവണ്ണം വലിയതാകുന്നു ഇപ്പൊൾ കാണുന്നവൻ എല്ലാം എന്നെ കൊല്ലും. എന്നാറെ യഹൊവ അതരുത എന്ന പറഞ്ഞ ഒരുത്തനും അവനെ കൊല്ലാതെ ഇരിപ്പാൻ മുഖത്ത ഒര അടയാളം വെക്കയും ചെയ്തു.

അതിൻെറ ശെഷം കായിൻ ഭാൎയ്യയൊടും പുത്രനൊടും കൂടെ

യഹൊവയുടെ സന്നിധിയിൽനിന്ന പുറപ്പെട്ട പൊയി നൊദ്ഏന്ന നാട്ടിൽ എത്തി ഒരു പട്ടണം ഉണ്ടാക്കി അതിന്ന ആദ്യജാതനായ ഹനൊക്കിന്റെ പെർ വിളിച്ചു ഇതുണ്ടായപ്പൊൾ ആദാമിന്ന ൱൩൰ വയസ്സായിരുന്ന അക്കാലത്ത ഹവ പിന്നെയും ഒരു പുത്രനെ പ്രസവിച്ചു ഹബെലിന്ന പകരം ഒരു സന്തതി ദൈവംതന്ന എന്ന വിചാരിച്ച സന്തൊഷിച്ച ശെത്ത എന്ന പെർ വിളിക്കയും ചെയ്തു.

## ൪ ജലപ്രളയം.

ആദ്യ മനുഷ്യൎക്ക ആരൊഗ്യവും ദീൎഘായുസ്സും വളരെ ഉണ്ടായിരുന്നതുകൊണ്ട അവർ ഭൂമിയിൽ വളരെ പെരുകി അഹംകാരം കൊണ്ടും കാമം കൊണ്ടും അതിക്രമം കൊണ്ടും ഭൂമിയെ വഷളാക്കി അപ്പൊൾ യഹൊവ ചെട്ട സ്വഭാവമുള്ള മനുഷ്യരൊട എന്റെ ആത്മാവ എപ്പൊഴും വിവാദിക്കുന്നില്ല അവൎക്ക ഇനി ൱൨൰ സംവത്സരം ഇട ഉണ്ട എന്ന കല്പിച്ചു.

അതിന്റെ ശെഷം യഹൊവ ഞാൻ സൃഷ്ടിച്ച മനുഷ്യരെ ഇപ്പൊൾ ഭൂമിയിൽനിന്ന നശിപ്പിക്കും എന്നും നീതിമാനായ നൊഹയെ മാത്രം രക്ഷിക്കും എന്ന നിശ്ചയിച്ച അവനൊട കല്പിച്ചത എന്തെന്നാൽ ഞാൻ ഭൂമിയുടെ മെൽ ജലപ്രളയം വരുത്തുന്നതാകകൊണ്ട നീ ൩൱ മുഴം നീളവും ൫൰ മുഴം വീതിയും ൩൰ മുഴം ഉയരവും ഉള്ള ഒരു പെട്ടകം ഉണ്ടാക്കി അതിനെ പല മുറികളൊട തീൎത്തതിന്റെ ശെഷം നീയും ഭാൎയ്യയും പുത്രന്മാരും പുത്രഭാൎയ്യമാരും അതിൽ പ്രവെശിക്കയും നിന്നൊട്ടു കൂടെ ജീവനൊടെ രക്ഷിപ്പാനായി സകല ജന്തുക്കളിൽനിന്നും ആണും പെണ്ണുമായി ഈരണ്ടീരണ്ട കൂടെ ചെൎത്ത നിങ്ങൾക്കും അവയ്ക്കും ഭക്ഷിപ്പാൻ വെണ്ടുന്നതെല്ലാം ശെഖരിക്കയും വെണം. നൊഹ ഇത കെട്ടപ്പൊൾ പണിതുടങ്ങി അപ്രകാരം തീൎക്കയും ചെയ്തു.

അനന്തരം ദൈവകല്പന കെട്ടിട്ട നൊഹ തന്റെ ൬൱ാം വയസ്സിൽ കുഡുംബത്തൊട്ടു കൂടെ പെട്ടകത്തിൽ പ്രവെശിച്ച ശെഷം മഹാ ആഴത്തിലെ ഉറവുകൾ എല്ലാം പിളൎന്ന ആകാശത്തിലുള്ള ജലദ്വാരങ്ങളും തുറന്ന പിന്നെ ൪൰ പകലും രാവും ഭൂമിമെൽ പെരുമഴ ഉണ്ടായി വെള്ളങ്ങൾ വൎദ്ധിച്ച പെട്ടകത്തെ മെല്പെട്ട പൊങ്ങിച്ച പിന്നെയും വളരെ പെരുകി വന്ന ആകാശത്തിന്റെ കീഴിലുള്ള മലകളെ മൂടി വെച്ച ശിഖരങ്ങളിൽനിന്ന ൧൫ മുഴം ഉയരം മെല്പെട്ട വൎദ്ധിച്ചു അപ്പൊൾ സകല മൃഗങ്ങളും പക്ഷികളും ഇഴയുന്ന ജന്തുക്കളും എല്ലാ മനുഷ്യരും ചത്തുപൊയി. അങ്ങിനെ വെള്ളങ്ങൾ ഭൂമിയുടെ മെൽ ൱൫൰ ദിവസത്തൊളം നിന്ന പിന്നെ കുറഞ്ഞ പെട്ടകം അറരാത്ത എന്ന മലയിൽ ഉറച്ചു. ൭ം മാസം ചെന്ന ശെഷം കുറഞ്ഞ കുറഞ്ഞ പൊയി മലകളുടെ ശിഖരങ്ങൾ കാണ്മാറായി പിന്നെയും ൪൰ ദിവസം കഴിഞ്ഞാറെ നൊഹ പെട്ടകത്തിന്റെ വാതിൽ തുറന്ന ഒരു മലങ്കാക്കയെ പുറത്തു വിട്ടു ആയത വെള്ളം വററിപൊകുന്നവരെയ്ക്കും വന്നും പൊയും ഇരുന്നു പിന്നെ ഒരു പ്രാവിനെ വിട്ടപ്പൊൾ അത സുഖസ്ഥലം കാണായ്കകൊണ്ട തിരിച്ച വന്നു ൭ ദിവസത്തിന്റെ ശെഷം പ്രാവിനെ പിന്നെയും വിട്ടാറെ അത ഒരു ഒലിവ വൃക്ഷത്തിന്റെ ഇലയെ കൊത്തികൊണ്ടുവ

ന്നു. അവൻ പിന്നെയും ൭ ലിവസം പാൎത്തിട്ട പ്രാവിനെ പുറത്ത വിട്ട മടങ്ങി വരായ്കകൊണ്ട വെള്ളം എല്ലാം വറ്റിപൊയി എന്ന നൊഹ നിശ്ചയിച്ച മെൽതട്ടിനെ നീക്കി ഉണങ്ങിയ സ്ഥലത്തെ കണ്ട പിന്നെയും ഏകദെശം ൨ മാസം കഴിഞ്ഞ ശെഷം താനും കുഡുംബക്കാരും ജന്തുക്കളൊട കൂടെ പെട്ടകത്തെ വിട്ട പുറത്ത വരികയും ചെയ്തു.

അനന്തരം നൊഹ ഹൊമബലികളെ കഴിച്ചപ്പൊൾ യഹൊവ മനുഷ്യഹൃദയ നിരൂപണങ്ങൾ ബാല്യം മുതൽ ദൊഷമുള്ളവയാകകൊണ്ട അവർ നിമിത്തമായി ഞാൻ ഭൂമിയെ ഇനി ശപിക്ക ഇല്ല ഭൂമിയുള്ള നാളൊക്കയും വിതയും കൊയിത്തും ശീതവും ഉഷ്ണവും വെനൽകാലവും വൎഷകാലവും പകലും രാവും ഇതൊന്നിന്നും ഭെദം വരിക ഇല്ല എന്ന അരുളിച്ചെയ്തു നൊഹയെ അനുഗ്രഹിച്ചു. മഴ പെയ്യുന്നതിനാൽ പെടി ഉണ്ടാകരുത എന്നതിന്ന അടയാളമായിട്ട മെഘത്തിൽ ശൊഭയുള്ള മഴവില്ലിനെ ഉണ്ടാക്കി വെച്ചു ഇത ഇനിക്കും ഭൂമിയിലെ സകല ജനത്തിന്നുമുള്ള നിശ്ചയത്തിന്ന മുദ്രയായിരിക്കും എന്ന കല്പിക്കയും ചെയ്തു.

## ൮ ബാബെലിലെ ഗൊപുരം.

ജലപ്രളയത്തിന്റെ ശെഷം മനുഷ്യരുടെ ശരീരശക്തിയും ആയുസ്സും ക്രമത്താലെ കുറഞ്ഞുകുറഞ്ഞു വന്നു നൊഹ ജലപ്രളയം കഴിഞ്ഞിട്ടും ൩൫൦ സംവത്സരം ജീവിച്ചു അവന്റെ പുത്രനായ ശെമും ൬൦൦ വൎഷത്തൊളമിരുന്നു. തന്റെ സന്തതിയെ പത്ത തലമുറയൊളം കണ്ടു. അവന്റെ പുത്രനായ അൎഫക്ഷാദ ൪൩൮ വയസ്സുവരെ ജീവിച്ചു അവന്റെ പുത്രനായ എബർ ൪൬൪ വയസ്സിൽ മരിച്ചു. അന്നുള്ള ജനങ്ങൾ പാപവൎദ്ധനയാൽ അശക്തരായി തീരുകകൊണ്ട ൧൨൦ വയസ്സിൽ മെല്പെട്ട ഒരുത്തരും ജീവിച്ചിരുന്നില്ല. അപ്പൊൾ ഹാമിന്റെ സന്തതിയിലുള്ള നിമ്രൊദ മുതലായ വീരന്മാർ പല ക്രൂര പ്രവൃത്തികളെ നടത്തി ഒരൊ ദെശങ്ങളെയും ജനങ്ങളെയും കൈവശമാക്കി പ്രഭുക്കന്മാരായി വാഴുവാൻ തുടങ്ങി ആ കാലത്തൊളം ലൊകത്തിൽ എങ്ങും ഒരു ഭാഷ തന്നെ നടന്ന വന്നപ്പൊൾ പ്രാത്ത നദിതീരത്തിലെ താഴ്ന്ന പ്രദെശത്തുള്ള മനുഷ്യർ നാം ഇനിമെൽ ചിതറാതെ ഇരിപ്പാനും സകല ജാതികളും നമ്മെ ഒൎത്ത പ്രശംസിപ്പാനും ഒരു പട്ടണത്തെയും അതിൽ ആകാശത്തൊളം നീണ്ടുയരുന്ന ഒരു ഗൊപുരത്തെയും തീൎപ്പാൻ നിശ്ചയിച്ച പണി ചെയ്യുമ്പൊൾ ആയത യഹൊവക്ക അനിഷ്ടമാകകൊണ്ട അവൻ ഇറങ്ങി വന്നു ഒരൊരുത്തരുടെ വാക്കുകൾ അന്യൊന്യം അറിയാതെ ഇരിപ്പാൻ വെണ്ടി വെവ്വെറെ ആക്കി. അവർ ആ സ്ഥലത്തെ വിട്ട പട്ടണവും ഗൊപുരവും മുഴുവനും തീൎക്കാതെ ഭൂമിയിൽ എങ്ങും ചിതറിപൊവാൻ സംഗതി വരുത്തി അന്നമുതൽ കലക്കം എന്നൎത്ഥമുള്ള ബാബെൽ എന്ന പെർ സംഭവിക്കയും ചെയ്തു.

## ൯ ദൈവം അബ്രഹാമിനെ വിളിച്ചുത.

നൊഹ മരിക്കുന്നതിന്ന അല്പകാലം മുമ്പെ ജനങ്ങൾ എററവും പെരുകി പലവക ബിംബങ്ങളെയും സ്ഥാപിച്ചു പൂജിച്ചുവരുമ്പൊ

ൾ ശെമിൻെറ പത്താം സന്തതിയായ അബ്രാമൊട ദൈവം അരുളിച്ചെയ്തു എന്തെന്നാൽ അച്ശൻെറ ഭവനത്തെയും ജന്മദെശത്തെയും ബന്ധുജനങ്ങളെയും നീ വിട്ടുപുറപ്പെട്ട ഞാൻ കാണിക്കും ദെശത്തെക്ക പൊക അവിടെ ഞാൻ നിന്നെ അനുഗ്രഹിച്ച വലിയ ജാതിയാക്കി നിൻെറ നാമത്തിന്ന നിത്യകീൎത്തിയെയും സൎവ്വവംശങ്ങൾക്കും നിന്നാൽ അനുഗ്രഹവും വരുത്തും നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും ശപിക്കുന്നവരെ ശപിക്കും എന്നത കെട്ട അബ്രാം ൭൫ വയസ്സുള്ളവനായി ഭാൎയ്യയെയും അനുജൻെറ പുത്രനായ ലൊത്തനെയും കൂട്ടികൊണ്ട കനാൻ ദെശത്തെക്ക യാത്രയായി എത്തുകയും ചെയ്തു.

അവിടെ ഇരിക്കുന്ന സമയത്ത തനിക്കും ലൊത്തനും കന്നുകാലികൾ മുതലായ സമ്പത്തുകൾ വളരെ ഉണ്ടാകകൊണ്ട ഒന്നിച്ച പാൎപ്പാൻ ആ ഭൂമി പൊരാതെ ഇരുന്നു. ഇരുവരുടെ മൃഗക്കൂട്ടങ്ങളെ മെയിക്കുന്ന ഇടയന്മാർ തമ്മിൽ കലശൽ ഉണ്ടായത അബ്രാം അറിഞ്ഞ ലൊത്തനൊട എനിക്കും നിനക്കും നമ്മുടെ ഇടയൎക്കും തമ്മിൽ വിവാദം ഉണ്ടാകരുത നാം സഹൊദരന്മാരല്ലൊ ആകുന്നത. ദെശം ഒക്കെയും നിൻെറ മുമ്പാകെ ഇരിക്കുന്നുവല്ലൊ നീ എന്നെ വിട്ട ഇടത്തൊട്ട മാറുന്നെങ്കിൽ ഞാൻ വലത്തൊട്ട പൊകാം വലത്തൊട്ട നീ പൊകുന്നെങ്കിൽ ഞാൻ ഇടത്തൊട്ട തിരിഞ്ഞുകൊള്ളാം എന്ന പറഞ്ഞിട്ട ലൊത്തൻ കിഴക്കുദെശം തൊട്ടത്തിന്ന സമം എന്നുകണ്ട യൎദ്ദൻ നദി ഒഴുകുന്ന സമഭൂമിയിൽ ഇറങ്ങി സൊദൊം പട്ടണത്തിൽ ചെന്ന വസിച്ചു അബ്രാമൊ കനാൻ ദെശത്തു തന്നെ പാൎക്കയും ചെയ്തു.

## ൭ അബ്രഹാമിൻെറ വിശ്വാസം.

അബ്രാം ഇപ്രകാരം ചെയ്കകൊണ്ട യഹൊവ അവനെ അനുഗ്രഹിച്ചു അവനൊട നീ ഭയപ്പെടരുത നിനക്ക പലിശയും പ്രതിഫലവും ഞാൻ തന്നെ ആകുന്നു എന്ന പറഞ്ഞു. തനിക്ക സന്തതി ഇല്ലായ്കകൊണ്ട അവൻ ദുഃഖിച്ചിരുന്നപ്പൊൾ നീ ആകാശത്തിലെക്ക നൊക്കുക നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമൊ അപ്രകാരം ഞാൻ നിനക്ക സന്തതിയെ വൎദ്ധിപ്പിക്കും എന്നുള്ള യഹൊവയുടെ അരുളപ്പാടിനെ പരിഗ്രഹിച്ച അവനിൽ വിശ്വസിച്ചു യഹൊവ അതിനെ അവന്ന നീതിയായിട്ട എണ്ണുകയും ചെയ്തു.

അവന്ന ൯൯ വയസ്സായപ്പൊൾ യഹൊവ പ്രത്യക്ഷനായി കല്പിച്ചത എന്തെന്നാൽ ഞാൻ സൎവ്വശക്തനായ ദൈവം ആകുന്നു എൻെറ മുമ്പാകെ നടന്നകൊണ്ട പൂൎണ്ണ ഗുണവാനായിരിക്ക എന്നാൽ ഞാൻ നിനക്ക എൻെറ നിൎണ്ണയം സ്ഥാപിക്കും വളരെ ജാതികൾക്കും നീ പിതാവായി തീരും. ആയ്തുകൊണ്ട നിൻെറ പെർ അബ്രാം എന്നല്ല കൂട്ടത്തിൻെറ അച്ശൻ എന്നൎത്ഥമുള്ള അബ്രഹാം എന്ന വിളിക്കും. പിന്നെ യഹൊവ തൻെറ നിൎണ്ണയത്തിന്ന അടയാളമായി ചെലാകൎമ്മത്തെ ആചാരമാക്കി കല്പിച്ചു. അതിൻെറ ശെഷം അബ്രഹാം ഒരു ദിവസം ഉച്ചെക്ക കൂടാരവാതുക്കൽ ഇരുന്നപ്പൊൾ യഹൊവ പ്രത്യക്ഷനായി അത എങ്ങിനെ എന്നാൽ അബ്രഹാം നൊക്കിയപ്പൊൾ മൂന്ന ആളുകൾ തൻെറ അടുക്കെ വരുന്നതകണ്ടു ഒടിച്ചെന്ന എതിരെറ്റ നിലം വരെ വണങ്ങി പറഞ്ഞു കൎത്താവെ നിൻെറ കണ്ണുകളിൽ കൃ

പ ലഭിച്ചു എങ്കിൽ നിന്റെ ദാസനെ ഒഴിച്ചു പൊകരുതെ. മരത്തിൻ കീഴിൽ ആശ്വസിച്ചു അല്പം തിന്നുകുടിച്ചുകൊള്ളെണം എന്നപെക്ഷിച്ചു സമ്മതിച്ച ശെഷം അകത്തു ചെന്ന ഭാൎയ്യയായ സാറയൊട നീ വെഗം അപ്പം ഉണ്ടാക്കുക എന്ന പറഞ്ഞ താൻ ഒരു കന്നുകുട്ടിയെ പാകം ചെയ്യിച്ചുകൊണ്ടുവന്ന അപ്പവും പാലും വെണ്ണയും ഒക്ക അവരുടെ മുമ്പാകെ വെച്ചു അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പൊൾ കൎത്താവായവൻ പറഞ്ഞു ഒരു സംവത്സരത്തിന്റെ ശെഷം ഞാൻ മടങ്ങിവരും അപ്പൊൾ നിന്റെ ഭാൎയ്യക്ക ഒരു പുത്രൻ ഉണ്ടാകും എന്നത അവന്റെ പിന്നിൽ കൂടാരവാതുക്കൽ നില്ക്കുന്ന സാറാ കെട്ട ഉള്ളം കൊണ്ട ചിരിച്ചപ്പൊൾ കൎത്താവ സാറാ ഇതിനെ ചൊല്ലി ചിരിക്കുന്നത എന്ത യഹൊവയാൽ കഴിയാത്ത കാൎയ്യം ഉണ്ടൊ എന്ന കല്പിച്ചാറെ സാറാ ഞാനല്ല എന്ന നിഷെധിച്ചതിന്ന അവൻ അല്ല നീ ചിരിച്ചു നിശ്ചയം എന്നു വാക്ക ശിക്ഷ കഴിക്കയും ചെയ്തു.

അനന്തരം ആ പുരുഷന്മാർ മൂവരും എഴുനീററ സൊദൊമിലെക്ക പുറപ്പെട്ട അബ്രഹാം കൂടി പൊകുമ്പൊൾ യഹൊവ ഇന്ന ഞാൻ ചെയ്യാനിരിക്കുന്നതിനെ അബ്രഹാമിൽനിന്ന എങ്ങിനെ മറക്കും ഇവൻ തന്നെ മഹാ ജാതിയും എല്ലാ ജാതികളെയും അനുഗ്രഹിപ്പാനുള്ളവനുമായി തീരുമല്ലൊ പുത്രപൌത്രന്മാരൊട യഹൊവയുടെ പ്രവൃത്തികളെ അറിയിച്ച നീതിയും ധൎമ്മവും പ്രമാണിച്ച നടത്തുകയും ചെയ്യും എന്ന പറഞ്ഞ അവനൊാട സൊദൊം ഘൊമൊറ എന്ന രണ്ട പട്ടണക്കാരുടെ മഹാ പാപങ്ങളെ നൊക്കി കണ്ട ഞാൻ അവരെ നശിപ്പിപ്പാൻ പൊകുന്നു എന്നറിയിച്ചു എന്നാറെ അബ്രഹാം അല്ലയൊ ന്യായകൎത്താവെ നീ ദുഷ്ടന്മാരൊട കൂടി നീതിമാനെയും നശിപ്പിക്കുമൊ ആ പട്ടണത്തിൽ ൫൦ നീതിമാന്മാർ ഉണ്ടെങ്കിൽ ക്ഷമിക്കാതെ ഇരിക്കുമൊ എന്നപെക്ഷിച്ചാറെ ൫൦ നീതിമാന്മാർ ഉണ്ടെങ്കിൽ ഞാൻ ക്ഷമിക്കും എന്ന യഹൊവ കല്പിച്ചു. പിന്നെയും അവൻ അയ്യൊ കൎത്താവെ ൪൫ എങ്കിലും ൪൦ എങ്കിലും ൩൦ എങ്കിലും ൨൦ എങ്കിലും ഉണ്ടായാൽ ക്ഷമിക്കുമൊ എന്ന ക്രമെണ അപെക്ഷിച്ചപ്പൊൾ അപ്രകാരം ആകട്ടെ എന്നൊക്കെയും യഹൊവ സമ്മതിച്ചു ഒടുക്കം ഞാൻ ഒന്നുകൂടെ അപെക്ഷിക്കുന്നു പത്തപെർ മാത്രം ഉണ്ടായാൽക്ഷമിക്കുമൊ എന്നു ചൊദിച്ചപ്പൊൾ അങ്ങിനെ ആയാലും ഞാൻ നശിപ്പിക്കയില്ല എന്ന യഹൊവ തീൎത്തു കല്പിച്ച കാണാതയായി മറെറ രണ്ടുപെർ സൊദൊമെ നൊക്കി പൊയാറെ അബ്രഹാമും സ്വസ്ഥലത്തെക്ക മടങ്ങി വരികയും ചെയ്തു.

## ൮ സൊദൊമും ഘൊമൊറയും.

ആ ദൂതന്മാർ വൈകുന്നെരത്ത സൊദൊമിൽ എത്തിയപ്പൊൾ ലൊത്ത അവരെ കണ്ട തൊഴുതു. വഴിപൊക്കർ എന്ന വിചാരിച്ചു വീട്ടിൽ പാൎപ്പിച്ചു സൽക്കരിച്ചതിന്റെ ശെഷം പട്ടണക്കാർ ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ ചെന്ന ഭവനം വളഞ്ഞ യാത്രക്കാരെ അവമാനിച്ച ഉപദ്രവിപ്പാനായി വാതിൽ പൊളിക്കെണ്ടതിന്ന ഭാവിച്ചപ്പൊൾ അവൎക്കെല്ലാവൎക്കും അന്ധത പിടിച്ചു. പിന്നെ ആ ദൂതന്മാർ ഒരം പട്ടണത്തെ നശിപ്പിപ്പാനായി ദൈവം ഞങ്ങളെ അയച്ചു നിനക്ക വല്ലവർ ഉണ്ടെങ്കിൽ അവരും നീയും ക്ഷണത്തിൽ പട്ട

ണം വിട്ട പുറത്തുപൊകെണം എന്ന പറഞ്ഞത ലൊത്ത കെട്ട പുത്രിമാരെ കെട്ടുവാൻ തക്കവണ്ണം നിശ്ചയിച്ച പുരുഷന്മാരൊട കാൎയ്യം അറിയിച്ചാറെ അവർ പരിഹസിച്ച നിന്ദിക്കയും ചെയ്തു.

നെരം പുലരുമ്പൊൾ ദൂതന്മാർ ലൊത്തിനെ ബദ്ധപ്പെടുത്തി കുഡുംബത്തൊടു കൂടെ വെഗം പൊകണമെന്ന പറഞ്ഞ ശെഷം താമസിച്ചാറെ അവർ അവന്റെയും ഭാൎയ്യയുടെയും കൈപിടിച്ച പുത്രിമാരൊട കൂടെ പട്ടണത്തിന്ന പുറത്തുകൊണ്ടുപൊയി. പ്രാണരക്ഷക്കായി മണ്ടിപൊക മറിഞ്ഞനൊക്കരുത സമഭൂമിയിൽ എങ്ങും നില്ക്കയും അരുത എന്ന കല്പിച്ചയച്ചു. ലൊത്തിന്റെ ഭാൎയ്യ വഴിയിൽനിന്ന മറിഞ്ഞ നൊക്കിയ ഉടനെ മരിച്ച ഉപ്പുതൂണായി തീരുകയും ചെയ്തു. മറ്റവർ സൊവാർ എന്ന ദെശത്തെത്തി സൂൎയ്യൻഉദിച്ചപ്പൊൾ യഹൊവ സൊദൊം മുതലായ പട്ടണങ്ങളിൽ ഗന്ധകത്തെയും അഗ്നിയെയും വൎഷിപ്പിച്ച അവരെയും സമഭൂമിയും ഒക്കവെ മറച്ചുകളഞ്ഞു ആ സ്ഥലം കടലായി തീൎന്നു. ദൈവം ഇങ്ങിനെ അതിക്രമക്കാരെ ഭയങ്കരമാംവണ്ണം ശിക്ഷിക്കും എന്നതിന്ന ആ ശൂന്യമായിക്കിടക്കുന്ന ദെശം നല്ല അടയാളമായി ഇന്നും കാണ്മാൻ ഉണ്ട.

## ൯ ഇഷ്മയെൽ.

അബ്രഹാമിന്ന വൃദ്ധ വയസ്സിൽ ദാസിപുത്രനായ ഇഷ്മയെൽ ജനിച്ചു തനിക്ക ൧൦൦ വയസ്സായപ്പൊൾ വൃദ്ധയായ സാറാ ദൈവാനുഗ്രഹത്താൽ ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിച്ചു അവന്ന ഇസ്സാക്ക എന്ന പെർ ഇട്ട ഇഷ്മയെൽ പരിഹാസക്കാരനായി ചമഞ്ഞു സാറാ ഇതു കണ്ടാറെ ഭൎത്താവിനൊട അടിമയുള്ള സ്ത്രീയെ അവളുടെ മകനൊട കൂടെ തള്ളികളക എന്ന പറഞ്ഞു അബ്രഹാമിന്ന ഇത അനിഷ്ടമായപ്പൊൾ ദൈവം അവനൊട സാറാ ദാസിയെയും മകനെയും കുറിച്ച പറഞ്ഞതുകൊണ്ട നീരസം തൊന്നരുത ഇസ്സാക്കിൽ നിനക്ക സന്തതി ഉണ്ടാകുമല്ലൊ ആകയാൽ സാറയുടെ വാക്കുകൾ എല്ലാം നീ അനുസരിക്ക എന്നാൽ ദാസിപുത്രൻ നിന്റെ സന്തതിയാകകൊണ്ട അവനെയും ഞാൻ ഒരു ജാതിയാക്കും എന്ന അരുളിച്ചെയ്തു.

അനന്തരം അബ്രഹാം ഒരു തൊൽകുടം വെള്ളം എടുത്ത ഹാഗാരിന്ന കൊടുത്ത അവളെ പുത്രനൊട കൂടെ അയച്ചു അവൾ പൊയി കാട്ടിൽ ഉഴന്ന വലഞ്ഞു വെള്ളം ചിലവായപ്പൊൾ എങ്ങും അന്വെഷിച്ച കിട്ടായ്കകൊണ്ട ദുഃഖപരവശയായി മകനെ ഒരു മരത്തിൻ ചുവട്ടിൽ കിടത്തി പൈതലിന്റെ മരണം കണ്ടുകൂടാ എന്ന വെച്ച കുറെ ദൂരത്ത പൊയി നിന്ന നിലവിളിച്ച കരഞ്ഞു ബാലന്റെ ഞരക്കം ദൈവം കെട്ടിട്ട ഒരു ദൂതൻ ആകാശത്തിൽനിന്ന ഹാഗാരെ വിളിച്ച നിനക്ക എന്തുവെണം ഭയപ്പെടരുത എന്നും മറ്റുംപറഞ്ഞു പിന്നെ ദൈവംഅവൾക്ക കണ്ണുതുറന്ന ഉറവ വെള്ളം കാണിച്ചു അപ്പൊൾ അവൾ കൊരി ബാലനെ കുടിപ്പിച്ചു ദൈവാനുകൂലം ഉണ്ടാകകൊണ്ട അവൻ വളൎന്ന കാട്ടിൽ തന്നെ പാൎത്തു വില്ലാളിയും ശൂരനുമായി തീൎന്നു അവന്റെ ൧൨ പുത്രന്മാർ പ്രഭുക്കളായ്തീൎന്നു അവരിൽനിന്ന മഹമ്മത്ത വംശവും അറബ ജാതികൾ പലരും ഉണ്ടായ്വരികയും ചെയ്തു.

## ൧൦ ഇസ്ഹാക്ക.

ഈ കാൎയ്യങ്ങൾ കഴിഞ്ഞ ശെഷം ദൈവം അബ്രഹാമെ പരീക്ഷിക്കെണ്ടതിന്ന അവനൊട നിനക്ക അതിപ്രിയനും എകപുത്രനുമായ ഇസ്ഹാക്കിനെ നീ കൂട്ടികൊണ്ട മൊറിയ ദെശത്തെക്ക ചെന്ന ഞാൻ കാണിക്കും മലമുകളിൽ അവനെ ഹൊമബലിയായി കഴിക്ക എന്ന കല്പിച്ചു. അപ്പൊൾ അബ്രഹാം അതികാലത്ത എഴുനീറ്റ കഴുതക്ക ജീൻ കെട്ടി മകനെയും രണ്ട വെലക്കാരെയും കൂട്ടികൊണ്ട ദൈവം കല്പിച്ച ദെശത്തെക്ക പൊകയും ചെയ്തു.

മൂന്നാം ദിവസത്തിൽ ആ മലയെ കണ്ടപ്പൊൾ വെലക്കാരൊട നിങ്ങൾ കഴുതയൊട കൂടെ ഇവിടെ പാൎപ്പിൻ എന്ന കല്പിച്ച വിറകെടുത്ത ഇസ്ഹാക്കിന്റെ ചുമലിൻ വെച്ചു തന്റെ കയ്യിൽ തീയും കത്തിയും പിടിച്ച ഇരുവരും ഒന്നിച്ച പൊകുമ്പൊൾ ഇസ്ഹാക്ക പറഞ്ഞു അല്ലയൊ അഛ തീയും വിറകും ഉണ്ടല്ലൊ ഹൊമബലിക്കായിട്ട ആട്ടിൻ കുട്ടി എവിടെ എന്ന ചൊദിച്ചതിന്ന എന്റെ മകനെ ഹൊമബലിക്കായി ദൈവം തനിക്കുതന്നെ ഒരു ആട്ടിൻകുട്ടിയെ നൊക്കികൊള്ളും എന്ന അബ്രഹാം ഉത്തരം പറഞ്ഞു ഒരുമിച്ച നടക്കയും ചെയ്തു.

പിന്നെ ആ സ്ഥലത്ത എത്തിയപ്പൊൾ അബ്രഹാം ബലിപീഠം പണിത വിറക അടക്കി ഇസ്ഹാക്കിനെ കെട്ടി പീഠത്തിൽ വിറകിന്മെൽ കിടത്തി കൈനീട്ടി പുത്രനെ അറക്കെണ്ടതിന്ന കത്തി എടുത്ത സമയം യഹൊവയുടെ ദൂതൻ ആകാശത്തനിന്ന അബ്രഹാമെ അബ്രഹാമെ കുഞ്ഞിന്റെ മെൽ നീ കൈവെക്കരുതെ നീ ദൈവത്തെ ഭയപ്പെടുന്നവനാകുന്നു എന്ന ഞാൻ ഇപ്പൊൾ അറിയുന്നു എന്ന വിളിച്ചുപറയുന്നത അബ്രഹാം കെട്ട നൊക്കുമ്പൊൾ പിന്നിൽ ഒരാണാടിനെ കാട്ടിൽ കൊമ്പ പിണെഞ്ഞ നിന്നത കണ്ട ചെന്ന പിടിച്ച മകന്ന പകരം അറുത്ത ഹൊമബലി കഴിച്ചു.

അനന്തരം യഹൊവയുടെ ദൂതൻ ആകാശത്തനിന്ന അബ്രഹാമൊട വിളിച്ചുപറഞ്ഞു നീ എന്റെ വാക്കിനെ അനുസരിച്ചു അതിപ്രിയമുള്ള എകപുത്രനെ വിരൊധിക്കാതെ അൎപ്പിച്ചതകൊണ്ട ഞാൻ നിന്നെ അനുഗ്രഹിക്കും നിന്റെ സന്തതിയെ ആകാശത്തുള്ള നക്ഷത്രങ്ങളെ പൊലെ വൎദ്ധിപ്പിച്ച ഭൂമിയിലുള്ള എല്ലാ ജാതികൾക്കും അനുഗ്രഹം വരുത്തും എന്ന സത്യമായിട്ട വാഗ്ദത്തം ഉറപ്പിക്കയും ചെയ്തു.

## ൧൧ സാറയുടെ മരണം.

അബ്രഹാം ൬൨ം സംവത്സരം കനാൻ ദെശത്തിൽ പാൎത്തു ഒരു അടിനിലം പൊലും ഇല്ലായ്കകൊണ്ട ആടുകളെയും മാടുകളെയും അങ്ങൊട്ടും ഇങ്ങൊട്ടും കൊണ്ടുപൊയി മെച്ചു. കനാൻ ദെശക്കാരുടെ ഇടയിൽ പരദെശിയായിരുന്നു അതിന്റെ ശെഷം അവന്റെ ൧൨൭ാം വയസ്സിൽ സാറാ ഹെബ്രൊനിൽ വെച്ച മരിച്ചു. ശവം അടക്കെണ്ടതിന്ന ഒരു സ്ഥലം ഇല്ലായ്കകൊണ്ട ഹെത്ത ഗൊത്രക്കാരൊട നിങ്ങളുടെ ഇടയിൽ ശവം അടക്കുന്നതിന്ന ഇനിക്ക ഒരു നിലം അവകാശമായി തന്നാൽ ഭാൎയ്യയെ കുഴിച്ചിടാം എന്ന പറഞ്ഞപ്പൊ

ൾ ഞങ്ങളുടെ ഗുഹകളിൽ നിനക്കിഷ്ടമായതിൽ മരിച്ചവളെ കുഴി
ച്ചിടുക ഞങ്ങൾ വിരൊധിക്കയില്ല. എന്നവർ പറഞ്ഞാറെ വിലകൊ
ടുക്കാതെ ഒരു നിലം എടുപ്പാൻ മനസ്സില്ലായ്കകൊണ്ട തന്റെ ഇഷ്ട
പ്രകാരം ഹെബ്രൊനിലുള്ള ഒരു ഗുഹയെയും തൊട്ടത്തെയും അബ്ര
ഹാമിന്ന കൊടുത്ത ജന്മവില ൪൦൦ ഉറുപ്പിക തൂക്കം വെള്ളി വാങ്ങി.
അതിന്റെ ശെഷം അബ്രഹാം തന്റെ ഭാൎയ്യയായ സാറയെ മമ്രെ
ക്ക നെരെയുള്ള മക്ഫെല എന്ന ഗുഹയിൽ കുഴിച്ചിടുകയും ചെയ്തു.

## ൧൨ ഇസ്ഹാക്കിന്റെ വിവാഹം.

അബ്രഹാം വൃദ്ധനായ സമയത്ത പുത്രന്ന വിവാഹം കഴിപ്പി
ക്കെണമെന്ന വെച്ച വിശ്വാസമുള്ള വെലക്കാരനായ എലിയെസ
രെ വരുത്തി ഈ നാട്ടിലെ സ്ത്രീകളിൽനിന്ന എന്റെ മകന്ന ഭാൎയ്യ
യെ എടുക്കരുത മെസൊപതാമ്യയിലെ എന്റെ ബന്ധുക്കളെ ചെ
ന്ന കണ്ട ഒരു സ്ത്രീയെ കൊണ്ടുവരെണം എന്ന കല്പിച്ചത കെട്ട എലി
യെസർ യജമാനന്റെ വിശെഷവസ്തുക്കളിൽ ചിലതും വാങ്ങി ഒട്ട
കങ്ങളുടെ പുറത്ത കയറി യാത്രയായി. ഒരു ദിവസം വൈകു
ന്നെരത്ത നാഹൊർ എന്നവന്റെ പട്ടണസമീപത്ത എത്തിയപ്പൊ
ൾ ഒട്ടകങ്ങളെ ഒരു കിണററിന്റെ അരികെ നിൎത്തി പ്രാൎത്ഥിപ്പാൻ
തുടങ്ങി. യഹൊവയായ ദൈവമെ ഈ പട്ടണക്കാരുടെ പുത്രി
മാർ വെള്ളം കൊരുവാൻ വരുമാറുണ്ട അതിൽ യാതൊരുത്തിയൊ
ട കുടിപ്പാൻ തരെണ്ടതിന്ന പാത്രം ഇറക്കുക എന്ന ഞാൻ അപെ
ക്ഷിക്കുമ്പൊൾ നിനക്കും ഒട്ടകങ്ങൾക്കും ഞാൻ കുടിപ്പാൻ തരാം എ
ന്ന പറയുന്ന ആ സ്ത്രീ തന്നെ നിന്റെ ഭൃത്യനായ ഇസ്ഹാക്കിന്ന നി
യമിച്ചവളായി ഇരിപ്പാൻ സംഗതിവരുത്തെണമെ എന്നാൽ എ
ന്റെ യജമാനനിൽ നീ കൃപ ചെയ്തിരിക്കുന്നു എന്ന ഞാൻ അറിയും
എന്നിപ്രകാരം പറഞ്ഞു തീരും മുമ്പെ ബെതുവെലിന്റെ പുത്രി
യായ റിബെക്കാ വന്ന കിണററിൽ ഇറങ്ങി പാത്രം നിറച്ചുകൊണ്ട
കരെറിയപ്പൊൾ എലിയെസർ കുറെ വെള്ളം തന്ന എന്നെ ആശ്വ
സിപ്പിക്ക എന്ന ചൊദിച്ചതിന്ന ഇതാ കുടിക്ക കൎത്താവെ എന്നവൾ
പറഞ്ഞ ഒട്ടകങ്ങളും കുടിച്ച തീരുവൊളം ഞാൻ കൊരി ഒഴിക്കാം
എന്ന പറഞ്ഞ ബദ്ധപ്പെട്ട പാത്തിയിൽ വെള്ളം ഒഴിച്ചു. ആയതു ക
ണ്ടാറെ അവൻ അത്ഭുതപ്പെട്ട മിണ്ടാതെ പാൎത്ത ശെഷം പൊൻ
കൊണ്ടുള്ള മൂക്കുത്തിയെയും കൈവളകളെയും കൊടുത്ത നീ ആരു
ടെ പുത്രി എന്നും നിങ്ങളുടെ വീട്ടിൽ പാൎപ്പാൻ സ്ഥലമുണ്ടൊ എ
ന്നും ചൊദിച്ചതിന്ന അവൾ നാഹൊരിന്റെ പുത്രനായ ബെതു
വെൽ എന്റെ അഛൻ വീട്ടിൽ പാൎപ്പാൻ സ്ഥലം ഉണ്ട എന്നവൾ
പറഞ്ഞത കെട്ട അവൻ തല കുമ്പിട്ട യഹൊവയെ വന്ദിച്ചു പറ
ഞ്ഞു. അബ്രഹാമിന്റെ ദൈവമെ നിന്റെ കരുണയും സത്യവും
യജമാനനിൽനിന്ന നീക്കാതെ അവന്റെ വംശക്കാരുടെ ഭവന
ത്തിൽ എന്നെ പ്രവെശിപ്പിച്ചതകൊണ്ട ഞാൻ സ്തുതിക്കുന്നു എന്ന പ
റഞ്ഞ വീട്ടിൽ ചെന്ന പാൎത്തു അവളുടെ അഛനൊടും അനുജനൊ
ടും വൎത്തമാനമെല്ലാം പറഞ്ഞ ഭക്ഷിക്കും മുമ്പെ വിവാഹകാൎയ്യം
നിശ്ചയിക്കയും ചെയ്തു.

പിറെറ ദിവസം രാവിലെ എന്റെ യജമാനന്റെ നാട്ടിലെ

ക്ക എന്നെ പറഞ്ഞയക്കെണമെന്നവൻ പറഞ്ഞപ്പൊൾ നീ ഈ പു
രുഷനൊട കൂടെ പൊകാമൊ എന്ന റിബെക്കയെ വിളിച്ച ചൊ
ദിച്ചു പൊകാം എന്ന അവൾ സമ്മതിച്ച പറഞ്ഞതിന്ന നീ കൊടി
ജനങ്ങൾക്ക മാതാവായി തീരുക എന്ന അവളെ അനുഗ്രഹിച്ച ശെ
ഷം എലിയസെർ അവളെ കൂട്ടികൊണ്ട യജമാനൻ പാൎക്കുന്ന ദെ
ശത്തെക്ക മടങ്ങി ചെന്നെത്തിയപ്പൊൾ ൪൰ വയസ്സുള്ള ഇസ്സാക്ക അ
വളെ വിവാഹംകഴിച്ചു (അമ്മയുടെ മരണദുഃഖം തീരുകയുംചെയ്തു.)

## ൧൩. യാക്കൊബും യെസാവും.

ഇസ്സാക്കിന്ന ൬൰ വയസ്സായപ്പൊൾ റിബെക്കാ ഗൎഭം ധരിച്ച ഇര
ട്ട പ്രസവിച്ചു. മൂത്തവന്ന എസാവ എന്നും ഇളയവന്ന യാക്കൊബ
എന്നും പെർ ഇട്ടു. എസാവ നായാട്ടുകാരനായി കാട്ടിൽ സഞ്ചരി
ച്ച പലവിധ മാംസങ്ങളെ കൊണ്ടുവന്ന അച്ശന്ന പ്രസാദം വരു
ത്തി. യാക്കൊബ കൂടാരങ്ങളിൽ പാൎത്ത ആടുകളെയും മറ്റും മെച്ച
ദൈവഭക്തനും അമ്മക്ക പ്രിയനുമായി തീൎന്നു.

ഒരു ദിവസം എസാവ നായാട്ടിന്ന പൊയി ആലസ്യത്തൊടെ
തിരിച്ച വന്നപ്പൊൾ യാക്കൊബെ അടുക്കളയിൽ ആ ചുവന്ന കാ
ണുന്നത ഇനിക്ക തിന്മാൻ തരെണമെന്ന ചൊദിച്ചാറെ നീ ജ്യെ
ഷ്ഠാവകാശത്തെ ഇപ്പൊൾ ഇനിക്ക കൊടുത്താൽ ഈ പുഴുങ്ങിവെ
ച്ച പയറ ഞാൻ തരാം എന്ന അനുജൻ പറഞ്ഞു അപ്പൊൾ എസാ
വ ഞാൻ മരിക്കുന്നവനല്ലൊ ഈ അവകാശം കൊണ്ട ഇനിക്ക എന്ത
അതിനെ നിനക്ക തന്നുപൊയി എടുത്തുകൊൾക എന്ന പറഞ്ഞ സ
ത്യം ചെയ്തുറപ്പിച്ചു ഇപ്രകാരം എസാവ ജ്യെഷ്ഠാവകാശത്തെ നിര
സിച്ചു അതിനാലും ദുഷ്ടപ്രവൃത്തികളാലും അച്ശന്ന വളരെ സങ്കടം
വരുത്തുകയും ചെയ്തു.

അനന്തരം ഇസ്സാക്ക വൃദ്ധനായി കണ്ണിന്റെ കാഴ്ച കുറഞ്ഞുവന്ന
പ്പൊൾ എസാവിനെ വിളിച്ച ഞാൻ വയസ്സനായി മരണം അടു
ത്തിരിക്കുന്നു നീ നായാട്ടുകഴിച്ച നല്ല മാംസം കൊണ്ടുവന്ന ഇനി
ക്ക ഇഷ്ടമാംവണ്ണം പാകം ചെയ്തു ഭക്ഷിപ്പാറാക്കിതരെണം അതി
ന്റെ ശെഷം ഞാൻ നിന്നെ അനുഗ്രഹിക്കും എന്ന പറഞ്ഞ അവ
നെ അയച്ചു. ആ വൎത്തമാനം അമ്മ കെട്ട യാക്കൊബിനെ അറിയി
ച്ചു പിതാവിന്ന ഇഷ്ടമായത ഞാൻ ഉണ്ടാക്കി തരാംഅതിനെ നീ അ
ച്ശന്ന കൊടുത്ത പ്രസാദിപ്പിച്ച അനുഗ്രഹം വാങ്ങണം എന്ന പറ
ഞ്ഞപ്പൊൾ അവൻ ജ്യെഷ്ഠന്ന പരുത്തും ഇനിക്ക നെൎത്തുമുള്ള രൊ
മത്തെ അച്ശൻ അറിഞ്ഞതാകകൊണ്ട എന്നെ തൊട്ടുനൊക്കി എങ്കി
ൽ ഞാൻ ചതിയൻ എന്നറിഞ്ഞ അനുഗ്രഹം അല്ല ശാപം തന്നെ
തരും എന്നത കെട്ടപ്പൊൾ അമ്മ ഭയപ്പെടെണ്ട എന്റെ വാക്കിൻ
പ്രകാരം ചെയ്ക എന്ന പറഞ്ഞ ഒരു ആട്ടിൻ കുട്ടിയെ കൊല്ലിച്ച എ
ടുത്ത തൊൽ അവന്റെ കൈ കഴുത്തുകളിൽ ഇട്ട ജ്യെഷ്ഠന്റെ വസ്ത്ര
ങ്ങളെ ധരിപ്പിച്ചു താൻ ഉണ്ടാക്കിയ ഭക്ഷണ സാധനങ്ങളെ എടുപ്പി
ച്ചയച്ചു. യാക്കൊബ ആയത അച്ശന്റെ അരികിൽ കൊണ്ട വെച്ചാ
റെ അവൻ പുത്ര നീ ആർ എന്ന ചൊദിച്ചപ്പൊൾ ഞാൻ നി
ന്റെ ആദ്യജാതനായ എസാവ തന്നെ നീ എഴുനീറ്റ ഞാൻ
കൊണ്ടുവന്നത ഭക്ഷിച്ച എന്നെ അനുഗ്രഹിക്കെണമെ എന്ന അപെ

ക്ഷിച്ച ശെഷം ഇസ്സാക്ക അവനെ തൊട്ടുനൊക്കി. ശബ്ദം യാക്കൊബിന്റെ ശബ്ദം കൈകൾ എസാവിന്റെ കൈകൾ നീ എസാവ തന്നെയൊ എന്ന ചൊദിച്ചതിന്ന അതെ എന്ന പറഞ്ഞ ഉടനെ ഇസ്സാക്ക ഭക്ഷിച്ച കുടിച്ച ശെഷം പുത്ര നീ അടുത്തവന്നഎന്നെ ചുംബിക്ക എന്ന പറഞ്ഞ ചുംബിച്ചപ്പൊൾ പുത്ര ദൈവം ആകാശത്തിലെ മഞ്ഞിൽനിന്നും ഭൂമിയുടെ പുഷ്ടിയിൽനിന്നും വളരെ ധാന്യവും വീഞ്ഞും നിനക്ക തരുമാറാകട്ടെ ജനങ്ങൾ നിന്നെ സെവിക്കയും ജാതികൾ നിന്നെ വണങ്ങുകയും ചെയ്യട്ടെ നിന്നെ ശപിക്കുന്നവന്ന ശാപവും അനുഗ്രഹിക്കുന്നവന്ന അനുഗ്രഹവും വരെണമെ എന്നിങ്ങിനെ ഉള്ള അനുഗ്രഹം വാങ്ങുകയും ചെയ്തു.

യാക്കൊബ പുറപ്പെട്ട പൊയ ശെഷം എസാവ നായാട്ട കഴിച്ച വന്ന പിതാവ കല്പിച്ചത ഉണ്ടാക്കികൊണ്ട ചെന്ന അവന്റെ അരികിൽ വെച്ച പിതാവെ എഴുനീററ ൟ കൊണ്ടുവന്നത ഭക്ഷിച്ച എന്നെ അനുഗ്രഹിക്കെണമെ എന്ന പറഞ്ഞപ്പൊൾ ഇസ്സാക്ക ഏററവും വിറെച്ചു മാനിറച്ചി മുമ്പെ കൊണ്ടുവന്നവൻ എവിടെ അവനെ ഞാൻ അനുഗ്രഹിച്ചിരിക്കുന്നു ആ അനുഗ്രഹം അവന്നുണ്ടാകും നിശ്ചയം എന്ന കല്പിച്ചാറെ എസാവ വ്യസനപ്പെട്ട നിലവിളിച്ചു അച്ഛ എന്നെയും കൂടെ അനുഗ്രഹിക്കെണം എന്ന അപെക്ഷിച്ചതിന്നഅനുജൻ വന്ന കൌശലം കൊണ്ട നിന്റെ അനുഗ്രഹത്തെ അപഹരിച്ചു എന്ന അച്ഛൻ പറഞ്ഞാറെ എസാവ വളരെ കരഞ്ഞു അനുഗ്രഹത്തിന്നായി മുട്ടിച്ചപ്പൊൾ ഇസ്സാക്ക നീ കുടിയിരിക്കും ദെശം പുഷ്ടിയുള്ളതും ആകാശമഞ്ഞുള്ളതുമായിരിക്കും വാൾകൊണ്ട നിനക്ക ഉപജീവനം ഉണ്ടാകും അനുജനെ നീ സെവിച്ചിട്ടും അവന്റെ നുകത്തെ പറിച്ചുകളെവാനുള്ള സമയം വരും എന്നിപ്രകാരം അവനെയും അനുഗ്രഹിച്ചു. എസാവ ൟ കാൎയ്യം മറക്കാതെ അനുജനെ ദ്വെഷിച്ചു അച്ഛൻ മരിച്ചിട്ടുള്ള ദുഃഖദിവസങ്ങൾ കഴിഞ്ഞാൽ ഞാൻ യാക്കൊബിനെ കൊല്ലും എന്ന പറഞ്ഞതിനെ അമ്മ കെട്ട അനുജനെ വരുത്തി എന്റെ മകനെ നീ ബദ്ധപ്പെട്ട ഒടിപ്പൊയി ഹരാനിലുള്ള എന്റെ ആങ്ങളയൊട കൂടെ പാൎക്ക ജ്യെഷ്ഠന്റെ കൊപം ശമിച്ചാൽ ഞാൻ ആളയച്ച നിന്നെ വരുത്താം എന്നുപദെശിച്ച പറഞ്ഞയക്കയും ചെയ്തു.

## ൰൭ യാക്കൊബിന്റെ പ്രയാണം.

യാക്കൊബ യാത്രക്കായി അനുവാദം വാങ്ങി വണങ്ങിയപ്പൊൾ ൟ കനാൻ ദെശക്കാരിൽനിന്ന നീ സ്ത്രീയെ കെട്ടാതെ അമ്മയുടെ ജന്മദെശത്ത ചെന്ന ലാബാന്റെ പുത്രിമാരിൽ ഒരുത്തിയെ എടുക്കെണം എന്നാൽ ദൈവം നിന്നെ അനുഗ്രഹിച്ച വളരെ വൎദ്ധിപ്പിക്കും എന്ന അച്ഛന്റെ ആശീൎവാദം കെട്ട പുറപ്പെട്ട ഹരാന്റെ നെരെ പൊയി രാത്രിയിൽ ഒരു സ്ഥലത്ത പാൎത്ത ഒരു കല്ല തലെക്ക വെച്ച കിടന്നുറങ്ങുമ്പൊൾ ഒരു സ്വപ്നം കണ്ടതെന്തന്നാൽ ദൈവദൂതന്മാർ കരെറിയും ഇറങ്ങിയും കൊണ്ടിരിക്കുന്ന ഒരു കൊണി ഭൂമിയിൽനിന്ന ആകാശത്തൊളം ഉയൎന്ന നിന്നിരുന്നു അതിന്മീതെ യഹൊവ നിന്ന കല്പിച്ച വചനം. അബ്രഹാം ഇസ്സാക്ക എന്ന നിന്റെ പിതാക്കന്മാരുടെ ദൈവം ഞാൻ ആകുന്നു. നിനക്കും നി

ന്റെ സന്തതിക്കും ഈ ഭൂമിയെ ഞാൻ തരും നീയും സന്തതിയും സകല വംശങ്ങൾക്കും അനുഗ്രഹമായി വരും ഞാൻ നിന്റെ കൂടെ ഉണ്ടായി നിന്നെ കൈവിടാതെ രക്ഷിക്കും എന്ന കെട്ടപ്പൊൾ യാക്കൊബ ഉണൎന്ന ഭയപ്പെട്ട ഇത ദൈവസ്ഥലം തന്നെ എത്ര ഭയങ്കരം സ്വൎഗ്ഗത്തിന്റെ വാതിൽ എന്ന പറഞ്ഞ തന്റെ തലെണക്കല്ലിനെ തൂണാക്കി നൃത്തി ദൈവാലയം എന്നൎത്ഥമുള്ള ബെത്തെൽ എന്ന പെർ വിളിക്കയും ചെയ്തു.

പിന്നെ പ്രയാണമായി പല ദെശങ്ങളെ കടന്ന ഒരു ദിവസം ഹരാൻ പട്ടണ സമീപത്ത എത്തി കിണറ്റിന്നരികെ ലാബാന്റെ മകളായ രാഹെൽ എന്നവളെ കണ്ട അവളെ ഭാൎയ്യയായി കിട്ടെണ്ടതിന്ന അച്ഛനായ ലാബാനെ ൭ സംവത്സരം സെവിച്ചു ആ സെവാകാലം കഴിഞ്ഞ ശെഷം ലാബാൻ ചതി പ്രയൊഗിച്ചു രാഹെലിന്ന പകരം ജ്യെഷ്ഠയായ ലെയയെ ഭാൎയ്യയാക്കി കൊടുത്തു ചതി നിമിത്തം സങ്കടം പറഞ്ഞാറെ ഇനിയും ൭ സംവത്സരം സെവിച്ചാൽ രാഹെലിനെ കൂടെ തരാമെന്ന പറഞ്ഞു ആയത യാക്കൊബ സമ്മതിച്ചു പിന്നെയും സെവിച്ച രാഹെലിനെയും വിവാഹം കഴിക്കയും ചെയ്തു. ഈ രണ്ട ഭാൎയ്യമാരിൽനിന്ന അവന്ന ഇസ്രയെൽ ഗൊത്രപിതാക്കന്മാരായ ൧൨ പുത്രന്മാർ ജനിച്ചു അവരുടെ നാമങ്ങൾ ഇവയാകുന്നു. രൂബെൻ-ശിമ്യൊൻ-ലെവി-യഹൂദാ-ദാൻ- നപ്തലി- ഗാദ- അശെർ- ഇസക്കാർ- സെബുല്ലൂൻ- യൊസെഫ- ബെന്യമിൻ- യാക്കൊബ ൨൦ സംവത്സരം സെവിച്ചതിൽ ശെഷം ലാബാന്റെ അപെക്ഷ കെട്ടിട്ട പിന്നെയും ൬ വൎഷം സെവിച്ച പാൎത്തു ദൈവാനുഗ്രഹത്താൽ അവന്ന ദാസീ ദാസന്മാരും ഒട്ടകങ്ങളും കഴുതകളും ആടുമാടുകളും വളരെ വൎദ്ധിച്ചു ലാബാൻ സമ്പത്തു നിമിത്തം മുഖപ്രസാദം കാണിക്കാതെ അസൂയപ്പെട്ടപ്പൊൾ യാക്കൊബ ഒരു വാക്കും പറയാതെ ഭാൎയ്യാപുത്രന്മാരെയും മൃഗക്കൂട്ടങ്ങളെയും കൂട്ടിക്കൊണ്ട കനാൻ ദെശത്തെക്ക യാത്രയായി. ലാബാൻ മൂന്നാം ദിവസത്തിൽ അവസ്ഥ കെട്ടറിഞ്ഞപ്പൊൾ പിന്നാലെ ഓടി ചെന്നു. എഴാം ദിവസത്തിൽ അവനെ കണ്ടെത്തി. ഒരു സ്വപ്നത്തിൽ യാക്കൊബിനൊട ഗുണമൊ ദൊഷമൊ ഒന്നും വിചാരിച്ച പറയരുത എന്ന ദൈവകല്പന കെട്ടതിനാൽ വൈരം അടക്കി ഗില്യാദ പൎവ്വതത്തിൽ വെച്ചു തന്നെ ഇരിവരും നിരന്ന ഉഭയസമ്മതം വന്നു. ലാബാൻ മടങ്ങി പൊകയും ചെയ്തു. അനന്തരം യാക്കൊബ യാത്രയായി ജ്യെഷ്ഠനായ എസാവിന്റെ ഭാവം അറിയെണ്ടതിന്ന വഴിയിൽനിന്ന ദൂതരെ അയച്ച തന്റെ വൎത്തമാനം അറിയിച്ചപ്പൊൾ ഞാൻ എതിരെല്ലാനായി നാനൂറ പെരൊട കൂടെ വരുന്നു എന്ന പറഞ്ഞയച്ചത കെട്ടാറെ എററവും ഭയപ്പെട്ട ദുഃഖിച്ചു. എന്റെ പിതാക്കന്മാരുടെ ദൈവമെ നീ ചെയ്തു വന്ന എല്ലാ കരുണകൾക്കും വിശ്വാസത്തിന്നും ഞാൻ എത്രയും അയൊഗ്യൻ ഒരു വടിയൊട കൂടെ ഞാൻ എകനായി ഈ യൎദ്ദനെ കടന്നു ഇപ്പൊൾ രണ്ട കൂട്ടമായി മടങ്ങി വന്നു എന്റെ ജ്യെഷ്ഠന്റെ കയ്യിൽനിന്ന അടിയനെ രക്ഷിക്കെണമെ ഞാൻ നിനക്ക നന്മ ചെയ്യും എന്ന നീ പറഞ്ഞുവല്ലൊ എന്ന പ്രാൎത്ഥിച്ചു. പിന്നെ എസാവിനെ പ്രസാദിപ്പിപ്പാൻ കൂട്ട

ങ്ങളിൽനിന്ന വിശെഷമുള്ള ഒട്ടകങ്ങളെയും മററും എടുത്ത സ
മ്മാനമായി മുമ്പെ അയച്ചു രാത്രിയിൽ ഭാൎയ്യാപുത്രാദികളെ യാ
ബൊക്ക എന്ന പുഴ കടത്തി താൻ തന്നെ ഇക്കരെ പാൎത്തു അ
പ്പോൾ ഒരു പുരുഷൻ ഉദയമാകുവൊളം അവനൊട പൊരുത
ജയിക്കായ്കകൊണ്ട ഉഷസ്സുവന്നു എന്നെ വിട്ടെക്ക എന്ന പറഞ്ഞ
പ്പൊൾ അനുഗ്രഹിച്ചല്ലാതെ അയക്ക ഇല്ല എന്ന പറഞ്ഞാറെ അ
വന്റെ പെർ ചൊദിച്ചറിഞ്ഞ ഇനിമെൽ നിന്റെ പെർ യാ
ക്കൊബ എന്നല്ല ദൈവത്തൊടും മനുഷ്യരൊടും പൊരുത ജയി
ച്ചതിനാൽ ഇസ്രയെൽ എന്നുതന്നെ എന്ന പറഞ്ഞു. അതിന്റെ
ശെഷം എസാവും തന്റെ ആളുകളൊട കൂടെ വരുന്നത കണ്ടി
ട്ട യാക്കൊബ ചെരുന്നതവരെ എഴുവട്ടം കുമ്പിട്ടപ്പൊൾ എസാ
വ ഓടിവന്ന അവനെ എഴുനീല്പിച്ചു. ആലിംഗനം ചെയ്ത ചും
ബിച്ച ഇരുവരും കരഞ്ഞു. പിന്നെ ഭാൎയ്യമാരും മക്കളും വന്ന വ
ണങ്ങി അവൻ അവസ്ഥ എല്ലാം ചൊദിച്ചറിഞ്ഞു മുമ്പെ അയച്ച
സമ്മാനങ്ങളെ വിരൊധിച്ചപ്പൊൾ യാക്കൊബ എടുക്കെണമെന്ന
അപെക്ഷിച്ച നിൎബന്ധിച്ചു എസാവ സമ്മതിച്ചു വാങ്ങിയതിന്റെ
ശെഷം സ്വദെശത്തെക്ക തിരിച്ചുപൊയി യാക്കൊബും കുഡുംബ
ത്തൊട കൂടെ പുറപ്പെട്ട കനാൻ ദെശത്ത അപ്പന്റെ അരികെ
എത്തുകയും ചെയ്തു

## ൧൫ യൊസെഫിനെ വിററത.

മെസൊപതാമ്യയിൽ യാക്കൊബിന്ന ജനിച്ച പുത്രന്മാരിൽ
യൊസെഫ തന്നെ ഇളയവൻ എല്ലാവരുടെ അനുജനായ ബെന്യ
മീൻ കനാൻ ദെശത്ത ജനിച്ചു. അപ്പൻ യൊസെഫിൽ അധി
കം പ്രിയം വെച്ച ഒരു നല്ല അങ്കിയെ ഉണ്ടാക്കിച്ച കൊടുത്തത
കൊണ്ട ജ്യെഷ്ഠന്മാർ അസൂയപ്പെട്ട വൈരം ഭാവിച്ചു. ആ സമ
യം യൊസെഫ അവരൊട നാം വയലിൽ കററ കെട്ടികൊണ്ട
ഇരിക്കുമ്പൊൾ ഇതാ എന്റെ കററ നിവിൎന്ന നെരെ നിന്നു എ
ന്നാൽ നിങ്ങളുടെ കററകൾ ചുററും നിന്ന എന്റെ കററയെ വ
ന്ദിച്ചു എന്ന താൻ കണ്ട സ്വപ്നത്തെ പറഞ്ഞാറെ അവർ അധികം
കൊപിച്ച ദ്വെഷിക്കയും ചെയ്തു. പിന്നെയും ആദിത്യചന്ദ്രന്മാരും
പതിനൊന്ന നക്ഷത്രങ്ങളും എന്നെ കുമ്പിട്ടു എന്ന വെറെ ഒരു
സ്വപ്നം കണ്ട അറിയിച്ചപ്പൊൾ മാതാപിതാക്കന്മാർ കൂടെ നി
ന്നെ വണങ്ങെണ്ടി വരുമൊ എന്ന അപ്പൻ ശാസിച്ചു. പിന്നെ
ഒരു ദിവസം അപ്പന്റെ നിയൊഗത്താൽ തങ്ങളുടെ വൎത്തമാനം
അറിയെണ്ടതിന്ന വരുന്ന യൊസെഫിനെ സഹൊദരന്മാർ ക
ണ്ടാറെ ഇതാ സ്വപ്നക്കാരൻ വരുന്നു അവനെ കൊല്ലണം പി
ന്നെ സ്വപ്നത്തിന്റെ സാരം അറിയാമല്ലൊ എന്ന പറഞ്ഞു കൊ
ല്ലരുതെന്ന രൂബെൻ വിരൊധിച്ചത അനുസരിച്ച അങ്കി അഴിച്ചെ
ടുത്ത അവനെ വെള്ളമില്ലാത്ത ഒരു പൊട്ടക്കുഴിയിൽ ഇറക്കി വി
ട്ടുകയും ചെയ്തു.

അനന്തരം ഇഷ്മയെൽകാരെ കച്ചവടത്തിന്നായി മിസ്രായിമിലെ
ക്ക പൊകുന്നത കണ്ടപ്പൊൾ യഹൂദാ മുതലായ സഹൊദരന്മാർ

എല്ലാവരും കൂടി രൂബനെ അറിയിക്കാതെ അവനെ കുഴിയിൽനിന്ന കരെറ്റി കൊണ്ടുപൊയി ഇരുപത രൂപാ വിലവാങ്ങി കച്ചവടക്കാൎക്ക വിറ്റുകളഞ്ഞു. പിന്നെ രൂബൻ വന്ന കുഴിയിൽ നൊക്കിയാറെ യൊസെഫിനെ കാണായ്കകൊണ്ട വളരെ ദുഃഖിച്ച സഹൊദരന്മാരൊട അറിയിച്ചാറെ അവർ അങ്കിയെ ആട്ടിൻ ചൊരയിൽ മുക്കി കൊടുത്തയച്ച അപ്പനെ കാണിച്ച ൟ അങ്കി കിട്ടിയിരിക്കുന്നു ഇത പുത്രന്റെ അല്ലയൊ എന്ന നൊക്കി അറിയെണം എന്ന പറഞ്ഞയച്ചു. യാക്കൊബ നൊക്കി ഇത എന്റെ മകന്റെ വസ്ത്രം തന്നെ ഒരു ദുഷ്ടമൃഗം അവനെ കൊന്ന ഭക്ഷിച്ചുകളഞ്ഞു നിശ്ചയം എന്ന പറഞ്ഞ എറ്റവും ദുഃഖിച്ചു. പുത്രന്മാർ വന്ന ദുഃഖം നീക്കുവാൻ വളരെ പ്രയത്നം ചെയ്തിട്ടും അവൻ ആശ്വസിക്കാതെ പുത്രനൊട കൂടെ ശവക്കുഴിയിൽ ഇറങ്ങുകെയുള്ളു എന്ന പറഞ്ഞ കരഞ്ഞ പൊരുകയും ചെയ്തു.

## ൭ യൊസെഫ മിസ്രായ്മിലെക്ക വന്ന പാൎത്തത,

ആ ഇസ്മയെൽകാർ യൊസെഫിനെ മിസ്രായ്മിലെക്ക കൊണ്ടുപൊയി രാജമന്ത്രിയായ പൊതിഫാരിന്ന അടിമയാക്കി വിറ്റു ആ മന്ത്രി അവന്റെ ബുദ്ധി വിശെഷവും ഭക്തിയും ദൈവാനുഗ്രഹത്താൽ അവനാലുള്ള കാൎയ്യസാദ്ധ്യവും കണ്ടപ്പൊൾ വളരെ സ്നെഹിച്ച കാൎയ്യങ്ങൾ ഒക്കയും അവനെ എല്പിച്ചു. യൊസെഫ വിശ്വാസ്യതയൊടെ സകലവും നടത്തികൊണ്ടിരിക്കുമ്പൊൾ യജമാനന്റെ ഭാൎയ്യ അവന്റെ സൌന്ദൎയ്യം കണ്ട മൊഹിച്ച അവനെ ദൊഷത്തിൽ അകപ്പെടുത്തുവാൻ ശ്രമിച്ചാറെ യൊസെഫ ദൈവത്തിന്ന വിരൊധമായി ഇത്ര വലിയ പാപം ഞാൻ എങ്ങിനെ ചെയ്യെണ്ടു എന്ന പറഞ്ഞു വശീകരണവാക്കുകൾ ഒന്നും അനുസരിക്കാഞ്ഞപ്പൊൾ അവൾ വളരെ കൊപിച്ച പ്രതിക്രിയക്കായി ൟ ദാസൻ എന്നെ അവമാനിപ്പാൻ വന്നിരിക്കുന്നു എന്ന വ്യാജമായി ഭൎത്താവിനൊട ബൊധിപ്പിച്ചപ്പൊൾ അവൻ നീരസപ്പെട്ട യൊസെഫിനെ തടവിൽ ആക്കിച്ചു. അവിടെയും ദൈവസഹായം ഉണ്ടായതിനാൽ കാരാഗൃഹപ്രമാണിക്ക അവനിൽ കരുണ ജനിച്ചു. തടവുകാരെ ഒക്കയും അവന്റെ വിചാരണയിൽ എല്പിക്കയും ചെയ്തു. അക്കാലത്ത മിസ്രായ്മിലെ രാജാവ തന്റെ നെരെ ദ്രൊഹം ചെയ്ത മന്ത്രികളായ മദ്യപ്രമാണിയെയും അപ്പപ്രമാണിയെയും തടവിൽ വെച്ചു യൊസെഫ അവൎക്കും ശുശ്രൂഷ ചെയ്തിരുന്നു, ഒരു നാൾ രാവിലെ അവർ വിഷാദിച്ചിരിക്കുന്നതിനെ കണ്ട ആയതിന്റെ സംഗതി ചൊദിച്ചാറെ ഞങ്ങൾ ഒരൊ സ്വപ്നം കണ്ടു അതിന്റെ അൎത്ഥം പറയുന്നവരെ കിട്ടുന്നില്ല എന്ന പറഞ്ഞതിന്ന അൎത്ഥം അറിയിക്കുന്നത ദൈവകാൎയ്യം തന്നെ എങ്കിലും സ്വപ്നപ്രകാരം കെൾക്കാമല്ലൊ എന്ന ചൊദിച്ചു. അപ്പൊൾ മദ്യപ്രമാണി മൂന്ന കൊമ്പുകളൊടും തളിൎത്തും പൂ വിടൎന്നും കുലകൾ പഴുത്തുമുള്ള ഒരു മുന്തിരിങ്ങാവള്ളിയെ കണ്ടു ആ പഴങ്ങൾ പിഴിഞ്ഞ ചാറ പാനപാത്രത്തിൽ ആക്കി യജമാനന്റെ കയ്യിൽ

കൊടുത്തു എന്ന പറഞ്ഞപ്പോൾ യോസെഫ ആ കൊമ്പുകൾ മൂന്നും മൂന്ന ദിവസങ്ങൾ ആകുന്നു. ഇനി മൂന്ന ദിവസത്തിനകം നിന്നെ സ്ഥാനത്തു നിൎത്തും അതിന്റെ ശെഷം നീ പാനപാത്രത്തെ രാജാവിന്റെ കയ്യിൽ കൊടുത്ത സുഖമായിരിക്കുമ്പൊൾ എന്നെ ഒൎത്ത വസ്തുത അറിയിച്ച ഇവിടെനിന്ന വിട്ടയപ്പാൻസംഗതി വരുത്തെണം എന്ന അവനൊട പറഞ്ഞു. പിന്നെ അപ്പപ്രമാണിയും വെണ്മയുള്ള മൂന്നുകൊട്ട എന്റെ തലയിൽ ഉണ്ടായിരുന്നു മെലെ വെച്ച കൊട്ടയിൽ ഉണ്ടായ നല്ല തരമായ അപ്പങ്ങളെ പക്ഷികൾ കൊത്തി തിന്നു എന്ന കണ്ടപ്രകാരം പറഞ്ഞപ്പൊൾ യൊസെഫ മൂന്നുകൊട്ട മൂന്നു ദിവസം ആകുന്നു മൂന്നു ദിവസത്തിന്നകം നിന്നെ ഒരു മരത്തിന്മെൽ തൂക്കിക്കും പക്ഷികൾ നിന്റെ മാംസം തിന്നും എന്ന അവനൊടും അറിയിച്ചു. അതിന്റെ മൂന്നാം ദിവസം രാജാവ ഒരു സദ്യ കഴിച്ചു തടവുകാരായ ഇരിവരെയും വരുത്തി മദ്യപ്രമാണിയെ സ്വസ്ഥാനത്ത നിൎത്തി അപ്പപ്രമാണിയെ തൂക്കിച്ചു യൊസെഫ പറഞ്ഞപ്രകാരം എല്ലാം ഒത്തുവരികയും ചെയ്തു. എങ്കിലും മദ്യപ്രമാണി അവനെ ഒൎത്ത വിചാരിച്ചില്ല:

പിന്നെ രണ്ടു വൎഷം കഴിഞ്ഞതിന്റെ ശെഷം ആ രാജാവ ഒരു സമയത്ത രണ്ട സ്വപ്നം കണ്ടു അവയുടെ അൎത്ഥം വിദ്വാന്മാരിൽ ആരും പറഞ്ഞറിയായ്കകൊണ്ട വളരെ വിചാരിച്ച ഇരിക്കുമ്പൊൾ മദ്യപ്രമാണിക്ക ഒൎമ്മവന്നു തടവിൽനിന്നുണ്ടായ തന്റെ സ്വപ്നാവസ്ഥ രാജാവിനെ അറിയിച്ചു യൊസെഫ കല്പനപ്രകാരം തടവിൽനിന്ന രാജസന്നിധിയിൽ വന്ന നിന്നപ്പൊൾ രാജാവ ഞാൻ സ്വപ്നം കണ്ടു സ്വപ്നങ്ങളുടെ അൎത്ഥം സൂക്ഷ്മമായി പറയുന്ന ആൾ നീ തന്നെ ആകുന്നു എന്ന കെട്ടു. എന്ന കല്പിച്ചതിന്ന യൊസെഫ ഞാനായിട്ടല്ല അറിയിക്കുന്നത ദൈവമത്രെ ആകുന്നു അവൻ ശുഭമായ ഉത്തരം കല്പിക്കും എന്നുണൎത്തിച്ചാറെ രാജാവ കണ്ടസ്വപ്നപ്രകാരം അറിയിച്ചു. ഞാൻ നീലനദിയുടെ കരമെൽനിന്നിരുന്നു അപ്പൊൾ പുഷ്ടിയും സൌന്ദൎയ്യവും എറെയുള്ള ൭ പശുക്കൾ ആ പുഴയിൽനിന്ന കരെറി മെഞ്ഞിരുന്നു അവയുടെ വഴിയെ മുമ്പെ കാണാത്ത അവലക്ഷണരൂപമുള്ള മെലിഞ്ഞ ൭ പശുക്കളും കരെറി പുഷ്ടിയുള്ള ൭ പശുക്കളെ തിന്നുകളഞ്ഞിട്ടും തിന്നുഎന്ന അറിവാനുണ്ടായതുമില്ല ഇപ്രകാരം ഒരു സ്വപ്നം കണ്ട ഉണൎന്നു. പിന്നെയും ഉറങ്ങി നല്ല മണിയുള്ള എഴ കതിരുകൾ ഒരു തണ്ടിന്മെൽ മുളച്ചുണ്ടായി കണ്ടു ഉണങ്ങി കരിഞ്ഞ പതിരായ എഴ കതിരുകളും മുളച്ചു ആ നല്ല എഴ കതിരുകളെ വിഴുങ്ങിക്കളഞ്ഞു. എന്നിങ്ങിനെ രണ്ടാം സ്വപ്നവും പറഞ്ഞു തീൎന്നപ്പൊൾ യൊസെഫ ൨രം സ്വപ്നങ്ങൾ രണ്ടും ഒന്നുതന്നെ ദൈവം ചെയ്വാൻ ഭാവിക്കുന്നതിനെ രാജാവിനൊട അറിയിച്ചിരിക്കുന്നു ആ ൭ നല്ല പശുക്കളും കതിരുകളും ൭ വൎഷങ്ങളാകുന്നു മെലിഞ്ഞ പശുക്കളും പതിരുള്ള കതിരുകളും ക്ഷാമമുള്ള എഴ വൎഷങ്ങൾ ആകുന്നു കെട്ടാലും രാജ്യത്തിൽ എല്ലാടവും ധാന്യപുഷ്ടിയുള്ള എഴ വൎഷം വരുന്നു അതിന്റെ ശെഷം ക്ഷാമമുള്ള ൭ വൎഷവും വരും രണ്ടവട്ടം സ്വപ്നം കാണിച്ചതിനാൽ ദൈവം അത സ്ഥിരമാക്കി

നിശ്ചയിച്ചതെന്നും ഇപ്പൊൾ തന്നെ ആരംഭിച്ചു എന്നും അറിയിച്ചിരിക്കുന്നു അതുകൊണ്ട രാജാവ ബുദ്ധിയും ജ്ഞാനവുമുള്ള ഒരു മനുഷ്യനെ ഈ നാട്ടിൽ അധികാരിയാക്കി പുഷ്ടിയുള്ള വൎഷങ്ങളിൽ വിളവിൽ അഞ്ചാലൊന്ന വാങ്ങി വളരെ ധാന്യങ്ങളെ പാണ്ടികശാലകളിൽ സംഭരിച്ച സൂക്ഷിക്ക എന്നാൽ ക്ഷാമം കൊണ്ട ദെശത്തിന്ന നാശം വരുവാൻ സംഗതിയില്ല. ഇപ്രകാരം പറഞ്ഞത കെട്ട നന്ന എന്ന തൊന്നിയാറെ രാജാവ മന്ത്രികളെ നൊക്കി ദൈവാത്മാവുള്ള ഈ മനുഷ്യനെ പൊലെ ഒരുവനെ കിട്ടുമൊ എന്ന കല്പിച്ചു ദൈവം ഈ അവസ്ഥയെ ഒക്കയും നിന്നെ അറിയിച്ചിരിക്ക കൊണ്ട നിന്നെപൊലെ വിവെകമുള്ളവൻ ഒരുത്തനുമില്ല ഞാൻ ഈ രാജ്യത്തിൽ നിന്നെ സൎവ്വാധികാരി ആക്കുന്നു രാജാസനത്തിൽ മാത്രം ഞാൻ വലിയവനാകുന്നു എന്ന യൊസെഫിനൊട കല്പിച്ച തന്റെ മുദ്ര മൊതിരം ഊരി അവന്റെ വിരലിന്മെൽ ഇട്ടു നെൎമ്മവസ്ത്രങ്ങളെയും ധരിപ്പിച്ചു പൊന്മാലയും അവന്റെ കഴുത്തിൽ ഇട്ടു തന്റെ രണ്ടാം തെരിൽ കരെററി ഇവന്റെ മുമ്പാകെ മുട്ടുകുത്തുവിൻ ഇവൻ രാജ്യാധികാരി എന്ന എല്ലാവരൊടും വിളിച്ച പറയിച്ചു പിന്നെ യൊസെഫിനൊട ഞാൻ രാജാവ തന്നെ എങ്കിലും നിന്റെ കല്പനകൂടാതെ ഈ മിസ്രായിമിൽ ഒരുത്തനും തന്റെ കയ്യൊ കാലൊ ഇളക്കുക ഇല്ല നിശ്ചയം എന്ന കല്പിക്കയും ചെയ്തു. ഇപ്രകാരം ദൈവം യൊസെഫിനെ സങ്കടങ്ങളിൽനിന്ന വിടുവിച്ച രാജമഹത്വത്തൊളം കരെററി. അവൻ ൧൭ വയസ്സിൽ അടിമയായി മിസ്രായിമിൽ വന്നു ൩൦ാമതിൽ രാജസന്നിധിയിൽ നില്ക്കയും ചെയ്തു.

## ൧൮ യൊസെഫിന്റെ സഹൊദരന്മാർ മിസ്രായിമിൽ വന്നത.

ദൈവം അറിയിച്ചപ്രകാരം തന്നെ സംഭവിച്ചു. പുഷ്ടിയുള്ള ൭ സംവത്സരങ്ങളിൽ യൊസെഫ രാജ്യത്തിലെ സകല ധാന്യങ്ങളിൽനിന്നും അഞ്ചിലൊന്ന എടുത്ത അനവധി സംഭരിച്ചു ക്ഷാമകാലം തുടങ്ങിയപ്പൊൾ നാട്ടുകാരും അന്യദെശക്കാരും വന്ന ധാന്യങ്ങളെ വാങ്ങുകയും ചെയ്തു.

കനാൻ ദെശത്തും വളരെ ഞെരുക്കം ഉണ്ടായയാറെ മിസ്രായിമിൽ ധാന്യമുണ്ടെന്ന യാക്കൊബ കെട്ടപ്പൊൾ പുത്രന്മാരൊട തമ്മിൽ തമ്മിൽ നൊക്കുന്നത എന്ത നാം മരിക്കാതിരിക്കെണ്ടതിന്ന നിങ്ങളും അങ്ങൊട്ട പൊയി നമ്മൾക്ക ധാന്യം വാങ്ങികൊണ്ടുവരെണം എന്ന കല്പിച്ച പ്രകാരം ബെന്യമീനെ ഒഴികെ ശെഷം പത്താളുകൾ മിസ്രായിമിൽ പൊയി രാജ്യാധികാരിയായ യൊസെഫിന്റെ സന്നിധിയിങ്കൽ ചെന്ന വണങ്ങിയാറെ അവൻ അവരെ അറിഞ്ഞിട്ടും അറിയാത്തവനെന്ന പൊലെ നിങ്ങൾ എവിടത്തുകാർ എന്തിന്നായിട്ട വന്നു എന്ന ചൊദിച്ചപ്പൊൾ അവർ ഞങ്ങൾ ധാന്യം വാങ്ങുവാൻ കനാൻ ദെശത്തനിന്ന ഇങ്ങൊട്ട വന്നു എന്ന പറഞ്ഞതിന്ന യൊസെഫ നിങ്ങൾ ഒററുകാരാകുന്നു എന്ന കഠിനമായി കല്പിച്ചപ്പൊൾ അവർ കൎത്താവെ ഞങ്ങൾ ഒരാ

ളുടെ പുത്രന്മാർ ൰൨ സഹോദരന്മാരിൽ ഞങ്ങൾ ൰ പെരാകു ന്നു ഇളയവൻ അച്ശന്റെ കൂടെ ഇരിക്കുന്നു അവന്റെ ജ്യെഷ്ഠൻ ഇല്ല ഞങ്ങൾ ഒററുകാരല്ല നെരുള്ളവർ തന്നെ എന്ന ഭയപ്പെട്ടപ റഞ്ഞത കെട്ടാറെ യൊസെഫ നിങ്ങൾക്ക നെരുണ്ടെങ്കിൽ ഒരുത്ത ൻ പൊയി അനുജനെ കൊണ്ടുവന്ന കാണിച്ചാൽ നിങ്ങളെ വി ടാം എന്ന കല്പിച്ച മൂന്ന ദിവസം തടവിൽ പാൎപ്പിച്ചു നാലാം ദി വസത്തിൽ അവരെ വരുത്തി ഞാൻ ദൈവത്തെ ഭയപ്പെടുന്നതു ക്കും അന്യായം ചെയ്വാൻ മനസ്സില്ല അതുകൊണ്ട ഒരു വഴി പറ യാം ഒരുവനെ ഇവിടെ പാൎപ്പിച്ച ശെഷമുള്ളവർ വാങ്ങിയ ധാ ന്യം കൊണ്ടുപൊയി കൊടുത്ത അനുജനെ ഇങ്ങൊട്ട കൊണ്ടുവ രുവിൻ എന്നാൽ നിങ്ങളുടെ വാക്ക പ്രമാണിക്കാം നിങ്ങൾ മരി ക്കാതെയും ഇരിക്കും എന്ന പ്രകാരം കല്പിച്ചത കെട്ടാറെ തങ്ങളി ൽ നൊക്കി ഇതെല്ലാം നമ്മുടെ സഹൊദരനൊട ചെയ്യ കുററം തന്നെ അവൻ അപെക്ഷിച്ചപ്പൊൾ അവന്റെ ദുഃഖം കണ്ടാറെ യും അനുസരിക്കാതെ ഇരുന്നുവല്ലൊ അതുകൊണ്ട ൟ ദുഃഖം ന മുക്ക വന്നിരിക്കുന്നു അവന്റെ രക്തം ഇപ്പൊൾ ദൈവം ചൊദി ക്കുന്നു എന്ന പറഞ്ഞു. യൊസെഫ ദ്വിഭാഷി മുഖാന്തരം സംസാ രിച്ചതിനാൽ അതൊക്കയും കെട്ടറിഞ്ഞു എന്നവർ വിചാരിച്ചില്ല അവൻ അവരെ വിട്ടുപൊയി കരഞ്ഞു. പിന്നെയും വന്ന എല്ലാ വരും കാണ്കെ ശിമ്യൊനെ പിടിച്ചു കെട്ടിച്ച തടവിൽ അയ ച്ച ശെഷം അവർ ധാന്യം എടുത്ത നാട്ടിൽ തിരിച്ചുചെന്നു അച്ശ നൊട വസ്തുത അറിയിച്ചു ബെന്യമീനെ കൊണ്ടുവന്നാൽ അത്രെ തടവിൽ ഉള്ളവനെ വിട്ടയക്കും എന്നും മററും കെൾപ്പിച്ചു അ പ്പൊൾ യാക്കൊബ വളരെ വിഷാദിച്ച നിങ്ങൾ എന്നെ മക്കളി ല്ലാത്തവനാക്കി യൊസെഫും ശിമ്യൊനും ഇല്ലാതെയായി ബെന്യ മീനെയും കൂടെ കൊണ്ടുപൊകും ഇതൊക്കയും എനിക്ക വിരൊധ മായിരിക്കുന്നു എന്റെ മകൻ നിങ്ങളൊട്ടു കൂടെ പൊരുകയില്ല എന്ന കല്പിക്കയും ചെയ്തു.

## ൰൭ യൊസെഫിന്റെ സഹൊദരന്മാർ രണ്ടാമത മിസ്രയിമിൽ പൊയത.

പിറെറ വൎഷത്തിൽ ഞെരുക്കം വൎദ്ധിച്ചിട്ട കൊണ്ടുവന്ന ധാന്യം എല്ലാം തീൎന്നപ്പൊൾ പിന്നെയും കൊണ്ടുവരുവാൻ യാക്കൊബ പുത്രന്മാരൊട കല്പിച്ചു. അവർ ബെന്യമീനെ കൂടാതെ ഞങ്ങൾ പൊകയില്ല എന്ന പറഞ്ഞാറെ അനുജനെ അയപ്പാൻ അച്ശന്ന വളരെ അനിഷ്ടം ഉണ്ടായി എങ്കിലും ഒടുവിൽ സമ്മതിച്ചു. ൟ ദെശത്തിലെ തെനും നല്ല പഴങ്ങളും ദിവ്യൌഷധങ്ങളും മററും സമ്മാനമായി കൊണ്ടുപൊകുവിൻ സൎവ്വശക്തനായ ദൈവം എന്റെ രണ്ടുമക്കളെയും തിരിച്ചു അയപ്പാൻ ആ അധികാരിക്ക കൃപ ഉണ്ടാക്കുമാറാക ഞാൻ പുത്രനില്ലാത്തവനെന്നപൊലെ ആയി എന്ന പറഞ്ഞ അവരെ അയക്കയും ചെയ്തു.

അവർ മിസ്രയിമിൽ എത്തി എന്ന യൊസെഫ കെട്ടാറെ അവരെ വീട്ടിൽ വരുത്തി മുഖപ്രസാദം കാണിച്ചു നിങ്ങളുടെ അച്ശൻ

ജീവിച്ച സുഖമായിരിക്കുന്നുവൊ എന്ന ചൊദിച്ചതിന്ന അവർ സുഖം തന്നെ എന്ന പറഞ്ഞശെഷം യൊസെഫ ബെന്യമീനെ നൊക്കി ഇവനൊ നിങ്ങൾ പറഞ്ഞ അനുജൻ എന്ന ചൊദിച്ചറിഞ്ഞ ദൈവം നിനക്ക കൃപചെയ്യട്ടെ എന്ന അനുഗ്രഹിച്ചു മനസ്സുരുകുകയാൽ ബദ്ധപ്പെട്ട മുറിയിൽ ചെന്ന കരഞ്ഞ മുഖം കഴുകി പുറത്ത വന്ന തന്നെ അടക്കി ഭക്ഷണം വെപ്പാൻ കല്പിച്ചു ദെശമൎയ്യാദപ്രകാരം തനിക്കും സഹൊദരന്മാൎക്കും പ്രത്യെകം വെപ്പിച്ചു. ജ്യെഷ്ഠാനുജക്രമപ്രകാരം അവരെ ഇരുത്തിയതിനാൽ അവർ അതിശയിച്ച സുഖെന ഭക്ഷിച്ച സന്തൊഷിക്കയും ചെയ്തു.

അനന്തരം കാൎയ്യസ്ഥനൊട ഇവരുടെ ചാക്കുകളിൽ ധാന്യവും കൊണ്ടുവന്ന ദ്രവ്യവും ഇളയവന്റെ ചാക്കിൽ എന്റെ വെള്ളിപാനപാത്രവും കൂടെ ഇടുക എന്ന കല്പിച്ചപ്രകാരം അവൻ ചെയ്തു പിറെറന്നാൾ അവർ ധാന്യവും എടുത്ത പുറപ്പെട്ട അല്പവഴിക്കൽ എത്തിയശെഷം യൊസെഫിന്റെ കല്പനപ്രകാരം കാൎയ്യസ്ഥൻ ചെന്ന എത്തി അവരൊട ഗുണത്തിന്നുപകരം നിങ്ങൾ ദൊഷമൊ വിചാരിച്ചു എന്ന പറഞ്ഞത കെട്ട അവർ ഭ്രമിച്ച അന്യൊന്യം നൊക്കിയാറെ യജമാനന്റെ പാനപാത്രം എന്തിന്ന കട്ടു എന്ന ചൊദിച്ചതിന്ന അവർ അപ്രകാരം ഒരിക്കലും ചെയ്കയില്ല ഞങ്ങൾ നെരുള്ളവർ അത ആരുടെ വക്കൽ എങ്കിലും കണ്ടാൽ അവൻ മരിക്കട്ടെ ഞങ്ങളും അടിമകളാകും എന്ന പറഞ്ഞാറെ കാൎയ്യസ്ഥൻ ശൊധന ചെയ്തു ബെന്യമീന്റെ ചാക്കിൽ ആ പാത്രം കണ്ടപ്പൊൾ എല്ലാവരും വിറെച്ചു വസ്ത്രങ്ങളെ കീറി മടങ്ങി ചെന്ന യൊസെഫിനെ കണ്ട കാല്ക്കൽ വീഴുകയും ചെയ്തു അവൻ നീരസ ഭാവം കാട്ടി എന്തിന്ന ഇപ്രകാരം ചെയ്തു എന്ന കല്പിച്ചപ്പൊൾ യഹൂദാ മുതിൎന്ന കൎത്താവിനൊട എന്തുപറയെണ്ടു ഞങ്ങൾ കുറമില്ലാത്തവർ എന്ന എങ്ങിനെ കാട്ടെണ്ടു അടിയങ്ങളുടെ അകൃത്യം ദൈവം കണ്ടെത്തി ഇതാ ഞങ്ങൾ എല്ലാവരും കൎത്താവിന്ന അടിമകൾ എന്ന അറിയിച്ചാറെ യൊസെഫ അത അരുത പാത്രം എടുത്തവൻ അടിമയായാൽ മതി നിങ്ങൾ സുഖെന അച്ഛന്റെ അടുക്കൽ പൊകുവിൻ എന്ന കല്പിച്ചപ്പൊൾ യഹൂദാ കൎത്താവെ കൊപിക്കരുതെ കരുണ ചെയ്തു ഇവനെ വിട്ടയക്കെണമെ. ഞങ്ങൾ അനുജനെ കൂടാതെ വീട്ടിൽ ചെന്നാൽ അച്ഛൻ ദുഃഖത്താൽ മരിക്കും നിശ്ചയം. ഞാൻ തന്നെ പൈതലിന്ന വെണ്ടി ജാമ്യം നിന്ന ഒരു വിഘ്നവും ഭവിക്കാതെ കൂട്ടികൊണ്ടുവരാം എന്ന അച്ഛനൊട പറഞ്ഞ പൊന്നിരിക്കുന്നു അതുകൊണ്ട ഇവന്നുപകരം ഞാൻ അടിമയായി പാൎക്കാം പൈതൽ സഹൊദരന്മാരൊട കൂടെ പൊകട്ടെ അവനെ കൂടാതെ ഞാൻ എങ്ങിനെ അച്ഛനെ ചെന്നു കാണും എന്നിങ്ങിനെ മുട്ടിച്ചപെക്ഷിച്ചപ്പൊൾ യൊസെഫ തന്നെ അടക്കുവാൻ കഴിയാതെ ചുറ്റുമുള്ളവരെ പുറത്താക്കി എററവും കരഞ്ഞ സഹൊദരന്മാരൊട ഞാൻ യൊസെഫ ആകുന്നു അച്ഛൻ ജീവിച്ചിരിക്കുന്നുവൊ എന്ന പറഞ്ഞാറെ അവർ വിറെച്ചു ഉത്തരം ഒന്നും പറയായ്കയാൽ അടുത്ത വരുവാൻ അപെക്ഷിച്ചു അടുത്ത ചെന്ന മിണ്ടാതെ നിന്നപ്പൊൾ നിങ്ങൾ മിസ്രായ്മിലെക്ക വിററുകളഞ്ഞ യൊസെഫ ഞാൻ തന്നെ ആകുന്നു

എന്ന പറഞ്ഞു വിറ്റു ചൊല്ലി ഇപ്പൊൾ ദുഃഖിക്കരുത നിങ്ങളല്ല ദൈവം നിങ്ങളുടെ ജീവരക്ഷക്കായിട്ട മുമ്പെ എന്നെ ഇവിടെക്ക അയച്ചിരിക്കുന്നു ഉടനെ മടങ്ങി ചെന്ന നിന്റെ മകൻ ഇരിക്കുന്നു ദൈവം അവനെ മിസ്രായ്മിൽ കൎത്താവാക്കി വെച്ചിരിക്കുന്നു എന്നും എന്റെ അവസ്ഥ കണ്ടതും കെട്ടതും അച്ശനെ അറിയിച്ച താമസിയാതെ അവനെ കൂട്ടി കൊണ്ടുവരുവിൻ എന്നും മറ്റും പറഞ്ഞാറെ അവനും അനുജനായ ബെന്യമീനും കഴുത്തിൽ കെട്ടിപിടിച്ച കരഞ്ഞു ജ്യെഷ്ഠന്മാരെയും ചുംബിച്ച കരഞ്ഞു അന്യൊന്യം സംസാരിക്കയും ചെയ്തു. ആ വൎത്തമാനം രാജാവ കെട്ടപ്പൊൾ പ്രസാദിച്ച യൊസെഫിനൊട നിന്റെ അച്ശനെയും കുഡുംബങ്ങളെയും വരുത്തുവാൻ പറക അതിന്ന വെണ്ടുന്ന രഥങ്ങളും മറ്റും ഇവിടെനിന്ന കൊടുത്തയക്ക എന്ന കല്പിച്ച പ്രകാരം അവൎക്ക ദ്രവ്യവും അന്നവസ്ത്രാദികളും കൊടുത്ത വഴിയിൽനിന്ന ശണ്ഠകൂടരുത എന്ന പറഞ്ഞ അയച്ചു അവരും സന്തൊഷത്തൊടെ കനാൻ ദെശത്തെക്ക യാത്രയാകയും ചെയ്തു.

## ൧൯ യാക്കൊബ മിസ്രായ്മിലെക്ക പൊയി വസിച്ചത.

അനന്തരം ആ ൧൧ സഹൊദരന്മാർ അച്ശന്റെ അടുക്കൽ എത്തി യൊസെഫ ജീവിച്ചിരിക്കുന്നു മിസ്രായ്മിലെ സൎവ്വാധികാരിയാകുന്നു എന്ന അറിയിച്ചപ്പൊൾ അവൻ ഭ്രമിച്ച പ്രമാണിക്കാതെ ഇരുന്നു പിന്നെ യൊസെഫ പറഞ്ഞ വാക്കുകൾ കെട്ട കൊടുത്തയച്ച തെരുകളും മറ്റും കണ്ടപ്പൊൾ സന്തൊഷത്താൽ അവന്റെ ആത്മാവ ഉണൎന്ന മതി എന്റെ മകൻ ഇരിക്കുന്നു ഞാൻ മരിക്കും മുമ്പെ അവനെ പൊയി കാണും എന്ന തെളിഞ്ഞ പറകയും ചെയ്തു. അതിന്റെ ശെഷം അവൻ കുഡുംബങ്ങളൊടും സകല വസ്തുക്കളൊടും കൂടെ പുറപ്പെട്ട മിസ്രായ്മിൽ എത്തി ആ വൎത്തമാനം യൊസെഫ കെട്ടപ്പൊൾ തന്റെ തെരിൽ കയറി അച്ശനെ എതിരെറ്റ കണ്ടാറെ അവൻ കഴുത്തിൽ കെട്ടിപിടിച്ച വളരെ നെരം കരഞ്ഞ ശെഷം യാക്കൊബ നിന്റെ മുഖം കണ്ടുവല്ലൊ ഇനി ഞാൻ മരിച്ചാൽ വെണ്ടതില്ല എന്ന പറഞ്ഞു. അനന്തരം അച്ശൻ കുഡുംബങ്ങളൊടു കൂടെ ദെശത്ത എത്തി എന്ന യൊസെഫ രാജാവിനൊട ഉണൎത്തിച്ച അവനെയും ചില സഹൊദരന്മാരെയും വരുത്തി കാണിച്ചപ്പൊൾ രാജാവ യാക്കൊബിനൊട വയസ്സ എത്ര എന്ന ചൊദിച്ചതിന്ന സഞ്ചാരവൎഷങ്ങൾ ഇപ്പൊൾ ൧൩൦ ആകുന്നു എന്റെ ജീവനാളുകൾ അല്പവും ദൊഷം കലൎന്നവയും ആയിരിക്കുന്നു. പിതാക്കന്മാരുടെ സഞ്ചാര സമയത്തിൽ ഉണ്ടായ ജീവനാളുകളൊട എത്തീട്ടില്ല എന്ന യാക്കൊബ അറിയിച്ച രാജാവിനെ അനുഗ്രഹിക്കയും ചെയ്തു.

അവൻ പിന്നെ ൧൭ വൎഷം മിസ്രായ്മിൽ പാൎത്ത മരണം അടുത്തപ്പൊൾ യൊസെഫ എഫ്രയിം മനശ്ശെ എന്ന രണ്ടുപുത്രന്മാരെ കൂട്ടികൊണ്ട അച്ശനെ ചെന്ന കണ്ടാറെ നിന്റെ മുഖം തന്നെ കാണും എന്ന ഞാൻ വിചാരിച്ചിരുന്നില്ല ദൈവം നിന്റെ സന്ത

തിയെയും കൂടെ കാണ്മാറാക്കിയല്ലൊ എന്ന ഇസ്രയെൽ പറഞ്ഞു. പിന്നെ അനുഗ്രഹം വാങ്ങെണ്ടതിന്ന യൊസെഫ തന്റെ മക്കളെ അരികിലാക്കിയപ്പൊൾ യാക്കൊബ വലങ്കൈ അനുജന്റെ തലമെലും ഇടങ്കൈ ജ്യെഷ്ഠന്റെ തലമെലും വെച്ച അനുഗ്രഹിച്ചു. പിതാക്കന്മാർ അനുസരിച്ചു നടന്ന ദൈവമെ എന്നെ ഇന്നെവരെയും മെച്ചുവന്ന യഹൊവായെ സകല ദൊഷങ്ങളിൽനിന്ന എന്നെ വീണ്ടെടുത്ത ദൂതനുമായവനെ ംരം പൈതങ്ങളെ അനുഗ്രഹിക്കെണമെ പിതാക്കന്മാരുടെ പെർ ഇവരുടെ മെൽ ചൊല്ലി ഇവർ ദെശ മദ്ധ്യത്തിങ്കൽ വൎദ്ധിച്ചു വരെണമെ എന്ന അപെക്ഷിച്ചു അവരെ സ്വന്ത പുത്രന്മാരെ പൊലെ വിചാരിച്ചു അവകാശസ്ഥാനവും കൊടുത്തു അനുഗ്രഹിച്ചു ദൈവം നിന്നെ എഫ്രയിം മനശ്ശെ എന്നവരെ പൊലെ ആക്കുമാറാക എന്ന ഇസ്രയെൽ അനുഗ്രഹിക്കും എന്ന കല്പിച്ചു പിന്നെ യാക്കൊബ തന്റെ ൰൨ പുത്രന്മാരെയും വരുത്തി വരുവാനുള്ള അവസ്ഥയെ ദൎശിച്ചറിയിച്ചു ഒരൊരുത്തനെ പ്രത്യെകം അനുഗ്രഹിച്ച ശെഷം പ്രാണനെ വിട്ടു സ്വജനത്തൊട ചെരുകയും ചെയ്തു. അനന്തരം യൊസെഫും സഹൊദരന്മാരും രാജ്യത്തിലെ പല ശ്രെഷ്ഠന്മാരും ശവം എടുപ്പിച്ചു കുതിരകളിലും തെരുകളിലും കയറി പുറപ്പെട്ടു കനാൻദെശത്തെത്തി അച്ഛനെ മക്പെല എന്ന ഗുഹയിൽ വെക്കുകയും ചെയ്തു. അതിന്റെ ശെഷം അവർ എല്ലാവരും മിസ്രായ്മിലെക്ക മടങ്ങി ചെന്ന പാൎത്തപ്പൊൾ സഹൊദരന്മാർ ഭയപ്പെട്ടു യൊസെഫിനെ വണങ്ങി ഞങ്ങൾ നിന്നൊട കാട്ടിയ ദ്രൊഹങ്ങളെ അച്ഛനെ വിചാരിച്ചു ക്ഷമിക്കെണമെ എന്നപെക്ഷിച്ചപ്പൊൾ അവൻ കരഞ്ഞു നിങ്ങൾ ഭയപ്പെടെണ്ടാ ഞാൻ ദൈവമൊ നിങ്ങൾ ഇനിക്ക ദൊഷം വിചാരിച്ചിരുന്നു ദൈവമൊ ഇനിക്കു ഗുണം വിചാരിച്ചു ഏറിയ ജനങ്ങളെ ജീവനൊടെ രക്ഷിക്കുമാറാക്കി ഞാൻ ഇനിയും നിങ്ങളെയും കുട്ടികളെയും നന്നായി രക്ഷിക്കും എന്ന പറഞ്ഞു അവരെ ആശ്വസിപ്പിച്ചു ശെഷം കുഡുംബങ്ങളൊടു കൂടെ മിസ്രായ്മിൽ സുഖെന വസിച്ചു പൌത്രപ്രപൌത്രന്മാരെയും കണ്ടു ൱൰ വയസ്സിൽ മരിക്കയും ചെയ്തു.

## ൧൦ മൊശെ.

ഇസ്രയെലിന്റെ പുത്രന്മാരിൽനിന്ന കുറെ കാലം കൊണ്ടു ൰൨ ഗൊത്രങ്ങളായ ഇസ്രയെല്യ സംഘം വൎദ്ധിച്ചുവന്നു. ഏററവും പെരുകി ബലമുള്ള സമൂഹമായി തീൎന്നപ്പൊൾ മിസ്രായ്മക്കാൎക്കു ഭയം ജനിച്ചു. അപ്പൊൾ യൊസെഫിന്റെ അവസ്ഥ അറിയാത്ത ഒരു പുതിയ രാജാവ അവരെ അടിമകളെ എന്നപൊലെ വിചാരിച്ചു പട്ടണങ്ങളെയും കൊട്ടകളെയും മററും കെട്ടെണ്ടതിന്ന ഇഷ്ടിക ഉണ്ടാക്കുക മുതലായ കഠിനവെലകളെ എടുപ്പിച്ചു. അവർ ഉപദ്രവകാലത്തും വൎദ്ധിച്ചുവന്നതിനാൽ അവരുടെ ആൺ പൈതങ്ങളെ ഒക്കെയും കൊല്ലെണമെന്ന രാജാവ പ്രസവിപ്പിക്കുന്ന സ്ത്രീകളൊട കല്പിച്ചു. ആയവർ ദൈവത്തെ ഭയപ്പെട്ടു രാജകല്പന പ്രമാണിക്കാതെ ആൺകുഞ്ഞങ്ങളെ രക്ഷിച്ചുകൊണ്ടിരുന്നു

പ്പൊൾ എല്ലാ മിസ്രായ്മക്കാരൊടും ഇസ്രയെൽകാൎക്ക ജനിക്കുന്നആ ൺകുഞ്ഞങ്ങളെ ഒക്കയും പുഴയിൽ ഇട്ടു കൊല്ലെണം എന്ന കല്പിക്കയും ചെയ്തു,

ആ കാലത്ത ലെവി ഗൊത്രക്കാരനായ ആമ്രാമിന്ന സുന്ദരനായ ഒരു പുത്രൻ ജനിച്ചു. അമ്മ അവനെ ഭയത്തൊടെ മൂന്നു മാസം ഒളിച്ചുവെച്ചു പിന്നെ ഒളിപ്പാൻ കഴിയാഞ്ഞപ്പൊൾ ഒരു പെട്ടി വാങ്ങി പശ തെച്ചു കുഞ്ഞിനെ അതിൽ കിടത്തി നീലനദിതീരത്ത ഞാങ്ങണയുള്ള ഒരു ദിക്കിൽ വെച്ചു കുട്ടിയുടെ സഹൊദരിയെ അരികെ പാൎപ്പിച്ചു. അതിന്റെ ശെഷം രാജപുത്രി പുഴയിൽ കുളിപ്പാൻ വന്ന ആ പെട്ടിയെ കണ്ടപ്പൊൾ ദാസിയെ അയച്ചു പെട്ടി വരുത്തി തുറന്ന നൊക്കിയാറെ കരയുന്ന കുഞ്ഞിനെ കണ്ടു അവൾ മനസ്സലിഞ്ഞ ഇത ഒരു എബ്രായകുട്ടി എന്ന പറഞ്ഞതകെട്ടപ്പൊൾ സഹൊദരി അടുത്ത വന്ന മുല കൊടുക്കെണ്ടതിന്ന എബ്രായസ്ത്രീയെ വിളിക്കെണമൊ എന്ന ചൊദിച്ചു കല്പന വാങ്ങി അമ്മയെ വരുത്തിയ ശെഷം രാജപുത്രി കുഞ്ഞിനെ വളൎത്തെണ്ടതിനായി അവളുടെ കൈക്കൽ എല്പിച്ചു. മുതിൎന്നപ്പൊൾ അവനെ വാങ്ങി തനിക്ക പുത്രനാക്കി വെച്ചു മിസ്രായ്മക്കാരുടെ സകല വിദ്യകളെ പഠിപ്പിച്ചു വെള്ളത്തിൽനിന്ന എടുത്തവൻ എന്നൎത്ഥമുള്ള മൊശെ എന്ന പെർ വിളിക്കയും ചെയ്തു.

അവൻ പ്രാപ്തനായപ്പൊൾ രാജമഹത്വത്തിലും ധനത്തിലും രസിക്കാതെ ഇസ്രയെല്ക്കാരുടെ ഞെരുക്കങ്ങളെ കണ്ടിട്ട ദുഃഖിച്ചുകൊണ്ടിരുന്ന ൪൦ാം വയസ്സിൽ ഒരു ദിവസം സഹൊദരന്മാരുടെ അരികിൽ ചെന്നാറെ അവരിൽ ഒരുവനെ ഒരു മിസ്രായ്മക്കാരൻ അടിക്കുന്നത കണ്ടപ്പൊൾ അവനെ അടിച്ചു കൊന്നുകളഞ്ഞു. ദൈവം എന്റെ കൈകൊണ്ട ഇസ്രയെല്ക്കാൎക്ക രക്ഷ വരുന്നത അവർ കണ്ടറിയും എന്നവൻ വിചാരിച്ചത നിഷ്ഫലമായി തീൎന്ന ആ കൊല കാൎയ്യം രാജാവ അറിഞ്ഞ കൊല്ലുവാൻ ഭാവിച്ചപ്പൊൾ മൊശെ ഓടി അബ്രഹാമിന്റെ സന്തതിക്കാരായ മിദ്യാന്യരുടെ ദെശത്തിൽ എത്തി ഒരു കിണറ്റിന്റെ അരികെ ഇരുന്നപ്പൊൾ ആ നാട്ടിലെ ആചാൎയ്യന്റെ ൭ പുത്രിമാർ വന്ന ആടുകൾക്ക വെള്ളം കൊരി തൊട്ടികളെ നിറെച്ചാറെ വെറെ ഇടയന്മാർ വന്ന അവരെ ആട്ടിക്കളഞ്ഞത കണ്ട മൊശെ അവരെ രക്ഷിച്ചു ആടുകളെ വെള്ളം കുടിപ്പിക്കയും ചെയ്തു. കന്യകമാരുടെ അച്ഛനായ യിത്രൊ ഠരം അവസ്ഥ കെട്ടപ്പൊൾ അവനെ വരുത്തി വീട്ടിൽ പാൎപ്പിച്ചു പുത്രിയായ സിപ്പൊരയെ ഭാൎയ്യയാക്കി കൊടുത്ത ആട്ടിൻകൂട്ടങ്ങളെ മെയ്പ്പാനായി എല്പിക്കയും ചെയ്തു.

## ൨൧ മൊശെ ഫറവൊ എന്ന രാജാവിന്റെ മുമ്പാകെ നിന്നത.

മൊശെ ൪൦ വൎഷം മിദ്യാനിൽ പാൎത്ത വന്നു ഒരു സമയം ആട്ടിൻകൂട്ടത്തെ ഹൊറെബ മലയുടെ താഴ്വരയിൽ ആക്കി മെച്ചുകൊണ്ടിരുന്നപ്പൊൾ കത്തികൊണ്ടിരുന്നിട്ടും വെന്തുപൊകാതിരിക്കുന്ന

ഒരു മുൾപടപ്പ കണ്ട അതിശയിച്ച അടുത്ത ചെന്നാറെ അതിൽനിന്ന ദൈവം മൊശെ മൊശെ എന്ന വിളിക്കുന്നതിനെ കെട്ടു ഇതാ ഞാൻ ഇവിടെ തന്നെ എന്ന മൊശെ പറഞ്ഞപ്പൊൾ ദൈവം അടുത്ത വരാതെ ചെരിപ്പുകളെ അഴിച്ചുകൊൾക നീ നില്ക്കുന്ന സ്ഥലം ശുദ്ധഭൂമിയല്ലൊ എന്ന കല്പിച്ച ഉടനെ മൊശെ ചെരിപ്പുകളെ അഴിച്ച ശെഷം ഞാൻ നിൻ പിതാവിന്റെ ദൈവം ആകുന്നു. അബ്രഹാം ഇസ്സാക്ക യാക്കൊബ എന്നവരുടെ ദൈവം തന്നെ എന്നരുളിച്ചെയ്തപ്പൊൾ മൊശെ ഭയപ്പെട്ട മുഖത്തെ മറച്ചു പിന്നെ യഹൊവ മിസ്രായ്മിലുള്ള എന്റെ ജനത്തിന്റെ പീഡ ഞാൻ കണ്ടു നിലവിളിയെയും കെട്ടു അവരെ മിസ്രായ്മകാരുടെ കയ്യിൽനിന്ന വിടുവിച്ച പാലും തെനും ഒഴുകുന്ന ഒരു ദെശത്ത ആക്കുവാൻ ഇറങ്ങി വന്നിരിക്കുന്നു ഇപ്പൊൾ നീ എന്റെ ജനത്തെ മിസ്രായ്മിൽനിന്ന പുറപ്പെടുവിക്കെണ്ടതിന്ന ഞാൻ നിന്നെ രാജസന്നിധിയിൽ അയക്കാം എന്ന കല്പിച്ചാറെ മൊശെ രാജാവിനെ ചെന്ന കണ്ട ഇസ്രയെല്ക്കാരെ കൂട്ടിക്കൊണ്ടു വരുവാൻ ഞാൻ പ്രാപ്തനൊ എന്നുണൎത്തിച്ചപ്പൊൾ ഞാൻ നിന്നൊടു കൂടെ ഇരിക്കുമല്ലൊ എന്നത കെട്ടിട്ട മൊശെ പറഞ്ഞു അവർ എന്നെ വിശ്വസിക്കാതെ യഹൊവ നിനക്ക പ്രത്യക്ഷനായില്ല എന്ന പറയും. എന്നതിന്ന യഹൊവയുടെ അരുളപ്പാടുണ്ടായി കയ്യിലുള്ള ദണ്ഡിനെ നിലത്തിട്ടു സൎപ്പമായി കണ്ടതുകൊണ്ട പെടിച്ചു പിന്നെ കല്പനപ്രകാരം അതിന്റെ വാൽ പിടിച്ചപ്പൊൾ ദണ്ഡായി തന്നെ തീൎന്നു അതിന്റെ ശെഷം കൈ മാറിലിടുക എന്ന വാക്കിൻ പ്രകാരം ചെയ്തു. എടുത്ത നൊക്കിയപ്പൊൾ വെളുപ്പ രൊഗമായി കണ്ടു പിന്നെയും മാറിൽ ഇടെണം എന്ന കെട്ടനുസരിച്ചപ്പൊൾ ശുദ്ധമായി തീൎന്നു ഈ രണ്ട അടയാളങ്ങളെ വിശ്വസിക്കാഞ്ഞാൽ നീലനദിയിലെ വെള്ളം കൊരി കരമെൽ ഒഴിക്കെണം എന്നാൽ രക്തമായി ചമയും എന്ന യഹൊവ കല്പിക്കയും ചെയ്തു.

പിന്നെ മൊശെ എന്റെ കൎത്താവെ എനിക്ക വാക്സാമൎത്ഥ്യമില്ല വിക്കി പറയുന്നവനാകുന്നു എന്ന പറഞ്ഞപ്പൊൾ യഹൊവ മനുഷ്യന്ന വായ വെച്ചതാര ഊമനെയും ചെവിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കുന്നവൻ ആര ഞാൻ അല്ലയൊ ഇപ്പൊൾ നീ പൊക പറയെണ്ടുന്നതിനെ ഞാൻ ഉപദെശിക്കും വാക്തുണയായും ഇരിക്കും നിന്റെ ജ്യെഷ്ഠനായ അഹരൊൻ നിന്നെ എതിരെല്പാൻ പുറപ്പെട്ട വരുന്നു അവൻ നിനക്ക പകരമായി സംസാരിക്കയും ചെയ്യും എന്ന കല്പിച്ചു.

അനന്തരം മൊശെ അഹരൊനൊടുകൂടെ മിസ്രായ്മിൽ പൊയി ഇസ്രായെല്ക്കാരുടെ മൂപ്പന്മാരെ വരുത്തി ദൈവവചനങ്ങളെ ഒക്കയും അറിയിച്ചശെഷം രാജാവിനെ ചെന്ന കണ്ട വനത്തിൽവെച്ച ഒരു ഉത്സവം കഴിക്കെണ്ടതിന്ന എന്റെ ജനത്തെ വിട്ടയക്കെണം എന്ന ഇസ്രയെൽ ദൈവമായ യഹൊവയുടെ കല്പന എന്നുണൎത്തിച്ചപ്പൊൾ ഞാൻ അനുസരിക്കെണ്ടുന്ന യഹൊവ ആര ഞാൻ യഹൊവയെ അറിയുന്നില്ല ഇസ്രായെല്ക്കാരെ വിടുകയുമില്ല. എന്ന പറഞ്ഞയച്ചു അതല്ലാതെ വിചാരിപ്പുകാരെ വരുത്തി ഈ

ജനങ്ങൾ മടിയന്മാർ ആകകൊണ്ട വെല അധികം എടുപ്പിക്കെ
ണം മുമ്പിലത്തെ കണക്കിൻപ്രകാരം ഇഷ്ടികകൾ ഉണ്ടാക്കിച്ച ഇനി
മെൽ ചുടെണ്ടതിന്ന വയ്ക്കൊൽ കൊടുക്കരുത അവർ തന്നെ അതി
നെ കൊണ്ടുവരട്ടെ എന്ന കല്പിച്ചശെഷം മൊശെ ദൈവം തന്ന
ളെ അയച്ചു എന്ന അറിയിപ്പാനായി ദണ്ഡുകൊണ്ടുള്ള അതിശയ
ങ്ങളെ കാണിച്ചു എങ്കിലും മിസ്രായ്മിലെ മന്ത്രവാദികളും അപ്രകാ
രം കാണിച്ചപ്പൊൾ രാജാവ അതിനെ കൂട്ടാക്കാതെ ഇരുന്നു.

അവൻ ദിവ്യകല്പന പ്രമാണിക്കാതെ കഠിന മനസ്സുള്ളവനാ
യിതീൎന്നാറെ ദൈവം അവനെ ഇളക്കെണ്ടതിന്ന ഭയങ്കരബാധക
ളെ അയച്ചു മൊശെ കല്പനപ്രകാരം നീലനദിയിലെ വെള്ളത്തി
ന്മെൽ അടിച്ചപ്പൊൾ വെള്ളം രക്തമായ്മറഞ്ഞു. മത്സ്യങ്ങളും ച
ത്തുപൊയി വെള്ളം കുടിപ്പാൻ കഴിയായ്കകൊണ്ട മിസ്രായ്മക്കാർ
ഒരൊ കുഴികുഴിച്ചുണ്ടാക്കി തണ്ണീർകൊരി കുടിക്കെണ്ടിവന്നു.

പിന്നെയും അഹരൊൻ ആ പുഴയിൽ ദണ്ഡിനെ നീട്ടിയാറെ
വെള്ളതവളകൾ കരെറി മിസ്രായ്മിൽ എങ്ങും നിറഞ്ഞു എല്ലാഭവ
നങ്ങളിലും രാജധാനിയിലും കിടക്കമുറിമുതലായവയിലും വ്യാ
പിച്ചപ്പൊൾ രാജാവ യഹൊവയൊട അപെക്ഷിക്ക അവൻ ഈ
ബാധ നീക്കിയാൽ ഞാൻ ജനത്തെ വിടാം എന്ന മൊശയെ മു
ട്ടിച്ചു ആയവൻ പ്രാൎത്ഥിച്ചിട്ട തവളകൾ ഒക്കയും മരിച്ചു ആശ്വാ
സം വന്നാറെ രാജാവ പിന്നയും ഹൃദയം കഠിനമാക്കി ഇസ്രാ
യെല്ക്കാരെ വിട്ടയക്കാതെ ഇരുന്നു.

അതിൻറെശെഷം അഹരൊൻ ദണ്ഡനീട്ടി ദെശത്തിലെ മൺ
പൊടി അടിച്ചു മനുഷ്യരെയും ജന്തുക്കളെയും ബാധിക്കെണ്ടതിന്ന
പെൻ കൂട്ടമാക്കി തീൎത്തു മന്ത്രവാദികൾ അപ്രകാരം ഉണ്ടാക്കുവാ
ൻ കഴിയാഞ്ഞപ്പൊൾ ഇത ദൈവത്തിൻറെ വിരൽ എന്ന പറ
ഞ്ഞു എങ്കിലും രാജാവിൻറെ മനസ്സിന്ന ഇളക്കം വന്നില്ല.

അനന്തരം യഹൊവ ഈച്ചക്കൂട്ടത്തെ അയച്ചു രാജാവിനെ
യും ജനങ്ങളെയും വളരെ പീഡിപ്പിച്ചു ആ ബാധയും നിഷ്ഫലമാ
യപ്പൊൾ ദെശത്തിലെ എല്ലാ മൃഗക്കൂട്ടങ്ങളിലും ഒരു മഹാ വ്യാ
ധി പിടിപ്പിച്ചു അതിനാൽ കുതിര കഴുത ഒട്ടകങ്ങളും ആടുമാ
ടുകളും വളരെ മരിച്ചു എന്നിട്ടും രാജാവ കഠിനഹൃദയനായിത
ന്നെ പാൎത്തു.

പിന്നെയും മൊശെ കൈനിറയെ അട്ടക്കരി അടിച്ചുവാരി രാ
ജാവിൻറെ മുമ്പാകെ മെല്പെട്ട ചാടിയനെരം മനുഷ്യരിലും മൃഗ
ങ്ങളിലും വ്രണത്തെ ഉണ്ടാക്കുന്ന പരുക്കൾ ജനിച്ചു ഈ ശിക്ഷ ക
ഠൊരം എങ്കിലും രാജാവിൻറെ മനസ്സിന്ന പാകം ഭവിച്ചില്ല.

അതിൻറെശെഷം മൊശെ ദണ്ഡിനെ ആകാശത്തെക്ക നീട്ടി
യാറെ ഇടിമുഴക്കവും മിന്നൽപിണരും കല്മഴയും ഭയങ്കരമാംവ
ണ്ണം ഉണ്ടായി വയലിലുള്ള സസ്യങ്ങളെയും മരങ്ങളെയും തകൎത്ത
കളഞ്ഞു മൃഗങ്ങളെയും മനുഷ്യരെയും കൊന്നു അപ്പൊൾ രാജാവ
മൊശയെയും അഹരൊനെയും വരുത്തി ഞാൻ പാപം ചെയ്തു
ഇടിയും കല്മഴയും ഒഴിയെണ്ടതിന്ന യഹൊവയൊട അപെക്ഷി
പ്പിൻ എന്ന പറഞ്ഞ മൊശെ പുറത്തുചെന്ന കൈമലൎത്തി പ്രാൎത്ഥി
ച്ചു ഇടിയും മഴയും തീൎന്നു എന്ന രാജാവ കണ്ടപ്പൊൾ അനുസരിയാ

തെ മുമ്പിലത്തെപ്രകാരം തന്നെ ഇരുന്നു. അനന്തരം യഹോവ കിഴക്കൻകാററ അടിപ്പിച്ച ചവററിലക്കിളി ക്കൂട്ടത്തെ വരുത്തി അവർ മിസ്രായിമ്മിൽ എല്ലാടവും വ്യാപിച്ചു പച്ചയായതൊക്കയും തിന്നുകളഞ്ഞപ്പോൾ രാജാവ ഈകുറി ക്ഷമിക്കെണം എന്നപെക്ഷിച്ചാറെ മോശെ പ്രാൎത്ഥിച്ചിട്ട യഹോവ പടിഞ്ഞാറൻ കാററിനെ അടിപ്പിച്ച ചവററിലക്കിളിക്കൂട്ടത്തെ എടുത്ത ചെങ്കടലിലെക്കിട്ടുകളഞ്ഞു രാജാവ ഈ അത്ഭുത ക്രിയയെയും കണ്ടിട്ട ഇസ്രയെല്ക്കാരെ വിട്ടയച്ചില്ല.

പിന്നെയും മോശെ കൈ നീട്ടിയാറെ യഹോവ കൂരിരിട്ടുണ്ടാക്കി മൂന്നുദിവസം വരെയും മനുഷ്യർ തമ്മിൽ തമ്മിൽ കാണാതെയും ആരെയും സഞ്ചരിക്കാതെയും ആക്കി വെച്ചു. ഇസ്രയെല്ക്കാർ പാൎക്കുന്ന ഗോശാൻ ദെശത്തിൽ മാത്രം പ്രകാശം ആക്കി. ഈ ബാധയും ഭയങ്കരമായി തോന്നീട്ടും രാജാവ അടങ്ങാതെ മോശെയോട നീ പൊ നിന്റെ മുഖം ഇനി കാണരുത കാണുന്ന നാളിൽ നീ മരിക്കും എന്ന കല്പിക്കയും ചെയ്തു.

## ൨൨ ഇസ്രയെല്ക്കാർ മിസ്രായിമ്മിൽനിന്ന പുറപ്പെട്ടത.

രാജാവിന്ന ഹൃദയകാഠിന്യം തികഞ്ഞുവന്നപ്പോൾ യഹോവ മോശെയോട ഞാൻ ഇനിയും ഒരു ബാധവരുത്തും അപ്പോൾ രാജാവ നിങ്ങളെ വിട്ടയക്കും നിശ്ചയം അൎദ്ധരാത്രിയിൽ തന്നെ ഞാൻ മിസ്രായിമ്മിൽകൂടി പോയി രാജകുമാരൻ മുതൽ ദാസീപുത്രൻവരെയും സീമന്തപുത്രന്മാരെ ഒക്കയും മൃഗങ്ങളിലെ കടിഞ്ഞൂലുകളെയും മരിപ്പിക്കും അതുകൊണ്ട ഇസ്രായെല്ക്കാർ യാത്രക്കായി ഒരുങ്ങിനിന്ന ഒരൊ വീട്ടുകാർ ഒരൊ ആട്ടിൻ കുട്ടിയെ കൊന്ന ബാധ അവരിൽ പററാതിരിക്കെണ്ടതിന്ന രക്തം എടുത്ത ഒരൊ വീട്ടിലെ കട്ടിളക്കാലുകളിലും മെല്പടിയിലും തേച്ചും മാംസം വറുത്ത നടുക്കെട്ടും ചെരിപ്പുകളും വടികളും ധരിച്ചുകൊണ്ട പെസഹഭക്ഷണം കഴിക്കെണം എന്ന കല്പിച്ചു നിശ്ചയിച്ചസമയം വന്ന ഇസ്രയെല്ക്കാർ പ്രയാണത്തിന്നായി ഒരുങ്ങിനിന്നപ്പോൾ അൎദ്ധരാത്രിയിൽ യഹോവ രാജാവിന്റെ പ്രഥമപുത്രൻമുതൽ ദാസപുത്രൻവരെയുള്ള കടിഞ്ഞൂൽ സന്തതികളെ ഒക്കയും കൊന്നു മിസ്രായിമ്മിൽ എല്ലാടവും മഹാ നിലവിളിയും കരച്ചിലും ഉണ്ടായപ്പോൾ രാജാവ മോശെയെയും അഹരോനെയും വരുത്തി നിങ്ങളും ജനങ്ങളും ആടുമാടുകളോട കൂടെ പുറപ്പെട്ട പൊകുവിൻ എന്ന കല്പിച്ചു മിസ്രായിമ്മക്കാരു ഞങ്ങൾ എല്ലാവരും മരിക്കുന്നു വെഗം പൊകുവിൻ എന്ന അവരെ നിൎബ്ബന്ധിച്ചയച്ചാറെ ഇസ്രയെല്ക്കാർ പുളിക്കാത്ത കുഴച്ച മാവിനെ ശീലകളിൽ കെട്ടി ദൈവകല്പനപ്രകാരം മിസ്രായിമ്മക്കാരൊട പൊൻവെള്ളി ആഭരണങ്ങളെയും വസ്ത്രങ്ങളെയും ചോദിച്ചുവാങ്ങി അടിമദെശത്തെ വിട്ട കാൽനടയായി പുറപ്പെട്ടുപോയി പൊകെണ്ടുന്ന വഴിയിൽ തെററാതെ രാപകൽ സഞ്ചരിക്കെണ്ടതിന്ന യഹോവ പകൽ മെഘത്തൂണിലും രാത്രിയിൽ അഗ്നിത്തൂണിലും വിളങ്ങി അവൎക്ക മുമ്പായിട്ട നടക്കുകയും

ചെയ്തു. അവർ ഒരു ദിവസത്തെവഴി പൊയശെഷം രാജാവ
ന്റെ മനസ്സ ഭെദിച്ച അടിമകളെ വിട്ടയച്ചത എന്തിന എന്ന ചൊ
ല്ലി അവരുടെ വഴിയെ ചെല്ലെണ്ടതിന്ന സൈന്യത്തെ നിയൊ
ഗിച്ചു. ആ സൈന്യം തെർ കുതിരകളൊടും കൂടെ പിന്തുടൎന്ന
ചെങ്കടൽ പുറത്ത ഇസ്രയെൽ പാളയത്തിൽ എത്തി ഇസ്രയെല്യാ
ര അവരെ കണ്ടുവളരെ പെടിച്ചുനിലവിളിച്ചാറെ ഭയപ്പെടാതെ
ഇരിപ്പിൻ മിണ്ടാതെ നിന്ന യഹൊവ ചെയ്യുന്ന രക്ഷയെ നൊ
ക്കികൊൾവിൻ എന്ന മൊശെ പറഞ്ഞു ആശ്വസിപ്പിച്ചശെഷം യ
ഹൊവ അവനൊട നീ എന്തിന്ന എന്നൊട നിലവിളിക്കുന്നു
നെരെ നടക്കെണം എന്ന ഇസ്രയെല്യാരൊട പറഞ്ഞ ദണ്ഡ
കൊണ്ട സമുദ്രത്തെ വിഭാഗിക്ക എന്നാൽ അവർ അതിൻനടുവി
ൽ കൂടെ കടന്നുപൊകുമാറാകും ഞാൻ രാജാവിലും അവന്റെ
തെർകുതിരകളിലും എന്റെ വൈഭവം കാണിക്കുമ്പൊൾ ഞാൻ
യഹൊവ ആകുന്നു എന്ന മിസ്രായ്മക്കാർ അറിയെണ്ടിവരും എന്ന
അരുളിചെയ്തശെഷം മെഘസ്തംഭം ഇസ്രയെല്യാരുടെ മുമ്പ വിട്ട
രണ്ട സൈന്യങ്ങളുടെ നടുവിൽവന്ന ഇസ്രയെല്യാൎക്ക വെളിച്ച
വും മറ്റെവൎക്ക ഇരിട്ടും ആയി നിന്നുകൊണ്ടിരുന്നു യഹൊവ ആ
രാത്രി മുഴുവനും കിഴക്കുകാറ്റിനെ അടിപ്പിച്ച വെള്ളത്തെ രണ്ടുഭാ
ഗത്തും ആക്കിയപ്പൊൾ ഇസ്രയെല്യാർ അതിൽ നടുവിൽകൂടി ക
ടന്ന കരെക്കെത്തി മിസ്രായ്മക്കാരും പിന്തുടൎന്നു പുലർകാലത്ത യ
ഹൊവ മെഘസ്തംഭത്തിൽനിന്ന അവരുടെ സൈന്യത്തെനൊക്കി
അവൎക്ക ഭയവും കലക്കവും വരുത്തിയാറെ അവർ നാം ഓടിപ്പൊ
ക യഹൊവ ഇസ്രയെല്യാൎക്ക വെണ്ടി യുദ്ധം ചെയ്യുന്നു എന്ന നില
വിളിച്ചു പറഞ്ഞു ഉടനെ മൊശെ ദൈവകല്പനപ്രകാരം കടലി
ന്മെൽ കൈനീട്ടി വെള്ളവും തിരിച്ചുവന്നു മിസ്രായ്മക്കാർ അതിന്റെ
നെരെ ഓടി ആരും ശെഷിക്കാതെ വെള്ളത്തിൽ മുങ്ങിപ്പൊകയും
ചെയ്തു.

## ൩൨ മരുഭൂമിയിലെ സഞ്ചാരം.

ഇസ്രയെല്യാർ ചെങ്കടൽവിട്ട വെള്ളവും സസ്യാദികളും ഇല്ലാ
ത്ത ഭൂമിയിൽകൂടി ൩ ദിവസംനടന്നു മാറ എന്ന സ്ഥലത്തെത്തി
യാറെ വെള്ളംകണ്ടു കയ്പരസംകൊണ്ട കുടിപ്പാൻ വഹിയാഞ്ഞ
പ്പൊൾ ജനങ്ങൾ എന്തുകുടിക്കെണ്ടു എന്ന മൊശെയൊട പിറുപി
റുത്ത പറഞ്ഞുസമയം അവൻ പ്രാൎത്ഥിച്ച യഹൊവ കാണിച്ച മര
ത്തെ വെള്ളത്തിൽ ഇട്ടപ്പൊൾ വെള്ളം മധുരമായിവന്നു ഞാൻ
അല്ലൊ നിന്റെ ചികിത്സകനാകുന്നു എന്ന യഹൊവ ജനത്തൊ
ട കല്പിക്കയും ചെയ്തു.

അതിന്റെശെഷം ഇറച്ചിയും അപ്പവും ഇല്ലായ്കയാൽ അവർ
പിറുപിറുത്താറെ യഹൊവ വലിയ കൂട്ടമായെറ്റം കാടപ്പക്ഷിക
ളെ കൂട്ടത്തൊടെ വരുത്തിയതു കൂടാതെ അവർ പിറ്റെ ദിവസം
രാവിലെ ഉറച്ച മഞ്ഞുപൊടിപൊലെ ഒരു സാധനം നിലമെകണ്ട
പ്പൊൾ അറിയാഞ്ഞ ഇത മന്നാ ആകുന്നു എന്നതമ്മിൽ തമ്മിൽ പ
റഞ്ഞാറെ ഇത യഹൊവ ആകാശത്തിൽനിന്ന ഭക്ഷിപ്പാൻ തന്നി

രിക്കുന്ന മന്ന എന്ന പെരുള്ള അപ്പമാകുന്നു എന്ന മൊശെ അറിയിച്ചു വെള്ളംകുറവായ സമയം നീ ഞങ്ങളെ ദാഹത്താൽ നശിപ്പിപ്പാൻ എന്തിന കൂട്ടികൊണ്ടു വന്നു എന്ന നീരസപ്പെട്ടു പറഞ്ഞപ്പൊൾ മൊശെ യഹൊവയൊട നിലവിളിച്ചു കല്പനപ്രകാരം ദണ്ഡുകൊണ്ടു ഒരു പാറമെൽ അടിച്ചാറെ വെള്ളം വന്നു ജനങ്ങൾ കുടിക്കയും ചെയ്തു.

അങ്ങിനെ സഞ്ചരിക്കുന്ന സമയത്ത കവൎച്ചക്കാരായ അമലെകാർ വന്നു യുദ്ധം തുടങ്ങി പലരെയും കൊന്നപ്പൊൾ യൊശുവാ സൈന്യത്തൊടുകൂടെ അവരുടെനെരെ പൊരുതു മൊശെ കുന്നിൻ മുകളിൽ കരെറി പ്രാൎത്ഥിച്ചു കൈ പൊങ്ങിച്ചിരിക്കുമ്പൊൾ ഇസ്രയെല്ക്കാൎക്ക വീൎയ്യം വൎദ്ധിച്ചു കൈ താഴത്തിയപ്പൊൾ ശത്രു പ്രബലപ്പെട്ടു കൈ തളൎന്ന താഴത്തിയാറെ അഹരൊനും ഹൂരും ഇരുപുറവും നിന്ന മൊശെയുടെ കൈകളെ താങ്ങി അപ്രകാരം അമലെകാർ തൊറ്റുപൊകയും ചെയ്തു.

## ൨൮ ന്യായപ്രമാണം.

ഇവർ മൂന്നാം മാസത്തിൽ സീനായിമലയുടെ താഴ്വരയിൽ എത്തി അവിടെ ഒരു വൎഷത്തൊളം പാൎത്തു ആ വൎഷത്തിന്നകം അവരുടെ ആചാരങ്ങളൊക്കെക്കും ഒരു ക്രമവും സ്ഥിരതയും വന്നു മൊശെ ദൈവകല്പനപ്രകാരം അവരെ ഗൊത്രങ്ങളായും വംശങ്ങളായും വിഭാഗിച്ചു കാൎയ്യങ്ങളെ നടത്തെണ്ടതിന്ന മെധാവികളെയും അധിപന്മാരെയും മൂപ്പന്മാരെയും നിശ്ചയിച്ചു ജനങ്ങളെ എണ്ണി നൊക്കി യുദ്ധംചെയ്വാൻതക്കവർ ൬ ലക്ഷത്തിൽ ഉണ്ടു എന്ന കണ്ടു ദൈവം അവിടെവെച്ച തന്നെ അവൎക്ക ന്യായപ്രമാണത്തെ അറിയിച്ചു രാജ്യനിശ്ചയത്തെയും ഗൊത്രമൎയ്യാദകളെയും നിയമിച്ചു ഇപ്രകാരം അവർ ദൈവത്തിന്റെ ജനമായി ഭവിച്ചു അവർ മലയുടെ താഴ്വരയിൽ ഇറങ്ങി പാൎത്തു മൊശെ മലമുകളിൽ കയറിയപ്പൊൾ അവനൊട യഹൊവ ഠരം ജനങ്ങൾക്ക ശുദ്ധിയെ കല്പിച്ചു മൂന്നാം ദിവസത്തിന്നായി ഒരുങ്ങുമാറാക്കുക മലെക്കചുറ്റും ഒരു അതിരിനെ നിശ്ചയിച്ചു ആരും അതിനെ ആക്രമിക്കാതാക്കുക ആക്രമിച്ചാൽ മരിക്കും നിശ്ചയം എന്ന കല്പിച്ചു മൊശെ അപ്രകാരം നടത്തി.

മൂന്നാം ദിവസം പുലരുമ്പൊൾ മിന്നലുകളും ഇടിമുഴക്കങ്ങളും കനത്ത മഴക്കാറും മഹാ കാഹള ശബ്ദവും പൎവതത്തിന്മെൽ ഉണ്ടായതിനാൽ താഴെ നില്ക്കുന്ന ജനം നടുങ്ങി പൎവ്വതം അഗ്നിയും പുകയും ചെൎന്ന ഇളകി കാഹളശബ്ദം എറവും വൎദ്ധിച്ചാറെ മൊശെ മുകളിൽ കരെറി ദൈവസന്നിധിയിൽനിന്നു അപ്പൊൾ യഹൊവ അരുളിച്ചെയ്തതെന്തെന്നാൽ അടിമവീടായ മിസ്രയിംദെശത്തനിന്ന നിന്നെ കൊണ്ടുവന്നവനായ യഹൊവയായ ഞാൻ നിന്റെ ദൈവം ആകുന്നു ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത നിനക്കൊരു വിഗ്രഹത്തെയും യാതൊരു പ്രതിമയെയും ഉണ്ടാക്കരുത അവറ്റെ കുമ്പിടുകയും സെവിക്കയും അരുത നിന്റെ ദൈവമായ യഹൊവയുടെ നാമം വൃ

ഥാ എടുക്കരുത സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക ആറുദിവസം നീ അദ്ധ്വാനപ്പെട്ട നിന്റെ വെല ഒക്കയും ചെയ്ക ൭ാം ദിവസം നിന്റെ ദൈവമായ യഹൊവയുടെ സ്വസ്ഥതയാകുന്നു അതിൽ നീ ഒരു വെലയും ചെയ്യരുത നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക നീ കുല ചെയ്യരുത നീ വ്യഭിചാരം ചെയ്യരുത നീ മൊഷ്ടിക്കരുത നിന്റെ കൂട്ടുകാരന്റെ നെരെ കള്ളസാക്ഷി പറയരുത നിന്റെ കൂട്ടുകാരനുള്ളത യാതൊന്നിനെയും മൊഹിക്കരുത.

ജനങ്ങൾ കാഹളശബ്ദവും ഇടിമുഴക്കവും കെട്ടു മിന്നലും പുകയും കണ്ടപ്പൊൾ ഞെട്ടി നീങ്ങി മൊശെയൊട നീ ഞങ്ങളൊട പറെക ഞങ്ങൾ മരിക്കാതിരിക്കെണ്ടതിന്ന ദൈവം ഞങ്ങളൊട സംസാരിക്കരുത ദൈവം നിന്നൊട കല്പിക്കുന്നതൊക്കയും ഞങ്ങൾ കെട്ടനുസരിക്കും എന്ന പറഞ്ഞപ്പൊൾ യഹൊവ മൊശെയൊട അവൎക്കും മക്കൾക്കും ഗുണം ഭവിക്കെണ്ടതിന്ന എന്നെ ഭയപ്പെട്ട എന്റെ കല്പനകൾ ഒക്കയും പ്രമാണിപ്പാൻ തക്ക ഹൃദയം ഉണ്ടായാൽ കൊള്ളായിരുന്നു എന്ന കല്പിച്ചു മൊശെ മലമുകളിലെ മെഘത്തിൽ ൪൦ രാപ്പകൽ പാൎത്തു യഹൊവ സകല വചനങ്ങളെയും പറഞ്ഞ തീൎന്നശെഷം തിരുവിരൽകൊണ്ട സാക്ഷിയുടെ പ്രമാണമായി എഴുതിയ രണ്ട കല്പലകകളെ മൊശെക്ക കൊടുക്കയും ചെയ്തു.

മൊശെ അവറ്റെ എടുത്ത മലയിൽനിന്ന ഇറങ്ങി പാളയത്തിൽ എത്തിയാറെ അയ്യൊ കഷ്ടം ജനം ഒരു കാളക്കുട്ടിയുടെ സ്വരൂപം തീൎത്തു അതിനെ പ്രദക്ഷിണം വെച്ച നൃത്തം ചെയ്തും പാടികളിച്ചും വണങ്ങുന്നതിനെ കണ്ടിട്ട കൊപിച്ച കല്പലകകളെ എടുത്തെറിഞ്ഞ പൊളിച്ചു അഹരൊനൊട നീ ൟ ജനത്തിന്മെൽ ഇത്രവലിയ പാപത്തെ വരുത്തുന്നതിന്ന അവർ നിന്നൊട എന്ത ചെയ്തു എന്ന പറഞ്ഞപ്പൊൾ അഹരൊൻ എന്റെ കൎത്താവിന്റെ കൊപം ജ്വലിച്ചുവരരുതെ ൟ ജനം ദൊഷത്തിൽ ഇരിക്കുന്നു എന്ന നീ അറിയുന്നുവല്ലൊ നീ മലമെൽ താമസിച്ചപ്പൊൾ അവർ എന്നൊട ഞങ്ങളെ മിസ്രയിമിൽനിന്ന പുറപ്പെടുവിച്ച മൊശെക്ക എന്ത സംഭവിച്ചു എന്ന അറിയുന്നില്ല ഞങ്ങൾക്ക മുന്നടക്കെണ്ടതിന്ന ദെവന്മാരെ ഉണ്ടാക്കെണം എന്ന പറഞ്ഞാറെ ഞാൻ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പൊൻകുണുക്കുകൾ എല്ലാം വാങ്ങി വാൎപ്പിച്ച കാളക്കുട്ടിയുടെ സ്വരൂപം തീൎപ്പിച്ചിരിക്കുന്നു എന്ന പറഞ്ഞു പിന്നെ മൊശെ ആ വിഗ്രഹത്തെ എടുത്ത തീയിൽ ഇട്ട ചുട്ടുപൊടിച്ചു പൊടി വെള്ളത്തിൽ വിതറി ഇസ്രയെല്യരെ കുടിപ്പിച്ചു അതിന്റെശെഷം അവൻ മലമുകളിൽ കരെറി യഹൊവയൊട അല്ലയൊ ദൈവമെ ൟ ജനം മഹാ പാപം ചെയ്തു തങ്ങൾക്ക പൊന്നുകൊണ്ട ഒരു ദെവനെ ഉണ്ടാക്കിയിരിക്കുന്നു ഇപ്പൊൾ അവരുടെ പാപത്തെ ക്ഷമിച്ചുകൊണ്ടാലും അല്ലാഞ്ഞാൽ നീ എഴുതിയ പുസ്തകത്തിൽനിന്ന എന്നെ മാച്ചുകളഞ്ഞാലും എന്ന പ്രാൎത്ഥിച്ചാറെ യഹൊവ നീ പൊയി ഞാൻ കല്പിച്ചിട്ടുള്ള സ്ഥലത്തെക്ക ജനത്തെ നടത്തുക ഇതാ എന്റെ ദൂതൻ നിന്റെ മുമ്പിൽ നടക്കും നിശ്ചയസമയത്ത ഞാൻ അവരുടെ പാപത്തെ വിചാരിക്കും എന്ന പറഞ്ഞശെഷം മൊശെ ഇറങ്ങി കല്പനപ്രകാരം മുമ്പിലത്തെപൊലെ രണ്ട കല്പലകകളെ ചെത്തി എടുത്ത പിറെറ

ദിവസം രാവിലെ പിന്നെയും മലമെൽകരെറി ൪൦ രാപ്പകൽ ദൈവസന്നിധിയിൽ പാൎത്തു യഹൊവ നിയമത്തിന്റെ ൧൦ കല്പനകളെ പലകകളിന്മെൽ എഴുതി കൊടുക്കയും ചെയ്തു.

## ൨൫ രാജ്യമൎയ്യാദകളും മതാചാരങ്ങളും.

മുൻപറഞ്ഞ പത്തുവാക്യങ്ങളല്ലാതെ ദൈവം നാട്ടുമൎയ്യാദകളെയും വീട്ടാചാരങ്ങളെയും സങ്കല്പിച്ചു നിൎണ്ണ്യഭക്ഷണം അശുദ്ധം എന്നവെച്ചു അതിനെ തിന്മാൻ വിരൊധിച്ചു വിവാഹം അവകാശം കൃഷി മുതലായവററിന്നും ഒരൊ വെപ്പുകളെ നിശ്ചയിച്ചു കളവു കൊല തുടങ്ങിയുള്ള അപരാധങ്ങൾക്കും അതാത ശിക്ഷകളെ കല്പിച്ചു യുദ്ധം ചെയ്യുന്നവർ മാതാപിതാക്കന്മാർ വിധവമാർ അനാഥർ ദരിദ്രർ കുരുടർ ഊമർ ദാസർ എന്നിവൎക്കും വെവ്വെറെ ചട്ടങ്ങളെ നിയമിച്ചു പക്ഷിക്കൂട്ടങ്ങളെയും ഫല വൃക്ഷങ്ങളെയും പണികാളകളെയും കുറിച്ചും ഒരൊന്ന നിശ്ചയിച്ചു ഈ ന്യായങ്ങളിൽ ചിലതാവിത മെതിക്കുന്ന കാളയുടെ വായ കെട്ടരുത ഫല വൃക്ഷങ്ങളെ നഷ്ടമാക്കരുത പക്ഷിക്കൂട കിട്ടിയാൽ കുട്ടിയൊട കൂടെയുള്ള തള്ളയെ എടുക്കാതെ വിടുകെവെണ്ടു ഇപ്രകാരം ചെയ്താൽ ദീൎഘായുസ്സൊടെ സുഖെനപാൎക്കും ശത്രുവിന്റെ ഒരു കാളയൊ കഴുതയൊ ചുമടൊടുകൂടെ വീണു കിടക്കുന്നത കണ്ടാൽ സഹായിക്കെണം ചെകിടനെ ശപിക്കരുത നിന്റെ ദൈവത്തെ ഭയപ്പെട്ടിട്ട കുരുടന്ന വഴിയിൽ ഒരു വിരുദ്ധം വെക്കരുത.

മൊശെയുടെ ഗൊത്രക്കാരായ ലെവിയക്കാൎക്ക പ്രത്യെകം സ്ഥാനമാനങ്ങൾ ലഭിച്ചു. ദൈവകല്പനപ്രകാരം അഹരൊനും സന്തതിയും ആചാൎയ്യസ്ഥാനത്തിലായി ജനത്തിന്റെ ഉപദെഷ്ടാക്കന്മാർ വൈദ്യർ മുതലായവർ എല്ലാവരും ലെവിഗൊത്രക്കാർ തന്നെ മഹാചാൎയ്യ പ്രവൃത്തി നടത്തെണ്ടതിന്ന അഹരൊന്ന അഭിഷെകവും വിശുദ്ധവസ്ത്രങ്ങളും സാധിച്ചു. മൊശെ ദൈവാരാധനക്കു വെണ്ടി ശൊഭയുള്ള ഒരു കൂടാരത്തെ തീൎപ്പിച്ചു. അതിലെ ഉൾമുറിയായ അതിപരിശുദ്ധ സ്ഥലത്ത വെച്ചിട്ടുള്ള പൊൻപൊതിഞ്ഞ പെട്ടിയിൽ ദൈവം എഴുതിച്ച ആധാരപലകകൾ ഉണ്ടായിരുന്നു. പുറമുറിയായ ശുദ്ധസ്ഥലത്തിൽ ആചാൎയ്യൻ ദിവസെന ധൂപം കാട്ടി പ്രാൎത്ഥനകളും കഴിച്ചു വന്നു. കൂടാരത്തിന്ന ചുറ്റുമുള്ള പ്രാകാരത്തിൽ ആചാൎയ്യർ ജനങ്ങൾ കൊണ്ടുവന്ന മൃഗങ്ങളെ അറുത്ത ബലിയെ അൎപ്പിച്ചു ഈ അവസ്ഥയെ തൊട്ടു ദൈവം കല്പിച്ചതിൻ പ്രകാരം ആരെങ്കിലും ഹൊമബലിയൊ ആഹാര ബലിയൊ സ്തൊത്രബലിയൊ കഴിപ്പാൻ ഭാവിച്ചാൽ ആയതിനെ ഞാൻ നിയമിച്ച പ്രകാരത്തിലും സ്ഥലത്തിലും കഴിക്കെണം. ചില അപരാധങ്ങൾക്കായി കുററ ബലികളും പരിഹാര ബലികളും നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

വൎഷന്തൊറും എല്ലാ പുരുഷന്മാരും കൂടി വരെണ്ടുന്ന മൂന്ന ഉത്സവങ്ങൾ ഉണ്ടു.

൧. മിസ്രായീമിൽനിന്നുള്ള പുറപ്പാടിനെ സൂചിപ്പിക്കുന്ന പെസഹ പെരുനാൾ അതിൽ ഇസ്രയെല്യർ എല്ലാവരും ആചാൎയ്യന്മാർ എന്ന പൊലെ ഒരൊ ആട്ടിൻ കുട്ടിയെ ബലി കഴിച്ചു രക്തം ത

ളിച്ച മാംസം ഭക്ഷിക്കയും പുതിയ ധാന്യത്തെ കൊണ്ടുവന്ന ദൈവത്തിന വഴിപാടായി വെക്കയും ചെയ്യും. ൨ സീനായി പൎവ്വതത്തിൽനിന്ന കല്പിച്ച കൊടുത്ത ന്യായപ്രമാണത്തെ ഒൎമ്മവെക്കെണ്ടുന്ന പെന്തെകൊസ്തു പെരുനാൾ അന്നും കൊയ്ത്തതിന്റ വഴിപാടിനെ കഴിക്കുന്നതല്ലാതെ പുളിപ്പുള്ള രണ്ട അപ്പങ്ങളെയും അൎപ്പിക്കും. ൩ കൂടാരനാൾ അതിൽ ജനങ്ങൾ കുരുത്തോല മുതലായ സാധനങ്ങളെ കൊണ്ട കുടില്കളെ ഉണ്ടാക്കി എഴുദിവസം സഞ്ചാരികൾ എന്ന പൊലെ പാൎത്ത യഹൊവ തങ്ങളെ മരുഭൂമിയിൽ കൂടി രക്ഷിച്ച അവകാശ ദെശത്തിൽ ആക്കിയതിനെ ഒൎത്ത പറമ്പുകളിൽ ഉള്ള മുന്തിരിങ്ങാ മുതലായ അനുഭവങ്ങളെ എടുത്ത തീൎന്നതിനാൽ സ്തുതിച്ച സന്തൊഷിക്കയും ചെയ്യും.

## ൨൩ ദുൎമ്മോഹികളുടെ ശവക്കുഴികൾ.

ഇസ്രായെല്യർ ഏകദെശം ഒരു വൎഷം സീനായി മലയുടെ താഴ്വരയിൽ പാൎത്ത പെസഹ പെരുനാൾ കൊണ്ടാടിയ ശെഷം ഒരു ദിവസം സാക്ഷി കൂടാരത്തിൻ മീതെ ഇരുന്ന മെഘമുയൎന്ന പാലും തെനും ഒഴുകുന്ന ദെശത്തെക്ക യാത്രയാകുവാൻ ജനങ്ങൾ ഒരുങ്ങി സന്തൊഷത്തൊടെ പുറപ്പെട്ട മൂന്ന ദിവസം മാത്രം സഞ്ചരിച്ചാറെ തങ്ങൾ മിസ്രായിമിൽനിന്ന കൂടെ വന്ന ഹീനജനങ്ങൾ ഇറച്ചിയെ മൊഹിച്ച മുഷിച്ചിലായപ്പോൾ ഇസ്രയെല്യരും സങ്കടപ്പെട്ട കരഞ്ഞു മാംസം എങ്ങിനെ കിട്ടും മിസ്രായിമിൽ വെറുതെ ലഭിച്ചതിന്ന മത്സ്യങ്ങളെയും. വെള്ളരിക്കാ കുമ്മട്ടിക്കാ ഉള്ളി മുതലായവറ്റെയും ഒൎക്കുന്നു ഇപ്പൊൾ ൟ മന്നാ അല്ലാതെ മറ്റൊന്നും കാണ്മാനില്ല. എന്ന പിറുപിറുത്ത പറഞ്ഞു. അപ്പൊൾ യഹൊവ നിങ്ങൾ കരഞ്ഞ ആഗ്രഹിച്ച പ്രകാരം നാളെ മാംസത്തെ തരും നിങ്ങളുടെ നടുവിൽ ഇരിക്കുന്ന യഹൊവയെ വെറുത്തിട്ട ഞങ്ങൾ മിസ്രായിമിൽനിന്ന പുറപ്പെട്ട പൊന്നത എന്തിന്ന എന്ന പറഞ്ഞതിനാൽ ഒന്നും രണ്ടും പത്തും ഇരിവതും ദിവസം അല്ല ഒരു മാസം മുഴുവനും തന്നെ അറപ്പുവരുവൊളം മാംസത്തെ ഭക്ഷിപ്പാറാകും എന്ന കല്പിച്ചു. അതിന്ന മൊശെ ൬ ലക്ഷം ഭടന്മാരായ ൟ ജനത്തിന ഒരു മാസം മുഴുവനും ഇറച്ചിയുണ്ടാകുന്നതെങ്ങിനെ എന്ന സംശയിച്ച പറഞ്ഞപ്പൊൾ യഹൊവ എന്റെ കൈ കുറുകി പൊയൊ എന്റെ വാക്ക ൻ പ്രകാരം വരുമൊ ഇല്ലയൊ എന്നരുളിച്ചെയ്യാറെ കാറ്റിനെ അയച്ച കടലിൽനിന്ന കാടക്കൂട്ടങ്ങളെ പാളയത്തിന്മെൽ വരുത്തി ചുറ്റും ഭൂമിയിൽനിന്ന രണ്ടു മുളം ഉയരത്തിൽ പറപ്പിച്ചു. ജനം രണ്ടു ദിവസം മുഴുവനും കാടകളെ പിടിച്ച കൂട്ടി ഭക്ഷിച്ച തീരും മുമ്പെ ഒരു കഠിന ബാധ ഉണ്ടായി എറിയ ആളുകൾ മരിച്ചു അവരെ അവിടെ തന്നെ കുഴിച്ചിട്ടതിനാൽ ആ സ്ഥലത്തിന്ന മൊഹകുഴികൾ എന്ന പെർ വരികയും ചെയ്തു.

## ൨൪ ഒറ്റുകാർ.

ഇസ്രയെല്യർ ഫറാൻ വനത്തിൽ എത്തിയപ്പൊൾ മൊശെ ഒരൊ ഗൊത്രത്തിൽനിന്ന ഒരൊ ആളെ നിശ്ചയിച്ചു കനാൻ ദെ

ശത്രു ചെന്ന നൊക്കി ഗുണദൊഷങ്ങളെയും മനുഷ്യവിശെഷങ്ങളെയും മറ്റും കണ്ടറിയെണ്ടതിന്ന പറഞ്ഞയച്ചു. അവർ തെക്കെ അതിരിൽനിന്ന പുറപ്പെട്ട വടക്കെ അതിരൊളം സഞ്ചരിച്ചു ശൊധന കഴിച്ചു മാതളപഴങ്ങളെയും അത്തിപ്പഴങ്ങളെയും തണ്ടിട്ട കെട്ടിയ മുന്തിരിങ്ങാകുലകളെയും കൂടെവഹിച്ചു നാല്പത ദിവസം കഴിഞ്ഞശെഷം മടങ്ങി പാളയത്തിൽ വന്ന വൎത്തമാനം അറിയിച്ചു ഫലങ്ങളെയും കാണിച്ചു, നിങ്ങൾ ഞങ്ങളെ അയച്ച ദെശത്തെക്ക ഞങ്ങൾ പൊയി വന്നു. അത നല്ലത തന്നെ അതിൽ പാലും തെനും ഒഴുകുന്ന ഫലങ്ങളും ഇതാ എങ്കിലും അതിൽ പാക്കുന്ന ജനങ്ങൾ വമ്പന്മാർ നഗരങ്ങൾക്ക വലിപ്പവും ഉറപ്പും വളരെ ഉണ്ട അവിടെ ഉള്ള മലയന്മാരുടെ നെരെ നാം ചവറ്റിലക്കിളികൾ എത്രെ എന്നും മറ്റും പറഞ്ഞാറെ ജനങ്ങൾ എല്ലാവരും ഭയപ്പെട്ട അയ്യൊ മിസ്രയിമിൽ വെച്ച മരിച്ചു എങ്കിൽ കൊള്ളായിരുന്നു. നാം ഒരു പ്രമാണിയെ ഉണ്ടാക്കി മടങ്ങി പൊക എന്നും മറ്റും തങ്ങളിൽ സംസാരിച്ചു ഒറ്റുകാരായ യൊശുവായും കാലെബും അപ്രകാരം അരുത ഭയം ഒട്ടും വെണ്ടാ യഹൊവ തുണയായാൽ ആ ദെശക്കാരെ ജയിപ്പാൻ കഴിയും നിശ്ചയം എന്ന പറഞ്ഞപ്പൊൾ ഇവരെ കല്ലെറിവിൻ എന്ന ജനസംഘമൊക്കെയും വിളിച്ചു പറഞ്ഞാറെ യഹൊവായുടെ തെജസ്സു കൂടാരത്തിൽ പ്രകാശിച്ചു ഈ ജനം എത്രത്തൊളം എന്നെ നിരസിക്കും ഞാൻ അവരുടെ ഇടയിൽ ചെയ്ത അടയാളങ്ങളെ കണ്ടിട്ട എന്നെ വിശ്വസിക്കാതെ ഇരിക്കും അവർ ഞാൻ കെൾക്കെ പറഞ്ഞ പ്രകാരം തന്നെ ഞാൻ അവരൊട ചെയ്യും. അവർ എന്നെ പത്തുവട്ടം പരീക്ഷിച്ചുകൊണ്ട അവർ ആരും വാഗ്ദത്ത ദെശത്തെ കാണുക ഇല്ല നിശ്ചയം! കാലെബും യൊശുവായും എന്നെ അനുസരിച്ചതിനാൽ ആ ദെശത്തിൽ പ്രവെശിക്കും അല്ലാതെ ൨൦ വയസ്സിന്ന മെല്പട്ടുള്ള എല്ലാവരും ഈ വനത്തിൽ തന്നെ മരിച്ചു വീഴും കവൎന്ന പൊകും എന്ന പറഞ്ഞിട്ടുള്ള നിങ്ങടെ മക്കളെ നിങ്ങളുടെ ദൊഷം നിമിത്തം ൪൦ സംവത്സരം മരുഭൂമിയിൽ സഞ്ചരിച്ച ശെഷം ഞാൻ കനാനിൽ വരുത്തി നിങ്ങൾ നിരസിച്ചതിനെ അനുഭവിക്കുമാറാക്കും. എന്ന യഹൊവ കല്പിച്ചു. ജനങ്ങൾ മടങ്ങി ഒരൊ സ്ഥലത്തിൽ പാൎത്ത ശിക്ഷയെ അനുഭവിക്കയും ചെയ്തു.

## ൨൮ ഇസ്രയെല്ക്കാരുടെ പിറുപിറുപ്പ.

അവർ ദൈവത്തിന്റെ വിധിയെ കെട്ടിട്ട മരുഭൂമിയിൽ സഞ്ചരിച്ചപ്പൊൾ ലെവി ഗൊത്രത്തിൽ കൊഹ മാതാൻ അബിരാം ഇങ്ങിനെ മൂന്ന പ്രഭുക്കന്മാരും പ്രമാണികൾ ൨൫൦ പെരും ദ്രൊഹം വിചാരിച്ചു കൂട്ടം കൂടി മൊശെ അഹരൊൻ എന്നവരൊട നിങ്ങളുടെ വാഴ്ച ഇപ്പൊൾ മതി സഭ എല്ലാവരും ശുദ്ധമുള്ളവർ യഹൊവ അവരിൽ ഉണ്ട പിന്നെ നിങ്ങൾ യഹൊവയുടെ സംഘത്തിന്മെൽ ഉയൎന്നുകൊള്ളുന്നത എന്ത എന്ന മത്സരിച്ചു പറഞ്ഞപ്പൊൾ മൊശെ നിങ്ങൾ കലശങ്ങൾ എടുത്ത നാളെ ധൂപം കാട്ടുവിൻ അപ്പൊൾ യഹൊവക്ക ബൊധിക്കുന്ന ആചാൎയ്യൻ ആർ എന്ന തെളിയും എന്ന പറഞ്ഞത കെട്ട പിറെറനാൾ കൊഹ മു

കലായവർ സഭയൊടും കൂടെ കൂടാരവാതില്ക്കൽനിന്നപ്പോൾ യ
ഹൊവ ൧൦ം മത്സരക്കാരുടെ നടുവിൽനിന്ന മാറിനില്പിൻ ഞാൻ
അവരെ ക്ഷണത്തിൽ സംഹരിക്കും എന്ന കല്പിച്ച ശെഷം ഭൂമി
പിളൎന്ന അവരെയും അവരുടെ കൂടെയുള്ളവരെയും സകല സമ്പ
ത്തുകളെയും വിഴുങ്ങികളഞ്ഞു പിന്നെ കൂടാരവാതുക്കൽ ധൂപം കാ
ണിക്കുന്ന ൨൫൦ പെരെയും അഗ്നി ദഹിപ്പിച്ചു ജനങ്ങൾ മൊശെ
അഹറൊന്മാരെ വെറുത്ത നിങ്ങൾ തന്നെ ഇവൎക്ക നാശം വരുത്തി
യത എന്ന പറഞ്ഞപ്പോൾ യഹൊവായിൽനിന്ന ഒരു ബാധ പു
റപ്പെട്ട വന്ന ബാധിച്ച ൧൪൭൦൦ പെർ മരിക്കയും ചെയ്തു. അനന്ത
രം അവർ കദെശിൽ പാൎത്തു വെള്ളം ഇല്ലായ്കകൊണ്ട മൊശെ അ
ഹരൊന്മാരൊട മത്സരിച്ചപ്പോൾ യഹൊവ പ്രത്യക്ഷനായി ൧൦ം
ജന സംഘം ഒക്കെയും കാണ്കെ നീ പാറയൊട പറക എന്നാ
ൽ വെള്ളം ഒഴുകും എന്ന കല്പിച്ചു അപ്രകാരം മൊശെയും അഹ
രൊനും അവരെ കൂട്ടിയപ്പോൾ മൊശെ കൈ ഉയൎത്തി ഹെ കല
ഹക്കാരെ ൧൦ം പാറയിൽ നിന്ന നിങ്ങൾക്ക വെള്ളം പുറപ്പെടിക്കാ
മൊ എന്ന പറഞ്ഞു പാറയെ രണ്ടടിച്ചാറെ വെള്ളം വളരെ പു
റപ്പെട്ട ജനസംഘവും മൃഗങ്ങളും കുടിച്ചു പിന്നെ യഹൊവ അ
വരൊട നിങ്ങളും വിശ്വസിക്കാതെ സംശയിച്ചിട്ട എന്നെ ൧൦ം
സഭയുടെ മുമ്പാകെ ബഹുമാനിക്കായ്കകൊണ്ട നിങ്ങൾ ഇവരെ
വാഗ്ദത്തദെശത്തെ പ്രവെശിപ്പിക്ക ഇല്ല എന്ന കല്പിച്ചു അന്നമുതൽ
ആ സ്ഥലത്തിന്ന വിവാദ വെള്ളം എന്ന പെർ വരികയും ചെയ്തു.
അവർ ൪൦ാം വൎഷത്തിൽ എദൊം രാജ്യം ചുറ്റി നടന്ന വലഞ്ഞ
സമയം ൧൦ം വനത്തിൽ മരിപ്പാൻ ഞങ്ങളെ എന്തിന്ന കൂട്ടിക്കൊ
ണ്ട വന്നു അപ്പവും വെള്ളവും ഇല്ല. ൧൦ം നിസ്സാര ഭക്ഷണത്തി
ൽ ഉഴപ്പ വരുന്നു എന്ന പിറുപിറുത്ത പറഞ്ഞപ്പോൾ യഹൊ
വ ജനങ്ങളുടെ ഇടയിൽ സൎപ്പങ്ങളെ അയച്ചു അവ കടിച്ച വള
രെ ആളുകൾ മരിച്ചു അപ്പൊൾ അവർ വന്ന മൊശെയൊട ഞ
ങ്ങൾ പാപം ചെയ്തിരിക്കുന്നു ൧൦ം സൎപ്പങ്ങളെ നീക്കെണ്ടതിന്ന നീ
യഹൊവയൊട അപെക്ഷിക്കെണമെ എന്ന പറഞ്ഞു മൊശെ അ
വൎക്ക വെണ്ടി പ്രാൎത്ഥിച്ചാറെ നീ സൎപ്പത്തെ വാൎത്തുണ്ടാക്കി കൊടി
മരത്തിന്മെൽ തൂക്കുക കടി എറ്റവർ അതിനെ നൊക്കുമ്പൊൾ
ജീവിക്കും എന്ന യഹൊവ കല്പനപ്രകാരം മൊശെ ചെമ്പുകൊ
ണ്ട സൎപ്പത്തെ തീൎത്ത കൊടി മെൽ തൂക്കിച്ചു അത നൊക്കിയവർ
എല്ലാവരും ജീവിക്കയും ചെയ്തു.

## ൨൯. ബിലയാം.

അനന്തരം ഇസ്രയെൽ പിന്നയും കനാൻ ദെശത്തിന്റെ
അതിൎക്ക അടുത്ത അമൊൎയ്യ രാജാവായ സിഹൊനെയും ബാശാ
നിൽ വാഴുന്ന ഒഗിനെയും ജയിച്ച യൎദ്ദൻ നദീ തീരത്തിൽ പാ
ളയം ഇറങ്ങി പാൎക്കുമ്പൊൾ മൊവാബ രാജാവായ ബാലാക്കമെ
സൊപതാമ്യയിൽ പാൎത്തുവരുന്ന ബിലയാം എന്ന ആഭിചാരക്കാ
രനെവിളിപ്പാൻ സമ്മാനങ്ങളൊടു കൂടെ ദൂതരെ അയച്ചു നീ വ
ന്ന എന്റെ നെരെ പാൎക്കുന്ന ൧൦ം വലിയ ജനസംഘത്തെ ശ
പിക്കെണം എന്ന പറയിച്ചു പിന്നെ യഹൊവ രാത്രിയിൽ നീ

തരൊട കൂടെ പൊകയും ഞാൻ അനുഗ്രഹിച്ച ജനത്തെ ശപിക്കയും അരുത എന്ന കല്പിച്ചത കെട്ട അവൻ കൂടെ പൊകാതെ ദൂതരെ വിട്ടയച്ചു. മൊവാബ രാജാവ രണ്ടാമതും ശ്രെഷ്ഠന്മാരെ നിയൊഗിച്ചുവരെണം മാനവും ധനവും വളരെ ഉണ്ടാകും എന്ന പറയിച്ചപ്പൊൾ ബിലയാം സമ്മതിച്ച കഴുത കയറി ശ്രെഷ്ഠന്മാരൊട കൂടെ പുറപ്പെട്ട പൊകുമ്പൊൾ യഹൊവയുടെ ദൂതൻ വഴിക്കൽ അവനെ തടുത്തുനിന്നു അവൻ വാൾ ധരിച്ച വഴിയിൽ നിൽക്കുന്നത കഴുത കണ്ട വയലിലെക്ക പൊയാറെ ബിലയാം അടിച്ച വഴിക്കലാക്കി കഴുത പിന്നെയും ദൂതനെ കണ്ടിട്ട വീണപ്പൊൾ ബിലയാം കൊപിച്ച അടി അധികം കൂട്ടിയാറെ കഴുത അവനൊട നീ എന്നെ അടിപ്പാൻ ഞാൻ എന്ത ചെയ്തിരിക്കുന്നു എന്ന മനുഷ്യവചനത്താൽ പറഞ്ഞു. അതിന്റെ ശെഷം ദൈവം ബിലയാമിന്റെ കണ്ണ തുറന്നു അവൻ വാൾ ഒങ്ങി നിൽക്കുന്ന ദൂതനെ കണ്ടു. രാജാവിന്റെ അടുക്കൽ പൊകുവാൻ ശങ്കിച്ചപ്പൊൾ ദൈവദൂതൻ നീ പൊക എങ്കിലും ഞാൻ പറയിക്കുന്നതു മാത്രമെ പറയാവു എന്ന കല്പിക്കയും ചെയ്തു.

ബിലയാം രാജാവിന്റെ അടുക്കൽ എത്തി ബലി കഴിച്ച അവനൊടു കൂടെ ഒരു മലമെൽ കരെറി ഇസ്രയെൽകാരെ കണ്ടപ്പൊൾ ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങിനെ ശപിക്കും ദൈവം വെറുക്കാത്തവനെ ഞാൻ എങ്ങിനെ വെറുക്കും അനുഗ്രഹിപ്പാൻ ഇനിക്ക ലഭിച്ചിരിക്കുന്നു. അവൻ അനുഗ്രഹിച്ചും ഇരിക്കുന്നു ഇനിക്ക അതിനെ മാറ്റി കൂടാ എന്ന പറഞ്ഞ എഴുവട്ടം അനുഗ്രഹിച്ചാറെ ബാലാക്ക ശപിപ്പാനായി ഞാൻ നിന്നെ വരുത്തി ഇതാ നീ അവരെ മുറ്റും അനുഗ്രഹിച്ച നീ മടങ്ങിപൊ നിന്നെ മാനിപ്പാൻ ഇനിക്ക മനസ്സായി എങ്കിലും ദൈവം നിന്നെ അതിൽനിന്ന മുടക്കി ഇരിക്കുന്നു എന്ന കല്പിച്ചപ്പൊൾ ബിലയാം തന്റെ നാട്ടിലെക്ക തന്നെ തിരിച്ച പൊയി. അതിന്റെ ശെഷം മൊവാബകാർ ഇസ്രയെല്യാരൊട പട പൊരുതി തൊറ്റ സൈന്യം എല്ലാം നശിച്ചുപൊകയും ചെയ്തു.

## ൩൦ മൊശെയുടെ മരണം.

മിസ്രായിമിൽനിന്ന പുറപ്പെട്ടുപൊയ പുരുഷന്മാരിൽ യൊശുവാവും കാലെബും ഒഴികെ എല്ലാവരും വനത്തിൽ വെച്ച മരിച്ചതിന്റെ ശെഷം യഹൊവ മൊശെയൊടു നീ അര കെട്ടി നെബൊ മലമെൽ കരെറി ഞാൻ ഇസ്രയെല്യൎക്ക കൊടുക്കുന്ന ദെശത്തെ നൊക്കുക കണ്ണാലെ നീ അതിനെ കാണും എങ്കിലും നീ അതിലെക്ക പ്രവെശിക്ക ഇല്ല എന്ന കല്പിച്ചത കെട്ടാറെ മൊശെ ദൈവം ചെയ്ത കരുണാപ്രവൃത്തികൾ ഒക്കെയും ജനത്തിന്ന ഒൎമ്മ വരുത്തി എല്ലാ ന്യായങ്ങളെയും നിനപ്പിച്ച അനുസരിച്ചാൽ അനുഗ്രഹവും അനുസരിയാതിരുന്നാൽ ശാപവും എന്ന രണ്ടിനെ മുമ്പിൽ വച്ച യഹൊവ നിനക്ക നിന്റെ സഹൊദരന്മാരിൽനിന്ന എന്നൊട സമനായ ഒരു ദീൎഘദൎശിയെ ഉദിപ്പിക്കും അവനെ ചെവികൊള്ളെണം എന്ന അറിയിച്ചാറെ മലമെൽ കരെറി വാഗ്ദത്ത ദെശത്തെ കണ്ട ശെഷം മരിച്ചു ദൈവം തന്നെ അവന്റെ

ശവത്തെ ആരും അറിയാത്ത സ്ഥലത്ത അടക്കി. മരണ സമയ ത്ത ൱൨൰ വയസ്സുള്ളവൻ എങ്കിലും കണ്ണുകൾ സൂക്ഷ്മത ചുരുങ്ങാതെയും ആരൊഗ്യം വിടാതെയും ഇരുന്നു. ഇസ്രയെലിന്റെ വാഴ്ച നാളിൽ അവനെ പൊലെ മറ്റൊരു ദീൎഘദൎശി ഉണ്ടായില്ല.

## ൧൮ യൊശുവാ

യഹൊവ മൊശെയൊട ഇരുന്ന പ്രകാരം യൊശുവാവിനൊട കൂട ഇരുന്നു മൊശെ ഇസ്രയെല്യരെ ചെങ്കടല്ക്കൂടെ നടത്തിയ പ്രകാരം തന്നെ അവൻ അവരെ യൎദ്ദൻ പുഴയെ കടത്തി ആചാൎയ്യർ ദൈവകല്പന അനുസരിച്ച സാക്ഷി പെട്ടകം എടുത്ത ആ പുഴയിൽ ഇറങ്ങിയപ്പൊൾ വെള്ളം ഒഴിഞ്ഞ നിന്നു താഴെ വെള്ളം വാൎന്നു ജനങ്ങൾ എല്ലാവരും കടന്ന തീൎന്നാറെ പുഴ മുമ്പിലത്തെ പൊലെ തന്നെ ഒഴുകി. അതിന്റെ ശെഷം അവർ ഉറപ്പുള്ള യരിഖൊ പട്ടണത്തിന സമീപിച്ച വളഞ്ഞുനിന്നാറെ യഹൊവ യൊശുവാവിനൊട ഇതാ ഞാൻ ഈ പട്ടണത്തെയും രാജാവിനെയും നിന്റെ വക്കൽ ഏല്പിച്ചിരിക്കുന്നു എന്ന കല്പിച്ചു പിന്നെ ആചാൎയ്യന്മാർ സാക്ഷിപെട്ടിയെ എടുത്ത മുന്നടന്നും പടജ്ജനങ്ങൾ പിഞ്ചെന്നും കൊണ്ടു ഇങ്ങിനെ ൭ ദിവസം പട്ടണത്തെ വലം വെച്ചു ൭ ദിവസത്തിൽ ആചാൎയ്യർ കാഹളങ്ങളെ ഊതിയ ശെഷം യൊശുവാ ആൎത്തുകൊൾവിൻ ദൈവം ഈ പട്ടണം നമുക്ക തന്നിരിക്കുന്നു എന്ന ജനത്തൊട കല്പിച്ചു അവർ ആൎത്തുകൊണ്ട കാഹളം ഊതിയപ്പൊൾ പട്ടണത്തിന്റെ മതിലുകൾ ഇടിഞ്ഞുവീണ്ണ പുരുഷാരം എല്ലാം അകത്തുകടന്ന ജനങ്ങളെ വധിച്ച ഭവനങ്ങളെ ചുട്ടുകളകയും ചെയ്തു.

ഇപ്രകാരം ദൈവം ഇസ്രയെല്യൎക്കു തുണനിന്ന കനാൻ ദെശത്തിലെ എല്ലാ രാജാക്കന്മാരും പ്രഭുക്കന്മാരും തൊറ്റുപൊകുംസമയം വരെ നായകനായ യൊശുവാവിനെ നടത്തി അവന്റെ പണിയെ സാധിപ്പിച്ചു. അയല്പൻ താഴ്വരയിൽ പട സമ്മിച്ചു ശത്രുക്കൾ മുടിഞ്ഞുപൊകുവൊളം യൊശുവാവിന്റെ കല്പനയാൽ ആദിത്യചന്ദ്രന്മാർ അസ്തമിക്കാതെ നിന്നു അമൊൎയ്യർസംഹാരത്തിൽനിന്ന ഒടിപൊയപ്പൊൾ ദൈവം കല്മഴയെ പെയ്യിച്ച അവരെ നിഗ്രഹിച്ചു ചില വൎഷത്തിന്നകം വാഗ്ദത്ത ദെശത്തെ അടക്കി സ്വാധീനത്തിൽ ആക്കിയ ശെഷം യൊശുവാ അതിനെ ദൈവകല്പനപ്രകാരം ൧൨ ഗൊത്രങ്ങൾക്ക വിഭാഗിച്ച കൊടുത്തു. രൂബെൻ-ഗാദ-പാതി മനശ്ശെ എന്ന രണ്ടരഗൊത്രക്കാർ യൎദ്ദൻനദി ഇക്കരെയുള്ള ദെശത്തിൽ വസിച്ചു. ശെഷിച്ച ഒമ്പതര ഗൊത്രങ്ങളും നദിയുടെ അക്കരെയുള്ള നാടെല്ലാം പ്രാപിച്ചു. ലെവി ഗൊത്രത്തിന്ന ഭൂസ്വാവകാശം ഒട്ടും വരാതെ പാൎക്കെണ്ടതിന്ന ഓരൊ ഗൊത്രഭൂമിയിൽ ഓരൊ പട്ടണങ്ങൾ ലഭിച്ച ശെഷം സാക്ഷി കൂടാരത്തെ ശിലൊ പട്ടണത്തിൽ സ്ഥാപിച്ച അവിടെ തന്നെ സഭായൊഗവും മറ്റും ഉണ്ടാകയും ചെയ്തു.

യൊശുവാ പണി എല്ലാം തീൎത്ത ൱൰ വയസ്സായപ്പൊൾ ഇസ്രയെല്യരുടെ പ്രമാണികളെയും മൂപ്പന്മാരെയും ശെഖെം പട്ടണത്തിൽ വരുത്തി ദൈവം ചെയ്ത ഉപകാരങ്ങളെയുമെല്ലാം ഓൎമ്മ

പെട്ടത്തി ദിവ്യകല്പനയെ ലംഘിക്കാതെ നിങ്ങൾ യഹൊവായെ സ്നെഹിച്ചും ശങ്കിച്ചും എപ്പൊഴും മുഴുമനസ്സൊടെ സെവിപ്പിൻ അന്യദൈവന്മാരെ സെവിക്കമാറാക്കയും അരുത. യഹൊവാ അല്ലാതെ മറ്റൊരു ദൈവം നന്ന എന്ന തൊന്നിയാൽ ഇഷ്ടംപൊലെ പ്രതിഷ്ഠിച്ചു, സെവിക്കാം ഞാനും കുഡുംബവും യഹൊവയെ തന്നെ സെവിക്കയെയുള്ളു എന്ന കല്പിച്ചതിന്റെപ്പൊൾ ജനം എല്ലാ യഹൊവയെ ഉപെക്ഷിച്ച അന്യദൈവങ്ങളെ സെവിപ്പാൻ ഒരുനാളും സംശകിവരാതെ എന്ന വിളിച്ച പറെകയും ചെയ്തു.

## ൩൨. ന്യായാധിപതിമാർ.

യൊശുവാ മരിച്ച ശെഷം ഇസ്രായെൽക്കാർ ഞങ്ങൾ അന്യദൈവങ്ങളെ അല്ല യഹൊവയെതന്നെ സെവിക്കും എന്ന പറഞ്ഞവാക്ക വെഗം മറന്ന ദൈവകല്പനയെ ലംഘിച്ച ഇഷ്ടം പൊലെ ഓരൊ ദെവകളെ പ്രതിഷ്ഠിച്ച പലവക മഹാ ദൊഷങ്ങളിൽ അകപ്പെട്ടുപൊയി അവർ ഇപ്രകാരമുള്ള അശുദ്ധവൃത്തികളെ നടത്തി കൊണ്ടിരുന്നപ്പൊൾ യഹൊവ അവരെ ശിക്ഷിച്ച ശത്രുക്കളുടെ കയ്യിൽ എല്പിച്ചു. അവർ അടങ്ങി അനുതാപം ചെയ്തു ക്ഷമ ചൊദിക്കുന്ന സമയം ദൈവം മനസ്സലിഞ്ഞ ന്യായാധിപതിമാരെ നിൎമ്മിച്ചു. അവരെക്കൊണ്ട ശത്രുക്കളിൽനിന്ന രക്ഷ വരുത്തി ൟ ന്യായാധിപതിമാർ എകദെശം ൩൦൦ വൎഷം ഇസ്രായെല്ക്കാരിൽ വാണു ശത്രുക്കളെ അമൎത്ത കാൎയ്യാദികളെ നടത്തുകയും ചെയ്തു.

ഒരു സമയത്ത മിദ്യാനക്കാർ ഒട്ടകക്കൂട്ടങ്ങളൊട കൂടെ വന്ന രാജ്യത്തിൽ പരന്നും ജനങ്ങളെ ഒടിച്ചും കൃഷികളെ നശിപ്പിച്ചുംകൊത്തികവൎന്നും ൭ വൎഷം ഇപ്രകാരം ചെയ്തു ഇസ്രയെല്ക്കാർ സങ്കടപ്പെട്ടു യഹൊവയൊട അപെക്ഷിച്ചാറെ ഒരു ദൈവദൂതൻ മനശെകാരനായ ഗിദ്യൊന്നപ്രത്യക്ഷനായി. ഹെ യുദ്ധവീരാ യഹൊവ നിന്റെ കൂടെ ഇരിക്കെണമെ. എന്ന പറഞ്ഞപ്പൊൾ ഗിദ്യൊൻ യഹൊവ ഞങ്ങളൊട കൂടെ ഉണ്ടെങ്കിൽ ഇപ്രകാരം വരുമൊ ഞങ്ങളുടെ പിതാക്കന്മാർ വൎണ്ണിച്ച അതിശയങ്ങൾ എവിടെ എന്ന ചൊദിച്ചപ്പൊൾ യഹൊവ അവനിൽ കടാക്ഷിച്ചു ൟ ശക്തി കൊണ്ടുതന്നെ മിദ്യാനക്കാരെ ജയിച്ച ഇസ്രയെല്ക്കാരെ രക്ഷിക്ക ഞാൻ തന്നെ നിന്നെ അയക്കുന്നു എന്ന കല്പിച്ചാറെ ഗിദ്യൊൻ എന്റെ സഹൊദരന്മാരിൽ ചെറിയവനും അല്പനുമായ ഞാൻ എന്തുകൊണ്ട ഇസ്രയെല്ക്കാരെ രക്ഷിക്കും എന്ന പറഞ്ഞതിന്ന യഹൊവ ഞാൻ തുണ നില്ക്കയാൽ മിദ്യാന സൈന്യങ്ങളെ ഒരാളെ പൊലെ ജയിക്കും എന്ന കല്പിച്ചു. അനന്തരം ഗിദ്യൊൻ അച്ഛന്റെ ഭവനത്തൊട ചെൎന്ന ബാൽ ദെവന്റെ തറയെ നശിപ്പിച്ചു ബിംബത്തെ മുറിച്ച കീറി വിറകാക്കി എന്നാറെ ജനങ്ങൾ കൊപിച്ച അവനെ കൊല്ലുവാൻ നൊക്കിയപ്പൊൾ ഗിദ്യൊന്റെ അച്ഛൻ നിങ്ങൾ ൟ ബാൽ ദെവന്ന വെണ്ടി വ്യവഹരിക്കുന്നത എന്തിന്ന അവൻ ദെവനായാൽ കാൎയ്യം താൻ നൊക്കട്ടെ എന്ന പറഞ്ഞു അവരെ ശമിപ്പിച്ചു. പിന്നെ ഇസ്രാഎല്ക്കാരെ ശത്രുവശത്തിൽനിന്ന രക്ഷിക്കെണ്ടതിന്ന നിയൊഗം ദൈവത്തിൽനിന്നു ഉണ്ടായൊ എന്ന നിശ്ചയമായി അറിവാൻ ഗിദ്യൊൻ അടയാ

ളം ഘോഷിച്ചു. ഒരു രാത്രിയിൽ ഒരാട്ടിൻതോൽ കളത്തിൽ വെച്ചപ്പൊൾ അതുമാത്രം മഞ്ഞ നിറഞ്ഞും ഭൂമി വരണ്ടും കണ്ടു പിറെറ ദിവസം രാത്രിയിൽ തൊൽ ഉണങ്ങിയും ഭൂമി നനഞ്ഞും കണ്ടാറെ ദൈവം എന്നെ നിയൊഗിച്ചു നിശ്ചയം എന്ന പറഞ്ഞു ൩൨൦൦൦ പടജ്ജനങ്ങളെ കൂട്ടിയാറെ ഈ സംഘത്തിന്ന ജയം വന്നു എങ്കിൽ അവർ മദിച്ച എന്റെ കൈ എന്നെ രക്ഷിച്ചിരിക്കുന്നു എന്ന പറയാതിരിക്കെണ്ടുന്നതിന്ന ഭയമുള്ളവർ പൊന്തുകവണ്ണം അറിയിച്ചയക്ക എന്ന ദൈവം കല്പിച്ചു ഗിദ്യൊൻ അപ്രകാരം ചെയ്തു. ശെഷിച്ച ആളുകൾ ൧൦൦൦൦ എന്ന കണ്ടാറെ ഇവരും അധികം ഞാൻ തന്നെ ബൊധിക്കുന്നവരെ കാണിക്കും എന്ന ദൈവം പറഞ്ഞു ശൊധന കഴിപ്പിച്ചു വെണ്ടാത്തവരെ അയച്ചു ൩൦൦ പെരെ മാത്രം പാൎപ്പിക്കയും ചെയ്തു.

അതിന്റെശെഷം ഗിദ്യൊൻ ആ ൩൦൦ പുരുഷന്മാരെ മൂന്ന കൂട്ടമാക്കി പകുത്ത ഒരൊരുത്തന്റെ വക്കൽ ഒരൊകാഹളവും ചട്ടിയും ചട്ടിയിൽ ദീപട്ടിയും കൊടുത്ത ൩ മുഖമായി മിദ്യാനക്കാരുടെ പാളയത്തിൽ അയച്ചു അൎദ്ധരാത്രിയിൽ എത്തി എല്ലാവരും കാഹളം ഊതി ചട്ടികളും തകൎത്ത ദീപട്ടികളെയും തെളിയിച്ചു ഇത യഹൊവക്കും ഗിദ്യൊനുമുള്ള വാളാകുന്നു എന്ന നിലവിളിച്ചു നിന്നു ശത്രുക്കൾക്ക കലക്കം വരുത്തിയപ്പൊൾ അവർ തങ്ങളിൽതന്നെ കുത്തിമരിച്ചു ഒടിയാറെ ഗിദ്യൊൻ മുതലായവർ പിന്തുടൎന്ന പിടിച്ചുവെട്ടി ഒരുലക്ഷത്തിൽ അധികം ആളുകളെ കൊന്നു കവൎച്ച വളരെ കഴിച്ചു അവൻ മടങ്ങി വന്ന ജനങ്ങൾ അവനെ രാജാവാക്കുവാൻ ഭാവിച്ചപ്പൊൾ അവൻ അപ്രകാരം അല്ല യഹൊവ തന്നെ നിങ്ങളുടെ രാജാവാകെണ്ടു എന്ന കല്പിച്ചു തന്റെ മരണംവരെ ഇസ്രയെല്യൎക്ക സ്വസ്ഥത വരുത്തുകയും ചെയ്തു.

## ൩൩ രൂത്ത.

ന്യായാധിപതിമാരുടെ കാലത്ത കനാൻദെശത്തിൽ ക്ഷാമം ഉണ്ടായപ്പൊൾ ബെത്ലെഹെമിൽ പാൎത്തുവരുന്ന എലിമെലെക്ക ഭാൎയ്യയായ നവമിയെയും രണ്ടു പുത്രന്മാരെയും കൂട്ടികൊണ്ടു മൊവാബ ദെശത്തിൽചെന്ന പാൎത്തു അവിടെ ഇരിക്കുമ്പൊൾ അവന്റെ പുത്രന്മാർ അൎപ്പ രൂത്ത എന്ന മൊവാബ്യസ്ത്രീകളെ വിവാഹംകഴിച്ചു എലിമെലെക്കും പുത്രന്മാരും മരിച്ചശെഷം നവമി ബെത്ലെഹെമിൽ മടങ്ങിചെന്ന മരുമക്കളുംകൂടെ വന്നപ്പൊൾ അവരൊട നിങ്ങൾ തിരിച്ചുപൊയി നിങ്ങളുടെ നാട്ടിൽ പാൎത്താൽ കൊള്ളാം എന്ന പറഞ്ഞാറെ അൎപ്പ മടങ്ങിപൊയി രൂത്ത നിന്നെ വിട്ടുപിരിഞ്ഞിരിപ്പാൻ എന്നൊട പറയരുത നീ പൊകുന്ന ഇടത്ത ഞാനും വന്ന പാൎക്കും നിന്റെ ജനം എന്റെ ജനവും നിന്റെ ദൈവം എന്റെ ദൈവവും ആകുന്നു. നീ മരിക്കുന്ന സ്ഥലത്ത ഞാനും മരിക്കും എന്ന ചൊല്ലി കൂടെ പൊരുകയും ചെയ്തു.

നവമി ബെത്ലെഹെമിൽ എത്തിയപ്പൊൾ ജനങ്ങൾ വന്ന കൂടി ഇവൾ നവമി തന്നയൊ എന്ന തമ്മിൽ തമ്മിൽ പറഞ്ഞാറെ അവൾ എന്നെ നവമി എന്നല്ല മാറ എന്നുതന്നെ വിളിക്കെണം സമ്പത്തൊടുകൂടെ ഞാൻ പുറപ്പെട്ടുപൊയി ഒന്നും ഇല്ലാത്തവളായി

ദൈവം എന്നെ മടങ്ങുമാറാക്കിയിരിക്കുന്നു എന്ന പറഞ്ഞു പിന്നെ കൊയിത്തുകാലത്ത രൂത്ത മൂരുന്നവർ ഒഴിച്ച ധാന്യങ്ങളെ പെറുക്കുവാൻ പൊയി ദൈവഗത്യാ എലിമെലെക്കിന്റെ വംശക്കാരനായ ബൊവജിന്റെ വയലിൽ ചെന്ന പെറുക്കി ബൊവജ അവളുടെ അടക്കവും ഉത്സാഹവും കണ്ട സന്തൊഷിച്ച ഇന്നവൾ എന്ന ചൊദിച്ചറിഞ്ഞാറെ അവളൊട നിന്റെ ഭൎത്താവ മരിച്ചശെഷം നിന്റെ അമ്മാവിയമ്മെക്ക നീ ചെയ്യ ഉപകാരങ്ങളെ ഞാൻ അറിയുന്നു നീ ആശ്രയിച്ചുവന്ന ഇസ്രയെല്യരുടെ ദൈവം നിനക്ക പ്രതിഫലം നൽകട്ടെ എന്നുപറഞ്ഞു കൊയ്യുന്നവരൊട ഈ മൊവബ്യസ്ത്രീയെ മാനിച്ച അവൾക്ക ധാന്യം വളരെ കിട്ടെണ്ടതിന്ന നൊക്കികൊൾവിൻ എന്ന കല്പിച്ചു.

രൂത്ത വീട്ടിൽവന്ന അവസ്ഥയെ അറിയിച്ചപ്പൊൾ നവൃമി ആയാൾ നമ്മുടെ ചാൎച്ചക്കാരൻ തന്നെ അവൻ ജീവിക്കുന്നവൎക്കും മരിച്ചവൎക്കും കാട്ടിയ ദയ ദൈവം ഒൎത്ത അവനെ അനുഗ്രഹിക്കട്ടെ എന്ന പറഞ്ഞതല്ലാതെ അനന്തരവിവാഹത്തിന്ന യൊഗ്യത ഉണ്ട എന്നറിയിച്ചു. മൎയ്യാദപൊലെ രൂത്ത അവനെ ചെന്ന കണ്ട കാൎയ്യം പറഞ്ഞാറെ അവൻ പ്രസാദിച്ച അവളെ വിവാഹം കഴിച്ചു. അല്പകാലം കഴിഞ്ഞശെഷം അവൎക്ക ഒരു പുത്രൻ ജനിച്ചു. അവന്ന ഒബെദ എന്ന പെർവിളിച്ചു ഈ ഒബെദ തന്നെ ദാവിദ രാജാവിന്റെ മൂത്ത അച്ഛൻ ആയിരുന്നു.

## ൩൪ എലിയും ശമുവെലും.

ന്യായാധിപതിമാരുടെശെഷം മഹാചാൎയ്യനായ എലി ഇസ്രയെലിൽ ൪൦ വൎഷത്തൊളം രാജ്യകാൎയ്യങ്ങളെ വിചാരിച്ച നടത്തി ഉത്സവങ്ങളെ കൊണ്ടാടി ബലികളെ കഴിപ്പാൻ ഇസ്രയെല്യർ സാക്ഷികൂടാരം സ്ഥാപിച്ചിരിക്കുന്ന ശിലൊവിൽ വന്നസമയത്ത എല്കാനാവിന്റെ ഭാൎയ്യയായ ഹന്നാ താൻ മച്ചിയായതിനാൽ ദുഃഖിച്ച സാക്ഷികൂടാരത്തിന്റെ പ്രാകാരത്തിൽ മുട്ടുകുത്തി കരഞ്ഞ പ്രാൎത്ഥിച്ചു സൈന്യങ്ങളുടെ യഹൊവയെ എന്റെ സങ്കടം നൊക്കി വിചാരിച്ച ഒരു മകനെ തരെണമെ തന്നാൽ അവനെ ജീവപൎയ്യന്തം യഹൊവെക്ക തന്നെ എല്പിക്കും എന്ന നെൎന്നിരിക്കുമ്പൊൾ എലി അടുത്തനിന്ന സൂക്ഷിച്ച നൊക്കി ഉച്ചരിക്കുന്നില്ല എങ്കിലും അധരങ്ങൾ അനങ്ങുന്നത കണ്ടിട്ട അവൾ മത്ത എന്ന വിചാരച്ചു അവസ്ഥ ചൊദിച്ചറിഞ്ഞപ്പൊൾ മനസ്സുതെളിഞ്ഞ നീ സമാധാനത്തൊടെ പൊയികൊൾക ഇസ്രയെൽ ദൈവം നിന്റെ അപെക്ഷാപ്രകാരം നൽകും എന്ന പറഞ്ഞ ആശ്വസിപ്പിച്ചു. അതിന്റെശെഷം ഹന്നാ സന്തൊഷത്തൊടെ മടങ്ങി രാമയിൽ എത്തി പാൎത്താറെ യഹൊവ അവളുടെ അപെക്ഷയെ ഒൎത്ത ഒരു പുത്രനെ കൊടുത്തു ദൈവം കെട്ടതിനാൽ ലഭിച്ചത എന്നൎത്ഥമുള്ള ശമുവെൽ എന്ന പെർവിളിക്കയും ചെയ്തു. ചില സംവത്സരങ്ങൾ കഴിഞ്ഞശെഷം മാതാപിതാക്കന്മാർ കുട്ടിയെ എടുത്ത ശിലൊവിൽ ചെന്ന വളൎത്തുവാനായി എലിയുടെ കൈക്കൽ എല്പിച്ചു ശമുവെൽ അവിടെ പാൎത്ത വളൎന്ന ദൈവഭക്തിയൊടെ നടക്കുംസമയം എലിയുടെ പുത്രരായ ഹൊഫ്നി ഫിനഹാസ്സ എന്നവർ ദുൎന്ന

പ്രകാരമായി ഒരൊ മഹാ ദൊഷം ചെയ്തു ശുദ്ധസ്ഥലത്തെ അശുദ്ധമാക്കിയാറെ അച്ശൻ ദുഃഖിച്ച മക്കളെ ശാസിച്ചു എങ്കിലും വാത്സല്യം വളരെ ഉണ്ടായതിനാൽ ധൎമ്മപ്രകാരമുള്ള ശിക്ഷകളെ നടത്താതെ ഇരുന്നു.

ആ കാലത്ത ശമുവെൽ ഒരു രാത്രിയിൽ ഉറങ്ങുമ്പൊൾ തന്റെ പെർ വിളിക്കുന്നതകെട്ട എളി വിളിച്ചു എന്ന വിചാരിച്ച അവന്റെ അടുക്കൽ ചെന്ന എന്ത എന്ന ചൊദിച്ചാറെ ഞാൻ വിളിച്ചില്ല എന്ന പറഞ്ഞത കെട്ട ശമുവെൽ പിന്നെയും കിടന്ന ഉറങ്ങി രണ്ടാമതും മൂന്നാമതും മുമ്പിലത്തെപ്രകാരം വിളി ഉണ്ടായത എളിയൊട അറിയിച്ചപ്പൊൾ അവൻ ഇനിയും വിളി കെട്ടാൽ അല്ലയൊ കൎത്താവെ പറെക അടിയൻ കെൾക്കുന്നു എന്നുത്തരം പറയെണം എന്നുപദെശിച്ചു പിന്നെയും ശമുവെൽ എന്ന വിളി നാലാമതും കെട്ടപ്പൊൾ അവൻ പറെക കൎത്താവെ അടിയൻ കെൾക്കുന്നു എന്ന ചൊന്നാറെ യഹൊവ അരുളിച്ചെയ്തു. കെൾക്കുന്നവരുടെ ചെവിയിൽ കടിക്കത്തക്കവണ്ണം ഞാൻ ഇസ്രയെലിൽ ഒരു കാൎയ്യം ചെയ്യും. അന്ന ഞാൻ എളിയെയും പുത്രന്മാരെയും ശിക്ഷിച്ച സന്തതിയെയും നശിപ്പിക്കും അതിന്റെ കാരണം പുത്രന്മാർ തങ്ങൾക്ക തന്നെ ശാപം വരുത്തുന്നു എന്ന അറിഞ്ഞു എങ്കിലും അവൻ അവരെ അടക്കാതെ ഇരുന്നു. പിറെറ ദിവസം രാവിലെ എളി ശമുവെലിനെ വിളിച്ച മകനെ ദൈവം നിന്നൊട അറിയിച്ച കാൎയ്യം എന്ത ഒന്നും മറെക്കരുത എന്ന ചൊദിച്ചപ്പൊൾ ശമുവെൽ ശങ്കിച്ചു എങ്കിലും ദൈവം കല്പിച്ചതിനെ ഒക്കയും അറിയിച്ചു അതിന്ന എളി അവൻ യഹൊവയല്ലൊ അവൻ ഇഷ്ടപ്രകാരം ചെയ്യുമാറാകട്ടെ എന്ന പറഞ്ഞു. അന്നുമുതൽ ശമുവെലിന്ന ദൈവത്തൊടുള്ള പരിചയം വൎദ്ധിച്ച കൂടക്കൂടെ അവന്റെ വചനം കെട്ട ദൈവം കല്പിച്ചതകണ്ട ഇസ്രയെല്യൎക്ക അവനെ ദീൎഘദൎശിഎന്നറിഞ്ഞു പ്രമാണിക്കയും ചെയ്തു.

കുറയകാലംകഴിഞ്ഞശെഷം യഹൊവ ശമുവെലൊട അറിയിച്ചപ്രകാരം ഒക്കയും സംഭവിച്ചു ഇസ്രയെല്യർ പലിസ്തിയക്കാരൊട പട എററ തൊററപ്പൊൾ മൂപ്പന്മാരുടെ ഉപദെശപ്രകാരം സാക്ഷിപെട്ടകത്തെ രക്ഷക്കായി പൊൎക്കളത്തിൽ കൊണ്ടുവന്നു എളിയുടെ പുത്രന്മാർ അതിനൊട കൂടെ വന്നപ്പൊൾ പടജ്ജനങ്ങൾ സന്തൊഷിച്ചാൎത്ത യുദ്ധംപിന്നെയും എററാറെ ഇസ്രയെല്യർ അശെഷം തൊററ ൩൦൦൦൦ ആളുകൾ പട്ടുപൊയി എളിയുടെ പുത്രന്മാരും മരിച്ചു സാക്ഷിപെട്ടകവും ശത്രുകൈവശമായിപൊയി ഓടിപൊയവരിൽ ഒരുവൻ കീറിയവസ്ത്രങ്ങളൊടും കൂടെ ശിലൊവിൽ എത്തി ഇസ്രയെല്യർ തൊററു എറിയജനങ്ങളും ആചാൎയ്യപുത്രന്മാരും മരിച്ചു പെട്ടകവും ശത്രുകൈവശമായി പൊയി എന്നുള്ള വൎത്തമാനം അറിയിച്ചപ്പൊൾ എളി ഭമിച്ചു ഇരുന്ന പീഠത്തിന്മെൽനിന്ന വീണ കഴുത്തൊടിഞ്ഞ മരിക്കയും ചെയ്തു

അനന്തരം പലിസ്തിയക്കാർ സാക്ഷിപെട്ടകം എടുത്ത അസ്തൊദിൽകൊണ്ടുപൊയി ദാഗൊൻദെവന്റെ ക്ഷെത്രത്തിൽ ബിംബത്തിന്നരികെ വെച്ചു പിറെറദിവസം രാവിലെ നൊക്കിയപ്പൊൾ അവർ ബിംബം പെട്ടകത്തിൻമുമ്പാകെ വീണ കൈകളും തല

യും മുറിഞ്ഞു കിടക്കുന്നത കണ്ട ദുഃഖിച്ചു പട്ടണക്കാൎക്ക മൂലവ്യാധി
കളും മറ്റുംപല അസഹ്യങ്ങളും ഉണ്ടായാറെ പെട്ടകത്തെ അവി
ടെനിന്ന നീക്കി എക്രൊനിൽ കൊടുത്തയച്ചു പാൎപ്പിച്ചു. അവിടെ
യും ബാധ വൎദ്ധിച്ച നഗരക്കാർ കുഴങ്ങി മുറയിട്ടുകൊണ്ടിരുന്നു
൭ മാസം കഴിഞ്ഞാറെ ഇസ്രയെല്യൎക്ക തന്നെ മടക്കിഅയച്ചു. ഇപ്ര
കാരം പെട്ടകം ലഭിച്ചു എങ്കിലും അവർ പലിസ്തിയക്കാരുടെ നുക
ത്തെ ൨൦ വൎഷം വഹിക്കെണ്ടിവന്നു അവർ പിന്നെ അനുതാപപ്പെ
ട്ടു അന്യദെവകളെ നീക്കി യഹൊവയെ മാത്രം സെവിച്ചു രക്ഷ
ക്കായി അപെക്ഷിച്ചാറെ ദൈവം മനസ്സലിഞ്ഞു തുണനിന്നു അ
പ്പൊൾ അവർ പലിസ്തിയക്കാർ അടക്കിയ പട്ടണങ്ങളെ വീണ്ടും
പിടിച്ചു ശത്രുക്കളെ ഒടിച്ചു നാട്ടിൽനിന്ന പുറത്താക്കികളഞ്ഞു അ
വരുടെ ദെശത്തിന്റെ അതിൎക്ക എത്തിയസമയം ശമുവെൽ ഒരു
കല്ലു ജയസ്തംഭമാക്കി നിൎത്തി യഹൊവ നമുക്ക ഇതുവരയും സ
ഹായിച്ചു എന്ന പറഞ്ഞു എബെനെജർ എന്ന പെരും വിളിച്ചു. അ
തിന്റെശെഷം അവൻ ശത്രുക്കളെ അമൎത്ത സന്മാൎഗ്ഗത്തെ ഉപദെ
ശിച്ചു നെരുന്യായവും നടത്തി ജീവപൎയ്യന്തം ദൈവജനത്തെ ര
ക്ഷിച്ചുപൊരുകയും ചെയ്തു.

## ൩൭ ശമുവെലും ശൌലും.

ശമുവെൽ വൃദ്ധനായപ്പൊൾ ൨ പുത്രന്മാരെ തന്നൊടു കൂടെ
ന്യായവിസ്താരത്തിന്നായി ബെൎശബാവിൽ പാൎപ്പിച്ചു അവർ അ
ച്ഛന്റെ വഴിയിൽ നടക്കാതെ ദ്രവ്യാഗ്രഹം നിമിത്തം കൈക്കൂലി
വാങ്ങി ന്യായം മറച്ചുകളഞ്ഞ സമയം ഇസ്രയെല്യൎക്കാരുടെ മൂപ്പന്മാ
ർ എല്ലാവരുംകൂടി കാൎയ്യം വിചാരിച്ചു ശമുവെലെ ചെന്നുകണ്ടു നീ
വൃദ്ധനാകുന്നു പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ല അതു
കൊണ്ടു എല്ലാജാതിക്കാൎക്കും ഉള്ളതുപൊലെ ഞങ്ങൾക്കും ഒരു രാ
ജാവിനെ കല്പിച്ചാക്കെണം എന്ന പറഞ്ഞു ൟ കാൎയ്യം ശമുവെ
ലിന്ന രസക്കെടായിതൊന്നി അവൻ ദുഃഖിച്ചിരിക്കുമ്പൊൾ യഹൊ
വ ൟ ജനം ചൊദിക്കുന്നതെല്ലാം അനുസരിച്ചു ചെയ്ക അവർ
നിന്നെ അല്ല ഞാൻ അവരുടെമെൽ രാജാവാകാതിരിപ്പാൻ എ
ന്നെ തന്നെ ഉപെക്ഷിച്ചുകളഞ്ഞു എന്ന കല്പിച്ചു. ആ കാലത്ത ബെ
ന്യമീൻഗൊത്രക്കാരനായ കീശ എന്നവന്റെ ചില കഴുതകൾ തെ
റ്റി കാണാതെപൊയി അവറ്റെ അന്വെഷിക്കെണ്ടതിന്ന തന്റെ
സുന്ദരപുത്രനായ ശൌലിനെയും ഒരു വെലക്കാരനെയും നിയൊ
ഗിച്ചു അവർ നൊക്കിനടന്ന കാണാതെ ഇരുന്നപ്പൊൾ വെലക്കാ
രൻ രാമയിലെ ദീൎഘദൎശിയെ ഒൎത്തു അവൻ പറയുന്നതൊക്കയും
ഒത്തുവരുന്നു നമ്മുടെ അവസ്ഥ അവനൊടു പറഞ്ഞാൽ കഴിവു
ണ്ടാകും എന്ന ശൌലിനൊടു പറഞ്ഞു ഇരിവരും അവന്റെ അ
ടുക്കൽ ചെന്നു അവസ്ഥ അറിയിച്ചപ്പൊൾ ശമുവെൽ ൟ ശൌൽ
തന്നെ ഇസ്രയെല്യൎക്കാരുടെമെൽ വാഴെണ്ടുന്ന ആൾ എന്ന ദൈവ
വശാൽ അറിഞ്ഞിട്ടു അവനൊടു കാണാതെപൊയ കഴുതകളെ
ചൊല്ലി വിഷാദിക്കെണ്ട അവ എത്തി ഇരിക്കുന്നു ഇസ്രയെലിലെ ഇ
ഷ്ടകാൎയ്യം നിനക്കല്ലാതെ ആൎക്കുണ്ടാകും എന്ന പറഞ്ഞത കെട്ടു എ
ങ്കിലും അതിന്റെ അൎത്ഥം ഇന്നതെന്ന ശൌൽ അറിഞ്ഞില്ല അവ

ൻ പിറെറദിവസം അച്ശന്റെ വീട്ടിൽ പൊകുവാൻ പുറപ്പെട്ടപ്പൊൾ ശമുവെലും കൂടെ പൊയി വെലക്കാരനെ കുറെ മുമ്പിൽ നടപ്പാൻ അയച്ചാറെ ശൌലിനൊട ദൈവനിയൊഗം അറിയിപ്പാൻ അല്പം നില്ക്കഎന്നുചൊല്ലി ഒരു തൈലക്കൊമ്പ എടുത്ത അവന്റെ തലമെൽ ഒഴിച്ചു അവനെ ചുംബിച്ച പറഞ്ഞു യഹൊവയുടെ അവകാശത്തെ ഭരിപ്പാനായി അവൻ താൻ നിന്നെ അഭിഷെകം ചെയ്യിരിക്കുന്നു എന്ന ധരിച്ചുകൊൾക. പിന്നെ ശൌൽ വീട്ടിൽ എത്തിയാറെ സംഭവിച്ചകാൎയ്യം ഒരുത്തരൊടും അറിയിച്ചില്ല താനും.

അനന്തരം ശമുവെൽ ജനത്തെ മിസ്പെയിൽ യൊഗംകൂട്ടി ശൌലെവരുത്തി കാണിച്ചു ഇവനെതന്നെ യഹൊവ വരിച്ച രാജാവാക്കിഎന്ന പറഞ്ഞപ്പൊൾ ജനങ്ങൾ ഒക്കയും ജയജയ എന്ന പറഞ്ഞാൎത്തു അതിന്റെശെഷം അവൻ ദൈവസഹായത്താലെ അമ്മൊന്യർ മുതലായ ശത്രുക്കളെ അടക്കി യുദ്ധങ്ങളിൽ ജയിച്ചു രാജ്യത്തിന്ന സുഖംവരുത്തിയാറെ ജനങ്ങൾ എല്ലാവരും സന്തൊഷിച്ചു അവനെ സ്തുതിച്ചു പിന്നെ അമലെക്കാരൊട പട ഉണ്ടായി തൊല്പിച്ചു അവരെ മൂലഛെദം വരുത്തുവാനായുള്ള ദൈവകല്പന അറിഞ്ഞു എങ്കിലും പ്രമാണിയാതെ ജനങ്ങളെയും ബലികഴിപ്പാൻ വിശിഷ്ടമൃഗങ്ങളെയും സൂക്ഷിച്ചു വെച്ചപ്പൊൾ ശമുവെൽ പറഞ്ഞു യഹൊവെക്ക കല്പനകെട്ടനുസരിക്കുന്നതിലല്ല ബലിയിൽ അധികം ഇഷ്ടമുണ്ടെന്ന നിരൂപിക്കുന്നുവൊ ബലിയെക്കാൾ അനുസരണം തന്നെ നല്ല മന്ത്രവാദദൊഷം പൊലെ അനുസരണക്കെടും വിഗ്രഹാരാധനപൊലെ മാത്സൎയ്യവും ആകുന്നു നീ യഹൊവാവചനത്തെ നിരസിച്ചതകൊണ്ട അവൻ നിന്നെയും നിരസിച്ചുകളഞ്ഞു അന്നുമുതൽ ശൌലിന്ന അനുസരണക്കെട വൎദ്ധിച്ച ദൈവാത്മാവ ക്രമത്താലെ നീങ്ങിപൊകയുംചെയ്തു.

## ൩൬ ദാവീദ ഇടയനായത.

അനന്തരം യഹൊവ ശമുവെലൊട നീ കൊമ്പിൽ എണ്ണ നിറച്ച ബെത്ലെഹെമിൽ ചെല്ലുക അവിടെ ഒബെദിന്റെ മകനായ ഇശയിയുടെ പുത്രന്മാരിൽ ഒരുവനെ രാജാവാകുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്ന കല്പിച്ചത കെട്ടാറെ ശമുവെൽ പുറപ്പെട്ട ബെത്ലെഹെമിൽ എത്തി ഇശയി ൭ പുത്രന്മാരെ വരുത്തികാണിച്ചു യഹൊവ നിശ്ചയിച്ചവൻ ഇവരിൽ ഇല്ല എന്ന കണ്ടാറെ കുട്ടികൾ തികഞ്ഞുവൊ എന്ന ചൊദിച്ചു അതിന്ന ഇശയി ഇനി ഇളയവൻ ഉണ്ട അവൻ ആടുകളെ മെയ്പ്പാൻ പൊയിരിക്കുന്നു എന്ന കെട്ടപ്പൊൾ അവനെ വിളിപ്പാൻ പറഞ്ഞു അവൻവന്നാറെ ചെമ്പിച്ച തലമുടിയും ശൊഭനമായകണ്ണും നല്ല കൊമളതയും കണ്ടു യഹൊവയും ഇവനെ തന്നെ ഉടനെ അഭിഷെകം കഴിക്ക എന്ന കല്പിച്ചപ്പൊൾ ശമുവെൽ സഹൊദരന്മാരുടെ മുമ്പാകെ അവനെ തൈലാഭിഷെകം കഴിച്ചു അന്നുമുതൽ യഹൊവയുടെ ആത്മാവ ശൌലിൽനിന്ന മാറി ദാവിദിന്മെൽ ഇറങ്ങി ഒരു ദുരാത്മാവ ശൌലിനെ ഭ്രമിപ്പിക്കയും ചെയ്തു അപ്പൊൾ ഭൃത്യന്മാർ രാജാവിനൊട വീണവായിപ്പാൻ പരിചയമുള്ള ആളെ വരുത്തി വായിപ്പിച്ചാൽ

ബുദ്ധിഭ്രമം തീരും എന്ന അറിയിച്ചത രാജാവിന്ന നന്ന എന്ന തൊന്നിയപ്പൊൾ അവർ ദാവിദിന്റെ വിവെകതയും ഗുണശീലവും വീണയിങ്കലെ പരിചയവും അറിയിച്ചാറെ ശൌൽ അവനെ ആട്ടിൻ കൂട്ടത്തിൽനിന്ന വരുത്തി വീണവായിപ്പിച്ചകെട്ട ആശ്വസിക്കയും ചെയ്തു.

പിന്നെ പലിസ്ത്യക്കാരൊട യുദ്ധം തുടങ്ങിയസമയം ശൌൽ ദാവിദിനെ വിട്ടയച്ചു താൻ പടജ്ജനങ്ങളൊട കൂടെ പുറപ്പെട്ട ശത്രുക്കളെ നെരിട്ട ജ്യെഷ്ഠന്മാരെ കാണെണ്ടതിന്ന ദാവിദും പൊർക്കളത്തിൽചെന്നു അച്ശൻ അയച്ച വർത്തമാനം പറഞ്ഞപ്പൊൾ ശത്രുസൈന്യത്തിൽനിന്ന ആറുമുളം നീളമുള്ള ഒരു അങ്കക്കാരൻ പുറപ്പെട്ടവന്ന പരിഹസിച്ച ദുഷിക്കുന്നതും ഇസ്രയെല്ക്കാർ പെടിച്ച പിൻവാങ്ങി ഇവനെ കൊല്ലുന്നവന്ന രാജാവ പുത്രിയെയും ദ്രവ്യത്തെയും മറ്റും കൊടുക്കും എന്ന സംസാരിക്കുന്നതും കെട്ട ദാവിദ ഈ പലിസ്ത്യക്കാരന്റെ ദുഷിവാക്കുകളെയും ഇസ്രയെല്ക്കാരുടെ ഭയവും ധൈൎയ്യക്കുറവും വിചാരിച്ച ദുഃഖിച്ച ദൈവസഹായത്താലെ ഞാൻ അവനെ കൊന്നുകളയും എന്ന ചൊന്നത രാജാവ കെട്ട അവനെ വരുത്തി ശത്രുവിനെ നിഗ്രഹിപ്പാൻ നിനക്ക പ്രാപ്തിയൊ രാ അവൻ യുദ്ധവിദഗ്ദ്ധൻ നീയൊ ബാലൻ എന്ന കല്പിച്ചപ്പൊൾ ദാവിദ അടിയൻ ആടുകളെ മെക്കുന്നസമയത്ത സിംഹത്തെയും കരടിയെയും കൊന്ന ആ മൃഗങ്ങളിൽനിന്ന രക്ഷിച്ച യഹൊവ ഈ പലിസ്ത്യക്കാരന്റെ കൈയിൽനിന്നും വിടുവിക്കും എന്ന പറഞ്ഞു അനന്തരം ശൌൽ അവനെ ആയുധവസ്ത്രവും പടച്ചട്ടയും ധരിപ്പിച്ചു അതൊടുകൂടെ നടപ്പാൻ ശീലമില്ലായ്കകൊണ്ട അവയെറെറ നീക്കി പിന്നെ തന്റെ വടിയെയും മിനുസമുള്ള ൫ കല്ലുകളെയും എടുത്ത സഞ്ചിയിൽ ഇട്ട കവിണയൊടുകൂടെ ശത്രുവിന്റെ നെരെചെന്നു ആയവൻ ബാലനെ കണ്ടാറെ നിന്ദിച്ച വടിയൊടുകൂടെ വരുവാൻ എന്ത ഞാൻ നായൊ നീ വാ നിന്നെ പക്ഷികൾക്ക ഇരയാക്കും എന്ന പറഞ്ഞപ്പൊൾ ദാവിദ നീ വാളൊടും കുന്തത്തൊടും പരിശയൊടും കൂടെ വരുന്നു ഞാൻ നീ നിന്ദിച്ചിട്ടുള്ള ഇസ്രയെൽസൈന്യങ്ങളുടെ യഹൊവ നാമത്തിൽ നിന്നെ കൊല്ലുവാൻ വരുന്നു എന്ന പറഞ്ഞു. പിന്നെ പലിസ്ത്യക്കാരൻ എഴുനീറ്റുവന്ന ദാവിദിനൊട എതിൎപ്പാനടുത്തപ്പൊൾ ദാവിദ നെരെഓടി സഞ്ചിയിൽനിന്ന കല്ലിനെ എടുത്ത കവിണയിൽ വെച്ച ശത്രുവിന്റെ നെററിമെൽ എറിഞ്ഞു അവൻ ഉടനെ ഭൂമിയിൽ കവിണ്ണുവീണു ദാവിദ ബദ്ധപ്പെട്ട പലിസ്ത്യക്കാരന്റെ വാൾ ഊരി തലവെട്ടികളഞ്ഞു ആയതിനെ പലിസ്ത്യക്കാർ കണ്ടപ്പൊൾ വിറച്ച ഓടിപ്പൊയി ഇസ്രയെല്ക്കാരും മുതിൎന്ന ശത്രുപട്ടണങ്ങളിൽ എത്തുവൊളം പിന്തുടരുകയും ചെയ്തു പിന്നെ ദാവിദ ആ അങ്കക്കാരനായ ഗൊലിയത്തിനെ കൊന്നശെഷം മടങ്ങിവന്ന രാജാവിന്റെ അടുക്കൽ എത്തിയാറെ ഹെ ബാലക നീ ആരുടെ പുത്രൻ എന്ന രാജാവ ചൊദിച്ചാറെ ഞാൻ ബെത്ലെഹെംകാരനായ ഇശയുടെ മകൻ തന്നെ എന്ന ദാവിദ ഉണൎത്തിച്ചു അനന്തരം രാജപുത്രനായ യൊനതാൻ അവനെകണ്ട സ്നെഹിച്ച രണ്ടാത്മാക്കൾ ഒന്നായിചെൎന്ന അവൻ സഖ്യലക്ഷണത്തിന്നായി

ദാവിദിന്ന തന്റെ മെൽകുപ്പായം വാൾ വില്ല അരകച്ച എന്നിവ കൊടുത്ത രാജാവും ദാവിദിനെ മാനിച്ച തന്നൊട കൂടെ പാൎപ്പിക്കയും ചെയ്തു.

## ൩൭ ദാവിദിന്ന വന്ന ഉപദ്രവം.

ദാവിദ രാജ ഗൃഹത്തിൽ അല്പകാലമത്രെ സുഖമായി പാൎത്തുള്ളു ഇസ്രയെല്ല്യർ ജയഘൊഷത്തൊടെ പലിസ്തിയക്കാരൊടുള്ള യുദ്ധത്തിൽനിന്ന മടങ്ങി വന്നപ്പൊൾ സ്ത്രീകളും കൂടെ ചെന്ന നൃത്തമാടി പാടിയത ആയിരത്തെ ശൌല്യം പതിനായിരത്തെ ദാവിദും കൊന്നു. എന്നത ശൌൽ കെട്ടാറെ കൊപിച്ച ഇനി രാജ്യം അല്ലാതെ ഇവന്ന കിട്ടുവാൻ എന്തുള്ളു എന്ന ചൊല്ലി ദാവിദിൽ അസൂയ ഭവിച്ച തുടങ്ങി ഗുണ ശ്രെഷ്ഠത നിമിത്തം ദാവിദിങ്കൽ ജനരഞ്ജന വൎദ്ധിക്കുമളവിൽ ശൌലിന്റെ അസൂയയും വൎദ്ധിക്കും ഒട്ടുവിൽ അവനെ കൊന്നുകളെവാൻ അന്വെഷിച്ചു. രാജാവിന്ന ഭ്രമത പിടിച്ച ഒരു നാൾ ദാവിദ അവന്റെ മുമ്പാകെ വീണ വായിച്ചു അവനൊ കുന്തം പിടിച്ച ദാവിദിന്റെ നെരെ ചാട്ടി ആയവൻ തെറ്റി വീട്ടിൽ ഒടി പാൎത്താറെ അവനെ നിഗ്രഹിപ്പാൻ ഭൃത്യന്മാരെ നിയൊഗിച്ചു വാതില്ക്കൽ പാൎപ്പിച്ചു. രാജപുത്രിയായ ഭാൎയ്യ അതിനെ അറിഞ്ഞ ഒടിപൊകെണ്ടതിന്ന ഭൎത്താവിനെ കിളിവാതിലിൽ കൂടി ഇറക്കി അയച്ചു. അതിന്റെ ശെഷം ദാവിദ ഗൊലിയത്തിന്റെ വാൾ മഹാചാൎയ്യനായ അഹിമെലെക്കൊട വാങ്ങി ധരിച്ച ഒടി പലിസ്തിയക്കാരുടെ രാജാവായ ആക്കീശെ ചെന്നു കണ്ട ശരണം പ്രാപിച്ചു. മന്ത്രികൾക്ക സംശയം തൊന്നി അവൻ ഇപ്രകാരം വന്നത കൌശലം അത്രെ എന്നും മറ്റും രാജാവിനെ ഉണൎത്തിച്ചാറെ ദാവിദ ഭയപ്പെട്ട അവിടെനിന്ന വിട്ടുപൊയി പിന്നെയും സ്വരാജ്യത്തിൽ എത്തിയപ്പൊൾ യൊനതാൻ അഛന്റെ അടുക്കൽ ചെന്ന വൈരഭാവത്തെ മാറ്റുവാൻ ശ്രമിച്ചാറെ ശൌൽ ഒന്നും കെൾക്കാതെ അവൻ മരിക്കെണം നിശ്ചയം എന്ന കല്പിച്ചു. പിന്നെ യൊനതാൻ അഛനെ വിട്ട ദാവിദുമായി കണ്ട സ്നെഹകറാരെ ഉറപ്പിച്ച ഒടിപൊവാൻ ഉപദെശിച്ചു അതിന്റെ ശെഷം ദാവിദ യഹൂദമലയിൽ ചെന്ന ഗുഹകളിൽ ഒളിച്ച പാൎത്ത വരുന്ന സമയം അവന്റെ കുഡുംബക്കാരും ബുദ്ധിമുട്ടുള്ളവരും ൪൦൦ പെരൊളം രാജാവിനെ ഭയപ്പെട്ടിട്ട അവനൊട ചെന്ന അവനെ പ്രധാനിയാക്കി സെവിച്ച വന്നു ശൌൽ അവരെ കണ്ടുപിടിക്കെണ്ടതിന്ന അന്വെഷണം കഴിച്ചപ്പൊൾ ദൊവെഗ എന്നവൻ ദാവിദ നൊബിൽ വന്ന മഹാചാൎയ്യനൊട സംസാരിച്ചു ആയവൻ അവന്ന ഭക്ഷണവും ഗൊലിയത്തിന്റെ വാളും കൊടുക്കുന്നത ഞാൻ കണ്ടു എന്ന രാജാവിനെ ബൊധിപ്പിച്ചു. അപ്പൊൾ ശൌൽ ക്രുദ്ധിച്ച അവരെ സംഹരിപ്പാൻ ദൊവെഗെ അയച്ചു ആയവൻ പൊയി അഹിമെലെക്ക മുതലായ ൮൫ ആചാൎയ്യന്മാരെ കൊന്നു അവരുടെ പട്ടണത്തിലെ ശിശുക്കളെയും സ്ത്രീ പുരുഷന്മാരെയും മുടിച്ചുകളഞ്ഞ പട്ടണത്തെയും നശിപ്പിച്ചു മഹാചാൎയ്യന്റെ പുത്രന്മാരിൽ അബ്യ്യതാർ എന്നവൻ തെറ്റി ഒടിപൊയി ദാവിദിന്റെ അടുക്കൽ എത്തി വൎത്ത

മാനം അറിയിച്ചു അവനൊടു കൂടെ പാൎക്കയും ചെയ്തു. അനന്തരം
യൊനതാൻ ദാവിദിനെ ചെന്നു കണ്ട ആശ്വാസിപ്പിച്ച ശെഷം
അവൻ തന്റെ ആളുകളൊടു കൂടെ എംഗദികാട്ടിൽ വാങ്ങി പാ
ൎത്തു ആയത ശൌൽ കെട്ട ൩൦൦൦ പടജ്ജനങ്ങളെ ചെൎത്ത കൊ
ണ്ട പുറപ്പെട്ട അന്വെഷിച്ചാറെ വഴിയരികെ ഒരു ഗുഹയെ ക
ണ്ട കാൽ മടക്കത്തിനായി പ്രവെശിച്ചു ദാവീദ മുതലായവർ ആ
ഗുഹയിൽ ഒളിച്ചിരിക്കുന്നു എന്ന അറിഞ്ഞതുമില്ല. അപ്പൊൾ ദാ
വിദിന്റെ ജനങ്ങൾ യഹൊവ ശത്രുവിനെ നിൻ കയ്യിൽ എല്പി
ക്കുന്ന ദിവസം വന്നു എന്ന പറഞ്ഞപ്പൊൾ ദാവിദ എഴുനീറ്റ
പതുക്കെ ചെന്ന രാജവസ്ത്രത്തിന്റെ കൊന്തല മുറിച്ച എടുത്ത ത
ന്റെ പുരുഷന്മാരൊട ഇവൻ യഹൊവായാൽ അഭിഷെകം ചെ
യ്യപ്പെട്ടവൻ അവനെ തൊടെണ്ടതിന്ന യഹൊവ ഒരുനാളും സ
മ്മതിക്കരുതെ എന്ന പറഞ്ഞു പിന്നെ ശൌൽ പൊയപ്പൊൾ ദാ
വിദും പുറപ്പെട്ട എന്റെ യജമാനനായ രാജാവെ ഇന്ന യഹൊ
വ നിന്നെ ഗുഹയിൽവെച്ച എന്റെ കയ്യിൽ എല്പിച്ചിരുന്നു എങ്കി
ലും യഹൊവ അഭിഷെകം ചെയ്തിരിക്കുന്നവനെ ഞാൻ തൊടുക
ഇല്ല എന്ന വെച്ച നിന്നെ വിട്ടു. ഇതാ പിതാവെ നിന്റെ വസ്ത്ര
ത്തിന്റെ തൊങ്ങൽ എന്റെ കയ്യിൽ ഉണ്ട എന്നും മറ്റും വിളിച്ചു
പറഞ്ഞ കാണിച്ചാറെ ശൌൽ കരഞ്ഞ ഞാൻ ചെയ്ത ദൊഷത്തി
ന പ്രതിയായി നന്മ ചെയ്തതിനാൽ നീ എന്നിൽ നീതിയെറിയ
വൻ എന്ന പറഞ്ഞു നാണിച്ചു മടങ്ങി പൊകയും ചെയ്തു.

അല്പകാലം കഴിഞ്ഞശെഷം ശൌൽ വൈരം മുഴുത്ത പിന്നെ
യും പട്ടാളത്തൊടു കൂടെ പുറപ്പെട്ട ദാവിദ ഒളിച്ചിരിക്കുന്ന ദിക്കി
ൽ എത്തി രാത്രിക്ക കൂടാരം അടിച്ച തെരുകളെ നിറുത്തി അണി
യിട്ട അതിന്നടുവിൽ പാൎത്തു എല്ലാവരും ഉറങ്ങുമ്പൊൾ ദാവിദും
അബിശയും പാളയത്തിൽ ഇറങ്ങി ശൌല്യം പടനായകന്മാരും
അന്യരും കിടന്നുറങ്ങുന്ന സ്ഥലത്ത ചെന്ന രാജാവിന്റെ കുന്ത
വും പിടിമൊന്തയും തലക്കൽനിന്ന എടുത്ത നെരെയുള്ള മലമെ
ൽ കരെറി നിന്നു അനന്തരം ദാവിദ ഹെ അബ്നെർ കെൾക്കുന്നില്ല
യൊ എന്ന വിളിച്ചാറെ അവൻ ഉണൎന്നു രാജസന്നിധിയിങ്കൽ
ഇപ്രകാരം വിളിക്കുന്ന നീ ആർ എന്ന ചൊദിച്ചതിന്ന ദാവിദ പ
റഞ്ഞു നീ പുരുഷനല്ലയൊ ഇസ്രായെലിൽ നിനക്ക സമൻ ആർ
നീ യജമാനനെ കാത്തുകൊള്ളാഞ്ഞതെന്ത രാജാവിനെ മുടിപ്പാ
ൻ ഒരുത്തൻ അകത്ത വന്നിരുന്നു നൊക്കുക രാജകുന്തവും ജലപാ
ത്രവും എവിടെ. എന്നാറെ ശൌൽ ഹെ പുത്ര ഇത നിന്റെ ശ
ബ്ദം അല്ലയൊ എന്ന ചൊദിച്ചപ്പൊൾ ദാവിദ അതെ രാജാവെ
നീ എന്നെ തെടി നടക്കുന്നത എന്തിന്ന ഞാൻ എന്തു ചെയ്തു. എ
ങ്കൽ എന്തു ദൊഷം കണ്ടിരിക്കുന്നു ഒരു കാട്ടുകൊഴിയെ എന്ന
പൊലെ എന്നെ അന്വെഷിപ്പാൻ രാജാവ സൈന്യത്തൊടു കൂ
ടെ പുറപ്പെട്ടു വന്നില്ലയൊ. എന്നും മറ്റും പറഞ്ഞപ്പൊൾ ശൌൽ
ഞാൻ മഹാ പാപം ചെയ്തിരിക്കുന്നു പുത്ര നീ മടങ്ങി വാ ഞാൻ
ഇനിമെൽ നിനക്ക ദൊഷം ചെയ്കയില്ല എന്ന കല്പിച്ചു എന്നാറെ
ദാവിദ അവന്റെ വൈരഭാവം അറിഞ്ഞിട്ട താൻ ചെല്ലാതെ ബാ
ല്യക്കാരിൽ ഒരുത്തൻ വന്ന രാജാവിന്റെ കുന്തവും ജലപാത്രവും

വാങ്ങികൊണ്ടുപൊകട്ടെ എന്ന പറഞ്ഞ പിരിഞ്ഞുപൊയി. പിന്നെ രാജാവിനൊട സംസാരിപ്പാൻ ഇടവന്നില്ല.

## ൩൧ ശൌലിന്റെ മരണവും ദാവിദ രാജാവായതും.

അനന്തരം ദാവിദ ശൌലിന്റെ വൈരം ശമിക്കുന്നില്ല എന്ന വിചാരിച്ച അവന്റെ കയ്യിൽ അകപ്പെടാതെ ഇരിക്കെണ്ടതിന്ന തന്റെ ൬൦൦ ആളുകളൊടും കൂടെ ഇസ്രയെൽ ദെശത്തെ കടന്ന ഗാഥിലെ രാജാവായ ആകീശെ ചെന്ന കണ്ടാറെ രാജാവ ചിക്ലാഗ പട്ടണം പാൎപ്പാനായി കല്പിച്ചുകൊടുത്തു പിന്നെ പലിസ്തിയക്കാരും ശൌലുമായി യുദ്ധമുണ്ടായി ദാവിദ പൊരിന്ന പൊകെണം എന്ന ആകീശ കല്പിച്ച പുറപ്പെട്ടു പൊയാറെ പ്രഭുക്കന്മാർ അവൻ ശത്രുപക്ഷത്തിൽ തിരിയും എന്ന പെടിച്ച വിരൊധിച്ചപ്പൊൾ രാജാവ ദാവിദിനെ മടക്കി അയച്ചു അവൻ തന്റെ ആളുകളൊട കൂടെ ചിക്ലാഗിൽ എത്തിയാറെ അതാ അമലെകാർ പട്ടണം മുഴുവനും ചുട്ടു സ്ത്രീകളെയും കുട്ടികളെയും കവൎന്നുകൊണ്ടു പൊയപ്രകാരം കണ്ടു ദുഃഖിച്ചു തമച്ച വിചാരിയാതെ ഉടനെ എഴുനീറ്റ രാത്രി മുഴുവനും ഒടി പിറ്റെ ദിവസം രാവിലെ കവൎച്ചക്കാരെ കണ്ടെത്തി പൊരുത ജയിച്ച കവൎന്നത ഒക്കയും പിടിച്ചെടുത്ത വമരെ സമ്പത്തൊടു കൂടെ മടങ്ങി പൊരികയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പൊൾ പലിസ്തിയ സൈന്യങ്ങളും ഇസ്രയെല്യരും ഗില്ബൊവ മലമെൽ വെച്ച അണഞ്ഞ പട ഏറ്റ ഇസ്രയെല്യർ തൊറ്റു യൊനതാൻ രണ്ടു സഹൊദരന്മാരൊട കൂടെ മരിച്ചുപൊയി. ശൌൽ അപായത്തെ കണ്ടിട്ട നിരാശ്രയനായി വാൾ മുനമെൽ വീണമരിച്ചു. അതിന്റെ ശെഷം ഒരു അമലെകാരൻ ദാവിദിന്റെ അടുക്കൽ വന്ന ഇസ്രായെല്യർ തൊറ്റു യൊനതാനും മരിച്ചുപൊയി ശൌൽ മുറി ഏറ്റകിടന്ന എന്നെ കൊല്ലുക എന്ന വിളിച്ച അപെക്ഷിച്ചപ്പൊൾ ഞാൻ അടുത്ത വെട്ടികൊന്നു. അവന്റെ കിരീടവും വളയും ഇതാ യജമാനന്ന കൊണ്ടുവന്നിരിക്കുന്നു എന്ന പറഞ്ഞാറെ ദാവിദ വസ്ത്രം കീറി കരഞ്ഞു. യഹൊവാ അഭിഷെകം ചെയ്യുവനെ മുടിപ്പാൻ നിനക്ക ശങ്ക ഉണ്ടായില്ലയൊ നിന്റെ രക്തം നിന്റെ തലമെൽ വരട്ടെ എന്ന കല്പിച്ചു അവനെ കൊല്ലിക്കയും ചെയ്തു. പിന്നെ ദാവിദ പലിസ്തിയക്കാരെ വിട്ടു തന്റെ ആളുകളൊട കൂടെ സ്വരാജ്യത്തിൽ മടങ്ങി ഹെബ്രൊനിൽവന്ന പാൎത്താറെ യഹൂദ മൂപ്പന്മാർ അവിടെ വന്നു കൂടി അവനെ രാജാവാക്കി അഭിഷെകം കഴിച്ചു. അബ്നെരൊ ശൌലിന്റെ പുത്രനായ ഇശ്ബൊശെത്തിനെ ഇസ്രയെലിന്മെൽ രാജാവാക്കി വാഴിച്ചു അവൻ ൨ വൎഷം വാണു രാജവെലക്ക പൊരാത്തവൻ എന്ന കണ്ടാറെ ജനങ്ങൾ മുഷിഞ്ഞ രണ്ടാൾ ചെന്ന അവനെ കൊന്നുകളഞ്ഞു അതിന്റെ ശെഷം ദാവിദ എല്ലാ ഇസ്രയെലിന്മെലും രാജാവായി തീരുകയും ചെയ്തു.

## ൩൯. ഉറിയ എന്ന പടനായകനെ കൊല്ലിച്ചത.

ദാവിദിന്ന രാജ്യഭാരം മുഴുവനും വന്ന യരുശലെം പട്ടണം മൂലസ്ഥാനത്തിന്ന കൊള്ളാം എന്ന കണ്ടപ്പൊൾ ആ പട്ടണത്തിൽ പാൎത്തുവരുന്ന യബുസ്യരൊട യുദ്ധം ചെയ്ത ജയിച്ച അവരെ നാട്ടിൽനിന്ന പുറത്താക്കി പട്ടണത്തെ ഉറപ്പിച്ച ശെഷം ദൈവകൂടാരത്തെ സീയൊനിൽ സ്ഥാപിച്ച സാക്ഷിപെട്ടകത്തെയും മറ്റും വരുത്തി വെച്ച ദെവാരാധന മൊശെ കല്പിച്ചതുപൊലെ ക്രമപ്പെടുത്തി ഇസ്രയെല്യൎക്ക ദൈവഭക്തി വൎദ്ധിച്ച വരെണ്ടതിന്ന വളരെ ഉത്സാഹിക്കയും ചെയ്തു.

അവൻ ദൈവസഹായത്താലെ യുദ്ധങ്ങളിൽ വീരനായി ഏറിയ ശത്രുക്കളെ അമൎത്ത പടിഞ്ഞാറ മദ്ധ്യതരണിയകടൽ- കിഴക്ക പ്രാത്തനദി- തെക്ക മിസ്ര- വടക്ക മസ്സൊസ്സ എന്നീനാലതിക്കപ്പെട്ട ദെശങ്ങളെ ഒക്കെയും അവൻ വശത്തിലാക്കി തന്റെ ശാസന അനുസരിപ്പിച്ച ദാവിദ ദൈവഭയത്തൊടെ വാണു- രാജ്യകാൎയ്യങ്ങളെ നടത്തിയതിനാൽ അവന്റെ സ്വാധീനക്കാൎക്ക സുഖം വൎദ്ധിച്ചുവന്നു. എദൊമ്യർ മൊവബ്യർ ഫലിസ്ത്യർ മുതലായ ജാതികളിൽ സാധുക്കൾ ഒക്കയും രാജാവ ഗുണവാൻ എന്ന ഒൎത്ത സന്തൊഷിച്ചു. ദാവിദ ഇപ്രകാരം സുഖെന വാഴുന്ന കാലം തന്റെ ദുരഭിലാഷങ്ങളെ വെണ്ടുംവണ്ണം അടക്കായ്കയാൽ വലുതായുള്ള ഒരു ദൊഷത്തിൽ അകപ്പെട്ടുപൊയി. അത എങ്ങിനെ എന്നാൽ സെനാപതിയായ ഉറിയക്ക ഒരു സുന്ദരസ്ത്രീ ഉണ്ടായിരുന്നു രാജാവ അവളെ കണ്ട മൊഹിച്ച ഭാൎയ്യയായി കിട്ടെണ്ടുന്നതിന്ന ഭൎത്താവിനെ അന്യൊന്യരൊടുള്ള യുദ്ധത്തിൽ മരിച്ചുപൊകുവാൻ തക്ക സ്ഥലത്ത നിറുത്തുവാൻ കല്പിച്ചയച്ചു. രാജാവ ദുൎമ്മൊഹം നിമിത്തം ഭ്രമിച്ചതിനാൽ മുമ്പിലത്തെ അപായങ്ങളും ദൈവം അതിശയമായി എല്ലാററിൽനിന്നും രക്ഷിച്ചപ്രകാരവും ഒൎമ്മയിൽ വന്നില്ല. എങ്കിലും ഒരു കാലത്തെക്ക ദൈവത്തെ വിചാരിയാത്തവനെ ദൈവം തന്നെ വിചാരിച്ച ആ മഹാ പാപത്തിന്ന കഠിന ശിക്ഷ വരുത്തി. ഉറിയ മരിച്ച ദാവിദ അവന്റെ ഭാൎയ്യയായ ബത്ശബയെ പരിഗ്രഹിച്ച ശെഷം നാഥാൻ എന്ന ദീൎഘദൎശി ദൈവനിയൊഗത്താൽ രാജാവിന്റെ അടുക്കൽവന്ന പറഞ്ഞത ഒരു പട്ടണത്തിൽ രണ്ട മനുഷ്യരുണ്ടായിരുന്നു അതിൽ ഒരുവൻ ധനവാൻ ഒരുത്തൻ ദരിദ്രൻ ദരിദ്രൻ ഒരു കുഞ്ഞാടിനെ കൊണ്ടുവന്ന വളൎത്തി തന്നൊട കൂടെ ഭക്ഷിച്ച കുടിച്ച കുട്ടി എന്ന പൊലെ മടിയിൽ ഉറങ്ങുമാറാക്കി ഒരു ദിവസം ധനവാന്റെ വീട്ടിൽ ഒരു വഴിപൊക്കൻ വന്നപ്പൊൾ തന്റെ എറിയ ആട്ടുമാടുകളിൽനിന്നെടുപ്പാൻ മനസ്സാകാതെ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ച അറുത്ത പാകം ചെയ്തു. ദാവിദ ഇങ്ങിനെ കെട്ടപ്പൊൾ ക്രുദ്ധിച്ച രാജവിധി വെണം എന്ന കല്പിച്ചു എന്നാറെ നാഥാൻ ആ പുരുഷൻ നീ തന്നെ ഇസ്രയെൽ ദൈവമായ യഹൊവയുടെ അരുളപ്പാടാവിത ഞാൻ നിന്നെ രാജാവാക്കി അഭിഷെകം ചെയ്തു ശൌലിന്റെ കയ്യിൽനിന്ന വിടുവിച്ചുവല്ലൊ നീയൊ യഹൊവയുടെ കല്പനയെ

നിരസിച്ചംരം മഹാ ദൊഷത്തെ ചെയ്യത എന്തിന്ന ഊറിയയെ നീ അമൊന്യ വാൾ കൊണ്ട കൊല്ലിച്ച ഭാൎയ്യയെ എടുത്തിരിക്കുന്നു ആകയാൽ ഞാൻ നിൻ ഭവനത്തിൽനിന്ന ഒദാഷത്തെ നിൻെറ മെൽ വരുമാറാക്കും എന്നിപ്രകാരം കെട്ടപ്പൊൾ ദാവിദ ദുഃഖിച്ച ദൊഷക്രിയയെ സമ്മതിച്ചു ഞാൻ യഹൊവക്ക വിരൊധമായി മഹാ പാപം ചെയ്യിരിക്കുന്നു എന്ന പറഞ്ഞാറെ നാഥാൻ യഹൊവ ഒരം പാപത്തെ ക്ഷമിച്ചു നീ മരിക്കയില്ല എങ്കിലും ശത്രുക്കൾ യഹൊവയെ ദൂഷിപ്പാനായി സംഗതി ഉണ്ടാക്കിയതുകൊണ്ട ജനിച്ചിട്ടുള്ള നിൻെറ പൈതൽ മരിക്കും എന്ന പറഞ്ഞ പൊകയും ചെയ്തു.

അതിൻെറ ശെഷം യഹൊവ കുഞ്ഞിനെ ബാധിച്ചു ദൈവകരുണയുണ്ടായിട്ട കുട്ടി മരിക്കാതിരിക്കെണ്ടതിന്ന ദാവിദ രാപ്പകൽ കരഞ്ഞും ഉപവസിച്ചും നിലത്തുകിടന്ന പ്രാൎത്ഥിച്ചത ദൈവമെ നിൻെറ ദയാപ്രകാരം എന്നൊട കരുണയുണ്ടാകെണമെ ആൎദ്ര വാത്സല്യത്തിൻെറ ബഹുത്വത്തിൻ പ്രകാരം എൻെറ അതിക്രമം മാച്ചുകളഞ്ഞ എന്നെ കഴുകി വെടിപ്പാക്കെണം എൻെറ ദ്രൊഹങ്ങളെ ഞാൻ അറിയുന്നു എൻെറ പാപം നിത്യം എൻെറ മുമ്പാകെ ഇരിക്കുന്നു നിനക്ക മാത്രം വിരൊധമായി ഞാൻ പാപം ചെയ്തു. നിൻെറ കണ്ണുകളിൽ ദൊഷമായത ഞാൻ പ്രവൃത്തിച്ചിരിക്കുന്നു ദൈവമെ ശുദ്ധഹൃദയത്തെ സൃഷ്ടിച്ച തന്ന എൻെറ ഉള്ളിൽ സ്ഥിരമുള്ള മനസ്സെ പുതുതാക്കി വിശുദ്ധാത്മാവിനെ എന്നിൽനിന്ന എടുക്കാതെ ഇരിക്കെണമെ. പിന്നെ ൭ാം ദിവസത്തിൽ കുട്ടി മരിച്ച ശെഷം ദാവിദ എഴുനീറ്റ തെച്ചുകുളിച്ച യഹൊവ ഭവനത്തിൽ ചെന്ന സ്തുതിച്ചതിൻ പ്രകാരം എൻെറ ആത്മാവെ യഹൊവയെയും എൻ ഉള്ളമെ അവൻെറ ശുദ്ധനാമത്തെയും വാഴ്ത്തുക. എൻ ആത്മാവെ യഹൊവയെ തന്നെ വാഴ്ത്തുക. അവൻെറ സകല കൃപാദാനങ്ങളെ മറക്കയുമരുത. അവൻ നിൻെറ സൎവ്വാപരാധങ്ങളെയും ക്ഷമിച്ച നിൻെറ എല്ലാ ക്ഷീണങ്ങളെയും ഒഴിക്കുന്നു. അവൻ നിന്നെ നാശത്തിൽനിന്ന വിടുവിച്ച കൃപാൎദ്രകരുണകളെ ധരിപ്പിച്ചിരിക്കുന്നു മനുഷ്യനൊ അവൻെറ ദിവസങ്ങൾ പുല്ലുപൊലെ ആകുന്നു പറമ്പിലെ പുഷ്പത്തിന്ന സമമായി അവൻ പൂക്കുന്നു. കാററ അതിന്മെൽ അടിക്കുമ്പൊൾ അത നീങ്ങിപൊയി തൻെറ സ്ഥലവും അറിയുന്നതുമില്ല. യഹൊവയുടെ കരുണയൊ അവനെ ശങ്കിക്കുന്നവരിലും അവൻെറ നീതി മക്കളുടെ മക്കളിലും എന്നെന്നെക്കും ഇരിക്കുന്നു.

## ൪൰ം അബ്ശലൊമിൻെറ അവസ്ഥ.

ആ കുട്ടി മരിച്ച ശെഷം ദാവിദിൻെറ ഭവനത്തിൽനിന്ന ജനിച്ചു വന്ന ദുഃഖം മുഴുവനും തീൎന്ന എന്നല്ല. രാജാവിൻെറ പുത്രനായ അബ്ശലൊം തൻെറ സഹൊദരനെ കൊന്നതിനാൽ അഛൻ നീരസ ഭാവം കാട്ടി കുലപാതകൻ എൻെറ മുഖം കാണരുതെന്ന കല്പിച്ച നാട്ടിൽനിന്ന നീക്കിയപ്പൊൾ അബ്ശലൊം അഛനൊട ദെഷ്യപ്പെട്ട അവനെ സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു. അച്ശൻെറ ശ്രെഷ്ഠ മന്ത്രിയായ അഹിതൊഫൽ അവനൊട ചെൎന്ന മത്സരപ്രവൃത്തിയിൽ സഹായിച്ചതല്ലാതെ അവൻ മഹാ സുന്ദര

നും കൌശലക്കാരനും ആകകൊണ്ട പ്രജകൾ മിക്കവാറും അവനെ അനുരഞ്ജിച്ചു സെവിപ്പാനും നിശ്ചയിച്ചിരുന്ന ഒരു സമയത്ത അബ്ശലൊം ഹെബ്രൊനിൽ രാജാവായി വാഴുന്നു എന്നുള്ള ശ്രുതി യരുശലെമിൽ എത്തിയാറെ ദാവിദ ഭ്രമിച്ചു യൊജിച്ചിരിക്കുന്നവരൊട നാം വൈകാതെ ഓടിപ്പൊക പട്ടണത്തിന്ന യുദ്ധനാശം വരരുത എന്നുകല്പിച്ചു പുറപ്പെട്ടു ചെരിപ്പൂരി തല പുതച്ചു, കരഞ്ഞു കിദ്രൊൻ പുഴയെ കടന്ന ഒലിവ മലയെ കരെറി യാത്രയായി. ബെന്യമീൻ നാട്ടിൽ കൂടി ചെല്ലുമ്പൊൾ ശൌലിന്റെ ബന്ധുവായ ശിമയി എന്നവൻ അവനെ കണ്ട ശപിച്ചു കല്ലു എറിഞ്ഞു പൊ പൊ രക്ത പുരുഷ എന്നും മറ്റും വിളിച്ചുപറഞ്ഞാറെ ദാവിദിന്റെ സ്നെഹിതനായ അബിശയി അവനെ കൊല്ലുവാൻ ഭാവിച്ചപ്പൊൾ ദാവിദ വെണ്ടാ അവൻ ശപിക്കട്ടെ ഇപ്രകാരം ചെയ്വാൻ യഹൊവ കല്പിച്ചതല്ലൊ എന്ന പറഞ്ഞു. അനന്തരം ദാവിദ യൎദ്ദൻ നദിയെ കടന്ന മഹനൈം കൊട്ടയിൽ എത്തി പാൎത്തപ്പൊൾ അബ്ശലൊം യരുശലെമിൽ പ്രവെശിച്ചു രാജാസനത്തിന്മെൽ ഇരുന്ന കാൎയ്യം സിദ്ധിച്ചു എന്ന വിചാരിച്ചു അച്ഛനെ വല്ലപ്രകാരവും മുടിപ്പാൻ നിശ്ചയിച്ചാറെ ദാവിദ തന്റെ ജനങ്ങളെ ചെൎത്ത യഹൊവ എന്നെ സെനാപതിയുടെ വശത്തിൽ എല്പിച്ചു മത്സരക്കാരെ അടക്കിവെപ്പാൻ അയച്ചു. പൊകുമ്പൊൾ സൂക്ഷിപ്പിൻ ബാലകനായ അബ്ശലൊമൊട പിഴെക്ക ചെയ്യാവു എന്ന കല്പിച്ചു. അവർ വന്നെത്തി പട തുടങ്ങിയാറെ ശത്രുക്കൾ തൊറ്റു അബ്ശലൊം കൊവർകഴുതപ്പുറത്ത കെറി പാഞ്ഞു മരാമരത്തിൻകീഴെ വന്നപ്പൊൾ അവന്റെ നീണ്ട തലമുടി കൊമ്പിന്മെൽ പിടിപെട്ടു അവൻ തൂങ്ങിനിന്നു കഴുത ഓടിപ്പൊയി അതിനെ കണ്ട ഒരുത്തൻ യൊവബെ അറിയിച്ചു നീ അവനെ കൊല്ലാഞ്ഞത എന്ത എന്ന ചൊദിച്ചാറെ ഇനിക്ക ൧൦൦൦ ശെക്കൽ വെള്ളി തൂക്കി തന്നാലും ഞാൻ രാജപുത്രന്റെ നെരെ കൈ നീട്ടുകയില്ല ബാലനെ സൂക്ഷിച്ചുകൊൾവിൻ എന്ന രാജാവിന്റെ കല്പന ഞാൻ കെട്ടുവല്ലൊ എന്ന പറയുമ്പൊൾ യൊവബ ഞാൻ താമസിക്കയില്ല എന്ന ചൊല്ലി ൩ കുന്തം എടുത്ത പൊയി അബ്ശലൊമിന്റെ മാറിൽ കുത്തി കൊല്ലുകയും ചെയ്തു.

അനന്തരം ചില ആളുകൾ ദാവിദിന്റെ അടുക്കൽ എത്തി ശത്രുക്കൾ തൊറ്റു മകനും മരിച്ചിരിക്കുന്നു എന്ന അറിയിച്ചപ്പൊൾ അവൻ ഭ്രമിച്ചു എന്മകനായ അബ്ശലൊമെ ഞാൻ നിനക്ക പകരം എന്തുകൊണ്ട മരിക്കാതിരുന്നു എന്മകനെ എന്മകനെ എന്ന വിളിച്ചു കരഞ്ഞുകൊണ്ടിരുന്നു ആ അപജയത്താൽ മത്സരിച്ചവർ എല്ലാവരും അടങ്ങി രാജാവിനൊട ഇണക്കവും ശരണവും അപെക്ഷിച്ചു. പിന്നെ യഹൂദ ഗൊത്രക്കാർ യൎദ്ദൻ തീരത്തുവന്ന ദാവിദിനെ എതിരെറ്റ കടത്തിയപ്പൊൾ ശിമയും അടുത്ത രാജാവിനെ കണ്ട തൊഴുതു മുമ്പെ ശപിച്ചതിന്ന വളരെ താല്പൎയ്യത്തൊടെ ക്ഷമ ചൊദിച്ചു ഇപ്രകാരം ദാവിദ ജയഘൊഷത്തൊടെ യരുശലെമിൽ മടങ്ങിവന്ന ജീവപൎയ്യന്തം രാജാവായി വാണു സൎവ്വപ്രജകളെയും രക്ഷിച്ചു പൊരുകയും ചെയ്തു,

## ൪൧ ഇസ്രയെലിലെ രൊഗബാധ.

ദാവീദ യരുശലമിലെക്ക പൊകുമ്പൊൾ മത്സരഭാവം പുതുതായി തുടങ്ങി ബെന്യമീൻകാരനായ ശെബ എന്ന ഒരുത്തൻ കലഹത്തിന്നായി കാഹളം ഊതി ദാവിദ ഭവനത്തൊട ഞങ്ങൾക്ക എന്തൊരു ചെൎച്ച ഒരൊ ഗൊത്രക്കാർ തങ്ങൾക്ക ബൊധിക്കുന്നപ്രകാരം കാൎയ്യാദികളെ നടത്താമല്ലൊ എന്നും മറ്റും പറഞ്ഞ ദ്രൊഹിച്ചാറെ യൊവബ പട്ടാളങ്ങളെ ചെൎത്ത കലഹക്കാരെ പിന്തുടൎന്ന ശെബയെ കൊല്ലിച്ചു അവനൊട ചെൎന്നവരെ അമൎത്ത വെക്കയും ചെയ്തു കുറയകാലം കഴിഞ്ഞശെഷം മത്സരദൊഷം ദാവിദിന്റെ ഭവനത്തിൽനിന്നതന്നെ ജനിച്ചവന്നു രാജാവ വൃദ്ധനായപ്പൊൾ അബ്ശലൊമിന്റെ അനുജനായ അദൊന്യ രാജഭാവംപൂണ്ട തെർകുതിരകളെയും മറ്റും സമ്പാദിച്ചു യൊവബിന്റെ സഹായത്താൽ രാജാസനം കരെറി അച്ശന്നു പകരം വാഴുവാൻ ശ്രമിച്ചു രാജതായ ഇളയപുത്രനായ ശൊലമൊന്ന വരെണ്ടതാകകൊണ്ട ദാവീദ അദൊന്യയുടെ ഉത്സാഹത്തെ നിഷ്ഫലമാക്കി ശലമൊൻ തന്നെ ഇളയരാജാവ എന്ന ഘൊഷിച്ചറിക്കയുംചെയ്തു. അവൻ രാജാസനം കരെറുംമുമ്പെ രാജ്യത്തിൽ എങ്ങും കഠൊരമായ രൊഗബാധ ഉണ്ടായി അതിന്റെ സംഗതി എന്തെന്നാൽ സാത്താൻ ഇസ്രയെലിന്ന വിരൊധം ഭാവിച്ച രാജാവിനെ വശീകരിച്ചപ്പൊൾ ദാവിദ മന്ത്രികളൊട ഇസ്രയെലിൽ പടെക്ക പ്രാപ്തിയുള്ള പുരുഷന്മാരെ എണ്ണുവിൻ എന്ന കല്പിച്ചു യൊവബ ഒരം കാൎയ്യം ദൈവത്തിന്ന അനിഷ്ടം എന്നറിഞ്ഞ വിരൊധിച്ചു എങ്കിലും രാജാവ കെൾക്കായ്കകൊണ്ട തലവന്മാരൊടുകൂടെ പുറപ്പെട്ട ഒമ്പതമാസത്തിന്നകം എല്ലാവരെയും എണ്ണി ചാൎത്തി കണക്ക അറിയിച്ചാറെ രാജാവിന്ന ഇത അകൃത്യം എന്ന ബൊധംവന്നു ദുഃഖിച്ച യഹൊവയെ ഞാൻചെയ്ത പാപത്തെ ക്ഷമിക്കെണമെ എന്ന അപെക്ഷിച്ചു അപ്പൊൾ ദൈവനിയൊഗത്താൽ ദീൎഘദൎശിയായ ഗാദ്‌രാജാവിനെ ചെന്നുകണ്ട യഹൊവ മൂന്നിൽഒന്ന വരിപ്പാൻ കല്പിക്കുന്നു ൭ വൎഷത്തെ ക്ഷാമമൊ മൂന്ന മാസത്തെ അപജയമൊ മൂന്നുദിവസത്തെ രൊഗബാധയൊ എന്തുവെണ്ടു എന്ന പറഞ്ഞു കെട്ടാറെ ദാവിദ ഇനിക്ക അത്യന്തം വ്യാകുലം ഉണ്ട യഹൊവ മഹാകരുണയുള്ളവനാകകൊണ്ട ഞാൻ അവന്റെ കയ്യിൽ വീഴട്ടെ മനുഷ്യരുടെ കയ്യിൽ അരുത എന്ന പറഞ്ഞശെഷം യഹൊവ വസന്തജ്വരത്തെ ഇസ്രയെലിൽ വരുത്തി ദാനിൽനിന്ന ബെൎശബവരെക്കും ൭൦൦൦൦ ജനങ്ങൾ മരിക്കയുംചെയ്തു. പിന്നെ ദൈവദൂതൻ യരുശലെമിൽ നാശം ചെയ്യുമ്പൊൾ യഹൊവ മനസ്സലിഞ്ഞ മതി എന്ന കല്പിച്ചു. ദാവിദ ദൈവദൂതൻ മൊറിയ മലമെൽ അറൌന എന്ന യബൂസ്യ പ്രഭുവിന്റെ കളത്തിൽ നില്ക്കുന്നത കണ്ടപ്പൊൾ പ്രാൎത്ഥിച്ചു പിന്നെ അങ്ങൊട്ട ചെന്ന ആ പ്രഭുവിനൊട കാളകളെയും കളത്തെയും വിലക്ക വാങ്ങി യഹൊവക്ക ബലിപീഠത്തെ പണിയിച്ച ബലികഴിച്ച പ്രാൎത്ഥിച്ച ഉടനെ ബാധ തീരുകയും ചെയ്തു.

അനന്തരം ദാവിദ മൊശെയുടെ കല്പനപ്രകാരം ലെവ്യരിൽ

നിന്ന ൬൦൦൦ പെരെ വരിച്ച ന്യായാധിപതികളാക്കി ശെഷം ലെവ്യരെ ൨൪ വകയാക്കി ദൈവാലയത്തിലെ സെവകരായി നിയമിച്ചു. പിന്നെ ആസാഫിന്റെ പുത്രന്മാരിൽനിന്ന ൪൦൦൦ ആളുകളെ എടുത്ത അവരെയും ൨൪ പങ്കായി ദൈവാലയത്തിലെ വാദ്യഘൊഷപണിക്കാക്കിവെച്ചു. ഇവൎക്ക മൂപ്പന്മാർ യദൂഥൂൻ, ഹെമാൻ, എന്നിരിവൎതന്നെ.

## ൪൮. ശെലമൊൻ.

ദാവിദരാജാവ അവിടെ തന്റെ വാഴ്ചയുടെ ആദിയിൽ ദൈവാരാധന നല്ല ക്രമത്തിൽ ആക്കി സകലവും വഴിപൊലെ നടക്കെണ്ടതിന്ന ഉത്സാഹിച്ചപ്രകാരം അവസാനംവരെ ആ വിശുദ്ധകാൎയ്യം തന്നെ മനസ്സിൽ ധരിച്ച ബഹുതാല്പൎയ്യത്തൊടെ നടത്തി. അവൻ രാജ്യത്തിലെ പ്രധാനികളെയും ശ്രെഷ്ഠന്മാരെയും വരുത്തി അവരുടെ മുമ്പാകെ തന്റെ പുത്രനായ ശെലമൊന്റെ കയ്യിൽ രാജ്യഭാരം എല്പിച്ച താൻ പണിയിപ്പാൻ ഭാവിച്ച ദൈവാലയത്തെ താമസംകൂടാതെ കെട്ടി തീൎക്കെണം എന്നകല്പിച്ചു. പിന്നെ താൻ വരച്ച മാതിരിയും കാട്ടി പണിക്ക വെണ്ടുന്ന വസ്തുക്കൾ അററമില്ലാതൊളം ശെഖരിച്ച എല്പിച്ച കൊടുത്തശെഷം ജനങ്ങളൊടും പ്രത്യെകം ധനവാന്മാരൊടും നിങ്ങളും പ്രാപ്തിപൊലെ വിശുദ്ധപണിക്ക പൊൻവെള്ളി മുതലായ വസ്തുക്കളെകൊണ്ട കൊടുപ്പിൻഎന്ന പറഞ്ഞ ഉത്സാഹിപ്പിക്കയും ചെയ്തു.

ശെലമൊന്ന ഉണ്ടായ ധനപുഷ്ടിപൊലെ ആ കാലത്ത ഉള്ള രാജാക്കന്മാൎക്ക ആൎക്കും ഉണ്ടായില്ല. ഇസ്രയെല്ക്കാർ അവന്റെ വാഴ്ചയിൽ സമാധാനത്തൊടെ പാൎത്തു രാജ്യത്തിലെ ഫലപുഷ്ടി സുഖെന അനുഭവിച്ചു. എന്നാലൊ ധനത്തെക്കാളും രാജാവിന്ന ജ്ഞാനം അധികമായിവന്നു അതിന്റെ കാരണം അവൻ രാജ്യഭാരം എററപ്പൊൾ യഹൊവ ഒരു സ്വപ്നത്തിൽ പ്രത്യക്ഷനായി നിനക്ക ഇഷ്ടമായതിനെ ചൊദിക്ക എന്ന കല്പിച്ചപ്പൊൾ ശെലമൊൻ നിന്റെ അസംഖ്യജനത്തെ ഭരിക്കെണ്ടതിന്ന ഞാൻ വഴി ഒട്ടും അറിയാത്ത ബാലനാകുന്നു അതുകൊണ്ട ഗുണദൊഷങ്ങളെ തിരിച്ച നെരും ന്യായവും നിന്റെ വംശത്തിൽ നടത്തെണ്ടതിന്ന കെട്ടനുസരിക്കുന്ന ഹൃദയം ഇനിക്ക നൽകെണമെ എന്നിപ്രകാരം അപെക്ഷിച്ചപ്പൊൾ യഹൊവ പ്രസാദിച്ചു ദീൎഘായുസ്സു സമ്പത്ത ശത്രുജയം എന്നീവകയല്ല അനുസരിക്കുന്ന ഹൃദയത്തെ ചൊദിച്ചതുകൊണ്ട ഇതാ ഞാൻ നിന്റെ അപെക്ഷപൊലെ ചെയ്തു ആൎക്കും വരാത്ത ജ്ഞാനവും വിവെകവും ഉള്ള ഹൃദയം ഞാൻ നിനക്ക തന്നു നീ അപെക്ഷിക്കാത്ത ഐശ്വൎയ്യവും തെജസ്സും കൂടെ നിൻകാലമുള്ള രാജാക്കന്മാരിലും അധികമായി സാധിപ്പിച്ചിരിക്കുന്നു എന്ന കല്പിച്ചു അപ്രകാരംതന്നെ അവന്ന സംഭവിക്കയും ചെയ്തു.

ശെലമൊന്നുണ്ടായ ജ്ഞാനം സമ്പത്ത മഹത്വം എന്നിവ നിമിത്തം അവൻ തന്നെ എല്ലാരാജാക്കന്മാരിലും കീൎത്തി എറിയവൻ. അവൻ ഒരൊരൊദിക്കുകളിൽ കപ്പലുകളെ അയച്ച വ്യാപാരം നടത്തി ദൂരദെശങ്ങളിൽനിന്ന രാജാക്കന്മാർ അവനെ ചെന്നുകണ്ട

അവന്റെ ജ്ഞാനത്തെ കെട്ട അതിശയിച്ചു അവന്റെ സുഭാഷി
തങ്ങൾ ൰൩ം നാളൊളം ബുദ്ധിമാന്മാൎക്കും ബുദ്ധിഹീനന്മാൎക്കും ഫ
ലമെകുന്ന ജ്ഞാനവൃക്ഷമായി നില്ക്കുന്നു ഇത്ര ജ്ഞാനവിശെഷം
രാജാവിന്ന ഉണ്ടായി എങ്കിലും അതിനാൽ പാപത്തിൽനിന്ന
തെറ്റി ശുദ്ധനായി പാൎത്തുവന്നു എന്നല്ല. അവൻ ശിദൊൻ തൂർ
മിസ്ര മുതലായ ദെശങ്ങളിൽനിന്നും കനാൻ വംശത്തിൽനിന്നും
മറ്റും ചില നൂറുരാജപുത്രിമാരെ വരുത്തി രാജധാനിയിൽ പാ
ൎപ്പിച്ചു അവർ തങ്ങളുടെ ബിംബങ്ങളെ കൊണ്ടുവന്ന വെച്ചു
സെവിച്ചു ശൊലമൊന്റെ മനസ്സിനെ വക്ഷളാക്കികളഞ്ഞു ഇപ്ര
കാരം ജ്ഞാനം എറിയ രാജാവ യഹൊവയും ഇസ്രയെല്ക്കാരു
മായി ചെയ്ത കറാരെ ലംഘിച്ച മഹാപാപത്തിൽ അകപ്പെട്ടുപൊ
യി അതിന്റെ ഫലവും അനുഭവിക്കെണ്ടി വന്നു ൰൩ം വക ദൊഷ
ങ്ങളെ ഭയപ്പെട്ട ഒഴിഞ്ഞുനില്പാൻ അവൻ എല്ലാവൎക്കും ദൃഷ്ടാന്തമാ
യി ഭവിക്കയും ചെയ്തു.

## ൪൩. രാജ്യവിഭാഗം.

ശൊലമൊൻ മരിച്ചതിന്റെശെഷം പുതിയരാജാവിനെ വാ
ഴിപ്പാൻ ഇസ്രയെൽപുരുഷന്മാർ എല്ലാവരും ശികെമിൽവന്ന കൂ
ടി അവർ ശലൊമൊന്റെ പുത്രനായ രഹൊബൊയാമിന്റെ
ദുശ്ശീലവും ക്രൂരസ്വഭാവവും അറിഞ്ഞിട്ട യരൊബൊയാം എന്ന
മദ്ധ്യസ്ഥൻ മുഖാന്തരം അവനൊട നിൻപിതാവ ഞങ്ങളുടെമെ
ൽ നുകം ഭാരമാക്കിവെച്ചിരിക്കുന്നു നീ അതിന്റെ ഘനം കുറെച്ച
ഞങ്ങൾക്ക ഗുണം വരുത്തിയാൽ ഞങ്ങൾ നിന്നെ അനുസരിച്ച
സെവിക്കാം എന്ന ബൊധിപ്പിച്ചാറെ രഹൊബൊയാം കാൎയ്യംവി
ചാരിച്ച എൻപിതാവ നിങ്ങളുടെ നുകത്തെ ഭാരമാക്കി എന്നാൽ
ഞാൻ അതിൽനിന്ന കുറെക്കയില്ല കൂട്ടുക എത്രെചെയ്യും അച്ശന്റെ
അരയെക്കാളും എന്റെ ചെറുവിരൽ തടിച്ചത അച്ശൻ ചമ്മട്ടിക
ളെകൊണ്ട അടിച്ചു ഞാൻ തെളുകളെകൊണ്ട ശിക്ഷിക്കും എന്ന
കല്പിച്ചു ൰൩ം കഠിനവാക്കുകെട്ട ഇവനിൽനിന്ന ഗുണം വരികയി
ല്ല എന്ന കണ്ടപ്പൊൾ ഇസ്രയെല്ക്കാർ ദാവിദവംശം നമുക്ക എന്ത
ഇസ്രയെലെ നിന്റെ കുടികളിലെക്ക തിരിച്ചുചെല്ലുക ദാവിദെ നി
ന്റെ ഭവനത്തെ നൊക്കുക എന്ന പറഞ്ഞ പിരിഞ്ഞു ഇപ്രകാരം
൰ം ഗൊത്രങ്ങൾ ദാവിദ ഗൃഹത്തിൽനിന്ന നീങ്ങി തങ്ങൾക്ക തെ
ളിഞ്ഞവണ്ണം ഒരു ഇസ്രയെൽ രാജ്യത്തെ സ്ഥാപിച്ചു യരൊബൊ
യാം എന്ന പ്രാപ്തിയുള്ള നായകനെ രാജാവാക്കി അനുസരിക്കയും
ചെയ്തു. പിന്നെ രഹൊബൊയാം പിരിഞ്ഞുപൊയ ഇസ്രയെല്ക്കാ
രൊട പകക്ക പകരംചെയ്വാൻ യുദ്ധത്തിന്ന വട്ടംകൂട്ടി പുറപ്പെ
ട്ടാറെ യഹൊവ ശെമായാ എന്ന ദീൎഘദൎശിയെ അയച്ചുപറയിച്ച
ത നിങ്ങൾ സഹൊദരന്മാരൊട പൊരുവാൻ ചെല്ലാതെ മടങ്ങി
പൊകുവിൻ ൰൩ം കാൎയ്യം എന്നിൽനിന്ന ഉണ്ടായ്വന്നു എന്നിപ്രകാ
രം കെട്ടപ്പൊൾ അവർ അനുസരിച്ച മടങ്ങി പൊകയും ചെയ്തു.

എന്നാറെ യരൊബൊയാം ഇസ്രായെൽ ദൈവമായ യഹൊ
വായെ ഉപെക്ഷിച്ച ആരാധനക്കായി ബെത്തൽ ദാൻ എന്ന ര
ണ്ടു സ്ഥലങ്ങളിൽ പൊൻകാളകളെ പ്രതിഷ്ഠിച്ച ഇസ്രായെൽ പെ

രുനാളിന്ന യരുശലെമിലെക്ക പൊകുന്നതും വിരൊധിച്ചു പിന്നെ ബെത്തലിൽ ഉണ്ടാക്കിയ ബലിപീഠത്തിന്മെൽ താൻ കരെറി പൂജ കഴിപ്പാൻ ഭാവിച്ചപ്പൊൾ യഹൊവ യഹൂദയിൽ നിന്ന നിയൊഗിച്ചയച്ച ഒരു ദീൎഘദൎശി ചെന്ന ഹെ തറയെ യഹൊവായുടെ വാക്ക കെൾക്ക ദാവിദവംശത്തിൽ നിന്ന ജനിപ്പാനുള്ള യൊശിയ നിന്റെ മെൽ പൂജിക്കുന്നവരെ അറുത്ത മനുഷ്യാസ്ഥികളെയും ഇട്ട ചുടും എന്നും മറ്റും കെട്ടാറെ യരൊബൊയാം കൈ നീട്ടി അവനെ പിടിപ്പിൻ എന്ന വിളിച്ചപ്പൊൾ കൈ ശൊഷിച്ച സ്തംഭിച്ചുനിന്നു തറപിളൎന്ന ചാരം തൂകി പിന്നെ രാജാവ ദീൎഘദൎശിയൊട നീ ഇനിക്ക വെണ്ടി യഹൊവയൊട പ്രാൎത്ഥിക്ക എന്ന അപെക്ഷിച്ചാറെ അവൻ പ്രാൎത്ഥിച്ചു രാജാവിന്റെ കൈ സ്വസ്ഥമായി വരികയും ചെയ്തു. അനന്തരം ആ ദീൎഘദൎശി ദൈവകല്പന പ്രകാരം വൈകാതെ തന്റെ വീട്ടിലെക്ക യാത്രയായപ്പൊൾ വൃദ്ധനായ മറ്റൊരു ദീൎഘദൎശി ബെത്തെലിൽനിന്ന അവന്റെ വഴിയെ ഓടി വ്യാജംപറഞ്ഞ അവനെ മടക്കി വീട്ടിൽ പാൎപ്പിച്ചു അവൻ ദൈവകല്പനക്ക വിരൊധമായി ഭക്ഷിച്ച കുടിച്ചശെഷം കഴുതപ്പുറമെറി തന്റെ സ്ഥലത്തെക്ക പുറപ്പെട്ടുപൊയി വഴിക്കൽ വെച്ച ഒരു സിംഹം അവനെ കണ്ടുപിടിച്ച കൊന്ന കഴുതയെയും ശവത്തെയും തൊടാതെ നിന്നുകൊണ്ടിരുന്നു വൃദ്ധനായ ദീൎഘദൎശി ആ അവസ്ഥയെ കെട്ടപ്പൊൾ ഇത അനുസരണക്കെടിനുള്ള ശിക്ഷ എന്നറിഞ്ഞ പുറപ്പെട്ടുപൊയി ശവത്തെ എടുത്ത കുഴിച്ചിടുകയും ചെയ്തു.

യരൊബൊയാം ഇപ്രകാരമുള്ള ദൈവശിക്ഷകളെ കണ്ടിട്ടും ദുൎന്നടപ്പിനെ വിടാതെയും മനസ്സ തിരിയാതെയും ബിംബങ്ങളെ സെവിച്ച രാജ്യത്തെയും പ്രജകളെയും വഷളാക്കികളഞ്ഞു ഇസ്രയെല്യാർ യഹൊവയെ വെടിഞ്ഞ അന്യദെവകളെ ആരാധിച്ചു കൊണ്ടിരിക്കുമ്പൊൾ സൌഖ്യവും സമാധാനവും രാജ്യത്തിൽനിന്ന നീങ്ങി കലഹമത്സരങ്ങളും ജനിച്ച ഒരൊരുത്തർ ഡംഭിച്ച രാജാവിനെ ഭ്രഷ്ടനാക്കി കൊന്ന തങ്ങൾ രാജാസനം എറുവാൻ തുനിയും അവർ യരൊബൊയാം സ്ഥാപിച്ച കാളയുടെ സെവ തന്നെയല്ല അജ്ഞാനികളുടെ സകല ബിംബാരാധനയെയും ശീലിച്ച നടത്തി നരബലികളെയും കഴിച്ച എല്ലാവിധമുള്ള അക്രമങ്ങളിൽ രസിച്ച മുഴുകിപൊകയും ചെയ്തു.

## ൪൪ എലിയാ.

യഹൊവയെ ഉപെക്ഷിച്ച അന്യദെവകളെ സെവിച്ച രാജാക്കന്മാരിൽ ആഹാബ എന്നവൻ പ്രധാനൻ അവന്റെ ഭാൎയ്യ ഇസെബെൽ ശമൎയ്യ പട്ടണത്തിന്റെ ശൊഭയുള്ള ക്ഷെത്രങ്ങളെ പണിയിച്ച അവറ്റിൽ ചിദൊന്യദെവകളെ പ്രതിഷ്ഠിച്ചു ബാൽ ദെവന്ന ൪൫൦ അഷ്ടരൊത്ത എന്നവൾക്ക ൪൦൦ ആചാൎയ്യന്മാരെ വെച്ചു ആ ക്രൂരസെവയെ നടത്തി അവൾ യഹൊവയെ മാനിച്ച സെവിക്കുന്ന ഹിംസിച്ച ദീൎഘദൎശികളെ കൊല്ലുകയും ചെയ്തു. അന്ന രാജാവിന്റെ ഉദ്യൊഗസ്ഥന്മാരിൽ ഒരുവൻമാത്രം യഹൊവയെ ഭയപ്പെട്ടു അവൻ രാജപത്നിയുടെ ക്രൂരപ്രവൃത്തിയെ കണ്ട

ദുഃഖിച്ച ൧൦൦ ദീൎഘദൎശികളെ ഗുഹകളിൽ ഒളിപ്പിച്ചു രഹസ്യമായ അപ്പവും വെള്ളവും കൊണ്ടകൊടുത്തു ആ കാലത്ത ദീൎഘദൎശിയായ എലിയ രാജാവിനെ ചെന്നുകണ്ട ഞാൻ സെവിക്കുന്ന യഹൊവ ജീവനാണ ഞാൻ പറഞ്ഞല്ലാതെ ൩ സംവത്സരങ്ങളിൽ മഴയും മഞ്ഞും ഉണ്ടാകയില്ല. എന്ന പറഞ്ഞു പിന്നെ നാട്ടിൽ ക്ഷാമം ജനിച്ചാറെ ക്രീത്തതൊട്ടിന്റെ താഴ്വരയിൽ ഒളിച്ച കാക്കകൾ കൊണ്ടുവരുന്ന ആഹാരങ്ങൾ തിന്നുകയും തൊട്ടിലെവെള്ളം കുടിക്കയും ചെയ്തു.

അനന്തരം തൊട വററിപ്പൊയാറെ സറഫാത്തിലെക്ക പൊകുവാൻ കല്പനയായി അവൻ ആ നഗരത്തിന്ന പുറത്ത എത്തിയപ്പൊൾ വിറക പെറുക്കുന്ന ഒരു വിധവയെ കണ്ടു വെള്ളത്തിന്നും അപ്പത്തിന്നും ചൊദിച്ചാറെ ഒരുപിടി മാവും അല്പം എണ്ണയും അല്ലാതെ ഒന്നും ശെഷിച്ചില്ല ൨ വിറക കൊണ്ടുപൊയി ഇനിക്കും പുത്രനുമായി അസാരംവെച്ച ഭക്ഷിച്ചാൽ പിന്നെ മരണം കാത്തുകൊൾക ഉള്ളു എന്നു പറഞ്ഞപ്പൊൾ എലിയ ഭയപ്പെടെണ്ട നീ ചെന്ന അതിനെ ഒരുക്കുക ഇനിക്ക മുമ്പെ കുറെകൊണ്ടുവാ പിന്നെ നീയും മകനും തിന്നുക മാവും എണ്ണയും മഴപെയ്യുന്ന ദിവസത്തൊളം ഒടുങ്ങുകയില്ല എന്ന ഇസ്രായെലിന്റെ ദൈവം കല്പിക്കുന്നു എന്ന പറഞ്ഞു അവൾ കൊടുത്തത വാങ്ങി ഭക്ഷിച്ചു ഒരു വൎഷത്തൊളം അവളുടെ വീട്ടിൽ പാൎത്തു ആ ദൈവവചനപ്രകാരം അവർ മൂന്നുപെരും മുട്ടുകൂടാതെ കഴികയും ചെയ്തു.

പിന്നെ മഴ ഒട്ടുംഉണ്ടാകാത്ത മൂന്നുവൎഷം കഴിഞ്ഞശെഷം യഹൊവ ഞാൻ മഴപെയ്യിപ്പാൻ നിശ്ചയിച്ചിരിക്കുന്നു അതുകൊണ്ട നീ ആഹാബെ കാണ്മാൻ ചെല്ലുക എന്ന കല്പിച്ചു എലിയ ചെന്ന എത്തിയാറെ ആഹാബ ഇസ്രയെല്ക്കാരെ വലെക്കുന്ന ആൾ നീതന്നെയെല്ലൊ എന്ന ചൊദിച്ചതിന്ന ഞാൻ അല്ല നീയും നിൻ പിതാവിൻ കുഡുംബവും യഹൊവയുടെ ന്യായപ്രമാണത്തെ വെടിഞ്ഞ ബാലെ ആശ്രയിച്ച നടക്കുന്നതകൊണ്ടത്രെ യിസ്രയെല്ക്കാരെ വലക്കുന്നത എന്നുത്തരം പറഞ്ഞു. അനന്തരം രാജാവ ദീൎഘദൎശിയുടെ വാക്കിൻപ്രകാരം ബാലിന്റെ പൂജക്കാരെയും എല്ലാ ഇസ്രായെല്ക്കാരെയും കൎമ്മൽമലമെൽ വരുത്തി കൂട്ടിയാറെ എലിയാ നിങ്ങൾ രണ്ടുപക്ഷമാകുന്നത എത്രത്തൊളം യഹൊവാ ദൈവമായാൽ അവനെ വഴിപ്പെട്ടു സെവിപ്പിൻ ബാൽ ആകുന്നു എങ്കിൽ ബാലെ അനുസരിപ്പിൻ എന്നപറഞ്ഞതിന്നമിണ്ടാതെ പാൎത്ത സമയം യഹൊവാ ദീൎഘദൎശികളിൽ ഞാനത്രെ ശെഷിപ്പുള്ളു ബാലിന്നുള്ളവർ ൪൫൦ പെരുണ്ടല്ലൊ. ഒരു കാളയെ അവരും ഒരു കാളയെ ഞാനും ബലികഴിക്കട്ടെ ആരും തീ കൊളുത്തരുത. അവർ തങ്ങളുടെ ദെവനാമത്തെ വിളിക്കട്ടെ ഞാനും യഹൊവനാമത്തെ വിളിക്കും. അഗ്നിയാൽ ഉത്തരം കല്പിക്കുന്നവൻ എത്രെ ദൈവമാകെണ്ടു എന്ന പറഞ്ഞത എല്ലാവൎക്കും സമ്മതമായി. പൂജിക്കുന്നവർ ഒരു കാളയെ കൊന്ന ഒരുക്കി തറമെൽ വെച്ച ഉദയം മുതൽ ഉച്ചയൊളം ബാലെ വിളിച്ച തുള്ളി ചുററികൊണ്ടിരുന്നു ഉത്തരം ഒന്നും വാരാഞ്ഞപ്പൊൾ എലിയ പരിഹസിച്ച ബാൽ ധ്യാനിക്കുന്നുവൊ പ്രയാണമായൊ ഉറങ്ങുന്നുവൊ എന്തൊ തിണ്ണം

വിളിപ്പിൻ. എന്ന പറഞ്ഞതു കെട്ട അവർ നിലവിളിച്ച തങ്ങളെ
കുത്തി വെട്ടി മുറിച്ചുംകൊണ്ട സന്ധ്യയൊളം വെളിച്ചപ്പാട കഴി
ച്ചു എന്നിട്ടും ഉത്തരം ഉണ്ടായതുമില്ല. ബലി കഴിക്കെണ്ടുന്ന നെ
രം ആയപ്പൊൾ എലിയ ജനങ്ങളെ അടുക്കൽ വിളിച്ച ഇടിഞ്ഞു
പൊയ യഹൊവതറയെ നന്നാക്കി ചുററും കുഴിച്ച വിറക അടക്കി
കാളയെഖണ്ഡിച്ച തറമെൽ വെച്ച കുഴി നിറയൊളം ബലിയുടെ
മെൽവെള്ളം ഒഴിപ്പിച്ചശെഷം അബ്രഹാം ഇസ്സാക്ക യാക്കൊബ എ
ന്നവരുടെ ദൈവമായ യഹൊവയെ ഇസ്രയെലിൽ നീ ദൈവം
എന്നും ഞാൻ നിന്റെ ഭൃത്യൻ എന്നും ഇതൊക്കയും നിന്റെ വച
നപ്രകാരം ചെയ്തു എന്നും അറിയുമാറാകണമെ എന്ന പ്രാൎത്ഥിച്ച
ഉടനെ യഹൊവയുടെ അഗ്നി ഇറങ്ങി ബലിയെയും തൊട്ടിലെ
വെള്ളത്തെയും മററും സംഹരിച്ചു ജനം എല്ലാം മുഖം കവിണ്ണു വീ
ണു യഹൊവ തന്നെ ദൈവം എന്ന വിളിച്ച വന്ദിച്ചാറെ എലി
യാ ബാളിന്റെ പൂജക്കാരെ പിടിച്ച കൊല്ലിക്കയും ചെയ്തു. പിന്നെ
നാട്ടിലെ വറൾച്ചയെ കണ്ട മഴയുണ്ടാകുവാൻ ൭ വട്ടം പ്രാൎത്ഥിച്ചു
ബാല്യക്കാരനെ ൭ പ്രാവിശ്യം പടിഞ്ഞാറൊട്ട നൊക്കുവാൻ നി
യൊഗിച്ചു അവൻ ൭മത നൊക്കിയപ്പൊൾ കടലിൽനിന്ന ഒരു
ചെറുമെഘം കരെറുന്നത കണ്ടപ്രകാരം അറിയിച്ചു. പിന്നെ എ
ലിയാ ആഹാബെ തെരിൽ കരെററി രാജധാനിക്കയച്ചാറെ ആ
കാശം കറുത്ത വന്മഴ പെയ്യുകയും ചെയ്തു.

അനന്തരം ആഹാബിന്റെ പുത്രനായ അഹസ്യാക്ക ദീനം പി
ടിച്ചു തനിക്ക സൌഖ്യം ഉണ്ടാകുമൊ എന്ന പലിസ്തിയ ദെവനാ
യ ബാൽസെബ്ബുബിനൊട ചൊദിപ്പാൻ എക്രൊനിൽ ദൂതരെ
അയച്ചപ്പൊൾ എലിയാ അവരെ എതിരെററ ഇസ്രയെലിൽ ദൈ
വം ഇല്ല എന്ന വെച്ചൊ നിങ്ങൾ എക്രൊനിൽ പൊകുന്നത ഗു
ണം വരാതെ നീ മരിക്കും നിശ്ചയം എന്ന യഹൊവയുടെ അ
രുളപ്പാടാകുന്നു എന്ന പറഞ്ഞപ്പൊൾ ദൂതൻ മടങ്ങി അഹസ്യയെ
ചെന്ന കണ്ട രൊമകുപ്പായം ധരിച്ചുള്ള ഒരുത്തൻ ഞങ്ങളെ എ
തിരെററ രാജാവ നിശ്ചയമായി മരിക്കും എന്ന കല്പിച്ച കെട്ടപ്ര
കാരം ബൊധിപ്പിച്ചാറെ അഹസ്യ അയാൾ എലിയാ തന്നെ എ
ന്നുചൊല്ലി അവനെ കെട്ടി കൊണ്ടുവരെണ്ടതിന്ന ൫൦ ഭടന്മാരെ
നിയൊഗിച്ചയച്ചു അവർ മലകരെറി എലിയയുടെ അരുക്കൽ എ
ത്തിയപ്പൊൾ തലവൻ ഹെ ദൈവപുരുഷ രാജാവിന്റെ കല്പന
പ്രകാരം നീ ഇറങ്ങി വാ എന്ന പറഞ്ഞു അപ്പൊൾ എലിയ ഞാൻ
ദൈവപുരുഷനായാൽ സ്വൎഗ്ഗത്തിൽനിന്ന അഗ്നി വീണ നിന്നെ
യും നിന്റെ ൫൦ ഭടന്മാരെയും സംഹരിച്ചുകളക എന്ന കല്പിച്ചു
അപ്രകാരവും സംഭവിച്ചു. അതിന്റെ ശെഷം രാജാവ മറെറാ
രുത്തനെ ൫൦ ആളുകളൊടകൂടെ അയച്ചു അവരും തീയാൽ നശി
ച്ചു മൂന്നാമതും ഒരുവൻ ചെന്ന എത്തി വണങ്ങി ദൈവപുരുഷക
രുണ വിചാരിച്ച ഞങ്ങളെ സംഹരിക്കാതിരിക്കെണമെ എന്ന അ
പെക്ഷിച്ചപ്പൊൾ എലിയാ ദൈവവചനപ്രകാരം അവനൊടുകൂ
ടെ മലയിൽനിന്ന ഇറങ്ങി രാജാവിനെ ചെന്നുകണ്ട ഇസ്രയെ
ലിൽ ദൈവം ഇല്ല എന്നപൊലെ എക്രൊനിൽ വാഴുന്ന ബാൽ
സെബ്ബുബിനൊട ചൊദിപ്പാനായി ദൂതരെ അയച്ചതിനാൽ ൟ

മിനത്തിന്ന ഗുണംവരാതെ നീ മരിക്കും നിശ്ചയിച്ചു എന്ന യഹൊവയുടെ അരുളപ്പാടാകുന്നു എന്ന പറഞ്ഞു അഹസ്യ ഏലിയാവിന്റെ വചനപ്രകാരം മരിക്കയും ചെയ്തു.

## ൨൫ എലിശാ.

എലിയാ ദൈവനിയൊഗപ്രകാരം തന്റെ ശിഷ്യനായ എലിശായെ സ്വസ്ഥാനത്തിൽ ആക്കിയശെഷം യഹൊവ അവനെ കൊടുങ്കാറ്റിൽ കൂടി സ്വൎഗ്ഗത്തിൽ കരെറുമാറാക്കി അവന്റെ ആത്മശക്തിയും എലിശാമെൽ അധിവസിച്ചു. എലിശാ പിന്നെ ബെത്തെലിലെക്ക കരെറിപൊകുമ്പൊൾ ബാല്യക്കാർ എതിരെറ്റ അവനെ നിന്ദിച്ചു മൊട്ടത്തലയാ കരെറിവാ എന്ന വിളിച്ചപ്പൊൾ അവൻ ഇപ്പൊൾ ക്ഷമിക്കെണ്ടുന്ന സമയമല്ല എന്നറിഞ്ഞ അവരെ യഹൊവനാമത്തിൽ ശപിച്ചാറെ കാട്ടിൽനിന്ന രണ്ട കരടികൾ പാഞ്ഞവന്ന ആ ദൂഷണക്കാരെ ൪൨ പെരെയും കീറികളകയും ചെയ്തു.

അനന്തരം എലിശാ ഒരു സ്ഥലത്ത വന്നു ഒരു ദീൎഘദൎശിയുടെ വിധവ അവനെ കണ്ടപ്പൊൾ എൻ ഭൎത്താവ മരിച്ചുപൊയി ഇപ്പൊൾ കടക്കാർ എന്റെ രണ്ടുപുത്രന്മാരെ അടിമകളാക്കി കൊണ്ടുപൊകുവാൻ വന്നിരിക്കുന്നു എന്ന സങ്കടപ്പെട്ടു പറഞ്ഞപ്പൊൾ എലിശാ നിന്റെ വീട്ടിൽ എന്തുണ്ട എന്ന ചൊദിച്ചതിന്ന അവൾ നിന്റെ ദാസിക്ക ഒരുകുടം എണ്ണമാത്രം ഉണ്ട എന്ന പറഞ്ഞാറെ നീ പൊയി അയല്ക്കാരികളൊട ഒഴിഞ്ഞ പാത്രങ്ങളെ ചൊദിച്ച വാങ്ങി പിന്നെ നീയും പുത്രന്മാരും അകത്തുപ്രവെശിച്ച വാതിൽ പൂട്ടി എണ്ണ കുടത്തിൽ നിന്ന പാത്രങ്ങളിൽ വക്കൊളം പകൎന്ന നിറെക്ക എന്ന കല്പിച്ചു അവൾ അപ്രകാരം ചെയ്തു പാത്രങ്ങളെ നിറച്ചുതീൎന്നാറെ മകനൊട ഇനിയും ഒരു പാത്രം കൊണ്ട കൊടുക്ക എന്നു പറഞ്ഞതിന്ന പാത്രം എല്ലാം നിറഞ്ഞു എന്ന ചൊന്നാറെ എണ്ണ തീൎന്നുപൊയി പിന്നെ എലിശാ എണ്ണയെ വിറ്റ നിന്റെ കടം തീൎത്തശെഷം ഉള്ളതുകൊണ്ട നീയും പുത്രന്മാരും അഹൊവൃത്തി കഴിച്ചുകൊൾക എന്ന പറകയും ചെയ്തു. അനന്തരം സുറിയരാജാവിന്റെ പടനായകനായ നായമാന്ന കുഷ്ഠരൊഗം പിടിച്ചു അവന്റെ ഭാൎയ്യയുടെ ദാസിയായ ഒരു ഇസ്രയെല്യസ്ത്രീ അതിനെ കണ്ടപ്പൊൾ എന്റെ യജമാനൻ ശമൎയ്യയിൽ പാൎക്കുന്ന ദീൎഘദൎശിയെ ചെന്നുകണ്ടാൽ കൊള്ളാം ആയവൻ രൊഗശാന്തിവരുത്തും എന്ന ബൊധിപ്പിച്ചാറെ നായമാൻ വളരെ സമ്മാനങ്ങളെ എടുത്ത രഥത്തിൽ കയറി ഇസ്രയെൽ നാട്ടിലെക്ക യാത്രയായി അവൻ ദീൎഘദൎശിയുടെ ഭവനത്തിന്റെ ഉമ്മറത്ത എത്തി അവസ്ഥ അറിയിച്ചാറെ എലിശാ നീ ചെന്ന യൎദ്ദനിൽ ൭ വട്ടം കുളിക്ക എന്ന പറയിച്ചു നായമാൻ അതിനെ കെട്ടപ്പൊൾ ക്രുദ്ധിച്ച പുറത്ത വന്ന നിന്നു അവൻ തന്റെ ദൈവമായ യഹൊവനാമത്തെ വിളിച്ചു കൈകൊണ്ട രൊഗസ്ഥലത്ത തടവികൊണ്ട കുഷ്ഠരൊഗത്തെ നീക്കുംഎന്ന ഞാൻ വിചാരിച്ചിരുന്നു ദമസ്കിലെ നദികൾ ഇസ്രയെലിലെ വെള്ളങ്ങളെക്കാൾ ഗുണം എറയുള്ളതല്ലയൊ എന്ന പറഞ്ഞാറെ അവന്റെ ആളുകൾ അച്ഛ

ആ മീഷ്ഖദശി ഒരു വലിയ കാൎയ്യം ചെയ്വാൻ കല്പിച്ചു എങ്കിൽ നീ ചെയ്യുകയില്ലയൊ കുളിക്ക എന്നാൽ ശുദ്ധനായിതീരും എന്ന പറഞ്ഞാൽ എത്ര അധികം ചെയ്യാവു എന്ന പറഞ്ഞ സമ്മതിപ്പിച്ചു അപ്പൊൾ അവൻ ഇറങ്ങി യൎദ്ദൻനദിയിൽ ൭ വട്ടം മുഴുകിയാറെ കുഷ്ഠം മാറി അവന്റെ ശരീരം ഒരു ബാലന്റെ ശരീരംഎന്നപൊലെ ശുദ്ധമായി അതിന്റെശെഷം അവൻ മടങ്ങിചെന്ന എലിശായെകണ്ട ഇസ്രയെലിൽ അല്ലാതെ ഭൂമിയിൽ എങ്ങും ഒരു ദൈവം ഇല്ല എന്നുഞാൻ ഇപ്പൊൾ അറിഞ്ഞിരിക്കുന്നു എന്നുചൊല്ലി ലഭിച്ച ഉപകാരത്തിന്നായി സമ്മാനങ്ങളെയും വെച്ചു എന്നാൽ മീഷ്ഖദശി ഞാൻ സെവിക്കുന്ന യഹൊവ ജീവനാണെ ഞാൻ ഒന്നും എടുക്കുക ഇല്ല നീ സമാധാനത്തൊടെ പൊയികൊൾക എന്ന പറഞ്ഞയച്ചു അനന്തരം നായമാൻ യാത്രയായാറെ എലിശായുടെ ഭൃത്യനായ ഗഹാസി സമ്മാനമൊഹത്താൽ വഴിയെ ചെന്ന എത്തി ഇപ്പൊൾ തന്നെ രണ്ടു മീഷ്ഖദശിമാർ എന്റെ വീട്ടിൽവന്നു അവൎക്കവെണ്ടി ഒരുതാലന്ത വെള്ളിയെയും രണ്ടുകൂട്ടം വസ്ത്രങ്ങളെയും കൊടുത്തയക്കെണം എന്ന യജമാനന്റെ അപെക്ഷ എന്ന വ്യാജംപറഞ്ഞ വസ്തുക്കൾ വാങ്ങി തിരിച്ചുപൊയി മറച്ചു വീട്ടിൽ എത്തിയപ്പൊൾ എവിടെനിന്ന വരുന്നു എന്ന എലിശാ ചൊദിച്ചാറെ ഗഹാസി ഞാൻ എങ്ങും പൊയിട്ടില്ല എന്നുത്തരം പറഞ്ഞു അതിന്ന മീഷ്ഖദശി നായമാൻ രഥത്തിൽനിന്ന ഇറങ്ങി നിന്നെ എതിരെറ്റത ഞാൻ കണ്ടില്ലയൊ ദ്രവ്യവും വസ്ത്രങ്ങളും വാങ്ങി നിലം പറമ്പുകളെയും മറ്റും മെടിക്കെണ്ടതിന്ന ഇപ്പൊൾ സമയമൊ നായമാനിൽനിന്ന മാറിയ കുഷ്ഠം നിന്നിലും സന്തതിയിലും ജീവപൎയ്യന്തം ചെന്ന നില്ക്കും എന്ന കല്പിച്ചു ഭൃത്യൻ കുഷ്ഠരൊഗിയായി വരികയും ചെയ്തു.

അനന്തരം ഇസ്രായെൽ രാജാവ സുറിയരൊട പട കൂടിയപ്പൊൾ എലിശാ ശത്രുപാളയത്തിൽ നടക്കുന്നതെല്ലാം രാജാവിനെ അറിയിച്ചു. സുറിയ രാജാവ ആയതിനെ കെട്ടറിഞ്ഞാറെ കൊപിച്ചു എലിശാ പാൎത്തുവരുന്ന ദൊദാൻ പട്ടണത്തെ വളഞ്ഞ മീഷ്ഖദശിയെ പിടിച്ച കൊണ്ടുവരുവാൻ സൈന്യങ്ങളെ അയച്ചു ശത്രുക്കൾ രാത്രിയിൽ എത്തി പട്ടണത്തെ വളഞ്ഞു മീഷ്ഖദശിയുടെ ബാലകൻ ഉഷസ്സിങ്കൽ എഴുനീറ്റ ശത്രുസൈന്യത്തെയും തെർ കുതിരകളെയും കണ്ടപ്പൊൾ യജമാനനെ അയ്യൊകഷ്ടം നാം എന്തുചെയ്യെണ്ടു എന്ന വിളിച്ചുപറഞ്ഞാറെ എലിശാ പെടിക്കെണ്ട നമ്മുടെ പക്ഷമായി നില്ക്കുന്നവർ ഇവരെക്കാൾ അധികമുള്ളവരാകുന്നു എന്നപറഞ്ഞ പ്രാൎത്ഥിച്ച ശെഷം യഹൊവ ആ ബാലകന്റെ കണ്ണുകളെ തുറന്നു ആയവൻ നൊക്കിയപ്പൊൾ മലമെൽ നിറഞ്ഞും എലിശായെ ചുറ്റിനിന്നും കൊണ്ടിരിക്കുന്ന അഗ്നി മയമായ തെർ കുതിരകളെ കാണുകയും ചെയ്തു. അവർ ദൈവദൂതന്മാർ എല്ലാവരും രക്ഷയെ അനുഭവിക്കെണ്ടിയവരുടെ ശുശ്രൂഷക്കായി നിയൊഗിച്ചയച്ച ആത്മാക്കൾ അല്ലയൊ.

## ൪൯ അശ്ശൂരിലെ അടിമ.

ആഹാബിന്റെ ശെഷം ൧൨ രാജാക്കന്മാർ ക്രമത്താലെ ദെശ

ഗൊത്രരാജ്യത്തെ ഭരിച്ചതിൽ ഒരൊരുത്തൻ മററവനെ കൊന്നും തള്ളിയും താൻ കരെറി വാണ മറെറാരുത്തൻെറ അതിക്രമത്താൽ കഴിഞ്ഞുപൊയതിനാൽ അവരുടെ വാഴ്ചകാലം അല്പമത്രെ ആകുന്നു സുറിയക്കാർ ഇസ്രയെൽ രാജ്യത്തെ അതിക്രമിച്ച കവൎച്ചയും പല നാശവും ചെയ്തു പൊന്നു ദീൎഘദൎശിമാർ ബുദ്ധിചൊല്ലി ദൈവത്തിൻെറ ഭയങ്കരവിധികളെ പണിപ്പെട്ടറിയിച്ചാറെയും ജനങ്ങൾക്ക ബൊധംവരാതെ ബിംബസെവകളിലും മഹാ പാതകങ്ങളിലും തന്നെ രസിച്ചലയിച്ചുപൊകയും ചെയ്തു.

ഒടുവിൽ ബലമുള്ള അശ്ശൂൎയ്യ സെനകൾ വന്നു രാജ്യത്തെ പിടിച്ചടക്കി കപ്പം വാങ്ങികൊണ്ടിരുന്നു ഹൊശെയ രാജാവ അശ്ശൂർ രാജാവായ ശൽമനസ്സരൊട ചെയ്ത സന്ധി കറാരെ ലംഘിച്ചപ്പൊൾ അവൻ സൈന്യങ്ങളൊട കൂടെ ചുഴലിക്കാററ എന്ന പൊലെ വന്നു ശമൎയ്യ പട്ടണത്തെ നശിപ്പിച്ചു ൧൦ ഗൊത്രക്കാരെ വാൎദ്ധത്ത ദെശത്തനിന്ന അൎമ്മിന്യ മുതലായ അന്യദെശങ്ങളിലെക്ക കൊണ്ടുപൊയി പാൎപ്പിച്ചു. അല്പം ആളുകളെ മാത്രം ഇസ്രയെൽ നാട്ടിൽ വസിപ്പാൻ സമ്മതിച്ചുള്ളൂ. അതിൻെറ ശെഷം അശ്ശൂൎയ്യ രാജാവ സൂരിയ മെസൊപതാമ്യ മുതലായ നാട്ടുകാരെ വരുത്തി പാഴായി തീൎന്ന നാട്ടിൽ കുടിയിരുത്തി ഒരു ആചാൎയ്യനെ വെച്ച ദൈവമാൎഗ്ഗത്തെ അവൎക്ക ഉപദെശിപ്പിച്ചു. ഇപ്രകാരം ൧൦ ഗൊത്ര രാജ്യം ഒടുങ്ങി അതിൽ ശെഷിച്ച ഇസ്രയെല്ക്കാരും അങ്ങൊട്ടു ചെന്ന പാൎത്തു വരുന്ന പുറജാതിക്കാരും ഇട കലൎന്നു പൊകയാൽ ശമൎയ്യർ എന്ന വകക്കാർ ഉണ്ടായി വരികയും ചെയ്തു.

## ൪൭ ദീൎഘദൎശിയായ യൊന.

അശ്ശൂൎയ്യ ദെശത്തിലെക്കും യഹൊവ ഇസ്രയെലിൽനിന്ന ഒരു ദീൎഘദൎശിയെ നിയൊഗിച്ചത പറയാം ആ രാജ്യത്തിലെ പ്രധാനനഗരമായ നിനവെക്ക അത്യന്തം ശൊഭയും മൂന്നു ദിവസത്തെ വഴി വിസ്താരവുമായിരുന്നു അതിൽ നടന്നു വരുന്ന ദൊഷങ്ങളെ യഹൊവ കണ്ടിട്ടു യൊന എന്നവനൊട നീ എഴുനീററ വലിയ നിനവെ പട്ടണത്തിൽ ചെന്ന ജനങ്ങളൊട അനുതാപം ചെയ്വാൻ ഘൊഷിച്ച പറെക. അവരുടെ ദുഷ്ടത എൻെറ അരികിൽ എത്തിയിരിക്കുന്നു എന്ന കല്പിച്ചപ്പൊൾ യൊന അനുസരിയാതെ ഒരു കപ്പൽ കരെറി പടിഞ്ഞാറൊട്ടൊടി പൊയാറെ യഹൊവ കൊടുങ്കാററ വരുത്തി അടിപ്പിച്ചു കപ്പലിന്ന ചെതം വരും എന്നു കണ്ട എല്ലാവരും ഭയപ്പെട്ടു ഒരൊരൊ കുല ദെവതകളെ വിളിച്ചു. ഭാരം കുറെപ്പാൻ ചരക്കും കടലിൽ ഇട്ടുകളഞ്ഞു യൊന കപ്പലിൻെറ കീഴ്മുറിയിൽ കിടന്നുറങ്ങിയപ്പൊൾ കപ്പൽപ്രമാണി ഹെ നീ ഉറങ്ങുന്നുവൊ എഴുനീററ നിൻെറ ദൈവത്തെ വിളിക്ക എന്ന കല്പിച്ചു മററവർ ൟ ആപത്ത ആരുടെ നിമിത്തം നമ്മുടെ മെൽ വന്നിരിക്കുന്നു എന്ന അറിവാനായി നാം ചീട്ടിടുക എന്ന തമ്മിൽ തമ്മിൽ പറഞ്ഞ ചീട്ടുഇട്ടു യൊന തന്നെ കുററക്കാരൻ എന്ന തെളിഞ്ഞു. എന്നാറെ അവൻ എന്നെ എടുത്ത കടലിൽ ചാട്ടികളവിൻ എന്നാൽ സമുദ്രത്തിന്ന അടക്കം വരും എന്ന പറഞ്ഞപ്പൊൾ അവർ യഹൊവയെ ൟ ആൾ നിമിത്തമായി ഞങ്ങളെ ഒടുക്കുകയും

കുററമില്ലാത്ത രക്തത്തെ ഞങ്ങളുടെ മെൽ വെക്കയും ചെയ്യരുതെ എന്ന പ്രാൎത്ഥിച്ചു. പിന്നെ യൊനയെ എടുത്ത കടലിൽ ഇട്ടുകളഞ്ഞു അത ശമിച്ചാറെ ജനങ്ങൾ ദൈവത്തെ എററവും ഭയപ്പെട്ട ബലിയും നെൎച്ചകളും കഴിക്കയും ചെയ്തു. അനന്തരം ഒരു വലിയ മത്സ്യം യൊനയെ വിഴുങ്ങി. ദൈവ കടാക്ഷത്താൽ നാശം ഒന്നും വരാതെ മൂന്നരാപ്പകൽ കഴിഞ്ഞ ശെഷം അവനെ കരമെൽ ഛൎദ്ദിച്ചുകളഞ്ഞു. എന്നാറെ യഹൊവ രണ്ടാമതും അവനൊട നീ എഴുനീററ നിനവെ പട്ടണത്തിലെക്ക ചെന്ന ഞാൻ പറയുന്നതിനെ ഘൊഷിച്ചു പറെക എന്ന കല്പിച്ചപ്പൊൾ അവൻ ചെന്നെത്തി ഇനി ൪൦ ദിവസം ഉണ്ട അപ്പൊൾ നിനവെ ഒടുങ്ങിപൊകും എന്ന വിളിച്ചറിയിച്ചാറെ ജനങ്ങൾ ഭയപ്പെട്ട ഉപവാസം കഴിച്ച രട്ടുകളെ ഉടുത്ത രാജാവും ദുഃഖിച്ച മനുഷ്യരും മൃഗങ്ങളും ഉപൊഷിച്ച താല്പൎയ്യമായി ദൈവത്തൊട നിലവിളിച്ചു. ഒരൊരുത്തൻ തന്റെ ദുൎമ്മാൎഗ്ഗത്തെ വിട്ട മനസ്സു തിരിച്ചു കൊൾവിൻ പക്ഷെ ദൈവം കരുണ വിചാരിച്ചു വരെണ്ടുന്ന നാശത്തെ നീക്കികളയും എന്ന പട്ടണത്തിൽ എങ്ങും പ്രസിദ്ധമാക്കി അനന്തരം ജനങ്ങൾ അനുതാപപ്പെട്ടു ദൈവം കരുണ കാട്ടി പട്ടണത്തെ രക്ഷിച്ചപ്പൊൾ യൊന മുഷിഞ്ഞ ജീവനെക്കാൾ ഇനിക്ക മരണം നല്ല എന്ന പറഞ്ഞു പട്ടണത്തിന എന്തു സംഭവിക്കും എന്ന കാണെണ്ടതിന്ന പുറത്തുപൊയി ഒരു കുടിൽ ഉണ്ടാക്കി അതിൽ പാൎത്തു അന്ന രാത്രിയിൽ ദൈവം ഒരു ചുരയെ മുളപ്പിച്ചു യൊന തന്റെ മീതെ പടരുന്നത കണ്ടപ്പൊൾ സന്തൊഷിച്ചാശ്വസിച്ചു പിറെറ ദിവസം രാവിലെ ഒരു പുഴു ആ ചുരയെ കടിക്കയാൽ ഉണങ്ങിപൊയി പിന്നെ വെയിൽ യൊനയുടെ തലക്ക തട്ടിയ സമയം അവൻ തളൎന്ന മരിച്ചാൽ കൊള്ളാം എന്ന പിന്നയും പറഞ്ഞു അപ്പൊൾ ദൈവം നീ മുഷിച്ചിലായിരിക്കുന്നത ന്യായമൊ എന്ന ചൊദിച്ചതിന്ന യൊന ഞാൻ മരണം വരെ മുഷിഞ്ഞിരിക്കുന്നത ന്യായം തന്നെ എന്ന പറഞ്ഞാറെ ദൈവം നീ നട്ടുവളൎത്താതെ ഒരു രാത്രിയിൽ ഉണ്ടായ്വന്നും നശിച്ചും ഇരിക്കുന്ന ആ ചുരനിമിത്തം നിനക്ക കനിവുണ്ട ഇനിക്കൊ ഇടവും വലവും തിരിയാത്ത നൂററിരുപതിനായിരത്തിൽ പരം ആളുകളും അനെകം നാല്ക്കാലികളും ഉള്ള വലിയ പട്ടണമായ നിനവയൊട കനിവ തൊന്നാതിരിക്കുമൊ എന്ന കല്പിക്കയും ചെയ്തു.

## ൪൨ യഹൂദ രാജ്യത്തിലെ അന്ത്യ രാജാക്കന്മാർ.

രാജ്യം രണ്ടായി പിരിഞ്ഞുപൊയ ശെഷം യരുശലെമിൽ ൩൭൦ സംവത്സരത്തിനകം ദാവിദ വംശക്കാരായ ൨൦ രാജാക്കന്മാർ ക്രമത്താലെ ഭരിച്ചു ൧൦ ഗൊത്രരാജ്യം ഒടുങ്ങിയതിൽ പിന്നെ യഹൂദരാജ്യം നൂററിമ്പതിലധികം വൎഷം അവൎക്ക തന്നെ ശെഷിച്ചു നിന്നിരുന്നു. യഹൂദരാജാക്കന്മാരിലും യൊശഫത്ത ഹിസ്കിയ യൊശിയ മുതലായവർ ഒഴികെ ശെഷമുള്ളവർ മദ്ധ്യമന്മാരും അധമന്മാരുമായി യഹൊവയെ വിട്ട ബിംബാരാധന മുതലായ ദൊഷങ്ങളെയും ചെയ്തുകൊണ്ടിരുന്നു. ആഹസ്സ ബാൾ ദെവന്ന യരുശലെമിലെ വീഥികളിൽ പീഠങ്ങളെ ഉണ്ടാക്കിച്ച ദൈവാലയ

ത്തിലെ വാതിലിനെ അടച്ചുകളഞ്ഞു. അവന്റെ പുത്രനായ ഹിസ്കിയ യഹൊവായെ ഭയപ്പെട്ടിട്ട അതിനെ പിന്നയും തുറന്നവെച്ചു ബിംബങ്ങളെയും പട്ടണത്തിൽനിന്ന പുറത്താക്കികളഞ്ഞു. പിന്നെ പിതാക്കന്മാരുടെ ദൈവത്തിങ്കലെക്ക തിരിഞ്ഞുകൊണ്ട വെസഹപെരുന്നാൾ യരുശലെമിൽ വെച്ച കൊണ്ടാടുവാൻ ൧൦ ഗൊത്രക്കാരെ ക്ഷണിച്ചു. ആയവർ അശ്ശൂരിലെ അടിമെക്ക പൊകെണ്ടി വന്നപ്പൊൾ അനെകം യിസ്രയെല്ക്കാർ തങ്ങളുടെ ദെശം വിട്ട ഓടിപ്പൊയി യഹൂദരാജ്യത്തിൽ വന്ന ഹിസ്കിയയെ ആശ്രയിച്ച പാൎക്കയും ചെയ്തു. സല്മനസ്സരുടെ ശെഷം അശ്ശൂരിൽ വാഴുന്ന സൻഹെരിബ് സൈന്യങ്ങളെ അയച്ച യഹൂദരാജ്യത്തിലെ ഉറപ്പുള്ള പട്ടണങ്ങളെ പിടിച്ച യരുശലെമിനെയും വളഞ്ഞു. അവൻ ജീവനുള്ള ദൈവത്തെ ദൂഷിച്ചപ്പൊൾ ഹിസ്കിയ സ്വവസ്ത്രങ്ങളെ കീറി ഇസ്രയെൽ ദൈവത്തൊട പ്രാൎത്ഥിച്ചു എന്നാറെ യഹൊവായുടെദൂതൻ പുറപ്പെട്ട അശ്ശൂൎയ്യപാളയത്തിൽ വന്ന ഒരു രാത്രിയിൽ തന്നെ ൧൮൫൦൦൦ ആളുകളെ സംഹരിച്ചശെഷം സൻഹെരിബ ശെഷിച്ചവരൊട കൂടെ നിനവയിലെക്ക മടങ്ങി പൊകയും ചെയ്തു,

അനന്തരം ഒരു മഹാ വ്യാധി പിടിച്ച ഹിസ്കിയ വലഞ്ഞുകിടന്ന സമയം ദീൎഘദൎശിയായ യശായ അവന്റെ അടുക്കൽ ചെന്ന നീ മരിക്കുമാറാകയാൽ നിന്റെ ഗൃഹകാൎയ്യങ്ങളെ ക്രമപ്പെടുത്തുക എന്ന ചൊന്നാറെ ഹിസ്കിയ കരഞ്ഞു ആയുസ്സ നീട്ടിത്തരുവാൻ ദൈവത്തൊട അപെക്ഷിച്ചു. യശായ വീട്ടിലെക്ക പൊകുമ്പൊൾ യഹൊവ കല്പിച്ചു നീ മടങ്ങി ചെന്ന ഹിസ്കിയയൊട ഞാൻ നിന്റെ പ്രാൎത്ഥന കെട്ട കണ്ണുനീരും കണ്ടിരിക്കുന്നു ഞാൻ ഇനിയും ൧൫ വൎഷത്തൊളം ആയുസ്സ തരും എന്ന പറക യശായ ചെന്ന പറഞ്ഞു അത്തിപ്പഴം കൊണ്ട ഒരു കുഴമ്പുണ്ടാക്കി പരുവിന്മെൽ ഇട്ട മൂന്ന ദിവസം കഴിഞ്ഞാറെ രാജാവിന്ന സൌഖ്യം വന്നു. അവൻ ദൈവാലയത്തിൽ ചെന്ന ദൈവത്തെ വാഴ്ത്തുകയും ചെയ്തു. ഹിസ്കിയയുടെ ദുഷ്ട പുത്രനായ മനശ്ശെ ൫൫ വൎഷം വാണു ഭക്തനായ പിതാവിന്റെ ചട്ടങ്ങളെ എല്ലാം നീക്കി ജനങ്ങളെ വീണ്ടും വിഗ്രഹാരധനയിലെക്ക തന്നെ തിരിച്ചു മരിക്കും മുമ്പെ അവൻ ബാബെലിലെക്ക അടിമയായി പൊകെണ്ടി വന്നു. അവിവിടെ വെച്ച തന്നെത്താൻ താഴ്ത്തിയതിനാൽ ദൈവം അവന്റെ പ്രാൎത്ഥനയെ കെട്ട സ്വരാജ്യത്തെക്ക തന്നെ തിരികെ വരുത്തിയാറെ അവൻ യരുശലമിൽ നിന്ന ബിംബാരാധന നീക്കി വസിച്ചു. അവന്റെ പുത്രനായ അമ്മൊൻ തനിക്ക മുമ്പെയുള്ള സകല രാജാക്കന്മാരെക്കാളും അധികം ദൊഷവാനായി അവൻ ൨ വൎഷം രാജ്യം ഭരിച്ചു മരിച്ച ശെഷം ൮ വയസ്സുള്ള മകനായ യൊസിയാ വാഴ്ച പ്രാപിച്ചു അവൻ ൧൬ വയസ്സൊളം മഹാചാൎയ്യന്റെ കീഴിൽ ഇരുന്നു. അതിന്റെ ശെഷം രാജ്യഭാരം എററ ബിംബങ്ങളെ നാട്ടിൽനിന്ന നീക്കി ജീൎണ്ണമായ ദൈവാലയത്തെയും വെടിപ്പാക്കിയപ്പൊൾ മനശ്ശെയുടെ കാലത്തിൽ കാണാതെ പൊയ മൊശയുടെ ന്യായ പ്രമാണ പുസ്തകത്തെ കണ്ടുകിട്ടി രാജാവ വായിപ്പിച്ച അതിൽ പറഞ്ഞ ശാപവാക്കുകളെ കെട്ടപ്പൊൾ ഭ്രമിച്ച

തന്റെ വസ്ത്രങ്ങളെ കീറികളഞ്ഞാറെ ദൈവനിയോഗത്താൽ ഒരു ദീഘദൎശി നീ അവനോട അറിയിച്ച ൟ വാക്കുകളെ കെട്ട മനസ്സുരുകിയതുകൊണ്ട നീ സമാധാനത്തോടെ ശവക്കുഴിയിൽ ഇറങ്ങി ഞാൻ ൟ സ്ഥലത്ത വരുത്തുന്ന നാശത്തെ കാണാതെ ഇരിക്കും എന്നത കെട്ടിട്ട അവൻ ഉത്സാഹിച്ച മൊശെയുടെ ന്യായപ്രമാണത്തിൽ കല്പിച്ച എല്ലാ ചട്ടങ്ങളെയും ഇസ്രയെലിൽ വീണ്ടും സ്ഥാപിച്ചു. ഒരു ജന സമൂഹത്തിന്ന മുമ്പാകെ ആ തിരുവെഴുത്ത കെൾപ്പിച്ചു അതിൻവണ്ണം നടക്കെണ്ടതിന്ന ജനങ്ങളുമായി നിൎണ്ണയിച്ചു അതല്ലാതെ അവൻ ബെത്തെലിലുള്ള ബാൽതറയെ തകൎത്ത ശവക്കുഴികളിൽ നിന്ന അസ്ഥികളെ എടുത്ത ഒരു ദീഘദൎശി മുമ്പെ അറിയിച്ചപ്രകാരം അവറ്റെ തംമെൽ ഇട്ട ദഹിപ്പിച്ചു. അവൻ മരിച്ച ശെഷം പുത്ര പൌത്രരും അല്പ കാലമെ വാണുള്ളു. ദൈവത്തിന്റെ വിധി കാലം അടുത്തിരിക്കുന്നു എന്ന പല അടയാളങ്ങളാൽ കാണ്മാറായി വരികയും ചെയ്തു.

## ൩൯ ദീഘദൎശിമാർ.

ആ അടയാളങ്ങളുടെ അൎത്ഥം ജനങ്ങളൊട തെളിയിച്ച പറഞ്ഞവർ ദീഘദൎശിമാർ തന്നെ. ദിവ്യജ്ഞാനത്തെ ജനങ്ങൾക്ക ഉപദെശിപ്പാനും നടപ്പായി വന്ന ദുഷ്കൎമ്മങ്ങളെ വിരൊധിപ്പാനും ദൈവം താണവരിൽനിന്നും ശ്രെഷ്ഠന്മാരിൽനിന്നും അവരെ നിൎമ്മിച്ചയച്ചു. യശായ ദാന്യെൽ എന്നവർ രാജവംശക്കാരും യിറമിയാവും ഹെസ്കിയാവും ആചാൎയ്യന്മാരും എലിയാവ്. എലിശാവ്. യൊന. മിഖാ. എന്നവർ നഗരക്കാരും ആമൊച് ഇടയനുമായിരുന്നു. ബാബെൽ രാജ്യം ചെറിയതും ശക്തി കുറഞ്ഞതുമായ സമയം യശായ അതുവളൎന്ന സമ്പത്ത എറ്റം എന്നും ശെഷം അതിബലവാനായ കൊരശ എന്ന പെൎസി രാജാവ അതിനെ മറിച്ചുകളയും എന്നും അറിയിച്ചു. യിറമിയാ കല്ദായക്കാരാൽ ഉണ്ടാകുന്ന യരുശലെം നാശവും ആ പട്ടണം പാഴായി കിടക്കെണ്ടുന്ന വൎഷകണക്കും സൂചിപ്പിച്ചു. ഹെസ്കിയെലും യഹൂദ ഭവനത്തിന നാശത്തെ അറിയിച്ചു ദിവ്യശിക്ഷകളെയും പല വിധെന വൎണ്ണിച്ചു. ഇങ്ങിനെ ദീഘദൎശിമാർ ദൈവ വിധികളെ എത്രയും സ്പഷ്ടമായി പറഞ്ഞു പൊരുന്നു എങ്കിലും അനുതാപപ്പെട്ട ദൈവത്തൊട ഇണങ്ങുവാൻ മനസ്സുണ്ടായില്ല.

ദീഘദൎശിമാർ അറിയിക്കെണ്ടുന്ന വിശെഷങ്ങളെ പലപ്പൊഴും ഉപമകളെ ചൊല്ലി തെളിയിച്ചു. യിറമിയാ കുശവന്റെ പണിയെ മനസ്സിൽ ഓൎത്ത പറഞ്ഞത ജനങ്ങൾ അശുദ്ധ പാത്രങ്ങളെ കഴുകി കവിഴ്ത്തുന്നപ്രകാരം ദൈവം യരുശലെമിനെ മറിച്ചുകളയും ഹെ ഇസ്രയെൽ ഭവനക്കാരെ കുശവൻ ചക്രത്തിൽ വെച്ച കൈയാൽ ഉണ്ടാക്കുന്ന പാത്രം വിരൂപമായി പൊയാൽ അതിനെ കുഴച്ച ഉരുട്ടി മറ്റൊരു പാത്രം തീൎക്കുന്നതുപൊലെ ഇനിക്കും നിങ്ങളൊട ചെയ്യാമൊയെന്ന യഹൊവയുടെ കല്പന ആകുന്നു ഇതാ കുശവൻ കയ്യിൽ മണ്ണ എതുപ്രകാരം അപ്രകാരം നിങ്ങൾ എന്റെ കയ്യിൽ ആകുന്നു. ദീഘദൎശി മറ്റൊരു സമയം ഒരു ശൊഭയുള്ള പാത്രം വാങ്ങി അതിനെ എടുത്ത ജനങ്ങളുടെ മൂപ്പന്മാരും ആചാ

ശ്ശന്മാരും കാണ്കെ നിലത്ത ചാട്ടി പറഞ്ഞത സൈന്യങ്ങളുടെ യഹൊവ ഇപ്രകാരം പറയുന്നു കുശവൻ പാത്രത്തെ പൊട്ടിച്ചാൽ നന്നാക്കുവാൻ കഴിയാത്തത പൊലെ ഞാൻ ബിംബാരാധന ദൊഷം ഹെതുവായി ഠരം ജനങ്ങളെയും പട്ടണത്തെയും രാജധാനികളെയും മറ്റും നശിപ്പിക്കയും ചെയ്യും.

## ൫൦. ബാബെലിലെ അടിമ.

ദീൎഘദൎശിമാർ അറിയിച്ചത യഹൂദന്മാർ വിശ്വസിച്ചില്ല എങ്കിലും ഒട്ടും കൂടാതെ ഒത്തുവന്നു. വിധികാലം എത്തിയപ്പൊൾ കല്ദായർ എന്ന വലിയ പടജ്ജനങ്ങൾ നാടിനെ അതിക്രമിച്ച യരുശലെം പട്ടണത്തെ രാജ്യത്തെയും ഒടുക്കി കളെവാൻ ദൈവം സംഗതി വരുത്തി തന്റെ വിധികളെ ക്രമെണ നടത്തുകയും ചെയ്തു. കല്ദായ രാജാവായ നെബുകദ്നെസർ യഹൂദരെ ആദ്യം അടക്കി കപ്പം വാങ്ങിയ ശെഷം യകൊന്യ രാജാവിനെയും ൧൦൦൦൦ പട്ടാളക്കാരെയും ആശാരികൾ മുതലായവരെയും ബാബെലിലെക്ക കൊണ്ടുപൊയി പിന്നെ തന്റെ കീഴിൽ ഭരിക്കെണ്ടുന്ന സെദെക്കിയ എന്നവനെ വാഴിച്ചു അവൻ ൯ വൎഷം ഭരിച്ചു കല്ദായ നുകത്തെ തള്ളുവാൻ തക്കം വന്നു എന്ന വച്ച മിസ്രായിമ്മക്കാരെ ആശ്രയിച്ച കലഹം ഉണ്ടാക്കിയപ്പൊൾ നെബുകദ്നെസർ സൈന്യങ്ങളൊടു കൂടെ വന്നു യരുശലമെ വളഞ്ഞു നിന്നാറെ പട്ടണത്തിൽ ക്ഷാമം ജനിച്ചു വിശപ്പു തീൎപ്പാൻ പല സ്ത്രീകൾ കുട്ടികളെയും കൊന്നു ഭക്ഷിച്ചു. രണ്ടു വൎഷം കഴിഞ്ഞ യഹൂദർക്ക ബലക്ഷയം വന്നപ്പൊൾ കല്ദായർ അകത്ത പ്രവെശിച്ച സകലവും നാനാവിധമാക്കികളഞ്ഞു. സെദെക്കിയ ഒടിപ്പൊയപ്പൊൾ ശത്രുക്കൾ അവനെ പിടിച്ചു അവൻ കാണ്കെ പുത്രന്മാരെ കൊന്ന ശെഷം ദീൎഘദൎശി മുന്നറിയിച്ച പ്രകാരം കണ്ണുകളെ ചൂന്നെടുത്ത അവനെ ബാബെലിലെക്ക കൊണ്ടുപൊയി. പിന്നെ പട്ടണത്തിലും ദൈവാലയത്തിലും കൊള്ള ഇട്ട ശെഷം തീ കൊളുത്തി ചുട്ട ഇടിച്ചുകളഞ്ഞു. ദൈവാലയത്തിലെ വിശുദ്ധ പാത്രങ്ങളെ എടുത്ത ബാബെലിലെക്ക കൊണ്ടുപൊയി ബെൽ അമ്പലത്തിൽ വെക്കയും ചെയ്തു. ആ സമയത്ത സാക്ഷി പെട്ടകത്തിന എന്ത സംഭവിച്ചു എന്നാരും അറിയുന്നില്ല. നെബുകദ്നെസർ ചില പ്രമാണികളെയും ഒരു കൂട്ടം ദരിദ്രരെയും ഒഴികെ മറ്റ എല്ലാവരെയും കാററ പതിരിനെ പറപ്പിക്കുന്നപ്രകാരം തന്റെ രാജ്യത്തെക്ക കൊണ്ടുപൊയി അതാത സ്ഥലങ്ങളിൽ പാൎപ്പിച്ചു നാട്ടിൽ ശെഷിച്ചവരിൽ ഗദല്യ. ഇറമിയ എന്ന പ്രധാനന്മാരായതിൽ ഗദല്യ കല്ദായ രാജാവിൽ കല്പന പ്രകാരം മൂപ്പനായിട്ട ന്യായം നടത്തുമ്പൊൾ യഹൂദരുടെ കയ്യാൽ നശിച്ചുപൊയി. ഇറമിയാവൊ പാഴായി പൊയ പട്ടണവും ദെശവും കണ്ടു ദുഃഖിച്ച വിലാപഗീതങ്ങൾ ചമെച്ച മിസ്രായിമ്മിലെക്ക വാങ്ങിപൊകയും ചെയ്തു.

## ൫൧. ദാനിയെൽ

യഹൂദർ ബാബെലിൽ പാൎക്കുന്ന സമയം ഒരൊരൊ യജമാനന്മാരെ സെവിച്ച കഠിന ദാസവെല എടുക്കെണ്ടി വന്നു എന്ന വി

ഷാരിക്കെണ്ടതല്ല രാജാവ അവരെ സ്വദെശക്കാരെ എന്ന പൊ
ലെ വിചാരിച്ച പ്രാപ്തന്മാൎക്ക ഉദ്യൊഗങ്ങളെ കല്പിച്ച കൊടുത്ത രാ
ജ വെല ശീലിക്കെണ്ടതിന്ന അവൻ പല യഹൂദ ബാല്യക്കാരെ
വളൎത്തി വിദ്യകളെയും പഠിപ്പിച്ചു. ദാനിയെൽ. സദ്രാൿ മെശൿ അ
ബെദ്നെഗൊ എന്നവർ രാജാവിന്റെ കല്പന പ്രകാരം കലാവിദ്യ
യും ഗ്രഹിച്ചു രാജ്യത്തിൽ സ്ഥാനമാനങ്ങൾ പ്രാപിച്ചപ്പൊൾ സ്വ
ദെശക്കാൎക്ക ഉപകാരം ചെയ്തുമാത്രമല്ല അവർ പുറജാതികളിലും
സത്യ ദൈവത്തിന്റെ അറിവും ദിവ്യ ധൎമ്മങ്ങളും വരുത്തുവാനാ
യി ശ്രമിച്ചു. എങ്കിലും അവർ സുഖമായി പാൎക്കുന്നതിന മുമ്പെ ദുഃ
ഖങ്ങളെ അനുഭവിക്കെണ്ടി വന്നു. രാജാവിന്റെ ഭക്ഷണ സാധ
നങ്ങളെ തിന്നുന്നത തങ്ങൾക്ക അധൎമ്മമാകകൊണ്ട മാംസവും വീ
ഞ്ഞും മറ്റും വാങ്ങാതെ പരിപ്പും വെള്ളവും മാത്രം അനുഭവിച്ചിരു
ന്നു. ദൈവാനുഗ്രഹത്താൽ ശരീര ശക്തിയും സൌഖ്യവും കുറഞ്ഞു
പൊകാതെ അധികമായി വന്നതെയുള്ളു. രാജാവ വന്ന പഠി
ക്കുന്നവരെ പരീക്ഷിച്ചപ്പൊൾ അവർ തന്നെ മറ്റവരെക്കാൾ ജ്ഞാ
നവും പ്രാപ്തിയുമുള്ളവർ എന്നു കണ്ട അവരെ പാഠശാലയിൽ നി
ന്ന നീക്കി ഉദ്യൊഗസ്ഥന്മാരുടെ കൂട്ടത്തിൽ ചെൎക്കയും ചെയ്തു.

അനന്തരം രാജാവ പല ദിക്കുകളിൽ നിന്നും പിടിച്ചു കൊണ്ടു
വന്ന പൊന്നുകൊണ്ട ൬൦ മുഴം ഉയരമുള്ള ഒരു ബിംബത്തെ ഉ
ണ്ടാക്കിച്ചു. കലശമുഹൂൎത്ത ദിവസം രാജ്യശ്രെഷ്ഠന്മാരെ ഒക്കയും വ
രുത്തി ഹെ ജനങ്ങളെ വാദ്യഘൊഷം കെൾക്കുമ്പൊൾ ഒരൊരു
ത്തൻ ബിംബത്തിന്റെ മുമ്പാകെ വീണ വന്ദിക്കെണം വന്ദിക്കാ
ത്തവർ അഗ്നിചൂളയിൽ ഇടപ്പെടും എന്ന ഘൊഷിച്ചറിയിച്ചു. പി
ന്നെ പ്രതിഷ്ഠ കഴിഞ്ഞ ജനങ്ങൾ വാദ്യഘൊഷം കെട്ടപ്പൊൾ എ
ല്ലാവരും വീണ നമസ്കരിച്ചു. അപ്പൊൾ ചില കല്ദായക്കാർ ചെന്ന
രാജാവിനെ കണ്ടു. നമ്മൾ ബിംബത്തെ സെവിച്ചപ്പൊൾ സദ്രാ
ൿ മെശെൿ അബെദ്നെഗൊ എന്നവർ വണങ്ങാതെ നിന്നുകൊ
ണ്ടിരുന്നു എന്ന കുറ്റം ബൊധിപ്പിച്ച സമയം രാജാവ അവരെ
വരുത്തി നിങ്ങൾ എന്റെ ദൈവത്തെ മാനിക്കാതിരിക്കുമൊ നി
ങ്ങളെ എന്റെ കയ്യിൽനിന്ന വിടുവിക്കുന്ന ദൈവം ആർ എന്ന
ഇപ്പൊൾ കാണെണ്ടിവരും എന്ന കല്പിച്ചു. അതിന്ന അവർ ഞങ്ങ
ൾ സെവിക്കുന്ന ദൈവം ഞങ്ങളെ അഗ്നിചൂളയിൽനിന്ന വിടു
വിപ്പാൻ പ്രാപ്തൻ അവൻ അതിനെ ചെയ്യുന്നില്ല എങ്കിലും ഞങ്ങ
ൾ നിന്റെ ദെവനെ സെവിക്കയില്ല എന്ന അറിഞ്ഞുകൊൾക
എന്ന ഉണൎത്തിച്ചപ്പൊൾ രാജാവ ക്രുദ്ധിച്ച ചൂളയിൽ എഴ ഇര
ട്ടി വിറക ഇട്ട തീ ജ്വലിപ്പിപ്പാൻ കല്പിച്ചു.

അനന്തരം അവരെ വസ്ത്രങ്ങളൊട കൂടെ കെട്ടി ചൂളയിൽ ഇ
ടുവിച്ചു പിന്നെ നൊക്കിയപ്പൊൾ അവൻ ഭ്രമിച്ച മന്ത്രികളൊട
ഞാൻ മൂന്നുപെരെ അല്ലയൊ ചൂളയിൽ ഇട്ടത ഇതാ നാലുപെർ
ദഹിക്കാതെ നടക്കുന്നതും നാലാമവൻ ദെവപുത്രന്ന സമനായി
രിക്കുന്നതും ഞാൻ കാണുന്നു എന്ന പറഞ്ഞാറെ ചൂളക്ക അടുത്ത
അത്യുന്നതദൈവത്തിന്റെ ഭൃത്യന്മാരായ സദ്രാൿ മെശെൿ അബെ
ദ്നെഗൊ എന്നവരെ പുറത്ത വരുവിൻ എന്നു വിളിച്ചു. അവർ
പുറത്തുവന്നാറെ തലയിലെ ഒരു രൊമം പൊലും വെന്തുപൊകാ

ഒതെയും തീമണം തട്ടാതെയും കണ്ടിരുന്നു. പിന്നെ രാജാവ ദൂതനെ അയച്ചും തന്നിൽ ആശ്രയിച്ച ഭൃത്യന്മാരെ രക്ഷിച്ചും ഇരുന്ന ദൈവം വന്ദ്യൻ എന്ന പറഞ്ഞു സദ്രാക. മെശെക. അബെദ്നെഗൊ എന്നവരുടെ ദൈവത്തെ ദൂഷിക്കുന്നവൻ മരിക്കെണം നിശ്ചയം എന്ന രാജ്യത്തിൽ എങ്ങും അറിയിച്ചു പിന്നെ ആ മൂന്നു പെരെ മഹാ സ്ഥാനമാനികളാക്കി വെക്കയും ചെയ്തു. നെബുകദ്നെസർ. ബെൽശസർ എന്ന രാജാക്കന്മാർ ദാന്യെലെ വളരെ മാനിച്ചു. മെദ്യനായ ദറിയുസ രാജ്യത്തിന്റെ മൂന്നിൽ ഒരു അംശത്തെ ഭരിപ്പാൻ അവനെ എല്പിച്ചപ്പൊൾ ശ്രെഷ്ഠന്മാർ അസൂയപ്പെട്ടു മന്ത്രിയെ സ്ഥാനഭ്രഷ്ടനാക്കുവാൻ ശ്രമിച്ചു നടപ്പിൽ ദൂഷ്യം ഒന്നും കാണായ്കകൊണ്ടു അവന്റെ ദൈവസെവനം രാജ്യത്തിൽ അസമ്മതം എന്ന ഒൎത്ത രാജാവിനെ ചെന്നു കണ്ടു വ്യാജം പറഞ്ഞ വശീകരിച്ചശെഷം അവൻ ൩൦ ദിവസത്തിന്നകം രാജാവിനൊട അല്ലാതെ ഒരു ദൈവത്തൊടൊ മനുഷ്യനൊടൊ അപെക്ഷ കഴിക്കുന്നവനെ സിംഹഗുഹയിൽ തള്ളികളയും എന്ന കല്പന പരസ്യമാക്കി. ദാന്യെൽ അതിനെ അറിഞ്ഞു എങ്കിലും ദിവസെന മൂന്നു വട്ടം തന്റെ മുറിയിലെ കിളിവാതിൽ തുറന്നുവെച്ചു മുട്ടുകുത്തി യഹൊവായൊട പ്രാൎത്ഥിച്ചു ആയത ശത്രുക്കൾ അറിഞ്ഞ ഉടനെ ചെന്ന ബൊധിപ്പിച്ചാറെ രാജാവ ദുഃഖിച്ച ദാന്യെലെ രക്ഷിപ്പാൻ മനസ്സായി എങ്കിലും കല്പന മാറ്റുവാൻ കഴിയായ്കകൊണ്ടു സമ്മതിച്ചു ദാന്യെലിനൊട നീ സെവിച്ചുകൊണ്ടിരിക്കുന്ന ദൈവം നിന്നെ രക്ഷിക്കും എന്ന ചൊല്ലി സിംഹഗുഹയിൽ തള്ളികളവാൻ എല്പിച്ചു താനും ചെന്ന ഗുഹയുടെ വാതില്ക്കമുദ്ര വെച്ചു ആ രാത്രിയിൽ ഭക്ഷണവും ഉറക്കവും ഇളച്ച പാൎത്തു പുലരുമ്പൊൾ ബദ്ധപ്പെട്ടു ഗുഹയുടെ അരികെ ചെന്ന ജീവനുള്ള ദൈവത്തിന്റെ ഭൃത്യനായ ദാന്യെലെ ദൈവം നിന്നെ സിംഹങ്ങളുടെ ഇടയിൽ നിന്ന രക്ഷിച്ചുവൊ എന്ന വിളിച്ചാറെ ദാന്യെൽ സിംഹങ്ങൾ എന്നെ ഉപദ്രവിക്കാതിരിപ്പാൻ ദൈവം തന്റെ ദൂതനെ അയച്ചു അവറ്റിന്റെ വായെ അടച്ചുകളഞ്ഞു എന്ന പറഞ്ഞപ്പൊൾ രാജാവ സന്തൊഷിച്ച അവനെ ഗുഹയിൽ നിന്ന കരെറ്റി ദാന്യെൽ പുറത്തു വന്നതിന്റെ ശെഷം രാജാവ കുറ്റം ചുമത്തിയവരെ ആ ഗുഹയിൽ ഇടുവിച്ചു അവർ അടിയിൽ എത്തും മുമ്പെ സിംഹങ്ങൾ അവരെ പിടിച്ച നുറുക്കി ഭക്ഷിച്ചുകളഞ്ഞു പിന്നെ രാജാവ ദാന്യെലിന്റെ ദൈവത്തെ ഭയപ്പെട്ട സെവിക്കെണം അവൻ അത്രെ ജീവനുള്ള ദൈവം അവൻ പരലൊക ഭൂലൊകങ്ങളിലും അത്ഭുതങ്ങളെ ചെയ്യുന്നവനും ആകുന്നു എന്ന രാജ്യത്തിൽ ഒക്കെ അറിയിക്കയും ചെയ്തു.

## ൨൨ യെരുശലെം പട്ടണത്തെ വീണ്ടും പണിയിച്ചത.

യഹൂദർ ബാബെൽ ദാസ്യം അകപ്പെട്ട ൭൦ാം വൎഷത്തിൽ പെൎസി രാജാവായ കൊറെശ അശ്രുഷ്ഠ മെദ്യ ബാബെൽ എന്ന രാജ്യ

ങ്ങളെ അടക്കി ഭരിച്ചു വരുമ്പൊൾ അടിമപ്പെട്ടു പൊകുന്ന എല്ലാ യഹൂദരും സ്വരാജ്യത്തിൽ മടങ്ങി ചെന്ന പട്ടണത്തെയും ദൈവാലയത്തെയും വീണ്ടും പണിയിച്ചു പാൎക്കെണ്ടതിന്ന കല്പന കൊടുത്തു യരുശലെമിൽ ഒരു ഭവനം കെട്ടി തീൎപ്പാൻ സ്വൎഗ്ഗസ്ഥനായ ദൈവം എന്നൊട കല്പിച്ചിരിക്കുന്നു അതുകൊണ്ട അവന്റെ ജനമായവർ എല്ലാവരും ദൈവം തുണയായിട്ടു പുറപ്പെട്ടു മടങ്ങി ചെല്ലാം എന്ന രാജ്യത്തിൽ എങ്ങും അറിയിച്ചു. അതല്ലാതെ ദൈവാലയത്തിൽ നിന്നെടുത്ത ബാബെലിലെക്ക കൊണ്ടുവന്ന ൫൪൦൦ പൊൻ പാത്രങ്ങളെ ഇസ്രയെല്ക്കാൎക്ക തന്നെ എല്പിച്ചു കൊടുത്തു. യാത്രക്ക സമയമായപ്പൊൾ എറിയ യഹൂദന്മാർ വീടുകളെയും നിലം പറമ്പുകളെയും വിട്ടു ശൂന്യമായി കിടക്കുന്ന സ്ഥലത്തെക്ക പൊകുവാൻ മനസ്സില്ലാഞ്ഞുകൊണ്ട യഹൂദ ഗൊത്രത്തിൽ നിന്നും ലെവ്യരിൽ നിന്നും ൪൨൦൦൦ ആളുകൾ മാത്രം സെരുബാബലിനൊടും മഹാചാൎയ്യനായ യൊശുവാ എന്നവനൊടും കൂടെ യാത്രയാകയും ചെയ്തു.

പാഴായി കിടക്കുന്ന സ്ഥലത്ത എത്തിയപ്പൊൾ അവർ ആദ്യം ദൈവപീഠത്തെ പണിയിച്ചു ദൈവാലയത്തിന്ന അടിസ്ഥാനവും ഇട്ടു ആചാൎയ്യർ കാഹളം ഊതി സ്തുതിച്ചപ്പൊൾ മുമ്പിലത്തെ ആലയത്തെ കണ്ട വയസ്സന്മാർ ഈ പണിക്ക പണ്ടത്തെതിനൊട എന്തൊരു തുല്യത എന്നു ചൊല്ലി ദുഃഖിച്ചു കരഞ്ഞുകൊണ്ടിരുന്നു പണിക്കാർ പല വക പ്രയാസങ്ങളാൽ തളൎന്നപ്പൊൾ ഉപെക്ഷ കൂടാതെ പണി നല്ലവണ്ണം നടത്തുവാൻ ദീൎഘദൎശികളായ സഖൎയ്യയും ഹഗ്ഗായിയും ബുദ്ധി ചൊല്ലി ആശ്വസിപ്പിച്ചും ഉപദെശിച്ചുംകൊണ്ടിരുന്നു. ശമൎയ്യക്കാൎക്ക ആ വിശുദ്ധ കാൎയ്യത്തിൽ ഓഹരി ലഭിയായ്കകൊണ്ട അവർ അസൂയപ്പെട്ടു അതിന്ന മുടക്കം വരുത്തുവാൻ രാജാവിനൊട വ്യാജം ബൊധിപ്പിച്ചു അത അസാദ്ധ്യമായപ്പൊൾ പണിയുന്നവരൊട യുദ്ധം തുടങ്ങി അസഹ്യപ്പെടുത്തിയാറെ അൎദ്ധ ജനങ്ങൾ ആയുധം ധരിച്ചു ശത്രുക്കളെ തടുത്ത ശെഷമുള്ളവർ ചില സമയം ഒരു കയ്യിൽ വാളും മറെറതിൽ പണികൊപ്പും എടുത്ത കൊണ്ട ദെവാലയം നിൎമ്മിക്കയും ചെയ്തു.

കൊറെശ് മരിച്ചതിന്റെ ശെഷം ദറിയുസ രാജാവ ബാബെലിൽ ശെഷിച്ച പൊൻ പാത്രങ്ങളെ വൈദികനായ എസ്രാവിങ്കൽ എല്പിച്ച യരുശലെമിലെക്ക അയച്ചു അവൻ എത്തിയപ്പൊൾ ദൈവാരാധനയും ആചാൎയ്യസ്ഥാനവും മറ്റുംക്രമപ്പെടുത്തി ജനങ്ങൾക്ക ഹിതമായതിനെ ഉപദെശിച്ചു അൎത്തശസ്തയുടെ കാലത്തിൽ മന്ത്രിയായ നെഹെമിയാ കല്പന വാങ്ങി ജനങ്ങളൊടു കൂടെ യരുശലെമിൽ എത്തി പട്ടണ മതിലുകളും മറ്റും കെട്ടിച്ചു തീൎത്ത നാടുവാഴിയായി കാൎയ്യാദികളെ നടത്തുകയും ചെയ്തു. പെൎസ്സിരാജാക്കന്മാർ മിക്കവാറും യഹൂദൎക്ക ദയ കാണിച്ചു. അഹശ്വെറുസ എന്നവൻ യഹൂദ കന്യകയായ എസ്തരെ വിവാഹം കഴിച്ചു അവൾ നിമിത്തം യഹൂദൎക്ക പല ഉപകാരങ്ങൾ സംഭവിച്ചു അവളുടെ സംബന്ധിയായ മൎദ്ദൊഖായും രാജ്യത്തിലെ പ്രധാന മന്ത്രിയായി തീൎന്നു. നെഹെമിയാ യരുശലെമിൽ ഉദ്യൊഗസ്ഥനായിരിക്കും കാലം രാജാവിനൊട ശമ്പളം അല്പം പൊലും വാ

ങ്ങാതെ ദിവസെന ൱൫൰ പെരെ തന്നൊടു കൂടെ ഭക്ഷിപ്പി
ക്കയും ആവശ്യമുള്ളവൎക്ക സഹായിക്കയും എല്ലാവരുടെ ഗുണത്തി
ന്നായും പ്രയാസപ്പെട്ടു ജാതി രക്ഷ നിമിത്തം ദുഃഖങ്ങളെ അനു
ഭവിക്കയും ചെയ്തു. മൂപ്പന്മാരും പ്രധാനന്മാരും അവന്റെ ജനര
ഞ്ജനയും ധൎമ്മശീലവും കണ്ടപ്പൊൾ സന്തൊഷിച്ച വഴിപ്പെട്ടു വാ
ങ്ങിയ കടം മരിശ്രക്ക ഇളച്ചു കൊടുത്തു. ഇസ്രയെല്ക്കാരുടെ അവ
സ്ഥ വഴിക്കാക്കുവാൻ ഇപ്രകാരമുള്ള ആളുകളെ സാധിച്ചു എങ്കി
ലും സകലവും യഥാസ്ഥാനത്തിൽ ആകുന്ന രക്ഷിതാവെ ചൊ
ല്ലി യഹൊവാ ദീൎഘദൎശിയായ മലക്യ മുഖെന അറിയിച്ചത. ഇ
താ ഞാൻ എന്റെ ദൂതനെ അയക്കുന്നു അവൻ എന്റെ മുമ്പിൽ
വഴിയെ നന്നാക്കും അപ്പൊൾ നിങ്ങൾ സെവിച്ചും ഇഷ്ടപ്പെട്ടും
ഇരിക്കുന്ന നിയമ ദൂതൻ വെഗത്തിൽ തന്റെ ആലയത്തിലെക്ക
വരും ഇതാ അവൻ വരുന്നു എന്ന സൈന്യങ്ങളുടെ യഹൊവ
കല്പിക്കുന്നു.

## പഴയ നിയമത്തിലെ അവസാനകാലത്തി ലെ വൃത്താന്തം.

ദാനിയെൽ പറഞ്ഞപ്രകാരം യരുശലെം പട്ടണത്തെ വീണ്ടും പ
ണിയിച്ചകാലംമുതൽ ക്രിസ്തുവൊളം ൪൱൬൰ വൎഷം കഴിയെണ്ടതാ
കുന്നു ആ സമയത്തിന്നകം യഹൂദർ പലവക സന്തൊഷസന്താ
പങ്ങൾ അനുഭവിക്കെണ്ടിവന്നു പെൎസികളുടെസാമ്രാജ്യത്തെ മുടി
ച്ച യവന രാജാവായ അലക്ഷന്തർ യഹൂദരാജ്യത്ത വന്നപ്പൊൾ
ദൈവാലയത്തെയും ആചാൎയ്യന്മാരെയും മാനിച്ച ജനങ്ങൾക്ക പ
ല ഉപകാരങ്ങൾ ചെയ്തു. അവന്റെശെഷം മിസ്രാരാജാവായ
പ്തൊലമായി യഹൂദരാജ്യം പിടിച്ചടക്കി എറിയ യഹൂദന്മാരെ
അടിമകളാക്കി മിസ്രായ്മിലെക്ക കൊണ്ടുപൊയി അവന്റെ പുത്ര
നും അവരിൽ ദയകാട്ടി വെദപുസ്തകത്തെ യവന ഭാഷയിൽ ആ
ക്കുവാൻ വളരെ ചിലവഴിക്കയും ചെയ്തു. ഇങ്ങിനെ ഇസ്രയെല്ക്കാ
ർ എകദെശം ൱൦൦ വൎഷം മിസ്രായ്മക്കാരെ ആശ്രയിച്ച സെവിച്ചാ
റെ സുറിയ രാജാവായ അന്ത്യൊക്യന്റെ വശത്തിൽ ആയ്പന്നു
അവൻ മഹാ ദുഷ്ടനാകയാൽ നയ ഭയങ്ങളെ കാട്ടി പലരെയും
ദൈവത്തൊട വെർപ്പെടുത്തി ബിംബാരാധനയെ ചെയ്യിച്ചുഎങ്കി
ലും എറിയ ആളുകൾ യഹൂദ ധൎമ്മം വിടാതെ നിന്നു ഹിംസയും മ
രണവും തന്നെ അനുഭവിക്കയും ചെയ്തു. അക്കാലത്ത കീൎത്തി എറി
യ മക്കബ്യെർ എന്ന പടനായകർ ഉണ്ടായ്വന്നു അവർ യഹൂദരാ
ജ്യം അന്ന്യനുകത്തിൽനിന്ന വിടുവിച്ച പിന്നെ ശത്രുക്കളുടെ നെ
രെ നില്പാൻ കഴിയാഞ്ഞപ്പൊൾ രൊമരുമായി സഖ്യത ചെയ്തു.
കുറെ കാലം കഴിഞ്ഞാറെ അവർ ഉപായം പ്രയൊഗിച്ച യഹൂദ
രാജ്യത്തെ അടക്കി രൊമയിൽനിന്ന നാടുവാഴികളെ അയച്ച
വാഴിച്ചു ഒടുക്കം എദൊമ്യനായ ഹെരൊദാവ രൊമരുടെ കട
ക്കീഴിൽതന്നെ ഭരിച്ച ഒരൊ ക്രൂരകൎമ്മങ്ങളെ നടത്തിയപ്പൊൾ ഭ
ക്തിയുള്ള ഇസ്രയെല്ക്കാർ ദുഃഖിച്ച വലഞ്ഞ ചെക്കൊൽ യഹൂദയി

ൽനിന്ന നീങ്ങി എന്ന കണ്ട സത്യരക്ഷിതാവ വരെണ്ടുന്നകാലം അടുത്തിരിക്കുന്നു എന്ന ഊഹിക്കയും ചെയ്തു.

മലക്യ കഴിഞ്ഞുപൊയ ശെഷം ഇസ്രയെല്ല്യാരെ ആശ്വസിപ്പിച്ച ധൈൎയ്യപ്പെടുത്തുവാൻ ദീൎഘദൎശികൾ ഉണ്ടാവായ്കയാൽ അവർ രൊമാധികാരം തള്ളി ദാവിദ സിംഹാസനത്തെ യഥാസ്ഥാനത്തിൽ ആക്കെണ്ടുന്ന ദൈവം അഭിഷെകം ചെയ്യപ്പെട്ടവനെ വളരെ താല്പൎയ്യത്തൊടെ കാത്തുകൊണ്ടിരുന്നു. എങ്കിലും തങ്ങളുടെ ആഗ്രഹവും ദൈവ വാഗ്ദത്തനിവൃത്തിയും തമ്മിൽ ഒക്കകയില്ല എന്ന അറിവാൻ വെഗത്തിൽ സംഗതി വന്നു. ഒരു അവസ്ഥയെ തൊട്ട ദീൎഘദൎശിയായ യശായ അറിയിച്ചത ദൈവവിചാരവും വഴിയും മനുഷ്യരുടെ വിചാരത്തിന്നും വഴിക്കും സമമല്ല ആകാശം ഭൂമിയിൽനിന്ന ഉയൎന്നിരിക്കുന്നതുപൊലെതന്നെ ദൈവവിചാരവും വഴിയും മനുഷ്യരുടെ വഴിവിചാരങ്ങൾക്കും മീതെ ഉയൎന്നിരിക്കുന്നു.

# സത്യവെദ കഥകൾ.

---

## ൧ ഗബ്രിയെൽ ദൈവ ദൂതന്റെ വരവ.

യഹൂദരാജാവായ ഹെരൊദെശിന്റെ കാലത്തിൽ സഖറിയ എന്ന ആചാൎയ്യനും ഭാൎയ്യയായ എലിശബെത്തയും ദൈവ കല്പനാ നിയമങ്ങളിൽ കുറവ കൂടാതെ നീതിമാന്മാരായി യഹൂദ്യ മലപ്രദെശത്ത പാൎത്ത സന്തതിയില്ലായ്കകൊണ്ട ബഹു കാലം ക്ലെശിച്ച പ്രാൎത്ഥിച്ചിരിക്കുമ്പൊൾ ഒരു ദിവസം സഖറിയ ദൈവാലയത്തിൽ ചെന്ന ധൂപം കാട്ടുന്ന സമയം ധൂപ പീഠത്തിന്റെ വലഭാഗത്ത ഒരു ദൈവദൂതനെ കണ്ട പെടിച്ചാറെ അവൻ സഖറിയയൊട ഭയപ്പെടരുതെ ദൈവം നിന്റെ പ്രാൎത്ഥനയെ കെട്ടിരിക്കുന്നു എലിശബെത്തയിൽ നിന്ന നിനക്കൊരു പുത്രൻ ജനിക്കും അവന്ന യൊഹന്നാൻ എന്ന നാമം വിളിക്കും അവൻ ഇസ്രയെല്ക്കാരിൽ പലരെയും കൎത്താവായ ദൈവത്തിലെക്ക തിരിയിച്ച എലിയയുടെ ആത്മാവിലും ശക്തിയിലും കൎത്താവിന്റെ മുമ്പിൽ നടക്കയും ചെയ്യും എന്നതുകെട്ട സഖറിയ സംശയിച്ചപ്പൊൾ ദൂതൻ ഞാൻ ദൈവത്തിന്റെ മുമ്പാകെ നില്ക്കുന്ന ഗബ്രിയെലാകുന്നു നിന്നൊട ഈ അവസ്ഥ അറിയിപ്പാൻ ദൈവം എന്നെ അയച്ചിരിക്കുന്നു നീ വിശ്വസിക്കായ്കകൊണ്ട ഈ കാൎയ്യം സംഭവിക്കുന്ന നാൾ വരെ ഊമനാകും എന്ന പറഞ്ഞ ഉടനെ അവൻ ഊമനായി പുറത്തുള്ള ജനസംഘങ്ങളെ അനുഗ്രഹിപ്പാൻ വഹിയാതെ പൊയി.

പിന്നെ ആറുമാസം കഴിഞ്ഞശെഷം ആ ദൈവദൂതൻ നസറത്ത നഗരത്തിലെ മറിയ എന്ന കന്യകക്ക പ്രത്യക്ഷനായി അവളൊട കൃപ ലഭിച്ചവളെ വാഴ്ക സ്ത്രീകളിൽ വെച്ച അനുഗ്രഹമുള്ളവളെ ഭയപ്പെടരുത. നീ ഒരു പുത്രനെ പ്രസവിച്ച അവന്ന യെശുവെന്ന പെർ വിളിക്കും ദൈവം അവന്ന പിതാവായ ദാവിദിന്റെ സിംഹാസനം കൊടുക്കും അവൻ ദൈവപുത്രൻ എന്ന പെർ കൊണ്ട എന്നും രാജാവായി വാഴ്കയും ചെയ്യും എന്ന പറഞ്ഞാറെ മറിയ ഞാൻ ഒരു പുരുഷനെ അറിയായ്കകൊണ്ട ഇതെങ്ങിനെ ഉണ്ടാകുമെന്ന ചൊദിച്ചതിന്ന ദൈവദൂതൻ പരിശുദ്ധാത്മാവും മഹൊന്നതന്റെ ശക്തിയും നിന്മെൽ ആച്ശാദിക്കും അതിനാൽ ജനിക്കുന്ന പരിശുദ്ധ ശിശു ദൈവപുത്രൻ എന്ന വിളിക്കപ്പെടും നിന്റെ ചാൎച്ചക്കാരത്തിയായ എലിശബെത്ത വൃദ്ധതയിൽ ഇപ്പൊൾ ഗൎഭം ധരിച്ചിരിക്കുന്നു. ദൈവത്തിന്ന കഴിയാത്ത കാൎയ്യം ഒന്നുമില്ല എന്നു പറഞ്ഞു ആയത കെട്ടാറെ മറിയ ഞാൻ കൎത്താവിന്റെ ദാസിയാകുന്നു വചന പ്രകാരം ഭവിക്കട്ടെ എന്ന പറഞ്ഞ ശെഷം ദൈവദൂതൻ മറെകയും ചെയ്തു. അനന്തരം മറിയ എലിശബെത്തയെ ചെന്ന കണ്ട വന്ദിച്ചാറെ അവൾ പരിശുദ്ധാത്മ പൂൎണ്ണ

യായിട്ട ഹാ സ്ത്രീകളിൽ ധന്യയായവളെ എന്റെ കൎത്താവിന്റെ അമ്മ എന്നെ കാണ്മാനായി വന്നത ഇനിക്ക എന്തുകൊണ്ടാകുന്നു എന്നുരച്ചത കെട്ട മറിയ കൎത്താവ തന്റെ ദാസിയുടെ താഴ്മയെ കണ്ടതുകൊണ്ട എന്റെ ഹൃദയം അവനെ മഹത്വപ്പെടുത്തുന്നു എന്റെ ആത്മാവ രക്ഷിതാവായ ദൈവത്തിൽ ആനന്ദിച്ചിരിക്കുന്നു എല്ലാ ജനങ്ങളും എന്നെ ധന്യ എന്ന വിളിക്കും ശക്തിയും പരിശുദ്ധിയുമുള്ളവൻ ഇനിക്ക മഹത്വം വരുത്തി എന്നു പറഞ്ഞ മൂന്നു മാസം അവളൊട കൂടെ പാൎത്തിട്ട സ്വദെശത്തെക്ക തിരിയെ പൊരികയും ചെയ്തു.

പിന്നെ എലിശബെത്ത ഒരു പുത്രനെ പ്രസവിച്ചു ബന്ധുക്കളും സമീപസ്ഥന്മാരും അവന്ന എട്ടാം ദിവസം ഛെദാകൎമ്മം കഴിച്ചു. അച്ഛന്റെ പെർ വിളിപ്പാൻ ഭാവിച്ചപ്പൊൾ അമ്മ വിരൊധിച്ച യൊഹനാൻ എന്ന തന്നെ പെരിടെണം എന്ന പറഞ്ഞാറെ അവർ അച്ഛനൊട ചൊദിച്ചതിന്റെ ശെഷം അവൻ ഒരു എഴുത്തപലകമെൽ അവന്റെ പെർ യൊഹനാൻ ആകുന്നു എന്ന എഴുതി അവർ എല്ലാവരും ആശ്ചൎയ്യപ്പെട്ടു. അനന്തരം അവൻ സംസാരിച്ച പരിശുദ്ധത്മാ നിറഞ്ഞവനായി ഇസ്രയെല്യൎക്കുടെ ദൈവമായ കൎത്താവ തൻ ജനങ്ങളെ കടാക്ഷിച്ചുദ്ധാരണം ചെയ്തു. പൂൎവ്വകാലങ്ങളിൽ പരിശുദ്ധ ദീൎഘദൎശികളുടെ വായാൽ അരുളിച്ചെയ്തപ്രകാരം തന്നെ നമ്മുടെ പിതാവായ അബ്രഹാമൊട നിയമിച്ച കരാറിനെയും ആണയെയും ഒൎത്തിരിക്കകൊണ്ട അവന്ന സ്തൊത്രം ഭവിക്കട്ടെ എന്ന പറഞ്ഞു പിന്നെ ബാലക നീ മഹൊന്നതന്റെ ദീൎഘദൎശിയാകും ദൈവജാതിക്ക നിത്യരക്ഷയുടെ അറിവിനെയും പാപമൊചനത്തെയും കൊടുക്കെണ്ടതിന്ന കൎത്താവിന്റെ മുമ്പിൽ നടന്ന അവന്റെ വഴിയെ നെരെ ആക്കുമെന്നുരചെയ്തു. പിന്നെ യൊഹനാൻ ക്രമെണ വളൎന്ന ആത്മ ശക്തനായി ഇസ്രയെല്യൎക്ക തന്നെ കാണിക്കുന്നാൾ വരെയും വനത്തിൽ പാൎക്കയും ചെയ്തു.

## ൨ യെശുവിന്റെ അവതാരം.

ആ കാലത്ത രൊമ കൈസരായ ഔഗുസ്തു സൎവ്വപ്രജകളുടെയും പെർ വഴി പതിപ്പാൻ കല്പന അയച്ചിരിക്കകൊണ്ട ഗൎഭിണിയായ മറിയയും അവളെ വിവാഹം ചെയ്വാൻ നിശ്ചയിച്ച യൊസെഫും ദാവിദിൻ ഗൊത്രക്കാരാകയാൽ നസറത്തിൽനിന്ന പുറപ്പെട്ട ദാവിദിൻ പട്ടണമായ ബെത്ലഹെമിൽ എത്തിയപ്പൊൾ സൎവ്വ ഭവനങ്ങളിലും വഴിപൊക്കർ നിറഞ്ഞതുനിമിത്തം ഒരു ഗൊശാലയിൽ പാൎക്കെണ്ടിവന്നു രാത്രിയിൽ മറിയ ഒരു പുത്രനെ പ്രസവിച്ചു ജീൎണ്ണവസ്ത്രങ്ങളെ കൊണ്ട പൊതപ്പിച്ച പുല്ക്കൂട്ടിൽ കിടത്തി ഈ അവസ്ഥ മറിയയും യൊസെഫുമല്ലാതെ അവിടെ ഉള്ളവർ ആരും അറിഞ്ഞതും വിചാരിച്ചതുമില്ല. ആ രാത്രിയിൽ ആട്ടിൻകൂട്ടത്തെ പറമ്പിലാക്കി കാത്തുവരുന്ന ചില ഇടയന്മാരുടെ അരികെ കൎത്താവിന്റെ ദൂതൻ പ്രത്യക്ഷനായി ചുറ്റും പ്രകാശിച്ച ദെവതെജസ്സ അവർ കണ്ട വളരെ ഭയപ്പെട്ടപ്പൊൾ ദൂതൻ നിങ്ങൾ പെടിക്കെണ്ട സകല ജനങ്ങൾക്കും വന്നിരിക്കുന്ന മഹാ സന്തൊഷം ഞാൻ നിങ്ങളൊട

അറിയിക്കുന്നു അഭിഷിക്തനാകുന്ന ക്രിസ്തുവെന്നൊരു രക്ഷിതാവ ബെത്ലെഹെമിൽ ഇപ്പൊൾ ജനിച്ചിരിക്കുന്നു നിങ്ങൾ ചെന്നു അന്വെഷിച്ചാൽ അവിടെ ജീൎണ്ണവസ്ത്രങ്ങൾ പുതച്ച പുല്ക്കൂട്ടിൽ കിടക്കുന്ന പൈതലെ കാണും എന്നു പറഞ്ഞ ഉടനെ ദൂതസംഘം അവനൊടകൂടെ ചെന്നു ദൈവത്തിന്നു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ സംപ്രീതിയും സംഭവിക്കട്ടെ എന്നു വാഴ്ത്തി സ്തുതിച്ചു പൊയ ശെഷം ഇടയർ ബെത്ലെഹെമിൽ ചെന്നു ആ ശിശുവിനെ കണ്ട പറമ്പിൽ വെച്ചുണ്ടായ വൎത്തമാനമൊക്കയും മറിയയൊസെഫ മുതലായവരൊടും അറിയിച്ചാറെ എല്ലാവരും അതിശയിച്ചു മറിയയൊ ഈ വചനങ്ങൾ എല്ലാം മനസ്സിൽ സംഗ്രഹിച്ചും ധ്യാനിച്ചുംകൊണ്ടിരുന്നു.

എട്ടാം ദിവസം അവർ പൈതലിന്നു ചെലാകൎമ്മം കഴിച്ചു യെശു എന്നു പെർ വിളിച്ചു നാല്പത ദിവസം കഴിഞ്ഞാറെ മൊശ നിയമപ്രകാരം അവനെ യെറുശലെമിൽ കൊണ്ടു പൊയി ദൈവാലയത്തിൽ കല്പിച്ച ബലികളെ കഴിച്ചു. മരിക്കുംമുമ്പെ ലൊക രക്ഷിതാവിനെ കാണുമെന്നു ദൈവ കല്പനയുണ്ടാകയാൽ അവിടെ പാൎത്തു വരുന്ന വൃദ്ധനായ ശിമ്യൊനെന്നു ദൈവ ഭക്തൻ പരിശുദ്ധാത്മ നിയൊഗത്താൽ ദൈവാലയത്തിൽ ചെന്നു കുഞ്ഞിനെ കണ്ടു കയ്യിൽ വാങ്ങി കൎത്താവെ സൎവ്വ വംശങ്ങൾക്കും വെണ്ടി സ്ഥാപിച്ച നിന്റെ രക്ഷ കണ്ണുകൊണ്ടു കാണുകയാൽ അടിയാനെ സമാധാനത്തൊടെ വിട്ടയക്കുന്നു എന്നു ചൊല്ലി സ്തുതിച്ചു. പിന്നെ മാതാവിനൊട കണ്ടാലും പല ഹൃദയങ്ങളിലെ നിരൂപണങ്ങൾ വെളിപ്പെടുവാൻ തക്കവണ്ണം ഇവൻ ഇസ്രയെലിൽ അനെകരുടെ വീഴ്ചക്കായും എഴുനീല്പിന്നായും ചമഞ്ഞു വിരുദ്ധ ലക്ഷണമായി കിടക്കുന്നു നിന്റെ ഹൃദയത്തിൽ കൂടി ഒരു വാൾ കടന്നു പൊകും എന്നു പറഞ്ഞു അവരെ അനുഗ്രഹിച്ച ശെഷം വൃദ്ധയായ ഹന്ന എന്നൊരു ദീൎഘദൎശിനിയും അവന്റെ അരികിൽ ചെന്നു വന്ദിച്ചു ദൈവത്തെ സ്തുതിച്ചു രക്ഷക്കായി യറുശലെമിൽ കാത്തിരിക്കുന്ന എല്ലാവരൊടും അവനെക്കൊണ്ടു സംസാരിക്കയും ചെയ്തു.

## ൩ വിദ്വാന്മാരുടെ വരവ.

ഈ കാൎയ്യങ്ങളുടെ ശെഷം കിഴക്ക ദിക്കിൽ നിന്നു വിദ്വാന്മാർ യറുശലെമിൽ വന്നു യഹൂദ രാജാവായി ജനിച്ചവൻ എവിടെ ഞങ്ങൾ അവന്റെ നക്ഷത്രം കണ്ടു അവനെ വന്ദിപ്പാൻ പൊകുന്നു എന്നു പറഞ്ഞപ്പൊൾ ഹെരൊദെസ രാജാവും ആ പട്ടണക്കാരും ഭ്രമിച്ചു ക്രിസ്തു എവിടെ ജനിക്കെണ്ടതാകുന്നു എന്നു ശാസ്ത്രികളെ വരുത്തി ചൊദിച്ചാറെ അവർ ബെത്ലെഹെമിൽ തന്നെ എന്നു ദീൎഘദൎശി വാക്ക കാട്ടി പറഞ്ഞ ശെഷം ആ രാജാവ വിദ്വാന്മാരൊട നിങ്ങൾ ബെത്ലെഹെമിൽ പൊയി കുഞ്ഞിനെ താല്പൎയ്യമായി അന്വെഷിപ്പിൻ കണ്ടാൽ എന്നെ അറിയിക്കെണം വന്ദിപ്പാൻ ഞാനും വരാം എന്നു പറഞ്ഞത കെട്ടു അവർ യാത്രയായി കിഴക്ക കണ്ട നക്ഷത്രം പൈതലുണ്ടായ സ്ഥലത്തിൻ മെൽ ഭാഗത്തു വന്നു നില്ക്കുവൊളം സഞ്ചരിച്ചു പൈതലിനെ മറിയയൊടു കൂടി കണ്ടു പൊന്നും കുന്തുരുക്കവും കണ്ടിവെണ്ണയും കാഴ്ചയായി വെച്ചു നമ

സ്തുരിച്ചു. രാജസന്നിധിയിങ്കൽ പൊകരുത എന്ന ദൈവകല്പനയുണ്ടാകയാൽ മറ്റൊരു വഴിയായി സ്വദെശത്തിലെക്ക പൊകയും ചെയ്തു. പിന്നെ കൎത്താവിന്റെ ദൂതൻ യൊസെഫിനൊട നീ കുഞ്ഞിനെ എടുത്ത മാതാവിനെയും കൂട്ടി മിസ്രായിമിലെക്ക ഒടി ചെന്ന ഞാൻ കല്പിക്കും വരെ അവിടെ പാൎക്ക ഹെരൊദെസ കുട്ടിയെ കൊല്ലുവാൻ അന്വെഷിക്കും എന്ന സ്വപ്നത്തിൽ കല്പിക്കകൊണ്ട അവൻ അന്ന രാത്രിയിൽ കുട്ടിയും അമ്മയും ഒന്നിച്ച മസ്രായിമിൽ പൊകയും ചെയ്തു. വിദ്വാന്മാർ വരാഞ്ഞതിനാൽ രാജാവ കൊപിച്ച ബെത്ലഹെമിലും അതിന്റെ ചുററിലും രണ്ടു വയസ്സൊളമുള്ള പൈതങ്ങളെ ഒക്കയും കൊല്ലിച്ചു താനും ദുൎവ്യാധി പിടിച്ച മരിച്ചതിന്റെ ശെഷം കൎത്താവിന്റെ ദൂതൻ യൊസെഫിനൊട കുഞ്ഞിന്റെ ജീവനെ അന്വെഷിക്കുന്നവർ ചത്തുപൊയി സ്വദെശത്തെക്ക പൊക എന്ന അറിയിച്ചത കെട്ട അവർ തിരിയെ നസറത്തിൽ ചെന്ന പാൎക്കയും ചെയ്തു.

## ൪ യെശുവിന്റെ ബാല്യകാലം.

യെശുവിന്റെ ബാല്യാവസ്ഥ കൊണ്ട വെദത്തിൽ അല്പം മാത്രമെ പറഞ്ഞിട്ടുള്ളു പൈതൽ ദൈവ കരുണയാൽ വളൎന്ന ആത്മ ശക്തനും ജ്ഞാന സമ്പൂൎണ്ണനും സമൎത്ഥനുമായി തീൎന്നു അവന്റെ മാതാപിതാക്കന്മാർ വൎഷന്തൊറും പെസഹ പെരുനാൾക്ക യറുശലെമിൽ പൊകുന്നത ആചാരമായിരുന്നു യെശുവും പന്ത്രണ്ടു വയസ്സായപ്പൊൾ കൂടപ്പൊയി പെരുനാൾ കഴിഞ്ഞു തിരിയെ പൊരുമ്പൊൾ അവൻ താമസിച്ചത അറിയാതെ കൂട്ടരൊടു കൂടെ മുമ്പിൽ പൊയി എന്ന അവർ വിചാരിച്ചു ഒരു ദിവസത്തെ പ്രയാണത്തിൽ തിരിഞ്ഞിട്ടും കാണാഞ്ഞു കൊണ്ട രണ്ടാമതും യറുശലെമിലെക്ക ചെന്ന മൂന്നു ദിവസം അന്വെഷിച്ചാറെ ദൈവാലയത്തിൽ ഗുരു ജന മദ്ധ്യത്തിങ്കൽ ചൊദ്യൊത്തരങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത കണ്ട ആശ്ചൎയ്യപ്പെട്ടു അവന്റെ വാക്കുകളെ കെട്ടവരെല്ലാവരും അവന്റെ ബുദ്ധിയും പ്രത്യുത്തരങ്ങളും വിചാരിച്ച അതിശയിച്ചു. എന്നാറെ അമ്മ മകനെ നീ ചെയ്തതെന്ത ഞങ്ങൾ നിന്നെ അന്വെഷിച്ച വളരെ അദ്ധ്വാനപ്പെട്ടു നടന്നു എന്ന പറഞ്ഞാറെ അവൻ നിങ്ങൾ എന്തിനെന്നെ അന്വെഷിച്ചു എന്റെ പിതാവിനുള്ളവററിൽ ഞാൻ ഇരിക്കെണ്ടുന്നത നിങ്ങൾ അറിയുന്നില്ലയൊ എന്നു പറഞ്ഞു ആ വാക്കിന്റെ അൎത്ഥം അവൎക്ക തൊന്നിയില്ല. പിന്നെ അവൻ അവരൊട കൂടെ നസറത്തിൽ പൊയി കീഴടങ്ങി ഇരുന്നു ആത്മാവിലും ശക്തിയിലും ദൈവത്തൊടും മനുഷ്യരൊടുമുള്ള കൃപയിലും വളൎന്നു അമ്മ ഇവ വചനങ്ങൾ മനസ്സിൽ നിക്ഷെപിക്കയും ചെയ്തു.

## ൫ യെശുവിന്റെ സ്നാനവും പരീക്ഷയും.

ഒട്ടകരൊമം കൊണ്ടുള്ള കുപ്പായവും അരയിൽ തൊൽ വാറും ഉടുത്തു ചവിററിലക്കിളികളും കാട്ടുതെനും ആഹാരമാക്കി വനപ്രദെശങ്ങളിൽ പാൎത്തുകൊണ്ടിരിക്കുന്ന യൊഹനാൻ ദൈവകല്പനയുണ്ടാകയാൽ യൎദ്ദൻ നദീതീരത്ത ചെന്ന സ്വൎഗ്ഗരാജ്യം സമീപമാ

കകൊണ്ട അനുതാപപ്പെട്ടുവിൻ എന്ന പ്രസംഗിച്ചപ്പൊൾ യറുശലെമിൽനിന്നും യഹൂദ രാജ്യത്തിൽനിന്നും വളരെ ജനങ്ങൾ അവൻറെ അരികിൽ ചെന്ന പാപങ്ങളെ എററുപറഞ്ഞാറെ അവൻ പുഴയിൽ അവരെ സ്നാനംകഴിച്ചു ഇവൻ മശിഹാ തന്നെ എന്ന പലരും വിചാരിച്ചപ്പൊൾ അനുതാപത്തിന്നായി ഞാൻ വെള്ളം കൊണ്ട നിങ്ങളെ സ്നാനം കഴിക്കുന്നു എന്നെക്കാൾ വലിയവൻ വരുന്നുണ്ട അവൻറെ ചെരിപ്പുകളുടെ വാറഴിപ്പാൻ പൊലും ഞാൻ യൊഗ്യനല്ല അവൻ നിങ്ങളെ പരിശുദ്ധാത്മാവകൊണ്ടും അഗ്നികൊണ്ടും സ്നാനം കഴിക്കും എന്ന യൊഹന്നാൻ പറഞ്ഞു·

ആ സമയത്ത എകദെശം മുപ്പതു വയസ്സുള്ള യെശുവും യൊഹനാൻറെ അടുക്കൽ ചെന്ന ഇനിക്കും സ്നാനം കഴിക്കെണം എന്ന ചൊദിച്ചപ്പൊൾ ഇനിക്ക നിങ്കൽനിന്ന സ്നാനത്തിന്ന ആവശ്യമായിരിക്കുമ്പൊൾ നീ എന്നൊട ചൊദിക്കുന്നത എന്തെന്ന വിരൊധം പറഞ്ഞാറെ യെശു ഇപ്പൊൾ സമ്മതിക്ക നീതി എല്ലാം നിവൃത്തിക്കുന്നത യൊഗ്യമുള്ളത തന്നെ എന്ന പറഞ്ഞ പുഴയിൽ ഇറങ്ങി സ്നാനം കൈക്കൊണ്ട കരെറി പ്രാൎത്ഥിച്ച ശെഷം സ്വൎഗ്ഗത്തിൽനിന്ന ദൈവാത്മാവ പ്രാവിനെ പൊലെ ഇറങ്ങി അവൻറെ മെൽ വരുന്നതിനെ യൊഹന്നാൻ കണ്ടു ഇവൻ എൻറെ പ്രിയമുള്ള പുത്രനാകുന്നു ഇവനിൽ ഇനിക്ക നല്ല ഇഷ്ടമുണ്ട എന്ന ആകാശത്തിൽനിന്ന ഒരു വാക്ക കെൾക്കയും ചെയ്തു.

അനന്തരം യെശു പരിശുദ്ധാത്മ നിയൊഗത്താൽ വനത്തിൽ പൊയി മൃഗങ്ങളൊട കൂടെ പാൎത്തു. ഒരു മണ്ഡലം നിരാഹാരനായി വിശന്നപ്പൊൾ പിശാച അവൻറെ അരികെ ചെന്ന നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളെ അപ്പമാക്കി തീൎക്ക എന്ന പറഞ്ഞാറെ അവൻ അപ്പം കൊണ്ട മാത്രമല്ല സകല ദൈവവചനം കൊണ്ടത്രെ മനുഷ്യൻ ജീവിച്ചിരിക്കുന്നു എന്ന വെദവാക്യമുണ്ടല്ലൊ എന്ന കല്പിച്ചശെഷം പരീക്ഷകൻ അവനെ യെറുശലെമിലെക്ക കൊണ്ടുപൊയി ദൈവാലയമുകളിന്മെൽ കരെററി നീ ദൈവപുത്രനെങ്കിൽ കീഴ്പൊട്ട ചാടുക കാൽ കല്ലിന്മെൽ തട്ടാതിരിപ്പാൻ നിന്നെ താങ്ങെണ്ടതിന്ന ദൈവദൂതന്മാൎക്ക കല്പനയുണ്ട എന്ന എഴുതിയിരിക്കുന്നുവല്ലൊ എന്ന പറഞ്ഞാറെ കൎത്താവായ ദൈവത്തെ പരീക്ഷിക്കരുതെന്ന എഴുതീട്ടുണ്ടെന്ന യെശു കല്പിച്ചു അനന്തരം പിശാച അവനെ എത്രയും ഉയൎന്ന ഒരു പൎവ്വത ശിഖരത്തിന്മെൽ കൊണ്ടുപൊയി സകല രാജ്യങ്ങളെയും അവററിലുള്ള സമ്പത്തുകളെയും കാണിച്ചു ഈ സം മഹത്വം ഒക്കെയും എന്നിൽ എല്പിച്ചിരിക്കുന്നു എൻറെ മനസ്സുപൊലെ ആൎക്കെങ്കിലും കൊടുക്കാം നീ എന്നെ നമസ്കരിച്ചാൽ എല്ലാം നിനക്ക തരാം എന്ന പറഞ്ഞ ശെഷം സാത്താനെ നീ പൊക നിൻറെ കൎത്താവായ ദൈവത്തെ മാത്രമെ വന്ദിച്ചുസെവിക്കെണം എന്ന വെദവാക്ക ഉച്ചരിച്ചപ്പൊൾ പിശാച അവനെ വിട്ടുപൊയാറെ ദൈവദൂതന്മാർ വന്ന ശുശ്രൂഷിക്കയും ചെയ്തു.

## ൹ ശിഷ്യന്മാരെ വിളിച്ചതും കാനായിലെ കല്യാണവും.

യൊഹന്നാൻ ഒരു ദിവസം യൎദ്ദൻ നദീ തീരത്തിങ്കൽ കൂടെ യെശു വരുന്നത കണ്ടു കൂടെയുള്ള യൊഹന്നാൻ അന്ത്രൊസ എന്ന രണ്ടു ശിഷ്യന്മാരൊട ഇതാ ലൊക ബാധ എടുത്ത കൊള്ളുന്ന ദൈവത്തിന്റെ കുഞ്ഞാട എന്ന പറഞ്ഞ ശെഷം ശിഷ്യന്മാർ യെശുവിന്റെ പിന്നാലെ ചെന്ന അവൻ തിരിഞ്ഞു നിങ്ങൾ എന്ത അന്വെഷിക്കുന്നു എന്ന ചൊദിച്ചാറെ അവർ ഗുരൊ നീ എവിടെ പാൎക്കുന്നു എന്ന പറഞ്ഞനെരം വന്ന നൊക്കുവിൻ എന്ന കല്പിച്ചത കെട്ടാറെ അവർ ആ ദിവസം അവന്റെ കൂടെ പാൎത്തു പിറെറ ദിവസം അന്ത്രൊസ സഹൊദരനായ ശീമൊനൊട നാം മെശിഹയെ കണ്ടു എന്ന ചൊല്ലി അവനെ യെശുവിന്റെ അടുക്കൽ കൂട്ടികൊണ്ടു ചെന്നാറെ യെശു അവനെ നൊക്കി യൊനയുടെ പുത്രനായ ശീമൊനെ നിനക്കു കല്ലെന്ന അൎത്ഥമുള്ള കെഫാ എന്ന പെരുണ്ടാകും എന്ന കല്പിച്ചു പിറെറന്നാൾ യെശു ഫിലിഫൊസിനെ കണ്ടു അവനൊട എന്റെ പിന്നാലെ വരിക എന്ന കല്പിച്ചു, ഫിലിപ്പൊസ നഥാന്യെലിനെകണ്ടു മൊശയും ദീൎഘദൎശികളും വെദത്തിൽ എഴുതി വെച്ചവനെ നാം കണ്ടു നസറത്തിലെ യൊസെഫിന്റെ മകനായ യെശുവിനെ തന്നെ എന്നത കെട്ടു നസറത്തിൽ നിന്ന ഒരു നന്മ എങ്കിലും വരുമൊ എന്ന ചൊദിച്ചാറെ ഫിലിപ്പൊസ വന്ന നൊക്കുക എന്ന പറഞ്ഞു അവനെ കൂട്ടികൊണ്ടു ചെന്നപ്പൊൾ യെശു അവനെ നൊക്കി ഇതാ വ്യാജമില്ലാത്ത ഇസ്രയെല്ക്കാരൻ എന്ന കല്പിച്ചാറെ അവൻ നീ എവിടെ വെച്ച എന്നെ കണ്ടു എന്ന ചൊദിച്ചതിന്ന ഫിലിപ്പൊസ വിളിക്കുമുമ്പെ ഞാൻ നിന്നെ അത്തിവൃക്ഷത്തിൻ കീഴിൽ കണ്ടു എന്ന ചൊന്നാറെ ഗുരൊ നീ ദൈവപുത്രനും ഇസ്രയെൽ രാജാവുമാകുന്നു എന്നുരച്ചു യെശുവും അത്തി വൃക്ഷത്തിൻ കീഴിൽ കണ്ടപ്രകാരം പറഞ്ഞതുകൊണ്ടനീ വിശ്വസിക്കുന്നുവൊ നീ ഇനിയും ഇതിനെക്കാൾ മഹത്വമുള്ളതിനെ കാണും എന്നരുളിച്ചെയ്തു.

മൂന്നുദിവസം കഴിഞ്ഞാറെ കാനായിൽ ഉണ്ടാകുന്ന കല്യാണത്തിന്ന ശിഷ്യന്മാരൊടുകൂടെ യെശുവിനെയും അമ്മയെയും അവർ ക്ഷണിച്ചിരുന്നു അവിടെ വീഞ്ഞ മുഴുവനും ചിലവായാറെ മറിയ യെശുവിനൊട അവൎക്ക വീഞ്ഞില്ല എന്ന പറഞ്ഞതിന്ന അവൻ എന്റെ സമയം വന്നില്ല എന്ന പറഞ്ഞു അമ്മ വെലക്കാരൊട അവൻ എന്തെങ്കിലും കല്പിച്ചാൽ ചെയ്വിനെന്ന പറഞ്ഞപ്പൊൾ യെശു ആറ കൽഭരണികളിൽ വെള്ളം നിറെപ്പാൻ വെലക്കാരൊട കല്പിച്ചു അവർ നിറച്ചു കല്പനപ്രകാരം കൊരി വിരുന്നുപ്രമാണിക്ക കൊടുത്തു അവൻ രുചിനൊക്കിയപ്പൊൾ മണവാളനെ വിളിച്ച എല്ലാവരും മുമ്പിൽ നല്ല വീഞ്ഞുവെച്ച ജനങ്ങൾ നല്ലവണ്ണം കുടിച്ചശെഷം താഴ്ച ഉള്ളതിനെ കൊടുക്കുന്നു നീ ഉത്തമവീഞ്ഞ ഇതുവരെ സംഗ്രഹിച്ചുവല്ലൊ എന്ന പറഞ്ഞു ഇത യെശുവിന്റെ ഒന്നാം അതിശയം ഇതിനാൽ അവൻ തന്റെ മ

ഹത്വത്തെ പ്രകാശിപ്പിച്ചു ശിഷ്യന്മാർ അവങ്കൽ വിശ്വസിക്കയും ചെയ്തു.

## ൭ ശമറിയക്കാരത്തി.

യറുശലെമിലെ പെസഹപെരുനാൾ കഴിഞ്ഞശെഷം ഗലിലയിലെക്കുള്ള യാത്രയിൽ യെശു ശമറിയരാജ്യത്ത സിക്കാർ പട്ടണം സമീപത്തിങ്കൽ യാക്കൊബിന്റെ കിണറുകണ്ട ക്ഷീണനാകയാൽ അതിന്റെ അരികെ ഇരുന്നു ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ വാങ്ങുവാൻ അങ്ങാടിക്ക പൊയാറെ ഒരു സ്ത്രീ വന്നു കിണറ്റിൽനിന്ന വെള്ളം കൊരിയപ്പൊൾ എനിക്ക കുടിപ്പാൻ തരിക എന്ന യെശു പറഞ്ഞത കെട്ട യഹൂദനായ നീ ശമറിയക്കാരത്തിയൊട വെള്ളത്തിന്ന ചൊദിക്കുന്നതെന്ത എന്നുപറഞ്ഞു അപ്പൊൾ യെശു ദൈവാനുഗ്രഹത്തെയും നിന്നൊട വെള്ളം ചൊദിക്കുന്നവനെയും അറിഞ്ഞുകിൽ നീ ചൊദിക്കും അവൻ നിനക്ക ജീവനുള്ള വെള്ളം തരികയും ചെയ്യുമായിരുന്നു ഈ വെള്ളം കുടിക്കുന്നവൻ പിന്നയും ദാഹിക്കും ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്ന പിന്നെ ദാഹിക്കയില്ല എന്ന പറഞ്ഞാറെ അവൾ കർത്താവെ ദാഹിക്കാതെയും ഇവിടെ വെള്ളം കൊരുവാൻ വരാതെയും ഇരിക്കെണ്ടതിന്ന ആ വെള്ളം എനിക്ക തരെണം എന്ന അപെക്ഷിച്ചപ്പൊൾ യെശു നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക എന്ന കല്പിച്ചു സ്ത്രീ എനിക്ക ഭർത്താവില്ല എന്ന പറഞ്ഞത കെട്ട യെശു ശരിതന്നെ നിനക്ക അഞ്ചുഭർത്താക്കന്മാർ ഉണ്ടായിരുന്നു ഇപ്പൊഴുള്ളവൻ നിന്റെ ഭർത്താവല്ല എന്നുപറഞ്ഞു അനന്തരം സ്ത്രീ കർത്താവെ നീ ദീർഘദർശി എന്ന എനിക്ക തൊന്നുന്നു ഞങ്ങളുടെ പൂർവ്വന്മാർ ഈ ഗരിസ്സീമ്മലമെൽവെച്ച ദൈവത്തെ വന്ദിച്ചുവരുന്നു നിങ്ങൾ യറുശലെംപട്ടണം ദൈവസ്ഥലമെന്ന പറയുന്നുവെല്ലൊ സത്യം എതാകുന്നു എന്ന ചൊദിച്ചാറെ സത്യവന്ദനക്കാർ പിതാവിനെ ആത്മാവിലും സത്യത്തിലും വന്ദിപ്പാനുള്ള സമയം വരുന്നു എന്ന നീ വിശ്വസിക്ക ദൈവം ആത്മാവാകുന്നു അവനെ വന്ദിക്കുന്നവർ അവനെ ആത്മാവിലും സത്യത്തിലും വന്ദിക്കെണം എന്നത കെട്ട മെശിഹ വന്നാൽ നമുക്ക സകലവും ഉപദെശിക്കും എന്ന സ്ത്രീ പറഞ്ഞാറെ നിന്നൊട സംസാരിക്കുന്നവൻ അവൻ തന്നെ എന്ന യെശു പറഞ്ഞശെഷം സ്ത്രീ കുടം വെച്ച നഗരത്തിലെക്ക ഓടിപ്പൊയി കിണററിന്റെ അരികിൽ ഒരു മനുഷ്യൻ ഇരിക്കുന്നുണ്ട ഞാൻ ചെയ്തിട്ടുള്ളതൊക്കയും അവൻ എന്നൊട പറഞ്ഞു അവൻ മശിഹയൊ അല്ലയൊ എന്ന നൊക്കുവാൻ വരുവിനെന്ന പറഞ്ഞപ്പൊൾ അവരെല്ലാവരും വന്ന യെശുവിനെ കണ്ടകുറെ ദിവസം ഞങ്ങളൊടുകൂടെ പാക്കെണമെന്ന അപെക്ഷിച്ചാറെ അവൻ രണ്ടുദിവസം അവിടെ പാർത്തു അവന്റെ ഉപദെശം കെട്ട പലരും അവനിൽ വിശ്വസിച്ചു സ്ത്രീയിനൊട ഇവൻ ലൊകരക്ഷിതാവായ മെശിഹ എന്ന ഞങ്ങൾ നിന്റെ വചനം നിമിത്തമല്ല അവനിൽനിന്ന കെട്ടറികകൊണ്ടത്രെ വിശ്വസിക്കുന്നു എന്ന പറകയും ചെയ്തു.

## ൨൮ പത്രൊസിന്റെ മീൻപിടിക്കയും വെ ള്ളിക്കാശും.

യെശു ഒരു ദിവസം ഗലീലയിലെ കടൽകരയിലെ കഫൎന്നഹൂം പട്ടണത്തിങ്കൽവെച്ച പ്രസംഗിക്കുമ്പൊൾ വളരെ ജനങ്ങൾ ദൈവവചനം കെൾപ്പാൻ തിക്കിത്തിരക്കി വന്നാറെ അവൻ പത്രൊസിന്റെ തൊണിയിൽ കരെറിയിരുന്ന പ്രസംഗിച്ചു അനന്തരം അവൻ പത്രൊസിനൊട നീ കയത്തിലെക്ക വലിച്ച വല വീശെണമെന്ന കല്പിച്ചപ്പൊൾ ഗുരൊ ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനപ്പെട്ടിട്ടും കിട്ടിയില്ല എങ്കിലും നിന്റെ വചനപ്രകാരം വല വീശാം എന്ന അവൻ പറഞ്ഞ വീശിയപ്പൊൾ വലിയ മീൻ കൂട്ടമകപ്പെട്ട വല കീറിയതകൊണ്ട മറ്റുള്ള തൊണിക്കാരെ വിളിച്ച രണ്ടു തൊണി മുങ്ങുമാറാക മത്സ്യം പിടിക്കയും ചെയ്തു. ഒരം സംഭവിച്ചതു കണ്ടാറെ പത്രൊസ യെശുവിന്റെ മുമ്പാകെ കുമ്പിട്ട കൎത്താവെ ഞാൻ പാപിയാകുന്നു നീ എന്നെ വിട്ടു മാറെണമെന്ന പറഞ്ഞു അവനും കൂടെയുള്ളവരെല്ലാവരും ഭ്രമിച്ചപ്പൊൾ യെശു പത്രൊസിനൊട ഭയപ്പെടെണ്ട ഇനിമെൽ ഞാൻ നിങ്ങളെ ആളെ പിടിക്കുന്നവർ ആക്കും എന്റെ പിന്നാലെ വരുവിൻ എന്ന കല്പിച്ചാറെ അവർ തൊണി കരമെലെറ്റി സകലവും വിട്ട യെശുവിന്റെ കൂടെ പൊയി.

കുറെ കാലം കഴിഞ്ഞാറെ യെശു ശിഷ്യന്മാരൊടുകൂടെ ഗലീലയിൽനിന്ന കഫൎന്നഹൂം പട്ടണത്തിൽ എത്തിയപ്പൊൾ തലപ്പണം വാങ്ങുന്നവർ വന്ന പത്രൊസിനൊട നിങ്ങളുടെ ഗുരു തലപ്പണം കൊടുക്കുമൊ എന്ന ചൊദിച്ചാറെ പത്രൊസ കൊടുക്കും എന്ന പറഞ്ഞു വീട്ടിൽ എത്തിയനെരം യെശു ശീമൊൻ നിനക്ക എന്തു തൊന്നുന്നു രാജാക്കന്മാർ ആരിൽനിന്ന ചുങ്കവും വരിപ്പണവും വാങ്ങും പുത്രന്മാരിൽനിന്നൊ അന്യന്മാരിൽനിന്നൊ എന്ന ചൊദിച്ചതിന്ന അന്യന്മാരിൽനിന്നുതന്നെ എന്ന പത്രൊസ പറഞ്ഞതു കെട്ട യെശു എന്നാൽ പുത്രന്മാർ ഒഴിവുള്ളവർ എങ്കിലും അവൎക്ക നീരസം വരാതിരിപ്പാൻ കടലിൽനിന്ന ഒരു മത്സ്യം പിടിച്ചെടുക്ക അതിന്റെ വായിൽ ഒരു വെള്ളിക്കാശ കാണും ആയ്ത എടുത്ത ഇനിക്കും നിനക്കും വെണ്ടി കൊടുക്ക എന്ന കല്പിക്കയും ചെയ്തു.

## ൯ മലപ്രസംഗം.

അനന്തരം യെശു വളരെ ജനങ്ങൾ വന്നത കാണുകകൊണ്ട ഒരു മലമെൽ കയറി ഇരുന്നു ശിഷ്യന്മാർ അടുക്കൽ വന്നാറെ അവരൊട പറഞ്ഞിതു ആത്മദാരിദ്ര്യവും സൌമ്യതയും ദുഃഖവും കരുണയും ഹൃദയ ശുദ്ധിയുമുള്ളവരും സമാധാനം നടത്തുന്നവരും നീതിക്കായി വിശന്ന ദാഹിക്കുന്നവരും നീതി നിമിത്തമായും ഞാൻ നിമിത്തമായും പീഡ സഹിക്കുന്നവരും ഭാഗ്യവാന്മാരാകുന്നു. നിങ്ങൾ ലൊകത്തിന്റെ ഉപ്പും വെളിച്ചവുമാകുന്നു ദൈവകല്പനകളെ നിഷ്ഫലമാക്കുവാനല്ല നിവൃത്തിയാക്കുവാനും അവറ്റെ പ്രമാണിക്കെണ്ടതിന്ന ഉപദെശിപ്പാനുമത്രെ ഞാൻ വന്നിരിക്കുന്നു. പ്രാൎത്ഥിക്കയും ഉപവസിക്കയും ധൎമ്മം കൊടുക്കയും ചെയ്യുന്നത മ

അക്ഷ്യരിൽ നിന്നുള്ള സ്തുതിക്കായിട്ടല്ല സകല രഹസ്യങ്ങളെയും അ
റിയുന്ന സ്വൎഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ രഹസ്യത്തിൽ
ചെയ്യെണ്ടുന്നതാകുന്നു. ഭൂമിയിൽ സമ്പത്തുകളെ ക്രൂട്ടിവെയ്ക്കാതെ
സ്വൎഗ്ഗത്തിലെക്ക നിക്ഷെപങ്ങളെ ക്രൂട്ടിവയ്പിൻ അവിടെ ഉറപ്പുഴ
വും തുരുമ്പും നശിപ്പിക്കയില്ല കള്ളന്മാർ വന്ന മൊഷ്ടിക്കയും ഇല്ല
നിങ്ങളുടെ നിക്ഷെപം എവിടെ അവിടെ നിങ്ങളുടെ ഹൃദയ
വും ഇരിക്കും പ്രാണനെക്കുറിച്ച എതു ഭക്ഷിച്ചു കുടിക്കെണ്ടു എന്നും
ദെഹത്തെക്കുറിച്ച എത എടുക്കെണ്ടു എന്നും കരുതി വിഷാദിക്കരു
ത ഭക്ഷണത്തെക്കാൾ പ്രാണനും ഉടുപ്പിനെക്കാൾ ശരീരവും ശ്രെ
ഷ്ഠമല്ലയൊ പക്ഷികളെ നൊക്കുവിൻ അവ വിതക്കയും കൊയ്യുക
യും കളപ്പുരയിൽ ക്രൂട്ടി വെയ്ക്കുകയും ചെയ്യുന്നില്ല എങ്കിലും സ്വൎഗ്ഗസ്ഥ
നായ പിതാവ അവറ്റെ പുലൎത്തുന്നു അവറ്റെക്കാൾ നിങ്ങൾ അ
ധികം വിശെഷമുള്ളവരല്ലയൊ ഉടുപ്പിനെക്കുറിച്ച എന്തിന്ന ചി
ന്തിക്കുന്നു പുഷ്പങ്ങൾ എങ്ങിനെ വളരുന്നു എന്ന വിചാരിപ്പിൻ
അവ അദ്ധ്വാനപ്പെടുന്നില്ല നൂല്ക്കുന്നതുമില്ല എങ്കിലും ശലൊമൊ
ൻരാജാവിന്നും അവറ്റെപ്പൊലെ അലങ്കാരം ഇല്ലാഞ്ഞു നിശ്ചയം
ഇന്നിരുന്ന നാളെ വാടിപ്പൊകുന്ന പുല്ലിനെയും ദൈവം ഇങ്ങി
നെ ഉടുപ്പിക്കുന്നതു വിചാരിച്ചാൽ അല്പ വിശ്വാസികളെ നിങ്ങ
ളെ എത്രയും നന്നായി ഉടുപ്പിക്കയില്ലയൊ അന്നവസ്ത്രാദികൾ ഒ
ക്കയും നിങ്ങൾക്ക ആവശ്യമെന്ന പിതാവും അറിഞ്ഞിരിക്കുന്നു. നി
ങ്ങൾ ദൈവരാജ്യത്തെയും അവന്റെ നീതിയെയും മുമ്പിൽ അ
ന്വെഷിപ്പിൻ എന്നാൽ ൦രം വക എല്ലാം നിങ്ങൾക്ക സാധിക്കും
സഹൊദരന്ന സ്നെഹം കൂടാതെ വിധിക്കരുത ദൈവമുഖെന ല
ഭിച്ചിട്ടുള്ള കൃപാവരങ്ങളെ നന്നെ സൂക്ഷിച്ച അധികം കിട്ടെണ്ടതി
ന്ന പ്രാൎത്ഥിപ്പിൻ. പ്രാൎത്ഥിക്കുമ്പൊൾ ഇപ്രകാരം പറയണം. സ്വ
ൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം പരിശുദ്ധമാ
ക്കപ്പെടെണമെ നിന്റെ രാജ്യം വരെണമെ നിന്റെ ഇഷ്ടം സ്വ
ൎഗ്ഗത്തിലെ പൊലെ ഭൂമിയിലും ചെയ്യപ്പെടെണമെ ഞങ്ങൾക്ക വെ
ണ്ടുന്ന അപ്പം തരെണമെ ഞങ്ങളുടെ നെരെ കുറ്റം ചെയ്യുന്നവ
രൊട ഞങ്ങൾ ക്ഷമിക്കുന്നതുപൊലെ ഞങ്ങളുടെ കുറ്റങ്ങളെയും
ക്ഷമിക്കെണമെ ഞങ്ങളെ പരീക്ഷയിലെക്ക അകപ്പെടുത്താതെ
ദൊഷത്തിൽനിന്ന രക്ഷിക്കയും ചെയ്യെണമെ രാജ്യവും ശക്തി
യും മഹത്വവും എന്നെക്കും നിനക്കുള്ളതാകുന്നുവല്ലൊ ആമെൻ.

നിങ്ങളിൽ യാതൊരുത്തന്റെ പുത്രൻ എങ്കിലും പിതാവിന്റെ
അടുക്കൽ ചെന്ന അപ്പം ചൊദിച്ചാൽ അവൻ ഒരു കല്ല കൊടുക്കു
മൊ മത്സ്യം ചൊദിച്ചാൽ സൎപ്പവും മുട്ട ചൊദിച്ചാൽ തെളും കൊ
ടുക്കുമൊ ദൊഷികളായ നിങ്ങൾ മക്കൾക്ക നല്ല ദാനം ചെയ്വാൻ
അറിയുന്നെങ്കിൽ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ തന്നൊട
അപെക്ഷിക്കുന്നവൎക്ക എത്ര അധികം കൊടുക്കും. ഇടുക്കവാതിലിൽ
ക്രൂടി അകത്ത കടപ്പിൻ നാശവാതിൽ വീതിയുള്ളതും വഴി വി
സ്താരമുള്ളതുമാകുന്നു അതിൽ ക്രൂടി പൊകുന്നവർ പലരും ഉണ്ട
ജീവവാതിൽ ഇടുക്കമുള്ളതും വഴി വിസ്താരം കുറഞ്ഞതുമാകകൊണ്ട
അതിനെ കണ്ടെത്തുന്നവർ ചുരുക്കമാകുന്നു ആട്ടിൻ വെഷം ധരി
ച്ച കള്ളദീൎഘദൎശികൾ ഭക്ഷിപ്പാൻ ആഗ്രഹമുള്ള ചെന്നായ്ക്കളെത്രെ

അവരെ സൂക്ഷിച്ച വിട്ടുകൊൾവിൻ നല്ല വൃക്ഷം നല്ല ഫലങ്ങളെ തരുന്നു ആകാത്ത വൃക്ഷം ആകാത്ത ഫലങ്ങളെ തരുന്നു. ഫലം നൊക്കി വൃക്ഷം തിരിച്ചറിയെണ്ടു കൎത്താവെ കൎത്താവെ എന്ന പറയുന്നവരെല്ലാം സ്വൎഗ്ഗരാജ്യത്തിലെക്ക പ്രവെശിക്ക ഇല്ല സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ പ്രവെശിക്കും എന്റെ വചനങ്ങളെ കെട്ട അനുസരിക്കുന്നവൻ തന്റെ വീട ഒരു പാറമെൽ പണി ചെയ്യു ബുദ്ധിമാനായ മനുഷ്യനൊട സദൃശനാകുന്നു മഴവെള്ളങ്ങൾ വൎദ്ധിച്ച വീട്ടിന്മെൽ അലച്ചാലും കാറ്റുകൾ അടിച്ചാലും പാറമെൽ സ്ഥാപിച്ചിരിക്കകൊണ്ട അത വീഴുകയില്ല. വചനം കെട്ട അനുസരിക്കാത്തവൻ മണലിന്മെൽ വീട പണിചെയ്ത ഭൊഷനായ മനുഷ്യനൊട തുല്യനാകുന്നു മഴവെള്ളങ്ങൾ വൎദ്ധിച്ചലെച്ച കാററടിക്കുമ്പൊൾ അത വീഴുമല്ലൊ അതിന്റെ വീഴ്ച എത്രയും വലുതായിരിക്കും എന്ന പറകയും ചെയ്തു.

## ൨൦. യെശു ചെയ്ത അതിശയങ്ങൾ.

യറുശലെം സമീപത്ത ബെത്ഥെസ്ദ എന്ന കുളത്തിലെ വെള്ളം രൊഗശാന്തിക്ക എത്രയും വിശെഷമായിരുന്നു ദൈവശക്തിയാൽ ആ വെള്ളം കലങ്ങുമ്പൊൾ യാതൊരു രൊഗി എങ്കിലും മുമ്പെ അതിൽ മുഴുകിയാൽ സൌഖ്യം വരും. അവിടെ ധൎമ്മിഷ്ഠന്മാർ ദീനക്കാൎക്ക വെണ്ടി അഞ്ചു മണ്ഡപങ്ങളെ ഉണ്ടാക്കിയിരിക്കകൊണ്ട പല രൊഗികളും വെള്ളത്തിന്റെ കലക്കമുണ്ടാകുമ്പൊൾ മുഴുകെണ്ടതിന്നായി കാത്തിരുന്നു യെശു യറുശലെമിൽ പെരുനാളിന്ന വന്ന ദീനക്കാരെ കാണ്മാൻ ബെത്ഥെസ്ദയിൽ പൊയപ്പൊൾ മുപ്പത്തെട്ടു വൎഷം രൊഗിയായി കിടന്നൊരു മനുഷ്യനെ കണ്ടു നിനക്ക സ്വസ്ഥനാവാൻ മനസ്സുണ്ടൊ എന്ന ചൊദിച്ചാറെ അവൻ കൎത്താവെ ഠരം വെള്ളത്തിൽ കലക്കമുണ്ടാകുമ്പൊൾ എന്നെ കുളത്തിൽ കൊണ്ടുപൊവാൻ ആരും ഉണ്ടാകുന്നില്ല പണിപ്പെട്ടു ഞാൻ തന്നെ പൊവാൻ തുടങ്ങിയാൽ ഉടനെ മറെറാരുത്തൻ വെള്ളത്തിൽ ഇറങ്ങി മുഴുകുന്നു എന്ന പറഞ്ഞശെഷം യെശു നീ എഴുനീററ നിന്റെ കിടക്ക എടുത്ത നടക്ക എന്ന കല്പിച്ചപ്പൊൾ അവൻ എഴുനീററ കിടക്ക എടുത്ത നടന്ന സ്വസ്ഥനായി വരികയും ചെയ്തു. പിന്നെ യെശു കഫൎന്നഹൂം പട്ടണത്തിലെക്ക വന്നപ്പൊൾ രൊമശതാധിപൻ തന്റെ പ്രിയനായ വെലക്കാരന ദീനം പിടിച്ച മരിപ്പാറായപ്പൊൾ അവനെ സൌഖ്യമാക്കെണമെന്ന ചില യഹൂദമുഖ്യന്മാരെ അയച്ചു അവർ യെശുവിനെ കണ്ട ശതാധിപൻ നമ്മുടെ ജാതിയെ സ്നെഹിച്ചു ഞങ്ങൾക്ക ഒരു പള്ളിയെ തീൎപ്പിച്ചിരിക്കകൊണ്ട അവനെ വിചാരിച്ച രൊഗശാന്തി വരുത്തി കൊടുക്കെണമെന്ന അപെക്ഷിക്കയാൽ യെശു അവരൊടുകൂടെ പൊകുമ്പൊൾ ശതാധിപൻ തന്റെ ഇഷ്ടന്മാരെ അയച്ച കൎത്താവെ നീ വീട്ടിൽ വരുവാൻ ഞാൻ യൊഗ്യനല്ല ഒരു വാക്ക കല്പിച്ചാൽ എന്റെ വെലക്കാരൻ സ്വസ്ഥനാകും ഞാനും അധികാരത്തിൻ കീഴില്ലുള്ള ഒരു മനുഷ്യൻ ആകുന്നു എന്റെ കീഴിലും പട്ടാളക്കാരുണ്ട ഞാൻ ഒരുത്തനൊട പൊക എന്ന പറഞ്ഞാൽ അവൻ പൊകുന്നു മറെറാ

രുത്തനൊട വരിക എന്ന പറഞ്ഞാൽ അവൻ വരുന്നു വെലക്കാ
രനൊട അത ചെയ്ക എന്ന കല്പിച്ചാൽ അവൻ ചെയ്യുന്നു എന്ന
പറയിച്ചു യെശു അത കെട്ടാറെ അതിശയിച്ച തിരിഞ്ഞു ജനങ്ങ
ളെ നൊക്കി ഇപ്രകാരമുള്ള വിശ്വാസം ഞാൻ ഇസ്രയെലിലും ക
ണ്ടില്ല നിശ്ചയം എന്ന പറഞ്ഞു അയച്ചവരൊട പൊകുവിൻ വി
ശ്വാസപ്രകാരം ഭവിക്കട്ടെ എന്നകല്പിച്ചു ആയവർ വീട്ടിൽ എത്തി
യപ്പൊൾ രൊഗി സൌഖ്യവാനായിരിക്കുന്നത കാണുകയും ചെ
യ്തു. അനന്തരം യെശു ശിഷ്യന്മാരൊടുകൂടി ഒരു പടവിൽ കയ
റി വലിച്ച കരവിട്ട താൻ അമരത്ത ഉറങ്ങികൊണ്ടിരിക്കുമ്പൊൾ
കൊടുങ്കാറ്റുണ്ടായി തിരകളും വന്നുവീണ വെള്ളം നിറഞ്ഞ പട
വ മുങ്ങുമാറായാറെ ശിഷ്യന്മാർ ഭയപ്പെട്ട അവനെ ഉണർത്തി ഗു
രൊ ഗുരൊ ഞങ്ങൾ നശിപ്പാറായിരിക്കുന്നു ഞങ്ങളെ രക്ഷിക്കെ
ണമെ എന്ന പറഞ്ഞാറെ അവൻ എഴുനീറ്റ അല്പവിശ്വാസിക
ളെ നിങ്ങൾ എന്തിന്ന ഭയപ്പെടുന്നു എന്ന കല്പിച്ച കാറ്റിനെയും
കടലിനെയും ശാസിച്ചതിന്റെ ശെഷം മഹാ ശാന്തതയുണ്ടായി
ആയത കണ്ടാറെ അവർ കാറ്റും കടലും കൂടി ഇവനെ അനുസ
രിക്കുന്നു ഇവൻ ആരാകുന്നു എന്ന പറഞ്ഞ ആശ്ചൎയ്യപ്പെട്ടതിന്റെ
ശെഷം അവൻ അക്കരെ ഗദരദെശത്തിൽ എത്തിയപ്പൊൾ പി
ശാച ബാധിച്ച രണ്ട മനുഷ്യരെ കണ്ടു അവൎക്ക സൌഖ്യം വരു
ത്തി കഫൎന്നഹൂം പട്ടണത്തിലെക്ക യാത്രയായി ഒരു വീട്ടിൽ പ്ര
വെശിച്ചത ജനങ്ങൾ കെട്ടാറെ സംഘമായി വീട്ടിന്റെ ചുറ്റും
നിന്നപ്പൊൾ അവൻ സുവിശെഷം പ്രസംഗിച്ചു അന്ന ചില ജ
നങ്ങൾ ഒരു പക്ഷവാതക്കാരനെ എടുത്ത കൊണ്ടുവന്ന അവന്റെ
മുമ്പാകെ വെപ്പാൻ ഭാവിച്ചു പുരുഷാരം നിമിത്തം വാതിൽക്കൽ
കൂടി കടപ്പാൻ പാടില്ലായ്കകൊണ്ട വീട്ടിന്മെൽ കയറി പുരമുകളി
ൽ കൂടെ അവനെ യെശുവിന്റെ മുമ്പാകെ ഇറക്കി യെശു അ
വരുടെ വിശ്വാസം കണ്ടാറെ അവനൊട പുത്ര നിന്റെ പാപ
ങ്ങൾ മൊചിച്ചിരിക്കുന്നു നീ എഴുനീറ്റ നിന്റെ കിടക്ക എടുത്ത
വീട്ടിൽ പൊക എന്നതുകെട്ട ഉടനെ പക്ഷവാതക്കാരൻ എഴു
നീറ്റ കിടക്ക എടുത്ത വീട്ടിലെക്ക പൊയതുകണ്ടാറെ പലരും അ
തിശയിച്ചു നാം ഇന്ന അപൂൎവ്വാവസ്ഥ കണ്ടു എന്നുപറഞ്ഞ ദൈവ
ത്തെ സ്തുതിക്കയും ചെയ്തു.

## ൫൫ യെശു ചെയ്ത അതിശയങ്ങളുടെ തുടൎച്ച.

ചില കാലം കഴിഞ്ഞാറെ യെശു ശിഷ്യന്മാരൊടും വലിയ ജ
നസംഘത്തൊടും കൂടെ യാത്രയായി നയിൻപട്ടണ സമീപത്ത
എത്തിയപ്പൊൾ ഒരു വിധവയുടെ മരിച്ച എകപുത്രനെ കുഴിച്ചി
ടുവാൻ കൊണ്ടുവന്നതും മഹാ ദുഃഖിതയായ അമ്മയെയും കണ്ട
കനിവ തൊന്നി കരയരുത എന്ന വിലക്കി ശവം എടുത്തവർ നി
ന്നാറെ പ്രെതമഞ്ചം തൊട്ട കുഞ്ഞിനൊട എഴുനീല്ക്ക എന്ന ഞാ
ൻ നിന്നൊട കല്പിക്കുന്നു എന്നുപറഞ്ഞ ഉടനെ മരിച്ചവൻ എഴു
നീറ്റിരുന്ന സംസാരിച്ച തുടങ്ങിയപ്പൊൾ യെശു അവനെ മാ

താവീന്നായി കൊടുത്തു ആയതു കണ്ടപ്പൊൾ ജനങ്ങൾ വളരെ ഭയപ്പെട്ട ദൈവം തന്റെ ജാതിയെ കടാക്ഷിച്ച വലിയ ദീൎഘദൎശിയെ അയച്ചു എന്ന പറഞ്ഞ ദൈവത്തെ സ്തുതിക്കയും ചെയ്തു.

പിന്നെ യെശു ജനങ്ങളെ ദൈവവചനത്തെ ഗ്രഹിപ്പിച്ചുകൊണ്ടിരിക്കുമ്പൊൾ യായിർ എന്ന പ്രമാണി വന്ന അവനെ വന്ദിച്ച ഗുരൊ ഇനിക്ക പന്ത്രണ്ടുവയസ്സുള്ള ഒരു എകപുത്രി രൊഗം പിടിച്ച മരിപ്പാറായിരിക്കകൊണ്ട നീ ഉടനെ വന്ന അവളെ സൌഖ്യമാക്കെണം എന്ന അപെക്ഷിച്ചാറെ യെശു അവനൊടുകൂടെ പൊകുമ്പൊൾ ജനങ്ങൾ അവനെ ഞെരുക്കി ആ സ്ഥലത്ത പന്ത്രണ്ടുവൎഷം തന്റെ രക്തവാൎച്ചക്ക ധനമൊക്കയും വെറുതെ ചിലവിട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു അവൾ യെശുവിന്റെ അവസ്ഥ കെട്ടുവന്ന അവന്റെ വസ്ത്രം മാത്രം പിന്നിൽ നിന്ന തൊട്ടുവാൻ സംഗതി വന്നതിനാൽ രക്തവാൎച്ച ശമിച്ചു അപ്പൊൾ യെശു എന്നെ തൊട്ടത ആരെന്ന ചൊദിച്ചാറെ ശിഷ്യന്മാർ പുരുഷാരം നിന്നെ തിക്കി വരുന്നതുകൊണ്ട എന്നെ തൊട്ടതാരെന്ന ചൊദിപ്പാൻ സംഗതി ഉണ്ടൊ എന്ന പറഞ്ഞപ്പൊൾ അപ്രകാരമല്ല എന്നിൽനിന്ന ശക്തി പുറപ്പെട്ടത ഞാൻ അറിയുന്നു ഒരാൾ എന്നെ തൊട്ടിട്ടുണ്ട എന്ന പറഞ്ഞനെരം ഉടനെ ആ സ്ത്രീ വിറെച്ചുംകൊണ്ട വന്ന നമസ്കരിച്ച സകലത്തെയും അറിയിച്ചശെഷം അവൻ മകളെ ധൈൎയ്യമായിരിക്ക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു സമാധാനത്തൊടെ പൊക എന്ന പറഞ്ഞു തൽക്ഷണം പ്രമാണിയുടെ വീട്ടിൽനിന്ന ഒരാൾ വന്ന നിന്റെ മകൾ മരിച്ചിരിക്കുന്നു ഗുരുവിനെ വരുത്തുവാൻ ആവശ്യമില്ല എന്ന പറഞ്ഞത യെശു കെട്ട അവനൊട നീ ഭയപ്പെടെണ്ട മുറ്റും വിശ്വസിക്ക എന്ന പറഞ്ഞ വീട്ടിലെക്ക ചെന്നസമയം എല്ലാവരും അവളെ കുറിച്ച കരഞ്ഞ വിലാപിച്ചപ്പൊൾ നിങ്ങൾ കരയെണ്ട അവൾ മരിച്ചില്ല ഉറങ്ങുന്നത്രെ എന്ന ചൊല്ലിയാറെ അവർ പരിഹസിച്ചു അനന്തരം അവൻ പത്രൊസിനെയും യൊഹന്നാനെയും യാക്കൊബിനെയും അവളുടെ മാതാപിതാക്കന്മാരെയും ഒഴികെ എല്ലാവരെയും പുറത്താക്കി കുട്ടിയുടെ കൈ പിടിച്ച ബാലെ എഴുനീല്ക്ക എന്ന കല്പിച്ചു ഉടനെ ആത്മാവ തിരിച്ചുവന്ന അവൾ എഴുനീല്ക്കയും ചെയ്തു.

## ൫൨ യെശു ചെയ്ത അതിശയങ്ങളുടെ തുടൎച്ച.

പിന്നെ യെശു ഒരു വനത്തിലെക്ക പൊകുമ്പൊൾ പല ദിക്കിൽനിന്നും ജനങ്ങൾ വന്ന അവന്റെ പിന്നാലെ ചെല്ലുന്നത കണ്ടാറെ ഇവർ ഇടയനില്ലാത്ത ആടുകൾ പൊലെ ഇരിക്കുന്നു എന്ന പറഞ്ഞ അവരുടെമെൽ മനസ്സലിഞ്ഞ അവരിൽ ദീനക്കാരെ സൌഖ്യമാക്കി ദൈവവചനം പ്രസംഗിച്ച വൈകുന്നെരമായപ്പൊൾ ശിഷ്യന്മാർ അരികെവന്ന ഗുരൊ ഇത വനപ്രദെശമാകകൊണ്ട ചുറ്റുമുള്ള ഗ്രാമങ്ങളിലും ദെശങ്ങളിലും ചെന്ന ഭക്ഷണസാധനങ്ങളെ വാങ്ങുവാനായി ഇവരെ പറഞ്ഞയക്കെണം നെരവും അധികമായി ഉണ്മാൻ അവക്ക എതുമില്ല എന്നറിയിച്ചാറെ യെശു

നിങ്ങൾ തന്നെ ഇവൎക്ക ഭക്ഷിപ്പാൻ കൊടുപ്പിൻ എന്ന കല്പിച്ചശെഷം അവർ ഇരുനൂറുപണത്തിന്നപ്പം വാങ്ങിയാൽ ഒരൊരുത്തന്ന അല്പം അല്പം എടുപ്പാൻ പൊരാ ഇവിടെ അഞ്ചു അപ്പവും രണ്ട ചെറിയ മീനും മാത്രമെ ഉള്ളു എന്ന അറിയിച്ചപ്പൊൾ അവരെ പുല്ലിന്മെൽ ഇരുത്തുവാൻ കല്പിച്ചു അഞ്ചു അപ്പവും രണ്ടമീനും വാങ്ങി മെല്പട്ട നൊക്കി ദൈവത്തെ സ്തുതിച്ച അപ്പങ്ങളെ നുറുക്കി പുരുഷാരത്തിന്ന കൊടുപ്പാനായി ശിഷ്യന്മാൎക്ക കൊടുത്തു അവർ അപ്രകാരംതന്നെ ചെയ്തു. എല്ലാവരും ഭക്ഷിച്ച തൃപ്തന്മാരായി കൎത്താവിന്റെ കല്പനപ്രകാരം കഷണങ്ങളെല്ലാക്കയും ഒന്നിച്ച കൂട്ടി പന്ത്രണ്ട കൊട്ട നിറക്കയും ചെയ്തു. ഇങ്ങിനെ ഭക്ഷിച്ച തൃപ്തന്മാരായവർ സ്ത്രീകളും ബാലന്മാരുമൊഴികെ അയ്യായിരം ജനങ്ങൾ ആയിരുന്നു.

ആ പുരുഷാരങ്ങളെ പറഞ്ഞയച്ചശെഷം യെശു ഒരു മലമെൽ പ്രാൎത്ഥിപ്പാനായി കയറി ഇരുന്ന സമയം ശിഷ്യന്മാർ അക്കരെക്ക പൊവാൻ ഒരു പടവിൽ കയറി വലിച്ചപ്പൊൾ കൊടുങ്കാറ്റുണ്ടായി തിരകളാൽ അലയപ്പെട്ട രാത്രിയുടെ അന്ത്യ യാമത്തങ്കൽ യെശു കടലിന്മെൽ കൂടി നടന്ന വരുന്നത കണ്ടാറെ ശിഷ്യന്മാർ ഒരു ഭൂതം വരുന്നുണ്ടെന്ന വിചാരിച്ച ഭയപ്പെട്ട നിലവിളിക്കുന്നത കെട്ടുടനെ അവരൊട ഞാൻതന്നെ ആകുന്നു പെടിക്കെണ്ട എന്ന പറഞ്ഞപ്പൊൾ നീ ആകുന്നെങ്കിൽ വെള്ളത്തിന്മെൽകൂടി വരുവാൻ കല്പിക്കെണം എന്ന പത്രൊസ പറഞ്ഞാറെ വരിക എന്ന കല്പന കെട്ട അവൻ പടവിൽനിന്നിറങ്ങി വെള്ളത്തിന്മെൽ നടന്ന വരുമ്പൊൾ ഒരു വലിയ കാറ്റ വരുന്നത കണ്ടാറെ ഭയപ്പെട്ട മുങ്ങുമാറായി കൎത്താവെ എന്നെ രക്ഷിക്ക എന്ന വിളിച്ചു അപ്പൊൾ യെശു കൈ നീട്ടി അവനെ പിടിച്ച അല്പവിശ്വാസിയെ നീ എന്തിന്ന സംശയിച്ചു എന്നുരച്ച അവനൊടുകൂടെ പടവിൽ കയറിയനെരം കാറ്റ നിന്നുപൊയാറെ പടവിലുള്ളവർ വന്ന അവനെ വാഴത്തി വന്ദിക്കയും ചെയ്തു.

ഇങ്ങിനെ യെശു ചെയ്ത അതിശയങ്ങളെ സംക്ഷെപിച്ച പറഞ്ഞതല്ലാതെ കുരുടന്മാൎക്കും കാഴ്ചവരുത്തി ചെവിടരെയും മുടന്തരെയും ഊമരെയും കുഷ്ഠരൊഗികളെയും സൌഖ്യമാക്കി പിശാചുകളെ പുറത്താക്കി പല ദുഃഖികളെയും ആശ്വസിപ്പിച്ചു എന്നുള്ളത വെദപുസ്തകം നൊക്കിയാൽ വിസ്തരിച്ചറിയാം.

## ൫൩. മഹാ പാപയും കനാൻസ്ത്രീയും.

പിന്നെ ശീമൊൻ എന്നൊരു പ്രധാന പറീശന്റെ വീട്ടിൽ യെശു ഭക്ഷിപ്പാനിരുന്നത ആ നഗരത്തിൽ ഒരു സ്ത്രീ കെട്ടഒരു പാത്രത്തിൽ പരിമളതൈലത്തൊടുകൂടെ അവന്റെ പിമ്പെ വന്ന കരഞ്ഞ കണ്ണുനീരുകൊണ്ട കാൽനനച്ചും തലമുടികൊണ്ട തുടച്ചും ചുംബനം ചെയ്തും തൈലം പൂശിയുംകൊണ്ട കാൽക്കൽ നിന്നു അപ്പൊൾ പറീശൻ ഇവൻ ദീൎഘദൎശിയെങ്കിൽ ഇവളെ മഹാപാപ എന്നറിഞ്ഞ തന്നെ തൊടുവാൻ സമ്മതിക്കെണ്ടതിന്ന അവകാശമില്ലയായിരുന്നു എന്ന വിചാരിച്ചുകൊണ്ടിരിക്കുമ്പൊൾ യെശു അവനെ നൊക്കി ശീമൊനെ ഒരു ധനവാന കടംപെട്ട രണ്ട

പെരുണ്ടായിരുന്നു ഒന്നാമന്ന അഞ്ഞൂറ പണം രണ്ടാമന്ന അമ്പത പണം കടം ഇത തീൎപ്പാൻ ഇരിവൎക്കും വഴിയില്ലായ്ക്കകൊണ്ട അവൻ മുതൽ ഒക്കയും വിട്ട കൊടുത്തു ഇരിവരിൽ ആർ അവനെ അധികം സ്നെഹിക്കും എന്ന ചൊദിച്ചാറെ അധികം കടംപെട്ടവൻ എന്ന ശിമൊൻ പറഞ്ഞു അപ്പൊൾ യെശു നീ പറഞ്ഞത സത്യം എന്നചൊല്ലി സ്ത്രീയിനെ നൊക്കി പറീശനൊട ഇവളെ കാണുന്നുവൊ ഞാൻ നിന്റെ വീട്ടിൽ വന്നപ്പൊൾ എന്റെ കാൽ കഴുകെണ്ടതിന്ന നീ ഇനിക്ക വെള്ളം തന്നില്ല ഇവൾ കണ്ണുനീർകൊണ്ട കാൽ കഴുകി തലമുടികൊണ്ട തുവൎത്തി നീ ഇനിക്ക ചുംബനം തന്നില്ല ഇവൾ ഇടവിടാതെ എന്റെ കാലുകളെ ചുംബിച്ചു നീ എണ്ണകൊണ്ട എന്റെ തല പൂശിയില്ല ഇവൾ തൈലം കൊണ്ട എന്റെ കാലുകളെ പൂശി ഇവളുടെ അനെകം പാപങ്ങളെ ക്ഷമിച്ചിരിക്കകൊണ്ട ഇവൾ വളരെ സ്നെഹിക്കുന്നു അല്പം ക്ഷമ ലഭിച്ചവർ അല്പമെത്രെ സ്നെഹിക്കും എന്ന പറഞ്ഞ സ്ത്രീയൊട നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു സമാധാനത്തൊടെ പൊക എന്ന കല്പിക്കയും ചെയ്തു.

അനന്തരം യെശു അല്പം ആശ്വാസം ലഭിക്കെണ്ടതിന്ന തുറു സിദൊനി ദെശങ്ങളിൽ യാത്രയായപ്പൊൾ ഒരു സ്ത്രീ പിന്നാലെ ചെന്ന കൎത്താവെ എന്റെ മകൾ പിശാച ബാധിച്ച വളരെ ദുഃഖിക്കുന്നു ആ ഉപദ്രവം തീൎത്തു തരെണമെന്ന അത്യന്തം അപെക്ഷിച്ചു കരഞ്ഞ നിലവിളിച്ചാറെയും യെശു ഒന്നും കല്പിക്കായ്ക്ക കൊണ്ട അവൾ അവനെ നമസ്കരിച്ച കൎത്താവെ ആ പിശാച്ചു ബാധ നീക്കി തരെണമെന്ന പിന്നയും പിന്നയും യാചിച്ചപ്പൊൾ കുഞ്ഞങ്ങളുടെ അപ്പങ്ങളെ എടുത്ത നായ്ക്കൾക്ക കൊടുക്കുന്നത ന്യായമൊ എന്ന ചൊദിച്ചാറെ ന്യായമല്ല എങ്കിലും പൈതങ്ങൾ ഭക്ഷിച്ച ശെഷിക്കുന്ന കഷണങ്ങൾ നായ്ക്കൾ തിന്നുന്നുവല്ലൊ എന്നുരച്ചപ്പൊൾ അവൻ അവളൊട നിന്റെ വിശ്വാസം അത്യന്തം വലിയത നിന്റെ മനസ്സ പൊലെ ആകട്ടെ എന്ന അരുളിച്ചെയ്തു. ആ കുട്ടിയുടെ ഉപദ്രവം നീങ്ങി സൌഖ്യം വരികയും ചെയ്തു.

## ൫൮ യൊഹന്നാൻ ബപ്തിസ്തിന്റെ മരണം.

ഹെരൊദെസ രാജാവ തന്റെ അനുജനായ ഫിലിപ്പൊസിന്റെ ഭാൎയ്യയായ ഹെരൊദ്യയെ വിവാഹം ചെയ്തു ദുഷ്പ്രവൃത്തികൊണ്ട യൊഹന്നാൻ അവനെ ശാസിച്ചാറെ രാജാവ അവനെ തടവിലാക്കി കൊല്ലുവാൻ ഭാവിച്ചു എങ്കിലും ജനങ്ങൾ അവനെ ദീൎഘദൎശി എന്ന വിചാരിച്ചതിനാൽ രാജാവ ശങ്കിച്ച കൊല്ലാതെ ഇരുന്നു. എന്നാറെ രാജാവ ജന്മദിവസത്തിൽ പ്രഭുക്കൾക്കും മന്ത്രികൾക്കും സെനാപതികൾക്കും പ്രമാണികൾക്കും വിരുന്ന കഴിക്കുമ്പൊൾ ഹെരൊദ്യയുടെ മകൾ രാജസന്നിധിയിങ്കൽനിന്ന നൃത്തം ചെയ്തു രാജാവിനെയും കൂടെ ഉള്ളവരെയും പ്രസാദിപ്പിച്ച ശെഷം രാജാവ അവളൊട നിനക്ക ഇഷ്ടമായത യാതൊന്നെങ്കിലും ചൊദിച്ചാൽ തരാമെന്ന സത്യം ചെയ്തു കല്പിച്ച നെരം അവൾ മാതാവിനൊട ഞാൻ എന്ത അപെക്ഷിക്കെണ്ടു എന്ന അന്വെഷിച്ചാറെ അമ്മ തന്റെ ആഗ്രഹം പറഞ്ഞ കെട്ട യൊഹനാന്റെ തല

ഒരു തളികയിൽ വെച്ചു തരെണമെന്ന രാജാവിനൊട അപെക്ഷിച്ചപ്പൊൾ അവൻ വളരെ വിഷാദിച്ചു എങ്കിലും സത്യം നിമിത്തവും മഹാ ജനങ്ങൾ ഉണ്ടാക നിമിത്തവും ഉടനെ യൊഹന്നാന്റെ തല വെട്ടിച്ച കൊണ്ടുവന്ന ബാലസ്ത്രീക്ക കൊടുപ്പിച്ചു അവൾ അത മാതാവിന്ന കൊടുത്തു ബപ്തിസ്തിന്റെ ശിഷ്യന്മാർ ശവമെടുത്ത പ്രെതക്കല്ലറയിൽ വെച്ച വൎത്തമാനം യെശുവിനെ അറിയിക്കയും ചെയ്തു.

## ൧൭ യെശു അരുളിച്ചെയ്ത ഉപമകൾ.

യെശു ഒരുദിവസം സമുദ്ര തീരത്തിരുന്നപ്പൊൾ അവന്റെ അടുക്കൽ വളരെ ജനങ്ങൾ വന്ന കൂടിയാറെ അവൻ ഒരു പടവിൽ കരെറി ഇരുന്ന പല കാൎയ്യങ്ങളെ ഉപമകളായി ഉപദെശിച്ചതാകുന്നു ഇത. ഒരു കൃഷിക്കാരൻ വിതെക്കുമ്പൊൾ ചില വിത്തുകൾ വഴിയരികെ വീണാറെ പക്ഷികൾ വന്ന അവറ്റെ തിന്നുകളഞ്ഞു ചിലത മണ്ണു കുറവുള്ള പാറ സ്ഥലത്ത വീണു ഉടനെ മുളച്ചു സൂൎയ്യനുദിച്ചപ്പൊൾ വാടി വെര മണ്ണിൽ താഴാഴ്കകൊണ്ട ഉണങ്ങിപ്പൊകയും ചെയ്തു. ചിലത മുള്ളുകളുടെ ഇടയിൽ വീണു മുള്ളുകളും കൂടെ വളൎന്ന അതിക്രമിച്ചു ഞാറ ഞെരുക്കിക്കളഞ്ഞു. ചിലത നല്ല നിലത്തിൽ വീണു മുളച്ചു വൎദ്ധിച്ചു. ൩൦. ൬൦, ൧൦൦. മടങ്ങൊളവും ഫലം തന്നു. കെൾപ്പാൻ ചെവിയുള്ളവൻ കെൾക്കട്ടെ എന്ന പറഞ്ഞു. പിന്നെ ശിഷ്യന്മാർ ഇതിന്റെ പൊരുൾ ചൊദിച്ചപ്പൊൾ അവൻ അവരൊട, വിത്ത ദൈവ വചനമാകുന്നു ചിലർ ആ വചനം കെട്ട ഉടനെ അൎത്ഥം ഗ്രഹിക്കാതെ ഇരിക്കുമ്പൊൾ പിശാച ഇവർ വിശ്വസിച്ചു രക്ഷ പ്രാപിക്കരുത എന്ന വെച്ച ഹൃദയത്തിൽ വിതച്ചിട്ടുള്ള വാക്ക എടുത്തുകളയുന്നു. ആയവരത്രെ വഴിയരികെ ഉള്ളവർ. ചിലർ വചനത്തെ കെൾക്കുമ്പൊൾ പെട്ടന്ന സന്തൊഷത്തൊടും കൂടെ കൈക്കൊള്ളുന്നു. അന്തരത്തിൽ വെരില്ലാതെക്ഷണികന്മാരാകകൊണ്ട വചനന്നിമിത്തം വിരൊധവും ഹിംസയും ജനിച്ചാൽ വെഗത്തിൽ ഇടറി വലഞ്ഞ പിൻവാങ്ങിപ്പൊകും. ഇവർ പാറമെൽ വിതച്ചതിന്ന ഒക്കും. ചിലർ വചനത്തെ കെട്ടുകൊണ്ട ശെഷം ലൊകചിന്തയും ധനാദി മായയും ഇഹലൊക സുഖ മൊഹങ്ങളും മനസ്സിൽ പുക്ക വചനത്തെ ഞെരുക്കി നിഷ്ഫലമാക്കുന്നു. ആയവർ മുള്ളുകളിലെ വിത്തു തന്നെ. പിന്നെ വചനം കെട്ട ഗ്രഹിച്ചു നല്ല മനസ്സിൽ വെച്ചു സൂക്ഷിക്കുന്നവർ നല്ല നിലത്തിലെ വിതയാകുന്നു അവർ ക്ഷാന്തിയൊടെ നൂറൊളം ഫലം തരികയും ചെയ്യുന്നു.

അവൻ മറ്റൊരു ഉപമ അവൎക്ക പറഞ്ഞ കാണിച്ചു സ്വൎഗ്ഗരാജ്യം തന്റെ വയലിൽ നല്ല വിത്തുവിതച്ച മനുഷ്യനൊട തുല്യമാകുന്നു. ജനങ്ങൾ ഉറങ്ങുമ്പൊൾ ശത്രു വന്ന കൊതമ്പത്തിന്നിടയിൽ കളകളെ വിതച്ചു പൊയി കളഞ്ഞു. ഞാറ വളൎന്നപ്പൊൾ കളകളും കൂടി മുളച്ചു വളൎന്നത പണിക്കാർ കണ്ടാറെ യജമാനന്റെ അരികെ ചെന്ന നിന്റെ വയലിൽ നല്ല വിത്ത വിതച്ചില്ലയൊ കളകൾ എവിടെനിന്നുണ്ടായി എന്ന ചൊദിച്ചതിന്ന അവൻ ശത്രു വന്ന അതിനെ ചെയ്തു. എന്ന കല്പിച്ചു. അതിന്റെ

ശെഷം അവററെ പറിച്ചു കളെവാൻ നിനക്ക മനസ്സുണ്ടൊ എ
ന്നപെക്ഷിച്ചാറെ യജമാനൻ കളകളെ പറിക്കുമ്പൊൾ ഞാറി
ന്റെ വെരുകൾക്കും ഛെദം വരും രണ്ടും കൂടെ കൊയ്ത്തൊളം വളര
ട്ടെ കൊയ്ത്തുകാലത്ത ഞാൻ മൂരുന്നവരൊട മുമ്പെ കളകളെ പറിച്ച
ചുട്ടുവാനും കൊതമ്പ കളപ്പുരയിൽ കൂട്ടുവാനും കല്പിക്കും എന്നളു
കെട്ടാറെ ശിഷ്യന്മാർ ഈ ഉപമയുടെ പൊരുളും ഞങ്ങളൊട തെ
ളിയിച്ചറിയിക്കെണം എന്ന അപെക്ഷിച്ചപ്പൊൾ അവൻ അവ
രൊട നല്ല വിത്ത വിതെക്കുന്നവൻ മനുഷ്യപുത്രൻ വയൽ ലൊ
കവും നല്ല വിത്ത രാജ്യത്തിന്റെ മക്കളും കളകൾ ദുഷ്ടന്റെ മ
ക്കളും അവരെ വിതച്ച ശത്രു പിശാചും കൊയ്ത്തുകാലം ലൊകാവ
സാനവും കൊയ്ത്തുകാർ ദൈവദൂതന്മാരും ആകുന്നു കളകളെ അ
ഗ്നിയിൽ ഇട്ട ചുടുന്നപ്രകാരം ലൊകാവസാനത്തിങ്കൽ മനുഷ്യ
പുത്രൻ തന്റെ ദൂതന്മാരെ അയച്ച വിരുദ്ധങ്ങളെയും അക്രമങ്ങ
ളെയും ചെയ്യുവരെ എല്ലാവരെയും കൂട്ടി അഗ്നിചൂളയിൽ ഇടിയി
ക്കും. അവിടെകരച്ചിലും പല്ലുകടിയും ഉണ്ടാകും നീതിമാന്മാർ ത
ങ്ങളുടെ പിതൃരാജ്യത്തിൽ സൂര്യനെ പൊലെ ശൊഭിക്കും എന്ന
പറഞ്ഞു.

## ൨൩ യെശുവിന്റെ ഉപമകളുടെ തുടൎച്ച.

വെറെ ഒരു ഉപമ. സ്വൎഗ്ഗരാജ്യം ഒരു കടുക മണിയൊട സ
മമാകുന്നു. ആയത ഒരു മനുഷ്യൻ തന്റെ വയലിൽ വിതച്ച സ
കല വിത്തുകളിലും ചെറിയതാകുന്നു എങ്കിലും അത വളൎന്ന പക്ഷി
കൾക്ക കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം ഒരു വലിയ വൃക്ഷ
മായി തീരുന്നു എന്ന പറഞ്ഞു. പിന്നെയും സ്വൎഗ്ഗരാജ്യം പുളിച്ച
മാവിനൊട സദൃശമാകുന്നു. ഒരു സ്ത്രീ ആയതിനെ എടുത്ത മൂന്നു
പറ മാവ സകലവും പുളിക്കുവൊളം അടക്കി വെച്ചു. സ്വൎഗ്ഗരാജ്യം
ഒരു നിലത്ത ഒളിച്ചു വെച്ച നിക്ഷെപത്തൊട സദൃശമാകുന്നു ആ
യ്തിനെ ഒരു മനുഷ്യൻ കണ്ട സന്തൊഷത്തൊടെ പൊയി സക
ലവും വിററ ആ നിലം വാങ്ങുന്നു. പിന്നെയും സ്വൎഗ്ഗരാജ്യം നല്ല
മുത്തുകളെ അന്വെഷിക്കുന്ന കച്ചവടക്കാരന്ന സമമാകുന്നു അവൻ
വില എറിയ മുത്തു കണ്ടാറെ തനിക്കുള്ളതൊക്കയും വിററ അത വാ
ങ്ങുന്നു. പിന്നെയും സ്വൎഗ്ഗരാജ്യം ഒരു വലക്ക സമമാകുന്നു വല ക
ടലിൽ ഇട്ട പല വിധമുള്ള മത്സ്യങ്ങളകപ്പെട്ട ശെഷം കരക്ക വ
ലിച്ചു കരെററി നല്ലവററെ പാത്രങ്ങളിലാക്കി ആകാത്തവററെ ക
ളയുന്നു ദൈവദൂതർ അപ്രകാരം തന്നെ ലൊകാവസാനത്തിങ്കൽ
പുറപ്പെട്ട നീതിമാന്മാരുടെ ഇടയിൽനിന്ന ദുഷ്ടന്മാരെ വെൎതി
രിച്ച അഗ്നിചൂളയിൽ ഇടും അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാ
കും.

സ്വൎഗ്ഗരാജ്യം ഒരു വീട്ടെജമാനനൊട സമമാകുന്നു. അവൻ
രാവിലെ പുറപ്പെട്ട പണിക്കാരെ വിളിച്ച ആളൊന്നക്ക ഒരൊ
പണം ദിവസക്കൂലി നിശ്ചയിച്ച മുന്തിരിങ്ങാതൊട്ടത്തിൽ വെല
ചെയ്വാനായി പറഞ്ഞയച്ചു പിന്നെ ഒമ്പതാം മണി നെരം പുറ
പ്പെട്ട ചന്തസ്ഥലത്ത വെറുതെ നിൽക്കുന്നവരെ കണ്ടു നിങ്ങളും
എന്റെ മുന്തിരിങ്ങാതൊട്ടത്തിൽ വെലക്ക പൊകുവിൻ മര്യാദ

പ്രകാരം ക്രലി തരാം എന്ന അവരെയും പറഞ്ഞയച്ചു പന്ത്രണ്ടാം മണിനെരവും മൂന്നാം മണിനെരവും അപ്രകാരംതന്നെ വെലക്കാരെ വിളിച്ചയച്ച തൊട്ടത്തിൽ പണിചെയ്യിച്ചു. പിന്നെ അഞ്ചാം മണിനെരം അവൻ പുറപ്പെട്ട വെറുതെ പാൎക്കുന്നവരെ കണ്ടു നിങ്ങൾ പകൽ മുഴുവനെ ഇവിടെ വെറുതെ നിൽക്കുന്നതെന്ത എന്ന ചൊദിച്ചാറെ ആരും ഞങ്ങളെ വിളിക്കായ്കകൊണ്ടാകുന്നു എന്നത കെട്ട അവൻ നിങ്ങളും എന്റെ മുന്തിരിങ്ങാതൊട്ടത്തിൽ പൊയി വെല എടുക്ക ന്യായമുള്ളത തരാം എന്ന അവരെ കല്പിച്ചയക്കയും ചെയ്തു. വൈകുന്നെരത്ത യജമാനൻ തന്റെ സെവകനൊട നീ പണിക്കാരെ വിളിച്ച എല്ലാവൎക്കും ഒരുപൊലെ ക്രലി കൊടുക്ക എന്ന കല്പിച്ചാറെ അഞ്ചാം മണിക്ക വന്നവൎക്ക ഒരൊ പണം കൊടുക്കുന്നത രാവിലെ വന്നവർ കണ്ടപ്പൊൾ തങ്ങൾക്ക അധികം കിട്ടും എന്ന വിചാരിച്ച നിശ്ചയിച്ച ഒരൊ പണംതങ്ങളും വാങ്ങിയാറെ അവർ യജമാനനെ നൊക്കി വെറുത്ത ംരം പിമ്പെ വന്നവർ ഒരു മണിനെരം മാത്രം പണി എടുത്തു നീ ഇവരെ പകലത്തെ ഭാരവും വെയിലും സഹിച്ചിട്ടുള്ള ഞങ്ങളൊട സമമാക്കിയല്ലൊ എന്ന പറഞ്ഞാറെ അവൻ ഒരുത്തനൊട സ്നെഹിത ഞാൻ നിനക്ക അന്ന്യായംചെയ്യുന്നില്ല എന്നൊട ക്രലിക്ക ഒരു പണം സമ്മതിച്ചില്ലയൊ നിനക്കുള്ളത വാങ്ങി നീ പൊയ്ക്കൊൾക നിനക്കു തന്നതപൊലെ പിൻ വന്നവനും കൊടുപ്പാൻ ഇനിക്ക മനസ്സാകുന്നു ഇനിക്കുള്ളതകൊണ്ട എന്റെ ഇഷ്ടപ്രകാരം ചെയ്വാൻ ഇനിക്ക അധികാരമില്ലയൊ എന്റെ കൃപ നിമിത്തം നിനക്ക അസൂയ ജനിക്കുന്നുവൊ എന്ന പറഞ്ഞു. ഇപ്രകാരം പിമ്പുള്ളവർ മുമ്പുള്ളവരായും മുമ്പുള്ളവർ പിമ്പുള്ളവരായും ഇരിക്കും വിളിക്കപ്പെട്ടവർ പലരും തിരിഞ്ഞെടുക്കപ്പെട്ടവരൊ ചുരുക്കം തന്നെ.

## ൮൭ യെശുവിന്റെ ഉപമകളുടെ തുടൎച്ച.

പിന്നെ പല ചുങ്കക്കാരും പാപികളും അവന്റെ വചനങ്ങളെ കെൾപ്പാൻ അരികെ വന്നപ്പൊൾ പറീശന്മാരും ശാസ്ത്രികളും ഇവൻ പാപികളെ കൈക്കൊണ്ട ആവരൊട ക്രടെ ഭക്ഷിക്കുന്നുവെന്ന ദുഷിച്ചു പറഞ്ഞത കെട്ടു അവൻ നിങ്ങളിൽ ഒരുത്തന്ന നൂറ ആടുണ്ടായി അവററിൽ ഒന്ന തെററിപ്പൊയാൽ അവൻ തൊണ്ണൂറെറാമ്പതും വിട്ട തെററിപ്പൊയതിനെ കാണുവൊളം അന്വെഷിക്കുന്നില്ലയൊ കണ്ടുകിട്ടിയാൽ സന്തൊഷിച്ച ചുമലിൽ വെച്ച വീട്ടിലെക്ക കൊണ്ടുവന്ന സ്നെഹിതന്മാരെയും സമീപസ്ഥന്മാരെയും വിളിച്ച കാണാത്ത ആടിനെ കണ്ടു കിട്ടിയതിനാൽ സന്തൊഷിപ്പിൻ എന്ന പറകയില്ലയൊ അപ്രകാരംതന്നെ അനുതപിപ്പാൻ ആവിശ്യമില്ലാത്ത തൊണ്ണൂറെറാമ്പത നീതിമാന്മാരെക്കാൾ അനുതാപം ചെയ്യുന്ന ഒരു പാപിയെക്കുറിച്ച സ്വൎഗ്ഗത്തിൽ സന്തൊഷമുണ്ടാകുമെന്ന ഞാൻ പറയുന്നു എന്ന കല്പിച്ചു. പിന്നെ ഒരു സ്ത്രീക്ക പത്തു വെള്ളിക്കാശുണ്ടായി അവററിൽ ഒന്ന കാണാതെ പൊയാൽ ഒരു വിളക്ക കൊളുത്തി വീട അടിച്ചുവാരി അത കണ്ടുകിട്ടുവൊളം താല്പൎയ്യത്തൊടെ അന്വെഷിക്കാതിരിക്കുമൊ കണ്ടു കിട്ടിയാൽ സ്നെഹിതമാരെയും അയല്ക്കാരത്തികളെയും വി

മിച്ച കാണാത്ത വെള്ളിക്കാശ കണ്ടു കിട്ടിയതുകൊണ്ട സന്തൊഷി
പ്പിൻ എന്ന പറകയില്ലയൊ അപ്രകാരം തന്നെ അനുതാപം
ചെയ്യുന്ന പാപിയെക്കുറിച്ച ദൈവദൂതന്മാർ സന്തൊഷിക്കും എന്ന
ഞാൻ നിങ്ങളൊട പറയുന്നു.

പിന്നെയും ഒരു മനുഷ്യന്ന രണ്ട പുത്രന്മാർ ഉണ്ടായിരുന്നു അ
വരിൽ ഇളയവൻ പിതാവിനൊട അച്ശ മുതലിൽ എന്റെ ഓഹ
രി ഇനിക്കു തരെണമെന്ന അപെക്ഷിച്ചപ്പൊൾ അച്ശൻ തന്റെ
ധനം അവൎക്ക പകുത്ത കൊടുത്തു അല്പകാലം കഴിഞ്ഞാറെ ഇളയ
വൻ തന്റെ മുതൽ ഒക്കെ എടുത്ത ദൂരദെശത്ത പൊയി ദുൎന്നട
പ്പകൊണ്ട സകലവും നഷ്ടമാക്കിയ ശെഷം ആ ദെശത്ത മഹാ
ക്ഷാമം വന്നതിനാൽ വലരെ ഞെരുങ്ങി ആ ദെശത്തുള്ള പുരവാ
സികളിൽ ഒരുത്തനൊട ചെന്നു ആയവൻ പന്നികളെ മെപ്പാൻ
അവനെ വയലിൽ അയച്ചു പന്നികൾ തിന്നുന്ന തവിടകൾകൊ
ണ്ട വയറ നിറച്ചുകൊൾവാൻ ആഗ്രഹിച്ചു എങ്കിലും അതും അ
വന്ന കിട്ടിയില്ല അങ്ങിനെ ഇരിക്കുമ്പൊൾ അവൻ അച്ശന്റെ
എത്ര പണിക്കാൎക്ക അന്നവസ്ത്രം മതിയാവൊളം ഉണ്ട ഞാനൊ വി
ശപ്പുകൊണ്ട നശിച്ചു പൊകുന്നു ഞാൻ അച്ശന്റെ അടുക്കൽ പൊ
യി സ്വൎഗ്ഗത്തിന്നും നിനക്കും വിരൊധമായി പാപം ചെയ്തിരിക്കു
ന്നു ഇനിമെൽ മകൻ എന്ന എന്നെ വിളിപ്പാൻ ഞാൻ യൊഗ്യന
ല്ല വെലക്കാരിൽ ഒരുത്തനെ പൊലെ എന്നെ വിചാരിക്ക എന്നെ
ല്ലാം പറയും എന്ന നിശ്ചയിച്ച യാത്രയായി. ദൂരത്തനിന്ന അച്ശ
ൻ അവനെ കണ്ട മനസ്സലിഞ്ഞ ഒടിച്ചെന്ന കെട്ടിപ്പിടിച്ച ചുംബി
ച്ചാറെ അവൻ അച്ശ സ്വൎഗ്ഗത്തിന്നും നിനക്കും വിരൊധമായി
ഞാൻ പാപം ചെയ്തിരിക്കുന്നു ഇനിമെൽ എന്നെ മകൻ എന്ന വി
ളിപ്പാൻ യൊഗ്യനല്ല വെലക്കാരിൽ ഒരുവനെപ്പൊലെ എന്നെ വി
ചാരിക്ക എന്ന ചൊന്നതു കെട്ട അച്ശൻ പണിക്കാരെ വിളിച്ച വി
ശെഷ വസ്ത്രങ്ങളെ കൊണ്ടുവന്ന ഇവനെ ഉടുപ്പിച്ച കൈവിരല്ക്കു
മൊതിരവും കാലുകൾക്ക ചെരിപ്പുകളും ഇടുവിച്ചതടിച്ച കാളക്കുട്ടി
യെ കൊന്ന പാകം ചെയ്യിൻ നാം ഭക്ഷിച്ച സന്തൊഷിക്ക എ
ന്റെ മകനായ ഇവൻ മരിച്ചിരുന്നു തിരികെ ജീവിച്ചുമിരിക്കുന്നു
കാണാതെ പൊയവനായിരുന്നു ഇപ്പൊൾ കണ്ടെത്തി എന്ന പ
റഞ്ഞു ഭക്ഷിച്ച സന്തൊഷിച്ചുതുടങ്ങി.

## ൰൮ ധനവാനും ദരിദ്രനായ ലാസരും.

ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു അവൻ നെരി
യ വസ്ത്രം ധരിച്ച സുഖഭൊഗങ്ങളിൽ രസിച്ച ദിവസം കഴിച്ച
പൊന്നു ദരിദ്രനായ ലാസർ എന്നൊരുവൻ സൎവ്വാംഗം വ്രണപ്പെ
ട്ട വലഞ്ഞു ധനവാന്റെ ഭക്ഷണകഷണങ്ങൾ കൊണ്ട വയറു നി
റെപ്പാൻ ആഗ്രഹിച്ചു വാതില്ക്കൽ കിടന്നു അത്രയുമല്ല നായ്ക്കൾ വ
ന്ന അവന്റെ വ്രണങ്ങൾ നക്കികൊണ്ടിരുന്നു. അല്പകാലം കഴി
ഞ്ഞ ദരിദ്രൻ മരിച്ചപ്പൊൾ ദൈവദൂതന്മാർ അവനെ അബ്രഹാമി
ന്റെ മാൎവ്വിടത്തിലെക്ക കൊണ്ടുപൊയി. പിന്നെ ധനവാനും മരി
ച്ചു പാതാളത്തിൽ ഇരുന്ന മഹാദുഃഖ പരവശനായി മെല്ലട്ട
നൊക്കി അബ്രഹാമിനെയും അവന്റെ മാൎവ്വിടത്തിൽ ഇരിക്കുന്ന

ലാസരെയും കണ്ടാറെ അച്ശനായ അബ്രഹാമെ ഞാൻ ൟ അഗ്നി ജ്വാലയിൽ മഹാ പീഡിതനായി കിടക്കുന്നു കൃപ ഉണ്ടായിട്ട ലാസർ വിരലിന്റെ അഗ്രം വെള്ളത്തിൽ മുക്കി എന്റെ നാവ തണുപ്പിപ്പാൻ പറഞ്ഞയക്കെണമെന്ന വിളിച്ചപ്പൊൾ അബ്രഹാം മകനെ നിന്റെ ആയുസ്സുള്ള നാൾ നീ സൌഖ്യങ്ങളെയും അപ്രകാരം ലാസർ ദുഃഖങ്ങളെയും അനുഭവിച്ചതൊൎക്ക. ഇപ്പൊൾ ഇവന്ന ആശ്വാസവും നിനക്ക വെദനയും സംഭവിച്ചിരിക്കുന്നു ഇതു കൂടാതെ ഇവിടെ നിന്ന അങ്ങൊട്ടും അവിടെനിന്ന ഇങ്ങൊട്ടും കടന്ന വരുവാൻ ഭാവിക്കുന്നവൎക്ക വിരൊധമായി നമ്മുടെ നടുവിൽ വലുതായി ഒരു പിളൎപ്പുണ്ട എന്ന പറഞ്ഞു. അനന്തരം അവൻ അച്ശ അപ്രകാരമെങ്കിൽ ഇനിക്ക അഞ്ചു സഹൊദരന്മാരുണ്ട അവരും ൟ കഷ്ടസ്ഥലത്ത വരാതെ ഇരിക്കെണ്ടതിന്ന അവൎക്ക സാക്ഷ്യം പറവാൻ ലാസരെ എന്റെ അച്ശന്റെ വീട്ടിലെക്ക അയപ്പാൻ അപെക്ഷിക്കുന്നു എന്ന പറഞ്ഞാറെ അബ്രഹാം അവൎക്ക മൊശയും ദീൎഘദൎശികളും ഉണ്ട അവരെ കെൾക്കട്ടെ എന്ന പറഞ്ഞശെഷം അവൻ അപ്രകാരമല്ല മരിച്ചവരിൽനിന്ന ഒരുവൻ അവരുടെ അടുക്കൽ പൊയാൽ അവർ അനുതാപം ചെയ്യും എന്നതു കെട്ട അബ്രഹാം മൊശയെയും ദീൎഘദൎശികളെയും കെൾക്കാതിരുന്നാൽ മരിച്ചവരിൽനിന്നും ഒരുത്തൻ എഴുനീറ്റ ചെന്ന പറഞ്ഞാലും അവർ അനുസരിക്ക ഇല്ല നിശ്ചയം. എന്ന പറകയും ചെയ്തു.

## ൬൯ യെശു കുഞ്ഞുങ്ങളെ അനുഗ്രഹിച്ചതും

## പുരുഷന്മാരെ പരീക്ഷിച്ചതും.

പിന്നെ അവർ തൊടുവാനായി ചെറിയ പൈതങ്ങളെ യെശുവിന്റെ അടുക്കൽ കൊണ്ടുവന്നു ശിഷ്യന്മാർ വഹിക്കുന്നവരെ വിലക്കിയപ്പൊൾ യെശു മുഷിഞ്ഞ പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ വിരൊധിക്കയുമരുതെ ദൈവരാജ്യം ൟവൎണ്ണമുള്ളവൎക്കതന്നെ. ആരെങ്കിലും ചെറിയ പൈതങ്ങളെ പൊലെ സ്വൎഗ്ഗരാജ്യം കൈക്കൊള്ളാതിരുന്നാൽ ഒരുപ്രകാരവും അതിലെക്ക കടക്കയില്ല എന്ന ഞാൻ നിശ്ചയമായിട്ട നിങ്ങളൊട പറയുന്നു എന്ന പറഞ്ഞ അവരെ തഴുകി കൈകളെ അവരിൽ വെച്ച അനുഗ്രഹിക്കയും ചെയ്തു.

അനന്തരം അവൻ യാത്രയായപ്പൊൾ വഴിക്കൽ ഒരു പ്രമാണി ഒടിവന്ന നമസ്കരിച്ച നല്ല ഗുരൊ നിത്യജീവനെ അവകാശമാക്കുവാൻ എന്ത ചെയ്യെണ്ടു എന്ന ചൊദിച്ചാറെ യെശു അവനൊട നീ എന്നെ നല്ലവനെന്ന വിളിക്കുന്നത എന്തിന്ന ദൈവമല്ലാതെ ഒരുത്തനും നല്ലവനല്ലനീകല്പനകളെ അറിയുന്നുവല്ലൊ അവറ്റെ പ്രമാണിക്ക എന്നുരച്ചാറെ അവൻ ഗുരൊ എന്റെ ബാല്യം മുതൽഞാൻ അവറ്റെ ആചരിച്ചവരുന്നു ഇനിക്ക ഇനി വല്ല കുറവുണ്ടൊ എന്ന ചൊദിച്ച ശെഷം യെശു അവനെ സൂക്ഷിച്ച നൊക്കി സ്നെഹിച്ച നിനക്ക ഇനിയും ഒരു കുറവുണ്ട നീ പൊയി നിന ക്കുള്ളതൊക്കയും വിറ്റ ദരിദ്രൎക്ക കൊടുക്ക എന്നാൽ നിനക്ക സ്വ

ൎഗ്ഗത്തിൽ നിക്ഷെപം ഉണ്ടാകും പിന്നെ വന്ന കുരിശ എടുത്ത എന്റെ പിന്നാലെ വരിക എന്ന പറഞ്ഞശെഷം അവന്ന വളരെ ധനമുണ്ടാകകൊണ്ട അത്യന്തം വിഷാദിച്ച പൊയികളകയും ചെയ്തു. അപ്പൊൾ യെശു തന്റെ ശിഷ്യന്മാരൊട ധനവാന്മാർ ദൈവരാജ്യത്തിൽ പ്രവെശിക്കുന്നത മഹാ പ്രയാസം ധനവാൻ ദൈവരാജ്യത്തിലെക്ക കടക്കുന്നതിനെക്കാൾ ഒട്ടകം ഒരു സൂചിക്കുഴയിൽ കൂടി കടക്കുന്നത എററവും എളുപ്പം തന്നെ എന്ന പറഞ്ഞു ശിഷ്യന്മാർ അതിശയിച്ചപ്പൊൾ അവൻ മനുഷ്യരാൽ കഴിയാത്തത ദൈവത്താൽ കഴിയും എന്ന പറഞ്ഞു.

ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സഖായി യെശു യറുശലെമിലെക്ക യാത്രയായി യറിഖൊ പട്ടണത്തിൽ കൂടി വരുമെന്നറിഞ്ഞ അവനെ കാണ്മാൻ ആഗ്രഹിച്ച പുരുഷാരം നിമിത്തവും താൻ ചെറിയവനാകയാലും കഴിക ഇല്ല എന്ന വിചാരിച്ച മുമ്പിൽ ഒടി വഴി സമീപത്തുള്ള ഒരു കാട്ടത്തിവൃക്ഷത്തിന്മെൽ കരെറിയിരുന്നപ്പൊൾ യെശു വന്ന മെല്പട്ട നൊക്കി അവനെ കണ്ട സഖായി നീ വെഗം ഇറങ്ങി വാ ഞാൻ ഇന്ന നിന്റെ വീട്ടിൽ പ്രവെശിക്കെണ്ടതാകുന്നു എന്ന പറഞ്ഞത കെട്ടാറെ അവൻ വെഗത്തിൽ ഇറങ്ങി ചെന്നു സന്തൊഷത്തൊടെ അവനെ കൈക്കൊണ്ടു ഇതു കണ്ടവർ അവൻ പാപിയുടെ വീട്ടിൽ പാപികളൊടും കൂടി പാൎപ്പാൻ പൊയെന്ന ദുഷിച്ചു പറഞ്ഞു എന്നാറെ സഖായി കൎത്താവെ എന്റെ ദ്രവ്യങ്ങളിൽ പാതി ഞാൻ ദരിദ്രൎക്ക കൊടുക്കുന്നു വല്ലതും അന്യായമായി വാങ്ങീട്ടുണ്ടെങ്കിൽ ആയതിൽ നാലിരട്ടി തിരികെ കൊടുക്കുന്നു എന്ന പറഞ്ഞപ്പൊൾ യെശു ഇവനും അബ്രഹാമിന്റെ പുത്രനാകകൊണ്ട ഇന്ന ഈ വീട്ടിന്ന രക്ഷവന്നു കാണാതെ പൊയതിനെ അന്വെഷിച്ച രക്ഷിപ്പാൻ മനുഷ്യപുത്രൻ വന്നിരിക്കുന്നു എന്ന പറഞ്ഞ പൊകയും ചെയ്തു.

## ൨൦ ദയയുള്ളവനായ ശമറിയക്കാരനും നിൎദ്ദയനായ ലെവക്കാരനും.

ആ സമയത്ത ഒരു ശാസ്ത്രി യെശുവിനൊട ഗുരൊ നിത്യജീവനെ അനുഭവിക്കെണ്ടതിന്ന ഞാൻ എന്ത ചെയ്യെണ്ടു എന്ന പരീക്ഷിപ്പാൻ ചൊദിച്ചാറെ വെദപുസ്തകത്തിൽ എന്തെഴുതിയിരിക്കുന്നു നീ എന്ത വായിച്ചറിയുന്നു എന്ന ചൊദിച്ചപ്പൊൾ ശാസ്ത്രി നിന്റെ ദൈവമായ കൎത്താവിനെ പൂൎണ്ണാത്മമനശ്ശക്തികൾകൊണ്ടും അയല്ക്കാരനെ തന്നെ പൊലെയും സ്നെഹിക്കെണം എന്നുരച്ചനെരം യെശു നീ പറഞ്ഞത സത്യം തന്നെ അപ്രകാരം ചെയ്താൽ നീ ജീവിക്കും എന്ന കല്പിച്ച ശെഷം അവൻ തന്നെത്താൻ നീതിമാനാക്കുവാൻ വിചാരിച്ച എന്റെ അയല്ക്കാരനാരെന്ന ചൊദിച്ചതിന്ന യെശു ഒരു മനുഷ്യൻ യറുശലെമിൽനിന്ന യറിഖൊ പട്ടണത്തിലെക്ക യാത്രയായപ്പൊൾ കള്ളന്മാർ അവനെ പിടിച്ചടിച്ച കുത്തി ചവിട്ടി വസ്ത്രമഴിച്ചും കയ്യിലുള്ളത പറിച്ചും പ്രാണ സങ്കടം വരുത്തി വിട്ടുപൊയി കളഞ്ഞു പിന്നെ ഒരു ആചാൎയ്യൻ ആ വ

ഴി വന്ന അവനെ ചൊരയിൽ മുഴുകിയവനായി കണ്ട കടന്നു പൊയി അതിന്റെശെഷം ഒരു ലെവിയക്കാരനും അതിലെ വന്ന അവനെ കണ്ട കടന്നുപൊയി ഒടുക്കം ഒരു ശമറിയക്കാരൻ വന്ന അവനെ കണ്ട കൃപ വിചാരിച്ച അരികെ ചെന്ന മുറിവുകളിൽ എണ്ണയും വീഞ്ഞും പകൎന്ന കെട്ടി തന്റെ കഴുതമെൽ കരെററി വഴിയമ്പലത്തിലെക്ക കൊണ്ടുപൊയി രക്ഷിച്ച പിറെറ ദിവസം യാത്രയായപ്പൊൾ വഴിയമ്പലക്കാരൻവക്കൽ രണ്ട വെള്ളിക്കാശ കൊടുത്ത ഇവനെ നല്ലവണ്ണം രക്ഷിക്കെണം ഇതിൽ അധികം വല്ലതും ചിലവായി എങ്കിൽ തിരിച്ച വന്നാൽ ഞാൻ തരാം എന്ന പറഞ്ഞ പുറപ്പെട്ട പൊകയും ചെയ്തു ഇങ്ങിനെ കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ട മനുഷ്യന്റെ അയല്ക്കാരൻ ആ മൂവരിൽ ആരെന്ന ശാസ്ത്രിയൊട യെശു ചൊദിച്ചാറെ കൃപ ചെയ്തവൻ എന്ന ചൊല്ലിയതിന്ന സത്യം നീയും പൊയി അപ്രകാരം ചെയ്ക എന്ന കല്പിച്ചു.

അനന്തരം യെശു വെറെ ഒരു കഥയെ പറഞ്ഞറിയിച്ചു. ഒരു രാജാവ ശുശ്രൂഷക്കാരുടെ കണക്ക നൊക്കിയപ്പൊൾ പതിനായിരം റാത്തൽ വെള്ളി കടപ്പെട്ട ഒരുവൻ വന്ന കണ്ടാറെ കടം തീൎപ്പാൻവക ഇല്ലായ്കകൊണ്ട രാജാവ ഭാൎയ്യാപുത്രന്മാരെയും വിററ ഠരം കടം തീൎക്ക എന്ന കല്പിച്ചാറെ അവൻ സാഷ്ടാംഗമായി നമസ്കരിച്ച സകലവും തീൎപ്പാൻ വക കാണുവൊളം ക്ഷമിക്കെണമെന്ന വളരെ അപെക്ഷിച്ചപ്പൊൾ രാജാവിന്ന കൃപ തൊന്നി കടം എല്ലാം എളച്ച കൊടുത്ത വിട്ടയക്കയും ചെയ്തു. ആ ശുശ്രൂഷക്കാരൻ പുറത്തു ചെന്ന തനിക്ക നൂറു വെള്ളി കടം കൊടുപ്പാനുള്ള ഒരുവനെ കണ്ട തൊണ്ണയിൽ പിടിച്ച നീ വാങ്ങിയ കടം തീൎക്ക എന്ന പറഞ്ഞപ്പൊൾ ആയവൻ കാല്ക്കൽ വീണ നമസ്കരിച്ച സകലവും തീൎപ്പാൻ വക കാണുവൊളം ക്ഷമിക്കെണമെന്ന അപെക്ഷിച്ചാറെ ആയത അനുസരിയാതെ കടം തീൎക്കുവൊളം അവനെ തടവിൽ പാൎപ്പിച്ചു. ആയവസ്ഥ മറെറ ശുശ്രൂഷക്കാർ കെട്ട വളരെ ദുഃഖിച്ച രാജാവിനൊട ഉണൎത്തിച്ചപ്പൊൾ രാജാവ വളരെ കൊപിച്ച ദുഷ്ട നീ എന്നൊട അപെക്ഷിച്ചതുകൊണ്ട ഞാൻ നിനക്ക സകലവും വിട്ടുവല്ലൊ അപ്രകാരം നിന്റെ കൂട്ട ശുശ്രൂഷക്കാരെന്ന കൃപ ചെയ്വാൻ നിന്റെ മനസ്സിൽ തൊന്നാഞ്ഞത എന്ത എന്ന കല്പിച്ചു. കടം എല്ലാം തീൎക്കുവൊളം അവനെ പിടിച്ച തടവിൽ പാൎപ്പിക്കയും ചെയ്തു. നിങ്ങൾ അന്യൊന്യം കുററങ്ങളെ മനഃപൂൎവ്വമായി ക്ഷമിക്കാതിരുന്നാൽ സ്വൎഗ്ഗസ്ഥനായ എന്റെ പിതാവ നിങ്ങൾക്കും അപ്രകാരം തന്നെ ചെയ്യും എന്ന പറകയും ചെയ്തു.

## ൨൭ മനൊവിനയം.

തങ്ങളെ ഭക്തരെന്ന വിചാരിച്ച അന്യന്മാരെ നിന്ദിച്ചിട്ടുള്ള ചിലരൊട യെശു ഒരു ഉപമ പറഞ്ഞു ഒരു ദിവസം പറീശൻ ചുങ്കക്കാരൻ ഇങ്ങിനെ രണ്ട പെർ പ്രാൎത്ഥിപ്പാൻ ദൈവാലയത്തിൽ പൊയപ്പൊൾ പറീശൻ ദൈവമെ മററുള്ള മനുഷ്യരെ പൊലെ കള്ളനും അക്രമക്കാരനും വ്യഭിചാരിയും ഠരം ചുങ്കക്കാരനും എന്ന പൊലെ ഞാൻ ദൊഷമുള്ളവൻ അല്ലായ്കകൊണ്ട നിന്നെ വ

ന്ദിക്കുന്നു. ആഴ്ചവട്ടത്തിൽ രണ്ടുപ്രാവശ്യം ഉപവാസം കഴിച്ച സക
ല വസ്തുക്കളിലും പത്തിലൊന്ന കൊടുത്ത വരുന്നു എന്ന പ്രാൎത്ഥി
ച്ചു. ചുങ്കക്കാരൻ ദൂരത്തനിന്ന കണ്ണുകളെ മെല്പട്ട ഉയൎത്താതെ മാ
റിൽ അടിച്ച ദൈവമെ മഹാ പാപിയായ എന്നൊട കരുണയു
ണ്ടാകെണമെ എന്ന പ്രാൎത്ഥിച്ച പറീശനെക്കാൾ നീതിമാനായി
വീട്ടിലെക്ക പൊകയും ചെയ്തു. അപ്രകാരം തന്നെത്താൻ ഉയൎത്തു
ന്നവന്ന താഴ്ചയും തന്നെത്താൻ താഴ്ത്തുന്നവന്ന ഉയൎച്ചയും വരുമെ
ന്ന ഞാൻ നിങ്ങളൊട പറയുന്നു എന്ന പറഞ്ഞു ആ സമയത്ത
ശിഷ്യന്മാർ യെശുവിനൊട സ്വൎഗ്ഗരാജ്യത്തിൽ ആര വലിയവൻ
എന്ന ചൊദിച്ചാറെ അവൻ ഒരു ചെറിയ കുട്ടിയെ വിളിച്ച നടു
വിൽ നിൎത്തി നിങ്ങൾ മനസ്സ തിരിഞ്ഞ ഈ കുട്ടിയെ പൊലെ
ആയ്തീരുന്നില്ലെങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ പ്രവെശിക്കയില്ല നിശ്ചയം
യാതൊരുത്തനും ഈ പൈതലിനെ പൊലെ തന്നെത്താൻ താ
ഴ്ത്തിയാൽ അവൻ സ്വൎഗ്ഗത്തിൽ വലിയവൻ ആരെങ്കിലും ഇങ്ങിനെ
യാതൊരു കുട്ടിയെ എന്റെ നാമത്തിൽ കൈക്കൊണ്ടാൽ എന്നെ
തന്നെ കൈക്കൊള്ളുന്നു ഈ ചെറിയവരിൽ ഒരുത്തനെ നിരസി
ക്കാതെ ഇരിക്കെണ്ടുന്നതിന്ന സൂക്ഷിപ്പിൻ അവരുടെ ദൂതന്മാർ സ്വ
ൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖത്തെ എല്ലാപ്പൊഴും നൊ
ക്കിക്കൊണ്ടിരിക്കുന്നു സത്യമെന്നു പറഞ്ഞു പിന്നെ യറുശലെമി
ലെ ദൈവാലയത്തിൽ വെച്ച ജനങ്ങൾക്ക ഉപദെശിച്ചുകൊണ്ടി
രിക്കുമ്പൊൾ അവരൊട നീളമുള്ള കുപ്പായങ്ങളെ ധരിച്ചു നട
പ്പാനും ചന്തകളിൽ സല്ക്കാരങ്ങളെയും സഭകളിൽ മുഖ്യാസനങ്ങ
ളെയും വിരുന്നുകളിൽ പ്രധാനസ്ഥലങ്ങളെയും മൊഹിക്കുന്ന
ശാസ്ത്രികളെ സൂക്ഷിപ്പിൻ അവർ വിധവമാരുടെ വീടുകളെ ഭ
ക്ഷിച്ചുകളഞ്ഞ കാഴ്ചക്ക അധികമായി പ്രാൎത്ഥിക്കുന്നവരാകുന്നു അ
വൎക്ക അധികം ശിക്ഷ കിട്ടും എന്നു പറഞ്ഞു. ശ്രീഭണ്ഡാരത്തിൽ
പണമിടുന്നവരെ നൊക്കി കണ്ട ധനവാന്മാർ പലരും വന്ന വ
ളരെ ദ്രവ്യമിട്ടതിൽ ദരിദ്രയായൊരു വിധവയും വന്ന രണ്ട കാ
ശു മാത്രം ഇടുന്നത കണ്ടപ്പൊൾ ശിഷ്യന്മാരൊട ഈ ധനവാ
ന്മാരെക്കാൾ ഇവൾ അധികം ഇട്ടു അവരെല്ലാവരും തങ്ങളുടെ
പരിപൂൎണ്ണതയിൽനിന്ന ഭണ്ഡാരത്തിൽ ദ്രവ്യമിട്ടു ഇവൾ ദരിദ്രത
യിൽനിന്ന തന്റെ ഉപജീവന ദ്രവ്യമൊക്കെയും ഇട്ടു എന്ന പറ
ഞ്ഞു.

## ൨൨ യെശുവിന്റെ രൂപാന്തരം.

പിന്നെ യെശു പത്രൊസ യാക്കൊബ യൊഹന്നാൻ ഈ മൂന്നു
ശിഷ്യന്മാരെ കൂട്ടി ഒരു ഉയൎന്ന മലമെൽ കൊണ്ടുപൊയി അവരു
ടെ മുമ്പാകെ മറുരൂപപ്പെട്ടു അവന്റെ മുഖം സൂൎയ്യനെ പൊലെ
പ്രകാശിച്ചു. വസ്ത്രങ്ങളും വെളിച്ചം പൊലെ വെണ്മയായി വന്നു
മൊശയും എലിയാവും കൂടെ കാണപ്പെട്ടു യെറുശലെമിൽ വെ
ച്ച തനിക്ക സംഭവിക്കെണ്ടുന്ന മരണത്തെ കുറിച്ച യെശു സംസാ
രിക്കയും ചെയ്തു. അന്ന ശിഷ്യന്മാർ തളൎന്നുറങ്ങി ഉണൎന്നപ്പൊൾ
അവന്റെ മഹത്വത്തെയും അവനൊടു കൂടെ രണ്ടു പുരുഷന്മാ
രെയും കണ്ടു കൎത്താവെ നാം ഇവിടെ ഇരിക്കുന്നത നല്ലത മന

സ്സുണ്ടെങ്കിൽ നിനക്കും മൊശെക്കും എലിയാവിന്നും മൂന്ന കൂടാരങ്ങളെ ഉണ്ടാക്കാം എന്ന പറഞ്ഞശെഷം പ്രകാശമുള്ളൊരു മെഘം വന്ന അവരുടെമീതെ നിഴലിച്ചു ഇവൻ എന്റെ ഇഷ്ടപുത്രനാകുന്നു ഇവനെ ചെവിക്കൊൾവിൻ എന്ന മെഘത്തിൽനിന്ന ഒരു ശബ്ദവുമുണ്ടായി ആയത കെട്ടാറെ അവർ ഭയപ്പെട്ട നിലത്ത വീണു യെശു അവരെ തൊട്ടു എഴുനീററ ഭയപ്പെടാതിരിപ്പിൻ എന്നു പറഞ്ഞു പിന്നെ മലയിൽനിന്ന ഇറങ്ങുമ്പൊൾ അവൻ അവരൊട മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന ജീവിച്ചെഴുനീല്ക്കും മുമ്പെ ഈ ദൎശനം ആരൊടും പറയരുതെന്ന കല്പിക്കയും ചെയ്തു.

## ൭൩ യെശു മൂന്നാ പ്രാവശ്യം ബെത്താന്യയിൽ വന്നത.

യെശു യറുശലെം സമീപത്തുള്ള ബെത്താന്യ ഗ്രാമത്തിൽ ദൈവ ഭക്തനായ ലാസറെയും സഹൊദരിമാരായ മറിയയെയും മൎത്തായെയും സ്നെഹിച്ച പലപ്പൊഴും അവരുടെ വീട്ടിൽ പൊയി പാൎത്തുകൊണ്ടിരുന്നു അവൻ ഒരു ദിവസം അവിടെ ഇരുന്നപ്പൊൾ മറിയ അവന്റെ കാല്ക്കലിരുന്നു വചനങ്ങളെ കെൾക്കുന്ന നെരം വളരെ പണിയെടുത്ത വലഞ്ഞ മൎത്തായും അരികിൽ ചെന്നു കൎത്താവെ എന്റെ സഹൊദരി പണിയെടുപ്പാൻ എന്നെ വിട്ടിരിക്കുന്നത നീ വിചാരിക്കുന്നില്ലയൊ അവളെ ഇനിക്ക സഹായിപ്പാൻ കല്പിക്കെണം എന്ന പറഞ്ഞാറെ യെശു മൎത്തായെ മൎത്തായെ നീ വളരെ വിചാരിച്ചും പ്രയാസപ്പെട്ടും നടക്കുന്നു എങ്കിലും ഒന്ന മാത്രം ആവശ്യം മറിയ നല്ലതിനെ തിരിഞ്ഞെടുത്തിരിക്കുന്നു ആയത അവളിൽനിന്ന എടുപ്പാൻ കഴിക ഇല്ല നിശ്ചയം എന്ന പറഞ്ഞു.

പിന്നെയും അല്പകാലം കഴിഞ്ഞ ശെഷം മറിയയും മൎത്തായും കൎത്താവെ നിനക്ക പ്രിയമുള്ളവൻ രൊഗിയായി കിടക്കുന്നു എന്ന ആളെ അയച്ച പറയിച്ചപ്പൊൾ യെശു രൊഗം മരണത്തിനായിട്ടല്ല ദൈവപുത്രൻ മഹത്വപ്പെടെണ്ടതിന്നും ദൈവത്തിന്റെ മഹത്വത്തിന്നായിട്ടും തന്നെ ആകുന്നു എന്ന പറഞ്ഞ രണ്ടു ദിവസം താമസിച്ച ശെഷം ശിഷ്യന്മാരൊട നാം യെഹൂദാ ദെശത്തിലെക്ക പൊക എന്ന പറഞ്ഞാറെ അവർ കൎത്താവെ മുമ്പെ യെഹൂദന്മാർ നിന്നെ കല്ലെറിവാൻ ഭാവിച്ചുവല്ലൊ ഇനിയും നാം അവിടെക്ക പൊക എന്ന പറയുന്നുവൊ എന്ന ചൊദിച്ചപ്പൊൾ അവൻ പകലിന്ന പന്ത്രണ്ട മണിനെരം ഇല്ലയൊ പകൽ സമയത്ത നടക്കുന്നവൻ വെളിച്ചം കാണ്കകൊണ്ട ഇടറുന്നില്ല. പിന്നെ നമ്മുടെ സ്നെഹിതനായ ലാസർ ഉറങ്ങുന്നു എങ്കിലും അവനെ ഉണൎത്തുവാൻ ഞാൻ പൊകുന്നു എന്ന പറഞ്ഞപ്പൊൾ ഉറങ്ങി കിടക്കുന്നതിനെ കുറിച്ച പറഞ്ഞു എന്ന ശിഷ്യന്മാർ നിരൂപിച്ച കൎത്താവെ അവൻ ഉറങ്ങുന്നുവെങ്കിൽ സൌഖ്യം വരും എന്നതിന്ന യെശു അവൻ മരിച്ചു എന്ന സ്പഷ്ടമായി പറഞ്ഞു. അവരൊട ഒരുമിച്ച പുറപ്പെട്ട ബെത്താന്യ സമീപത്ത എത്തിയപ്പൊൾ ആ വൎത്തമാനം അറിഞ്ഞ മൎത്താ ചെന്നെതിരെററ കൎത്താവെ നീ ഇവിടെ

ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹൊദരൻ മരിക്ക ഇല്ലയായിരുന്നു എന്ന പറഞ്ഞാറെ അവൻ എഴുനീല്ക്കുമെന്ന യെശുവിന്റെ വചനം കെട്ടപ്പൊൾ മൎത്താ അവസാന ദിവസത്തിലെ ഉയിൎപ്പിങ്കൽ അവൻ എഴുനീല്ക്കും നിശ്ചയം എന്ന പറഞ്ഞു. അനന്തരം യെശു ഞാൻ തന്നെ ഉയിൎപ്പും ജീവനുമാകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും ആരെങ്കിലും ജീവിച്ച എങ്കൽ വിശ്വസിച്ചാൽ ഒരുനാളും മരിക്ക ഇല്ല ഇത വിശ്വസിക്കുന്നുവൊ എന്ന ചൊദിച്ചാറെ അവൾ കൎത്താവെ നീ ലൊകത്തിൽ വരെണ്ടുന്ന ദൈവപുത്രനായ ക്രിസ്തുവാകുന്നു എന്ന ഞാൻ വിശ്വസിച്ചിരിക്കുന്നു എന്ന പറഞ്ഞു ഉടനെ ഒടിപ്പൊയി മറിയയെ വിളിച്ച വൎത്തമാനം പറഞ്ഞപ്പൊൾ അവൾ വെഗം എഴുനീറ്റ മൎത്തായുടെ പിന്നാലെ ചെന്ന യെശുവിനെ കണ്ട നമസ്കരിച്ച കൎത്താവെ നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹൊദരൻ മരിക്കയില്ലയായിരുന്നു എന്ന പറഞ്ഞ അവളുടെ കരച്ചിലും ശ്മശാനത്തിങ്കൽ വെച്ച കരയെണ്ടതിന്ന പൊകുന്നു എന്ന വിചാരിച്ച അവരെ ആശ്വസിപ്പിപ്പാൻ കൂടെ വന്ന യഹൂദന്മാരുടെ വ്യസനവും കണ്ടപ്പൊൾ യെശു ഞരങ്ങി വ്യാകുലനായി കണ്ണീർ ഒഴുക്കിയത യഹൂദന്മാർ കണ്ട അവൻ അവനെ എത്ര സ്നെഹിച്ചിരിക്കുന്നു എന്നും മറ്റു ചിലർ കുരുടന്റെ കണ്ണുകളെ പ്രകാശിപ്പിച്ച ഇവന്ന അവൻ മരിക്കാതെ ഇരിപ്പാൻതക്ക സഹായം ചെയ്വാൻ കഴികയില്ലയായിരുന്നുവൊ എന്നും പറഞ്ഞു. യെശു നിങ്ങൾ അവനെ എവിടെ വെച്ചു എന്ന ചൊദിച്ചാറെ അവർ കൎത്താവെ വന്നു നൊക്ക എന്ന പറഞ്ഞ ശെഷം അവൻ ഞരങ്ങി കൊണ്ട പ്രെതക്കല്ലറയുടെ അരികെ വന്നു അതിന്മെൽവെച്ച കല്ല നീക്കിക്കളവാൻ കല്പിച്ചു അപ്പൊൾ മൎത്താ അവൻ മരിച്ചിട്ട ഇന്നെക്ക നാലാം ദിവസം ആകുന്നു ശരീരത്തിന്ന നാറ്റം പിടിച്ചിരിക്കുന്നു എന്ന പറഞ്ഞാറെ യെശു നീ വിശ്വസിച്ചാൽ ദൈവ മഹത്വം കാണുമെന്ന ഞാൻ നിന്നൊട പറഞ്ഞിട്ടില്ലയൊ എന്ന കല്പിച്ചു. അപ്പൊൾ അവർ അവനെ വെച്ച ഗുഹയുടെ മുഖത്തനിന്ന കല്ലനീക്കികളഞ്ഞാറെ യെശു തന്റെ കണ്ണുകളെ ഉയൎത്തി പിതാവെ നീ എന്നെ ചെവികൊണ്ടതിനാൽ ഞാൻ നിന്നെ വന്ദിക്കുന്നു നീ എപ്പൊഴും എന്നെ ചെവിക്കൊള്ളുന്നു എന്ന ഞാൻ അറിഞ്ഞിരിക്കുന്നു എങ്കിലും ഈ ജനങ്ങൾ നീ എന്നെ അയച്ചുവെന്ന വിശ്വസിക്കെണ്ടതിന്ന ഞാൻ ഈ വാക്ക പറഞ്ഞു എന്ന പ്രാൎത്ഥിച്ച ലാസരെ പുറത്തു വരിക എന്നൊരു മഹാ ശബ്ദത്തൊടെ വിളിച്ചു. അപ്പൊൾ മരിച്ചവൻ ജീവിച്ചെഴുനീറ്റ പുറത്തു വന്നാറെ യെശു അവന്റെ കൈ കാൽ മുഖങ്ങളുടെ വസ്ത്രബന്ധനം അഴിച്ച പൊകുവാൻ വിടുവിൻ എന്ന കല്പിക്കയും ചെയ്തു.

പെസഹ പെരുനാൾക്ക ആറു ദിവസം മുമ്പെ യെശു പിന്നെയും ബെത്താന്യയിൽ വന്ന ശീമൊൻ എന്നവന്റെ വീട്ടിൽ ശിഷ്യന്മാരൊടും ലാസരൊടും കൂടെ ഭക്ഷണത്തിന്ന ഇരുന്നപ്പൊൾ മൎത്താ ശുശ്രൂഷചെയ്തു മറിയ വിലയെറിയ പരിമള തൈലം ഒരുറാത്തൽ കൊണ്ടുവന്ന യെശുവിന്റെ തലയിൽ ഒഴിച്ചു പാദങ്ങളിലും തെച്ചു ആയത തലമുടികൊണ്ട തുവൎത്തുകയും ചെയ്തു. ആ തൈല

വാസന വീട്ട മുഴുവൻ നിറഞ്ഞു അവനെ കാണിച്ച കൊടുക്കുന്ന യഹൂദ ഇസ്കറിയൊട മുന്നൂറ പണത്തിന്ന വിലയുള്ള ഈ തൈലം വിററ ദാരിദ്ര്യക്കാൎക്ക കൊടുക്കാഞ്ഞതെന്ത എന്ന ചൊദിച്ചു അവൻ ദരിദ്രരെ വിചാരിച്ചിട്ട എന്നല്ല കള്ളനാകകൊണ്ടും മടിശ്ശീല ധരിച്ച സൂക്ഷിച്ചും ഇരിക്കയാലെത്രെ ഇത പറഞ്ഞത. എന്നാറെ യെശു നിങ്ങൾ ഈ സ്ത്രീയെ എന്തിന്ന ദുഃഖിപ്പിക്കുന്നു ഇവൾ എന്നിൽ നല്ലൊരു ക്രിയ ചെയ്തിരിക്കുന്നു ദരിദ്രർ എപ്പൊഴും നിങ്ങളൊട കൂടെയുണ്ടാം മനസ്സുണ്ടെങ്കിൽ അവൎക്ക ധൎമ്മം ചെയ്യാം ഞാൻ എപ്പൊഴും നിങ്ങളൊട കൂടെ ഇരിക്കയില്ല ഇവൾ കഴിയുന്നത ചെയ്തു എന്റെ ശരീരത്തെ കല്ലറയിൽ അടക്കുന്ന ദിവസത്തിന്നായി തൈലം പൂശിയതകൊണ്ട ഈ സുവിശെഷം ലൊകത്തിങ്കൽ എവിടെ എങ്കിലും ഘൊഷിച്ചറിയിക്കുമ്പൊൾ ഇവളുടെ ഒൎമ്മക്കായി അവൾ ചെയ്തതും ചൊല്ലും നിശ്ചയം എന്ന പറഞ്ഞു.

## ൨൪ യെശു യറുശലെമിൽ പ്രവെശിച്ചത.

പിറെറ ദിവസം യറുശലെമിലെക്ക യാത്രയായിട്ട ഒലിവ മലയുടെ അരികെയുള്ള ബെത്ഫാക ഗ്രാമത്തിൽ എത്തിയാറെ യെശു ശിഷ്യന്മാരിൽ രണ്ടു പെരെ വിളിച്ച അവരൊട നിങ്ങൾ ഗ്രാമത്തിൽ പൊകുവിൻ അവിടെ കെട്ടിയിരിക്കുന്ന കഴുതയെയും കഴുത ആണ്കുട്ടിയെയും കാണും അവറെറ അഴിച്ച കൊണ്ടുവരുവിൻ യാതൊരുത്തനും വിരൊധം പറഞ്ഞു എങ്കിൽ കൎത്താവിന്ന ആവശ്യമെന്നു പറഞ്ഞാൽ ഉടനെ വിട്ടയക്കും. ഇതാ നിന്റെ രാജാവ സൌമ്യൻ ആണ്കഴുതക്കുട്ടിമെൽ കരെറി വരുന്നുവെന്നും സിയൊൻ പുത്രിയൊട പറവിനെന്നുമുള്ള ദീൎഘദൎശി വാക്യം നിവൃത്തിയാകെണ്ടതിന്ന ഇതൊക്കയും സംഭവിച്ചു. പിന്നെ ശിഷ്യന്മാർ പൊയി കൎത്താവിന്റെ വചനപ്രകാരം കഴുതക്കുട്ടിയെ കണ്ടഴിച്ചു കൊണ്ടു വന്നു വസ്ത്രങ്ങളെ അതിന്മെലിട്ട യെശുവിനെയും കരെററി പൊകുമ്പൊൾ ജനസംഘം വന്നു കൂടി സ്വവസ്ത്രങ്ങളെയും വൃക്ഷങ്ങളുടെ കൊമ്പുകളെയും വഴിയിൽ വിരിച്ച ദാവിദിൻ പുത്രന്ന ഹൊശന്ന കൎത്താവിന്റെ നാമത്തിൽ വരുന്ന ഇസ്രയെൽ രാജാവ വന്ദ്യൻ അത്യുന്നതങ്ങളിൽ ഹൊശന്ന എന്ന ഘൊഷിച്ച പറഞ്ഞു നഗരത്തിന്നടുത്തപ്പൊൾ അവൻ അതനൊക്കി കരഞ്ഞു നിന്റെ ഈ നാളിലെങ്കിലും നിന്റെ സമാധാനത്തെ സംബന്ധിച്ച കാൎയ്യങ്ങളെ നീ താൻ അറിയുന്നെങ്കിൽ കൊള്ളായിരുന്നു ഇപ്പൊൾ അവ നിന്റെ കണ്ണുകൾക്ക മറഞ്ഞിരിക്കുന്നു ദൎശന കാലം അറിയായ്കകൊണ്ട ശത്രുക്കൾ ചുറ്റും കിടങ്ങുണ്ടാക്കി വളഞ്ഞുകൊണ്ട നിന്നെ എല്ലാടവും അടച്ചു നിന്നെയും നിന്റെ മക്കളെയും നിലത്തൊട സമമാക്കി തീൎത്തു ഒരു കല്ലിന്മെൽ മറെറാരു കല്ലും ശെഷിക്കാതെ ഇരിക്കും നാളുകൾ വരും എന്ന ദുഃഖിച്ചുരച്ച ദൈവാലയത്തിലെക്ക ചെന്ന അവിടെ മെടിക്കയും വില്ക്കയും ചെയ്യുന്നവരെ പുറത്താക്കി നാണിഭക്കാരുടെ മെശപ്പലകകളെയും പ്രാവുകളെ വില്ക്കുന്നവരുടെ കൂട്ടകളെയും മറിച്ച വിട്ടു എന്റെ ഭവനം എല്ലാ ജനങ്ങൾക്കും വെണ്ടി പ്രാൎത്ഥനാഭവനം എന്നെഴുതിയിരിക്കുന്നു നിങ്ങൾ അത കള്ളന്മാരുടെ ഗുഹയാക്കി തീൎത്തു എന്ന പറഞ്ഞു.

അനന്തരം ദൈവാലയത്തിൽനിന്ന കുട്ടികൾ ദാവിദിൻ പുത്രന്ന ഹൊശന്ന എന്ന വിളിക്കുന്നത ആചാൎയ്യന്മാരും ശാസ്ത്രികളും കെട്ട കൊപിച്ച ഇവർ പറയുന്നത കെൾക്കുന്നുവൊ എന്ന ചൊദിച്ചാറെ യെശു ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽനിന്ന സ്തുതിയെ ഒരുക്കിയിരിക്കുന്നു എന്ന വെദവാക്യം നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയൊ എന്ന പറഞ്ഞ ബെത്താന്ന്യയിലെക്ക പൊയി രാത്രിയിൽ പാൎത്തു രാവിലെ പട്ടണത്തിലെക്ക തിരിയെ ചെല്ലുമ്പൊൾ വിശന്ന വഴി അരികെ ഒരു അത്തിവൃക്ഷം ഫലങ്ങൾ കൂടാതെ ഇലകൾ മാത്രമായി കണ്ടാറെ ഇനിമെലാൽ ഒരുത്തനും നിന്നിൽനിന്ന ഫലം ഭക്ഷിക്കരുതെന്ന ശപിച്ച ഉടനെ ആ വൃക്ഷം ഉണങ്ങിപ്പൊകയും ചെയ്തു.

## ൨൫ മുന്തിരിങ്ങാ തൊട്ടവും രാജ കല്യാണവും.

പിന്നെ ഒരു ദിവസം അവൻ ദൈവാലയത്തിൽ വെച്ച ജനങ്ങളെ പഠിപ്പിക്കുമ്പൊൾ പ്രധാനാചാൎയ്യന്മാരും ഉപാദ്ധ്യായന്മാരും മൂപ്പന്മാരൊട്ടു കൂടി വന്ന അവനൊട ചില ചൊദ്യങ്ങൾ കഴിച്ച ശെഷം അവൻ ജനങ്ങളൊട ഒരു ഉപമ പറഞ്ഞു തുടങ്ങി. ഒരു മനുഷ്യൻ ഒരു മുന്തിരിങ്ങാത്തൊട്ടമുണ്ടാക്കി ചുറ്റും വെലി കെട്ടി നടുവിൽ ഒരു ചക്കു കുഴിച്ചിട്ട ഗൊപുരവും പണിചെയ്തു സകലത്തെയും തൊട്ടക്കാൎക്ക എല്പിച്ച ദൂര ദെശത്തെക്ക പൊയി വളരെ കാലം പാൎത്തു തത്സമയത്ത തൊട്ടക്കാരൊട ഫലങ്ങളെ വാങ്ങുവാൻ ഭൃത്യന്മാരെ അയച്ചു. എന്നാറെ അവർ അവരെ പിടിച്ച ഒരുത്തനെ അടിച്ചു വെറൊരുത്തനെ കൊന്ന മറ്റൊരുത്തനെ കല്ലെറിഞ്ഞു മറ്റു ചിലരെ പലപ്രകാരം ഹിംസിച്ച വധിക്കയും ചെയ്തു. അനന്തരം എന്റെ പുത്രനെ കണ്ടാൽ അവർ ശങ്കിക്കുമെന്ന വിചാരിച്ച അവനെയും പറഞ്ഞയച്ചു. തൊട്ടക്കാർ പുത്രനെ കണ്ടപ്പൊൾ ഇവൻ അവകാശിയാകുന്നു. നമുക്ക അവകാശമാകെണ്ടുന്നതിന്ന ഇവനെ കൊല്ലെണം എന്ന അന്ന്യൊന്ന്യം ആലൊചിച്ച പറഞ്ഞ അവനെ തൊട്ടത്തിൽനിന്ന പുറത്താക്കി കൊന്നുകളകയും ചെയ്തു അനന്തരം തൊട്ടത്തിന്റെ ഉടയവൻ വരുമ്പൊൾ അവരൊട എന്തു ചെയ്യുമെന്ന ചൊദിച്ചാറെ അവൻ വന്ന അവരെ നശിപ്പിച്ച മുന്തിരിങ്ങാത്തൊട്ടം തൽകാലത്ത ഫലം കൊണ്ടുവരുന്ന തൊട്ടക്കാൎക്ക എല്പിക്കും എന്ന അവർ പറഞ്ഞാറെ യെശു അവരൊട അപ്രകാരം ദൈവരാജ്യം നിങ്ങളിൽനിന്ന എടുത്ത ഫലങ്ങളെ തരുന്ന ജാതികൾക്ക എല്പിക്കപ്പെടും എന്ന പറഞ്ഞു വെറെ ഒരു ഉപമ കെൾപ്പിൻ ഒരു രാജാവ പുത്രന്ന കല്യാണം കഴിപ്പാൻ ഭാവിച്ച കല്യാണക്കാരെ വിളിപ്പാൻ ഭൃത്യന്മാരെ പറഞ്ഞയച്ചാറെ അവൎക്ക വരുവാൻ മനസ്സില്ലാഴ്കയാൽ അവൻ വെറെയുള്ള ഭൃത്യന്മാരെ അയച്ച നിങ്ങൾ കല്യാണക്കാരൊട തടിച്ച ആട മാടുകളെ കൊന്ന പാകംചെയ്തു സകലവും ഒരുങ്ങിയിരിക്കുന്നു വെഗം വരെണം എന്ന പറവിൻ എന്ന കല്പിച്ചു എന്നാറെ അവർ നിരസിച്ചു ഒരുത്തൻ തന്റെ വിളവഭൂമി നൊ

ക്കുണ്ടതിന്നും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിന്നും പൊയി കളഞ്ഞു മറ്റവർ രാജദൂതന്മാരെ പിടിച്ച അവമാനിച്ച കൊല്ലുകയും ചെയ്തു. ആയത രാജാവ കെട്ടാറെ കൊപിച്ച സെനകളെ അയച്ച ആ ദുഷ്ടരെ നശിപ്പിച്ച അവരുടെ പട്ടണത്തെയും ചുട്ടുകളഞ്ഞു പിന്നെ അവൻ ഭൃത്യന്മാരൊട കല്യാണത്തിന്ന ഒക്കയും ഒരുങ്ങിയിരിക്കുന്നു എങ്കിലും കല്യാണക്കാർ അതിന്ന യൊഗ്യന്മാരല്ല നിങ്ങൾ പൊയി വഴിക്കൽ ആരെ എങ്കിലും കണ്ടാൽ വിളിപ്പിൻ എന്ന കല്പിച്ചശെഷം അവർ പുറപ്പെട്ട ശിഷ്ടന്മാരെയും ദുഷ്ടന്മാരെയും കൂട്ടി വന്നതിനാൽ കല്യാണശാല വിരുന്നുകാരെ കൊണ്ട നിറഞ്ഞു അപ്പൊൾ കല്യാണക്കാരെ കാണ്മാൻ രാജാവ അകത്തു ചെന്ന കല്യാണ വസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു സ്നെഹിത കല്യാണ വസ്ത്രം ധരിക്കാതെ നീ എങ്ങിനെ ഇവിടെ വന്നു എന്ന ചൊദിച്ചു എന്നാറെ അവൻ മിണ്ടാതെ പാൎത്തപ്പൊൾ രാജാവ ഭൃത്യന്മാരെ വിളിച്ച ഇവന്റെ കൈകാലുകൾ കെട്ടി അതിദൂരത്ത അന്ധകാരത്തിലെക്കിടുവിൻ അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന കല്പിച്ചു വിളിക്കപ്പെട്ടവർ പലരും തിരിഞ്ഞെടുക്കപ്പെട്ടവരൊ ചുരുക്കം തന്നെ. പിന്നെ യെശു പറീശന്മാരുടെയും ശാസ്ത്രീകളുടെയും ദുഷ്ടതയെ ശാസിച്ചറിയിച്ചിട്ട യറുശലെമെ യറുശലെമെ ദീൎഘദൎശിമാരെ നീ കൊന്നു നിന്റെ അടുക്കൽ അയച്ചിവരെ കല്ലെറിഞ്ഞുവല്ലൊ ഒരു പിടക്കൊഴി കുഞ്ഞുങ്ങളെ ചറകുകളുടെ കീഴിൽ കൂട്ടി ചെൎക്കുന്നുപൊലെ നിന്റെ മക്കളെ കൂട്ടി ചെൎപ്പാൻ ഞാൻ എത്ര പ്രാവശ്യം നൊക്കി എങ്കിലും നിങ്ങൾക്ക മനസ്സില്ല നിങ്ങളുടെ ഭവനം പാഴായി കിടക്കും കൎത്താവിന്റെ നാമത്തിൽ വരുന്നവൻ വന്ദ്യൻ എന്ന നിങ്ങൾ പറവൊളം എന്നെ കാണുക ഇല്ല എന്ന പറകയും ചെയ്തു.

## ൨൬ അവസാനകാൎയ്യങ്ങളുടെ വിവരം.

അനന്തരം യെശു ദൈവാലയത്തിൽനിന്ന പുറപ്പെട്ട പൊയപ്പൊൾ ശിഷ്യന്മാർ അടുക്കൽചെന്ന ദൈവാലയത്തിന്റെ വിശെഷക്കല്ലുകളെയും രത്നാലങ്കാരത്തെയും കാണിച്ചാറെ അവൻ നിങ്ങൾ ഈ വസ്തുക്കളെ എല്ലാം കണ്ടുവൊ ഇടിച്ചുകളയാത്ത കല്ല ഒരു കല്ലിന്മെലും ഇവിടെ ശെഷിക്ക ഇല്ല നിശ്ചയം യറുശലെം സെനകളാൽ വളഞ്ഞിരിക്കുന്നത നിങ്ങൾ കാണുമ്പൊൾ അതിന്റെ നാശം സമീപിച്ചിരിക്കുന്നു എന്നറിക യഹൂദദെശത്തുള്ളവർ മലകളിലെക്കും പട്ടണത്തുള്ളവർ പുറത്തെക്കും ഓടി പൊകെണ്ടു നാട്ടിലുള്ളവർ തിരിച്ച ചെല്ലരുത എഴുതിയിരിക്കുന്ന കാൎയ്യങ്ങൾക്ക നിവൃത്തി വരുത്തുന്ന കാലം അത തന്നെ എന്നറിക. ജനങ്ങളിൽ ദൈവകൊപം ഉഗ്രമായി ജ്വലിക്കകൊണ്ട നാട്ടിൽ പലവിധ ഞെരുക്കവും അതിക്രമിച്ചുണ്ടാകും ആ നാളുകളിൽ ഗൎഭിണികൾക്കും മുല കുടിപ്പിക്കുന്നവൎക്കും ഹാകഷ്ടം ജനങ്ങൾ വാളിനാൽ വീഴും പല രാജ്യങ്ങളിലും അടിമകളായി പൊകെണ്ടിവരും പുറജാതികളുടെ സമയം തികയുവൊളം അവർ യറുശലെമിനെ ചവിട്ടികളയും എന്നുപറഞ്ഞു. പിന്നെ അവൻ ഒലിവ മലയിൽഇരിക്കുമ്പൊൾ പത്രൊസ യൊഹനാൻ യാക്കൊബ അന്ത്രൊസ എന്ന

രം നാലുശിഷ്യന്മാർ അരികെ ചെന്ന നിന്റെ വരവിന്റെയും ലൊകാവസാനത്തിന്റെയും അടയാളം എന്തെന്ന ചൊദിച്ചാറെ യെശു പലരും എന്റെ നാമത്തിൽ വന്ന ഞാൻ ക്രിസ്തുവാകുന്നു എന്ന പറഞ്ഞ പലരെയും വഞ്ചിക്കും നിങ്ങൾ പടഘൊഷവും യുദ്ധവൎത്തമാനവും കെൾക്കും ജാതിയൊട ജാതിയും രാജ്യത്തൊട രാജ്യവും ദ്രൊഹിക്കും ക്ഷാമവും പകരുന്ന വ്യാധികളും ഭൂകമ്പവും പലെടവും ഉണ്ടാകും ദുഷ്ടജനങ്ങൾ നിങ്ങളെ ഹിംസിച്ചു കൊല്ലുകയും ചെയ്യും. സകല ജാതികൾക്ക സാക്ഷിയായിട്ട സുവിശെഷം ഭൂമിയിൽ എല്ലാടവും ഘൊഷിച്ചറിയിക്കപ്പെട്ടും അപ്പൊൾ അവസാനം വരും ലൊകാരംഭം മുതൽ ഇതുവരയും സംഭവിക്കാത്തതും ഇനിമെൽ ഉണ്ടായി വരാത്തതുമായ മഹാ കഷ്ടങ്ങൾ ഉണ്ടാകും അക്കാലത്തിങ്കൽ ഒരുത്തൻ ഇന്നന്നളിക്കിൽ ക്രിസ്തു ഇരിക്കുന്നു എന്ന പറഞ്ഞാൽ ആയത വിശ്വസിക്കരുത മിന്നൽ കിഴക്കുനിന്ന പടിഞ്ഞാറൊളവും പ്രകാശിക്കുന്നതുപൊലെ മനുഷ്യപുത്രന്റെ വരവുണ്ടായിരിക്കും ശവം എവിടെ അവിടെ കഴുകന്മാർ വന്നുകൂടും ആ കഷ്ടകാലം കഴിഞ്ഞ ഉടനെ സൂൎയ്യചന്ദ്രാദി ഗ്രഹങ്ങൾ പ്രകാശിക്കാതെ ഇരുണ്ടുപൊകും നക്ഷത്രങ്ങൾ വീഴും ആകാശത്തിലെ ശക്തികളും ഇളകും അപ്പൊൾ മനുഷ്യപുത്രന്റെ അടയാളം മെൽഭാഗത്തിങ്കൽ ശൊഭിക്കും ഭൂമിയിലെ ഗൊത്രങ്ങൾ പ്രലാപിച്ച മനുഷ്യപുത്രൻ വളരെ ശക്തിയൊടും മഹത്വത്തൊടും കൂടി മെഘങ്ങളിൽ വരുന്നതിനെ കാണും അവൻ ഭൂമിയിൽ സൎവ്വദിക്കിൽനിന്നും തെരിഞ്ഞെടുത്തവരെ കൂട്ടിച്ചെൎക്കെണ്ടതിന്ന ദൂതന്മാരെ മഹാശബ്ദമുള്ള കാഹളത്തൊട കൂടെ അയക്കും എന്നാൽ ആ ദിവസത്തെയും നാഴികയെയും എൻപിതാവുമാത്രം അല്ലാതെ മനുഷ്യരിലും ദൈവദൂതരിലും ഒരുത്തനും അറിയുന്നില്ല നിങ്ങളുടെ കൎത്താവ എപ്പൊൾ വരുമെന്ന അറിയായ്കകൊണ്ട നിങ്ങൾ എപ്പൊഴും ഉണൎന്ന ഒരുങ്ങിയിരിപ്പിൻ എന്ന പറഞ്ഞു.

## ൨൭ അവസാനകാൎയ്യങ്ങളുടെ വിവരം.

### തുടൎച്ച.

അനന്തരം യെശു സ്വൎഗ്ഗരാജ്യം തങ്ങളുടെ ദീവട്ടികളെ എടുത്ത മണവാളനെ എതിരെല്പാൻ പുറപ്പെട്ട പത്ത കന്യകമാരൊട സമമാകും എന്ന പറഞ്ഞു അവരിൽ അഞ്ചുപെർ ബുദ്ധിയുള്ളവരും അഞ്ചുപെർ ബുദ്ധിയില്ലാത്തവരുമായിരുന്നു ബുദ്ധിയില്ലാത്തവർ തങ്ങളുടെ ദീവട്ടികളെ എടുത്തപ്പൊൾ എണ്ണ എടുത്തില്ല ബുദ്ധിയുള്ളവർ ദീവട്ടികളും എണ്ണയും എടുത്തു മണവാളൻ താമസിക്കകൊണ്ട അവരെല്ലാവരും ഉറങ്ങിപ്പൊയി അൎദ്ധരാത്രിയിൽ മണവാളൻ വരുന്നു അവനെ എതിരെല്പാൻ പുറപ്പെടുവിൻ എന്നൊരു വിളിയുണ്ടായാറെ അവരെല്ലാവരും എഴുനീറ്റ തങ്ങളുടെ ദീവട്ടികളെ തെളിയിച്ചു ബുദ്ധിയില്ലാത്തവർ മറ്റവരൊട ഞങ്ങളുടെ ദീവട്ടികൾ കെട്ടുപൊകകൊണ്ട കുറെ എണ്ണ തരുവിൻ എന്നപെക്ഷിച്ചപ്പൊൾ ബുദ്ധിയുള്ളവർ ഞങ്ങൾക്കും നിങ്ങൾക്കും മുട്ടുണ്ടാകാതിരിപ്പാൻ നിങ്ങൾ തന്നെ പൊയി വാങ്ങിക്കൊൾവിൻ

എന്ന പറഞ്ഞു അവർ വാങ്ങുവാൻ പൊയപ്പൊൾ മണവാളൻ വന്നു ഒരുങ്ങിയിരിക്കുന്നവർ അവനൊടുകൂടെ കല്യാണത്തിന്ന പൊയി വാതിലടെച്ചശെഷം മറ്റെവരും വന്നു കൎത്താവെ കൎത്താവെ തുറക്കെണമെന്ന പെക്ഷിച്ചാറെ അവൻ ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന പറഞ്ഞു അപ്രകാരം മനുഷ്യപുത്രൻ വരുന്ന ദിവസമെങ്കിലും നാഴികയെങ്കിലും നിങ്ങൾ അറിയായ്ക കൊണ്ട ഉണൎന്നിരിപ്പിൻ.

സ്വൎഗ്ഗരാജ്യം ഭൃത്യന്മാരെ വിളിച്ച സമ്പത്തുകളെ അവരിൽ എല്പിച്ച ദൂരദെശത്തെക്ക യാത്രയായ ഒരു മനുഷ്യന്ന സമം അവൻ അവരുടെ പ്രാപ്തിപൊലെ ഒരുത്തന്ന അഞ്ചും മറ്റൊരുത്തന്ന രണ്ടും മറ്റൊരുത്തന്ന ഒന്നും റാത്തൽ ദ്രവ്യം കൊടുത്ത ഉടനെ യാത്ര പുറപ്പെടുകയും ചെയ്തു. എന്നാറെ അഞ്ചുറാത്തൽ വാങ്ങിയവൻ പൊയി വ്യാപാരംചെയ്തു വെറെ അഞ്ചുറാത്തൽ ലാഭം വരുത്തി രണ്ടുറാത്തൽ വാങ്ങിയവനും അപ്രകാരം ഇരട്ടി ലാഭം വരുത്തി ഒരു റാത്തൽ വാങ്ങിയവൻ അതിനെ ഭൂമിയിൽ കുഴിച്ചിട്ടു വളരെ കാലം കഴിഞ്ഞാറെ അവരുടെ യജമാനൻ വന്ന കണക്ക നൊക്കിയപ്പൊൾ അഞ്ചുറാത്തൽ വാങ്ങിയവൻ വെറെ അഞ്ചുറാത്തൽ ധനം കൂടി കൊണ്ടുവന്ന കൎത്താവെ ഇനിക്ക അഞ്ചുറാത്തൽ ധനം തന്നുവല്ലൊ ഞാൻ വ്യാപാരംചെയ്തു അതുകൊണ്ട അഞ്ചുറാത്തൽ ലാഭം വരുത്തി എന്നുപറഞ്ഞത കെട്ടു കൎത്താവ നന്നായി ഭക്തിവിശ്വാസമുള്ള ശുശ്രൂഷക്കാര നീ അല്പകാൎയ്യത്തിൽ വിശ്വസിക്കപ്പെട്ടവനായിരുന്നതുകൊണ്ട ഞാൻ നിന്നെ പലതിന്നും അധികാരിയാക്കും നിന്റെ കൎത്താവിന്റെ സന്തൊഷത്തിലെക്ക പ്രവെശിക്ക എന്ന പറഞ്ഞു അപ്രകാരം രണ്ടുറാത്തൽ വാങ്ങിയവനും വന്ന കൎത്താവെ നീ തന്ന രണ്ടുറാത്തൽ ധനം കൊണ്ട ഞാൻ രണ്ടുറാത്തൽ ലാഭം വരുത്തി എന്നുപറഞ്ഞശെഷം കൎത്താവ പ്രസാദിച്ച ഭക്തിയും വിശ്വാസവുമുള്ള ശുശ്രൂഷക്കാര അല്പകാൎയ്യത്തിൽ വിശ്വസിക്കപ്പെട്ടവനായിരുന്നതിനാൽ നിന്നെ ബഹുകാൎയ്യങ്ങളിൽ അധികാരിയാക്കും നിന്റെ കൎത്താവിന്റെ സന്തൊഷത്തിലെക്ക പ്രവെശിക്ക എന്നുപറഞ്ഞു. അനന്തരം ഒരു റാത്തൽ വാങ്ങിയവൻ വന്ന കൎത്താവിനൊട നീ വിതെക്കാത്തതിനെ കൊയ്കയും ചിന്തിക്കാത്തതിനെ കൂട്ടുകയും ചെയ്യുന്ന കഠിനമനുഷ്യനെന്നു ഞാൻ അറിഞ്ഞ പെടിച്ച നീ തന്ന ദ്രവ്യം ഭൂമിയിൽ കുഴിച്ചിട്ട സൂക്ഷിച്ചുവെച്ചു നിനക്കുള്ളത ഇതാ എന്ന പറഞ്ഞപ്പൊൾ കൎത്താവ കൊപിച്ച മടിയനായ ദുഷ്ടശുശ്രൂഷക്കാര ഞാൻ വിതെക്കാത്തതിനെ കൊയ്കയും ചിന്തിക്കാത്തതിനെ കൂട്ടുകയും ചെയ്യുന്നു എന്ന അറികകൊണ്ട നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാൎക്ക കൊടുത്ത ലാഭം ഉണ്ടാക്കെണ്ടതായിരുന്നുവല്ലൊ എന്നുപറഞ്ഞ അവനൊട ആ ധനം വാങ്ങി പത്തുറാത്തൽ ഉള്ളവന്ന കൊടുപ്പാനും നിസ്സാരനായ ഭൃത്യനെ അന്ധകാരത്തിലെക്ക തള്ളിക്കളെവാനും കല്പിച്ചു അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നും കല്പിച്ചു. പിന്നെ മനുഷ്യപുത്രൻ മഹത്വത്തൊടും സകല പരിശുദ്ധന്മാരൊടും കൂടെ വന്ന മഹത്വസിംഹാസനത്തിന്മെൽ ഇരിക്കുമ്പൊൾ സകല ജാതികളും അവന്റെ മുമ്പിൽ കൂട്ടിവരു

ത്തും ഇടയൻ ആട്ടുകളിൽനിന്ന കൊലാട്ടുകളെ വെർതിരിക്കുന്ന
പ്രകാരം അവൻ അവരെ വെർതിരിച്ച ആട്ടുകളെ വലത്തുഭാഗ
ത്തും കൊലാട്ടുകളെ ഇടത്തുഭാഗത്തും നിർത്തും വലത്തുള്ളവരൊട
എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലൊ
കാരംഭം മുതൽ നിങ്ങൾക്കൊരുക്കിയ രാജ്യം അവകാശമായി അ
നുഭവിച്ചുകൊൾവിൻ വിശന്നിരുന്നപ്പൊൾ ഇനിക്ക നിങ്ങൾ ഭക്ഷ
ണം തന്നു ദാഹിച്ചിരുന്നപ്പൊൾ കുടിപ്പാനും തന്നു പരദെശിയാ
യിരുന്ന എന്നെ ചെർത്തുകൊണ്ടു നഗ്നനായിരുന്ന എന്നെ ഉടുപ്പി
ച്ചു രൊഗിയായും തടവുകാരനായും ഇരുന്നു നിങ്ങൾ എന്നെ വ
ന്ന കണ്ടു എന്ന പറയുമ്പൊൾ നീതിമാന്മാർ കർത്താവെ ഞങ്ങൾ
എപ്പൊൾ നിന്നെ ഇപ്രകാരം ശുശ്രൂഷിച്ചു എന്ന പറഞ്ഞതിന്നരാ
ജാവ നിങ്ങൾ എന്റെ സഹൊദരന്മാരായ ഠരം അല്പന്മാരിൽ ഒ
രുത്തന്ന ചെയ്യുതൊക്കയും ഇനിക്ക തന്നെ ചെയ്തു നിശ്ചയം എന്ന
കല്പിക്കും അനന്തരം അവൻ ഇടത്തുള്ളവരൊട ശപിക്കപ്പെട്ടവ
രെ നിങ്ങൾ എന്നെ വിട്ട പിശാചിന്നും അവന്റെ ദൂതന്മാൎക്കും ഒ
രുക്കിയ നിത്യനരകാഗ്നിയിലെക്ക പൊകുവിൻ വിശന്നിരുന്നപ്പൊ
ൾ നിങ്ങൾ ഇനിക്കഭക്ഷണം തന്നില്ല ദാഹിച്ചിരുന്ന ഇനിക്ക കുടി
പ്പാനും തന്നില്ല പരദെശിയായ എന്നെ ചെർത്തില്ല നഗ്നനായ എ
ന്നെ ഉടുപ്പിച്ചില്ല രൊഗിയും തടവുകാരനുമായ എന്നെ വന്ന ക
ണ്ടതുമില്ല എന്ന പറഞ്ഞാറെ അവരും കർത്താവെ ഞങ്ങൾ എപ്പൊ
ൾ നിന്നെ ഇങ്ങിനെയുള്ളവനായി കണ്ടു ശുശ്രൂഷ ചെയ്യാതെ ഇ
രുന്നു എന്ന ചൊദ്യത്തിന്ന രാജാവ നിങ്ങൾ എന്റെ സഹൊദര
ന്മാരായ ഠരം അല്പന്മാരിൽ ഒരുത്തനെങ്കിലും ഒന്നും ചെയ്യാതെ ഇരു
ന്നതിനാൽ ഇനിക്കും ചെയ്തിട്ടില്ല നിശ്ചയം എന്ന കല്പിക്കും അ
വർ നിത്യ നരകത്തിക്കും നീതിമാന്മാർ നിത്യജീവങ്കലെക്കും
പൊകും.

## ഉപ്പ ശിഷ്യന്മാരുടെ കാല കഴു
## കലും അത്താഴവും.

പിന്നെ യെശു ദൈവാലയത്തിൽ ചെന്ന ജനങ്ങളെ പഠിപ്പി
ച്ച വൈകുന്നെരമായപ്പൊൾ ബെത്താന്യയിൽ പൊയി പാർത്ത അ
ത്താഴം കഴിച്ച ശെഷം വസ്ത്രങ്ങളെ അഴിച്ച വെച്ച ഒരു ശീല അ
രയിൽ കെട്ടി ശിഷ്യന്മാരുടെ കാല്കളെ കഴുകുവാനും ആ ശീല
കൊണ്ട തുവർത്തുവാനും ആരംഭിച്ച പത്രൊസിന്റെ അരികെ വ
ന്നപ്പൊൾ അവൻ കർത്താവെ നീ എന്റെ കാല്കളെ കഴുകുമൊ
എന്ന ചൊദിച്ചാറെ കർത്താവ ഞാൻ ചെയ്യുന്നത എന്തെന്ന നീ
ഇപ്പൊൾ അറിയുന്നില്ല വഴിയെ അറിയും താനും എന്ന പറഞ്ഞ
തിന്ന അവൻ കർത്താവെ നീ ഒരുനാളും എന്റെ കാലകളെ കഴു
കെണ്ട എന്ന വിരൊധിച്ച ശെഷം ഞാൻ കഴുകുന്നില്ല എങ്കിൽ നി
നക്ക എന്നൊട കൂടെ ഒഹരി ഇല്ല എന്ന കല്പിച്ചപ്പൊൾ പത്രൊസ
കർത്താവെ കാല്കളെ മാത്രമല്ല കൈകളെയും തലയെയും കൂടെ
കഴുകെണമെന്ന അപെക്ഷിച്ചാറെ യെശു കുളിച്ചവന്ന കാല്കളെ
മാത്രമല്ലാതെ ഒന്നും കഴുകുവാൻ ആവശ്യമില്ല അവൻ മുഴുവനും

ശുദ്ധൻ തന്നെ നിങ്ങൾ ഇപ്പൊൾ ശുദ്ധരാകുന്നു എല്ലാവരുമല്ല താനും തന്നെ കാണിച്ചു കൊടുക്കുന്നവനെ അറിഞ്ഞതുകൊണ്ട എല്ലാവരും ശുദ്ധരല്ല എന്ന പറഞ്ഞു. അതിന്റെ ശെഷം യെശു വസ്ത്രങ്ങളെ ഉടുത്ത ഇരുന്ന ശിഷ്യന്മാരൊട ഞാൻ നിങ്ങൾക്ക ചെയ്തത ഇന്നതെന്ന അറിയുന്നുവൊ നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു ഞാൻ അപ്രകാരം ആകകൊണ്ട നിങ്ങൾ പറഞ്ഞത ശരിതന്നെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകീട്ടുണ്ടെങ്കിൽ നിങ്ങളും അന്യൊന്യം കാലുകളെ കഴുകെണം ഞാൻ ചെയ്തു പ്രകാരം നിങ്ങളും അന്യൊന്യം ചെയ്യെണ്ടതിന്ന ഞാൻ ഈ ദൃഷ്ടാന്തം കാണിച്ചു ശുശ്രൂഷക്കാരൻ തന്റെ യജമാനനെക്കാളും ദൂതൻ തന്നെ അയച്ചവനെക്കാളും വലിയവനല്ല നിശ്ചയം ഈ കാര്യങ്ങളെ അറിഞ്ഞ അപ്രകാരം ചെയ്താൽ നിങ്ങൾ ഭാഗ്യവാന്മാരാകും എന്ന പറഞ്ഞു.

പിന്നെ പുളിക്കാത്ത അപ്പങ്ങളുടെ ഒന്നാം ദിവസത്തിൽ ശിഷ്യന്മാർ യെശുവിനൊട നിനക്ക പെസഹ ഭക്ഷിക്കെണ്ടതിന്ന എവിടെ ഒരുക്കെണമെന്ന ചൊദിച്ചാറെ അവൻ രണ്ടാളൊട നിങ്ങൾ യറുശലെമിൽ പൊയി പട്ടണത്തിന്നകത്ത ചെല്ലുമ്പൊൾ ഒരു കുടം വെള്ളം ചുമന്ന ഒരു മനുഷ്യൻ നിങ്ങളെ എതിരെല്ക്കും അവൻ പൊകുന്ന വീട്ടിലെക്ക നിങ്ങളും പ്രവെശിച്ച യജമാനനൊട എന്റെ കാലം സമീപിച്ചിരിക്കുന്നു ശിഷ്യരൊടു കൂടെ പെസഹ കഴിപ്പാൻ വെണ്ടുന്ന മുറി എവിടെ എന്ന ഗുരു നിന്നൊട ചൊദിക്കുന്നു എന്ന പറവിൻ അപ്പൊൾ അവൻ നിങ്ങൾക്ക ഒരു വലിയ മാളിക മുറി കാണിക്കും അവിടെ നമുക്ക വെണ്ടി ഒരുക്കുവിൻ എന്ന അവരെ പറഞ്ഞയച്ചു അവർ പൊയി കർത്താവിന്റെ വചനപ്രകാരം കണ്ട പെസഹ ഒരുക്കിവെച്ചു വൈകുന്നെരം ആയപ്പൊൾ അവൻ പന്ത്രണ്ടു ശിഷ്യന്മാരൊട കൂടി നഗരത്തിലെക്ക യാത്രയായി.

ഞാൻ സത്യമുന്തിരി വള്ളിയും എന്റെ പിതാവ തൊട്ടക്കാരനും ആകുന്നു ഫലം തരാത്ത കൊമ്പുകളെ ഒക്കയും അവൻ ഛെദിച്ചുകളയും ഫലം തരുന്ന കൊമ്പുകളെ അധികം ഫലം തരെണ്ടുന്നതിന്ന ശുദ്ധി വരുത്തും എന്നിൽ വിശ്വസിച്ചാൽ ഞാൻ നിങ്ങളിൽ വസിക്കും കൊമ്പ മുന്തിരിയിൽ വസിക്കുന്നില്ലെങ്കിൽ താനായിട്ട ഫലം തരിക ഇല്ല അപ്രകാരം എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴികയില്ല എന്നിൽ വസിക്കാത്തവൻ ഒരു കൊമ്പിനെ പൊലെ പുറത്തു തള്ളി നരകാഗ്നിയിലിട്ട ദഹിപ്പിച്ചുകളയും എന്നും മറ്റും ശിഷ്യന്മാരൊട ഉപദെശിച്ച കല്പിക്കയും ചെയ്തു. അനന്തരം യെശു പന്ത്രണ്ടു ശിഷ്യന്മാരൊടു കൂടെ പന്തിയിലിരുന്ന ഭക്ഷിക്കുമ്പൊൾ നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചു കൊടുക്കും നിശ്ചയം എന്ന വ്യാകുലനായി പറഞ്ഞാറെ അവർ വളരെ ദുഃഖിച്ച ആരെ വിചാരിച്ച പറഞ്ഞു എന്ന സംശയിച്ച ക്രമെണ ഞാനൊ ഞാനൊ എന്ന ചൊദിച്ചതിന്ന ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ എന്ന അവൻ പറഞ്ഞ ഖണ്ഡം മുക്കി യഹൂദ ഇസ്കറിയൊടിന്ന കൊടുത്തു മനുഷ്യ പുത്രൻ തന്നെ കുറിച്ച എഴുതിയിരിക്കുന്ന പ്രകാരം പൊകുന്നുവെങ്കിലും അവ

ഒന്ന കാണിച്ചുകൊടുക്കുന്നവന്ന ഹാ കഷ്ടം അവൻ ജനിക്കാതിരു
ന്നെങ്കിൽ നന്നായിരുന്നു എന്ന പറഞ്ഞു. പിന്നെ അവർ ഭക്ഷി
ക്കുമ്പൊൾ യെശു അപ്പം എടുത്ത വാഴ്ത്തി മുറിച്ച ശിഷ്യന്മാൎക്ക കൊ
ടുത്തു നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ ഇത എന്റെ ശരീരമാകുന്നു എ
ന്റെ ഒൎമ്മക്കായി ഇതിനെ ചെയ്വിൻ അപ്രകാരം പാനപാത്രവും
എടുത്ത വാഴ്ത്തി കൊടുത്ത നിങ്ങൾ എല്ലാവരും ഇതിൽനിന്ന കു
ടിപ്പിൻ ഇത എന്റെ രക്തത്തിലെ പുതു നിയമമാകുന്നു ഇത നി
ങ്ങൾക്ക എല്ലാവൎക്കും വെണ്ടി പാപമൊചനത്തിന്നായ ഒഴിച്ച എ
ന്റെ രക്തം ഇത കുടിക്കുമ്പൊൾ ഒക്കയും എന്റെ ഒൎമ്മക്കായി
ചെയ്വിൻ ഇത മുതൽ എന്റെ പിതാവിന്റെ രാജ്യത്തിൽ വെച്ചു
നിങ്ങളൊടു കൂടി ഈ മുന്തിരിങ്ങാ രസം കുടിക്കുംവരയും ഞാൻ
ഇനി കുടിക്കയില്ല എന്ന പറകയും ചെയ്തു.

## ഗെൻ ഗത്ത്ശെമനിയിൽ വെച്ച യെശു വിന്റെ മനഃപീഡ.

പിന്നെ അവർ ഒരു സങ്കീൎത്തനം പാടി സ്തുതിച്ചു യെശു മറ്റും
പല വചനങ്ങളെ പറഞ്ഞു പ്രാൎത്ഥിച്ച ശെഷം കിദ്രൊൻനദിയെ ക
ടന്ന ഒലിവ മലയിൽ കരെറി പൊയപ്പൊൾ ശിഷ്യന്മാരൊട ഞാ
ൻ ഇടയനെ അടിക്കുമ്പൊൾ ആട്ടിൻ കൂട്ടം ചിതറിപ്പൊകുമെന്ന
എഴുതിയിരിക്കുന്നപ്രകാരം നിങ്ങൾ എല്ലാവരും ഈ രാത്രിയിൽ
എന്നിൽനിന്ന ഇടറും എങ്കിലും ഞാൻ ഉയിൎത്തെഴുനീറ്റ ശെഷം
നിങ്ങളുടെ മുമ്പെ ഗലീലായിൽ പൊകുമെന്നുരച്ചാറെ പത്രൊസ
എല്ലാവരും നിന്നെ കുറിച്ച ഇടറിയാലും ഞാൻ ഒരുനാളും ഇട
റുകയില്ല എന്ന പറഞ്ഞു. അപ്പൊൾ യെശു അവനൊട ഈ രാ
ത്രിയിൽ പൂവൻ കൊഴി രണ്ടു വട്ടം കൂകുംമുമ്പെ നീ മൂന്നുവട്ടം
എന്നെ തള്ളിപറയും എന്ന ചൊന്ന ഉടനെ പത്രൊസ നിന്നൊ
ടു കൂടി മരിക്കെണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എ
ന്ന പറഞ്ഞു. ശിഷ്യന്മാർ എല്ലാവരും അപ്രകാരം തന്നെ പറഞ്ഞു
പിന്നെ ഗത്ത്ശെമനി എന്ന സ്ഥലത്ത എത്തിയപ്പൊൾ യെശു അവ
രൊട ഞാൻ അങ്ങെപ്പൊയി പ്രാൎത്ഥിച്ച വരുവൊളം നിങ്ങ
ൾ ഇവിടെ ഇരിപ്പിൻ എന്ന പറഞ്ഞ പത്രൊസിനെയും യൊഹ
ന്നാനെയും യാകൊബിനെയും കൂട്ടികൊണ്ട പൊയി വിഷണ്ണ
നായി വളരെ വ്യസനപ്പെട്ടു തുടങ്ങി. എന്റെ ആത്മാവ മരണ
ദുഃഖ പരവശമായിരിക്കുന്നു നിങ്ങൾ ഇവിടെ പാൎത്ത എന്നൊ
ടു കൂടെ ഉണൎന്നിരിപ്പിൻ എന്ന പറഞ്ഞ ഒരു കല്ലെറു ദൂരം പൊ
യി കുമ്പിട്ടു വീണ അബ്ബാ പിതാവെ സകലവും നിനക്ക കഴിയും
മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന നീക്കെണമെ
എന്നാൽ എന്റെ ഇഷ്ടം പൊലെ അല്ല നിന്റെ ഇഷ്ടം പൊലെ
ആകട്ടെ എന്ന പ്രാൎത്ഥിച്ച ശെഷം കൂടി വന്ന ശിഷ്യർ ഉറങ്ങുന്നത
കണ്ട പത്രൊസിനൊട നിങ്ങൾക്ക ഒരു മണിനെരം എന്നൊട
കൂടി ഉണൎന്നിരിപ്പാൻ കഴിക ഇല്ലയൊ പരീക്ഷയിൽ അകപ്പെ
ടാതെ ഇരിപ്പാൻ ഉണൎന്നുകൊണ്ട പ്രാൎത്ഥിപ്പിൻ മനസ്സ ഉത്സാഹ
മുള്ളത ജഡമൊ ക്ഷീണമുള്ളതാകുന്നു എന്ന പറഞ്ഞു. പിന്നെ

യും പൊയി എന്റെ പിതാവെ ഈ പാത്രത്തിൽ ഉള്ളത ഞാ
ൻ കുടിക്കാതെ അത എന്നിൽനിന്ന നീങ്ങിപ്പൊവാൻ കഴിയു[illegible]
തല്ലെങ്കിൽ നിന്റെ ഇഷ്ടപ്രകാരം ആകട്ടെ എന്ന പ്രാൎത്ഥിച്ചപ്പൊ
ൾ സ്വൎഗ്ഗത്തിൽനിന്ന ഒരു ദൈവദൂതൻ പ്രത്യക്ഷനായി ആശ്വസി
പ്പിച്ചു അവൻ പ്രാണപീഡയിലായപ്പൊൾ അതി ശ്രദ്ധയൊടെ
പ്രാൎത്ഥിച്ചു അവന്റെ വിയൎപ്പ ചൊരത്തുള്ളികളായി നിലത്തു വീ
ണു അവൻ തിരിയെ വന്ന അവരെ ഉറങ്ങുന്നത കണ്ടു അവർ നി
ദ്രാഭാരം നിമിത്തം അവനൊട എന്തുത്തരം പറയെണമെന്ന
അറിഞ്ഞില്ല യെശു പിന്നെയും പൊയി മൂന്നാം പ്രാവിശ്യം ആ
വചനം തന്നെ പറഞ്ഞ പ്രാൎത്ഥിച്ചു ശിഷ്യരുടെ അരികെ വ
ന്ന ഇനി ഉറങ്ങി ആശ്വസിച്ചുകൊണ്ടിരിപ്പിൻ സമയം അടുത്തു
മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ എല്പിക്കപ്പെടുന്നു എ
ഴുനീല്പിൻ നാം പൊക എന്നെ കാണിച്ചുകൊടുക്കുന്നവൻ സമീ
പിച്ചിരിക്കുന്നു എന്ന പറഞ്ഞു.

## ൩൦ യെശു ശത്രു കൈവശമായതും പത്രൊസ തള്ളിപ്പറഞ്ഞതും.

അനന്തരം അവന്റെ ശിഷ്യനായ യഹൂദ ഇസ്കറിയൊടി
നൊട കൂടെ പ്രധാനാചാൎയ്യന്മാരും വലരെ പുരുഷന്മാരും ദീപ
ട്ടികളൊടും ആയുധങ്ങളൊടും കൂടെ വന്നു യെശു തനിക്ക വരു
വാനുള്ളതൊക്കയും അറിഞ്ഞ പുറപ്പെട്ടുചെന്ന അവരൊട നിങ്ങ
ൾ ആരെ അന്വെഷിക്കുന്നു എന്ന ചൊദിച്ചാറെ നസറായക്കാര
നായ യെശുവിനെ എന്ന പറഞ്ഞപ്പൊൾ അവൻ ഞാൻ തന്നെ
എന്ന പറഞ്ഞത കെട്ടു അവർ പിന്നൊക്കം വാങ്ങി നിലത്തു വീ
ണു യെശു രണ്ടാമതും നിങ്ങൾ ആരെ അന്വെഷിക്കുന്നു എന്ന
ചൊദിച്ചപ്പൊൾ നസറായക്കാരനായ യെശുവിനെ തന്നെ എന്ന
പിന്നയും പറഞ്ഞു. അവൻ ഞാൻ തന്നെ എന്ന പറഞ്ഞുവല്ലൊ
എന്നെ അന്വെഷിക്കുന്നെങ്കിൽ ഇവരെ വിടുവിൻ എന്ന പറഞ്ഞു
ഞാൻ ചുംബിക്കുന്നവനെ പിടിച്ചുകൊൾവിനെന്നുള്ള ലക്ഷണം
പറഞ്ഞുകൊണ്ട യഹൂദാ ഉടനെ വന്ന യെശുവിനൊട ഗുരൊ
സലാം എന്ന പറഞ്ഞ ചുംബിച്ചാറെ യെശു സ്നെഹിത നീ എന്തി
ന്നു വന്നു യഹൂദാ ചുംബനംകൊണ്ട മനുഷ്യ പുത്രനെ കാണിച്ച
കൊടുക്കുന്നുവൊ എന്ന പറഞ്ഞതിന്റെ ശെഷം അവർ അരി
കെ വന്ന യെശുവിന്മെൽ കൈകളെ വെച്ചു പിടിച്ചു ആയത ശി
ഷ്യന്മാർ കണ്ടപ്പൊൾ യെശുവിനൊട കൎത്താവെ വാൾകൊണ്ട
വെട്ടാമൊ എന്ന ചൊദിച്ച ഉടനെ പത്രൊസ വാൾ ഊരി പ്രധാ
നാചാൎയ്യന്റെ ഭൃത്യനായ മല്ക്കൂസ എന്നവനെ വെട്ടി വലത്തെ
ചെവി മുറിച്ചുകളഞ്ഞു. അപ്പൊൾ യെശു ഇനി വിടുവിൻ എന്ന
കല്പിച്ച അവന്റെ ചെവിയെ തൊട്ടു സൌഖ്യമാക്കി പത്രൊസി
നൊട വാൾ ഉറയിൽ ഇടുക വാളെടുക്കുന്നവരെല്ലാം വാളിനാൽ
വീഴും എന്റെ പിതാവ ഇനിക്ക തന്ന പാനപാത്രം ഞാൻ കുടി
ക്കാതിരിക്കുമൊ എന്ന പറഞ്ഞ ശെഷം ശിഷ്യരെല്ലാവരും അവ
നെ വിട്ടൊടിപ്പൊയി. പിന്നെ അവർ യെശുവിനെ പിടിച്ചു

കെട്ടി ആചാൎയ്യന്മാരും ഉപാദ്ധ്യായന്മാരും മൂപ്പന്മാരും കൂടിയിരിക്കുന്ന പ്രധാനാചാൎയ്യന്റെ അരമനയിലെക്ക കൊണ്ടുപൊയി കൎത്താവിനെ ഒരുനാളും വിടുക ഇല്ലെന്ന പറഞ്ഞ വാക്കൊൎത്ത പത്രൊസ ദൂരെ അവന്റെ പിന്നാലെ കാൎയ്യത്തീൎപ്പ അറിയെണ്ടതിന്ന അരമനയിൽ പുക്ക ശീതം നിമിത്തം തീ കാഞ്ഞുകൊണ്ടിരിക്കുന്ന ഉദ്യൊഗസ്ഥരുടെ കൂട്ടത്തിൽ ഇരുന്നപ്പൊൾ ഒരു വെലക്കാരത്തി അവനൊട നീയും യെശുവിന്റെ കൂടെ ഉള്ളവനല്ലയൊ എന്ന ചൊദിച്ചാറെ അവൻ ഞാൻ അറിയുന്നില്ല നീ പറഞ്ഞത തിരിച്ചറിയുന്നതുമില്ല എന്ന മറുത്ത പറഞ്ഞു പുറത്തു ചെന്നാറെ പൂവൻ കൊഴി കൂകി അപ്പൊൾ വെറെ ഒരു വെലക്കാരത്തി അവനെ കണ്ട അവിടെയുള്ളവരൊട ഇവനും യെശുവിനൊട കൂടെയുള്ളവനാകുന്നു എന്ന പറഞ്ഞാറെ അവർ നീ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയൊ എന്ന ചൊദിച്ചപ്പൊൾ അവൻ ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന പിന്നയും സത്യം ചെയ്തു തള്ളിപ്പറഞ്ഞു. പിന്നെ അല്പനെരം കഴിഞ്ഞശെഷം അരികെ നിന്നവർ നീ അവരിലൊരുത്തൻ സത്യം നീ ഒരു ഗലിലായ മനുഷ്യൻ എന്ന നിന്റെ ഭാഷ തന്നെ അറിയിക്കുന്നുവല്ലൊ എന്ന പറഞ്ഞപ്പൊൾ പത്രൊസ പിന്നയും ഈ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന ശപിക്കയും ആണയിടുകയും ചെയ്തു തുടങ്ങി ഉടനെ പൂവ്വൻ കൊഴി രണ്ടാമതും കൂകിയാറെ കൎത്താവ തിരിഞ്ഞ പത്രൊസിനെ നൊക്കി പൂവ്വൻകൊഴി രണ്ടു വട്ടം കൂകുംമുമ്പെ മൂന്നു വട്ടം നീ എന്നെ തള്ളിപ്പറയുമെന്ന വാക്കൊൎത്ത പുറത്തു പൊയി വളരെ വിഷാദിച്ച കരെകയും ചെയ്തു.

## ൩൧ സഭാമുമ്പെന യെശുവിന്റെ വിസ്താരം.

പിന്നെ പ്രധാനാചാൎയ്യൻ യെശുവിനൊട ശിഷ്യരെയും ഉപദെശത്തെയും കുറിച്ച ചൊദിച്ചു യെശു ഞാൻ സ്പഷ്ടമായി ലൊകത്തൊട പറഞ്ഞുവല്ലൊ എല്ലാ യഹൂദന്മാർ കൂടുന്ന പള്ളികളിലും ദൈവാലയത്തിലും വച്ച ഉപദെശിച്ചു രഹസ്യമായി ഒന്നും പറഞ്ഞിട്ടില്ല നീ എന്നൊട ചൊദിക്കുന്നതെന്തിന്ന എന്റെ ഉപദെശത്തെ കെട്ടവരൊടു തന്നെ ഞാൻ എന്തു പറഞ്ഞു എന്ന ചൊദിക്ക ഞാൻ പറഞ്ഞ കാൎയ്യങ്ങൾ അവർ അറിയുന്നുവല്ലൊ എന്ന പറഞ്ഞാറെ അരികെ നില്ക്കുന്ന ഒരു സെവകൻ നീ പ്രധാനാചാൎയ്യനൊട ഇപ്രകാരം ഉത്തരം പറയുന്നുവൊ എന്നുരച്ച യെശുവിന്റെ കവിൾക്ക ഒന്നടിച്ചു അപ്പൊൾ യെശു ഞാൻ ദൊഷം പറഞ്ഞിട്ടുണ്ടെങ്കിൽ പറ ഇല്ലെങ്കിൽ എന്തിന്നു നീ എന്നെ അടിക്കുന്നു എന്ന പറഞ്ഞു അതിന്റെ ശെഷം പ്രധാനാചാൎയ്യന്മാരും മന്ത്രിസഭ ഒക്കയും യെശുവിനെ കൊല്ലെണ്ടതിന്ന കള്ളസ്സാക്ഷി അന്വെഷിച്ചും അനെകം കള്ളസ്സാക്ഷിക്കാർ വന്നിട്ടും അവർ പറഞ്ഞ സാക്ഷി ഒത്തുവന്നതുമില്ല അപ്പൊൾ പ്രധാനാചാൎയ്യൻ എഴുനീറ്റ യെശുവിനൊട ഒന്നും ഉത്തരം പറയുന്നില്ലയൊ ഇവർ നിന്റെ

ന്നെരെ എന്തെല്ലാം സാക്ഷിപ്പെടുത്തുന്നു എന്ന ചൊദിച്ചാറെ അവൻ ഒന്നിന്നും ഉത്തരം പറയാതെ ഇരുന്നു പിന്നെയും പ്രധാനാചാൎയ്യൻ ആയവനൊട നീ ദൈവപുത്രനായ ക്രിസ്തുവാകുന്നുവൊ എന്ന ഞങ്ങളൊട പറയെണ്ടതിന്ന ജീവനുള്ള ദൈവത്തെ ആണയിട്ട ഞാൻ നിന്നൊട ചൊദിക്കുന്നു എന്ന പറഞ്ഞാറെ യെശു നീ പറഞ്ഞുവല്ലൊ ഞാൻ തന്നെ അവൻ ആകയാൽ ഇന്നുമുതൽ മനുഷ്യപുത്രൻ ദൈവവല്ലഭത്വത്തിന്റെ വലഭാഗത്ത വാഴുന്നതും മെഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും നിശ്ചയം എന്ന പറഞ്ഞതുകെട്ട പ്രധാനാചാൎയ്യൻ വസ്ത്രങ്ങളെ കീറി ഇവൻ ദൈവത്തെ ദൂഷിച്ചു ഇനി സാക്ഷികൾ കൊണ്ട എന്താവിശ്യം ഇവന്റെ ദൈവദൂഷണം കെട്ടുവല്ലൊ നിങ്ങൾക്ക എന്ത തൊന്നുന്നു എന്ന പറഞ്ഞപ്പൊൾ അവൻ മരണശിക്ഷക്ക യൊഗ്യനെന്ന എല്ലാവരും പറകയും ചെയ്തു. പിന്നെ യെശുവിനെ പിടിച്ച ആളുകൾ അവനെ പരിഹസിച്ച മുഖത്ത തുപ്പി കണ്ണു മൂടി കെട്ടി അടിച്ചു ക്രിസ്തുവെ നിന്നെ അടിച്ചവൻ ആരെന്ന ജ്ഞാനദൃഷ്ടികൊണ്ട പറക എന്നും മറ്റും പല വിധെന അപമാനിച്ച പറഞ്ഞു. പുലർകാലമായപ്പൊൾ എല്ലാ പ്രധാനാചാൎയ്യന്മാരും യെശുവിനെ കൊല്ലെണ്ടതിന്ന മന്ത്രിച്ച അവനെ കെട്ടിക്കൊണ്ടുപൊയി നാടുവാഴിയായ പിലാതൊസിന്ന എല്പിച്ചു. അപ്പൊൾ അവന്ന മരണശിക്ഷ വിധിച്ചു എന്ന യഹൂദ ഇസ്കറിയൊട കണ്ട അനുതാപപ്പെട്ട യെശുവിനെ കാണിച്ചകൊടുക്കുന്നതിന്ന മുമ്പിൽ വാങ്ങിയിരുന്ന ൩൦ വെള്ളിക്കാശ പ്രധാനാചാൎയ്യന്മാൎക്കും മൂപ്പന്മാൎക്കും മടക്കി കൊണ്ടുവന്ന കുറ്റമില്ലാത്ത രക്തം കാണിച്ചു കൊടുത്തതിനാൽ ഞാൻ ദൊഷം ചെയ്തു എന്ന പറഞ്ഞാറെ അവർ അത ഞങ്ങൾക്ക എന്ത നീ തന്നെ നൊക്കികൊൾക എന്ന പറഞ്ഞു അപ്പൊൾ അവൻ ആ വെള്ളിക്കാശ എടുത്ത ദൈവാലയത്തിൽ ഇട്ടും കളഞ്ഞ മാറിപ്പൊയി തൂങ്ങി മരിക്കയും ചെയ്തു പ്രധാനാചാൎയ്യന്മാർ ആ ദ്രവ്യമെടുത്ത ഇത രക്തവിലയാകകൊണ്ട ശ്രീഭണ്ഡാരത്തിൽ ഇടുന്നത ന്യായമല്ല എന്ന പറഞ്ഞ അതിനെകൊണ്ട കുശവന്റെ നിലം വാങ്ങി അതിനാൽ ആ നിലത്തിന്ന ഇന്നും രക്തനിലമെന്ന പെർ പറഞ്ഞുവരുന്നു.

## ൩൨ പിലാതൊസ മുമ്പെന ഉള്ള വ്യവഹാരം.

പിന്നെ പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും ഇവൻ താൻ രാജാവായ ക്രിസ്തുവാകുന്നു എന്നും കൈസരിന്ന വരിപ്പണം കൊടുക്കെണ്ട എന്നും പറഞ്ഞ ജാതിയെ കലഹിപ്പിക്കുന്നത ഞങ്ങൾ കണ്ടു എന്നും കുറ്റം ചുമത്തിത്തുടങ്ങി അപ്പൊൾ പിലാതൊസ യെശുവിനെ വിളിച്ച അവനൊട നീ യഹൂദ രാജാവ തന്നെയൊ എന്ന ചൊദിച്ചാറെ യെശു എന്റെ രാജ്യം ഈ ലൊകത്തിൽനിന്നുള്ളതല്ല ലൌകികമെങ്കിൽ എന്നെ യഹൂദരിൽ എല്പിക്കാതിരിക്കെണ്ടതിന്ന എന്റെ സെവകർ പൊരുവുമായിരുന്നു ആകയാൽ എന്റെ രാജ്യം ഐഹികമല്ല എന്ന പറഞ്ഞാറെ പീലാതൊസ എന്നാൽ നീ രാജാവ തന്നെയൊ എന്ന ചൊദിച്ചശെഷം നീ പറഞ്ഞപ്രകാ

നം ഞാൻ രാജാവ തന്നെ ഞാൻ ഇതിനായിട്ട ജനിച്ചു സത്യത്തി ന്ന സാക്ഷി പറയെണ്ടതിന്ന ൟ ലോകത്തിലെക്ക വന്നു സത്യ ത്തിൽനിന്നുള്ളവനെല്ലാം എന്റെ വചനം കെൾക്കുന്നു എന്ന പ റഞ്ഞപ്പൊൾ സത്യം എന്തെന്നു ചൊദിച്ചു പുറത്തുപൊയി യഹൂദ രൊട അവനിൽ ഞാൻ ഒരു കുറ്റം കാണുന്നില്ല എന്നു പറഞ്ഞു എന്നാറെ അവർ ഇവൻ ഗലീലാദെശം മുതൽ ഇവിടം വരയും യ ഹൂദയിൽ എല്ലാടവും ഉപദെശിച്ചു ജനങ്ങളെ ഇളക്കുന്നവനെന്ന പറഞ്ഞത കെട്ട പിലാത്തൊസ ഇവൻ ഗലീലാക്കാരനൊ എന്ന ചൊദിച്ചു ഹെറൊദ രാജാവിന്റെ അധികാരത്തിലുള്ളവനെന്ന റിഞ്ഞു ആ സമയത്ത യറുശലെമിൽ പാൎത്ത ഹെരൊദെസിന്റെ അടുക്കലെക്ക അയച്ചു ഹെരൊദെസ യെശുചെയ്യു അതിശയങ്ങ ളെ കെട്ടതിനാൽ അവനെ കാണ്മാൻ ആശയൊടുകൂടിയിരുന്ന തുകൊണ്ട അവനെ കണ്ടപ്പൊൾ വല്ല അത്ഭുതവും കാട്ടുമെന്ന വി ചാരിച്ച സന്തൊഷിച്ചു അവനൊട വളരെ ചൊദിച്ചുവെങ്കിലും യെശു ഒന്നും മിണ്ടായ്കകൊണ്ട തന്റെ ആയുധക്കാരൊട കൂടി അ വനെ നിന്ദിച്ചു പരിഹാസത്തിന്നായി മാനിച്ച വെള്ളവസ്ത്രം ഉ ടുപ്പിച്ചു പിലാത്തൊസിന്നുതന്നെ തിരിച്ചയച്ചു മുമ്പെ അന്യൊന്യം വൈരികളായ പിലാത്തൊസും ഹെരൊദെസും അന്ന സ്നെഹിത ന്മാരുമായി വന്നു പെസഹ ഉത്സവംതൊറും ജനങ്ങളുടെ അപെ ക്ഷപ്രകാരം തടവുകാരിൽ ഒരുവനെ വിടിയിക്കുന്നത ആചാര മായിരുന്നു ആ കാലത്ത കലഹത്താൽ കുലക്കുറ്റക്കാരനായ ബറ ബ്ബാ എന്നൊരു വിശെഷ തടവുകാരനുണ്ടായിരുന്നു അന്ന പിലാ ത്തൊസ ജനങ്ങളൊട എവനെ വിട്ടുവിക്കെണം ബറബ്ബാവെ യൊ യഹൂദരാജാവായ യെശുവിനെയൊ എന്ന ചൊദിച്ചു അവ ൻ ഇങ്ങിനെ ന്യായാസനത്തിൽ ഇരുന്നസമയം അവന്റെ ഭാൎയ്യ ആളെ അയച്ചു. ഇന്ന സ്വപ്നത്തിൽ ആ നീതിമാൻ നിമിത്തം ഞാ ൻ വളരെ കഷ്ടപ്പെട്ടതുകൊണ്ട അവനൊട ഒന്നും ചെയ്യെണ്ട എന്ന പറയിച്ചു പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും ബറബ്ബാവെ വിട്ടയപ്പാനും യെശുവിനെ കൊല്ലുവാനും കല്പിക്കെണ്ടതിന്ന ജ നങ്ങളെ വശീകരിച്ചുത്സാഹിപ്പിച്ചതുകൊണ്ട യെശുവിനെ കൊ ന്ന ബറബ്ബാവെ വിട്ടുവിക്കെണം എന്നെല്ലാവരും ഒന്നിച്ച നിലവി ളിച്ച പറഞ്ഞു പിലാത്തൊസ യെശുവിനെ വിട്ടയപ്പാൻ ഭാവിച്ചു യെശുവിനൊട ഞാൻ എന്തുചെയ്യെണ്ടു എന്ന ചൊദിച്ചാറെ അവ നെ കുരിശിൽ തറെക്ക കുരിശിൽ തറെക്ക എന്ന നിലവിളി കെട്ട ഒന്നും സാധിക്കയില്ല കലഹം അധികമായി പൊകുമെന്ന കണ്ട പ്പൊൾ വെള്ളമെടുത്ത ജനങ്ങളുടെ മുമ്പാകെ കൈകളെ കഴുകി ൟ നീതിമാന്റെ രക്തത്തിന്ന ഞാൻ കുറ്റമില്ലാത്തവൻ നിങ്ങ ൾ തന്നെ നൊക്കിക്കൊൾവിനെന്ന ഉരച്ചാറെ ജനസംഘമെല്ലാം അവന്റെ രക്തം ഞങ്ങളുടെയും സന്തതികളുടെയും മെൽ വര ട്ടെ എന്ന നിലവിളിച്ചു പറകയും ചെയ്തു.

## ൩൩. യെശുവിന്റെ മരണവിധി.

അപ്പൊൾ പീലാത്തൊസ യെശുവിനെ കെട്ടി ചമ്മട്ടികൊണ്ട അടിപ്പിച്ചശെഷം ആയുധക്കാർ അവന്റെ വസ്ത്രങ്ങളെ നീക്കി ച

വന്ന അങ്കിയെ മുട്ടപ്പിച്ച മുള്ളുകൾകൊണ്ട ഒരു കിരീടം മടഞ്ഞ അവന്റെ തലമെൽ വെച്ച വലങ്കയ്യിൽ ഒരു കൊലും കൊടുത്ത അവന്റെ മുമ്പാകെ മുട്ടകുത്തി യഹൂദരാജാവെ ജയ ജയ എന്ന പരിഹസിച്ചു പറഞ്ഞ മുഖത്തുതുപ്പി കൊൽകൊണ്ടതന്നെ തലമെൽ അടിക്കയും ചെയ്തു.

പിന്നെ പിലാതൊസ പുറത്തുവന്ന ഇതാ ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന നിങ്ങൾ അറിയെണ്ടതിന്ന അവനെ നിങ്ങൾക്ക പുറത്ത കൊണ്ട വരുന്നു എന്ന പറഞ്ഞു. യെശു മുൾ കിരീടവും ചുകന്ന അങ്കിയും ധരിച്ച പുറത്തു വന്നു അപ്പൊൾ പിലാതൊസ അവരൊട ഇതാ ആ മനുഷ്യൻ എന്ന പറഞ്ഞു പ്രധാനാചാൎയ്യന്മാരും സെവകന്മാരും കണ്ടപ്പൊൾ അവനെ കുരിശിൽ തറെക്ക എന്ന നിലവിളിച്ചാറെ പിലാതൊസ അവനെ കൊണ്ട പൊയി കുരിശിൽ തറെപ്പിൻ ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നത കെട്ട യഹൂദന്മാർ ഞങ്ങൾക്ക ഒരു ന്യായപ്രമാണമുണ്ട തന്നെത്താൻ ദൈവ പുത്രനാക്കിയതിനാൽ അവൻ ഞങ്ങളുടെ ന്യായപ്രകാരം മരിക്കെണം എന്ന പറഞ്ഞാറെ പിലാതൊസ അത്യന്തം ഭയപ്പെട്ട പിന്നയും ന്യായസ്ഥലത്തെക്ക പൊയി യെശുവിനൊട നീയെവിടെ നിന്നാകുന്നു എന്ന ചൊദിച്ചപ്പൊൾ യെശു അവനൊട ഒരുത്തരവും പറഞ്ഞില്ല നീ എന്നൊട പറകയില്ലയൊ നിന്നെ കുരിശിൽ തറെപ്പാനും വിടീപ്പാനും ഇനിക്ക അധികാരമുണ്ടെന്ന നീ അറിയുന്നില്ലയൊ എന്ന കെട്ടാറെ യെശു മെലിൽനിന്ന തന്നിട്ടില്ലെങ്കിൽ ഇനിക്ക വിരൊധമായി ഒരധികാരവും നിനക്ക ഉണ്ടാകയില്ലയായിരുന്നു. അതുകൊണ്ട എന്നെ നിനക്ക എല്പിച്ചവന്ന അധികം പാപമുണ്ട എന്ന പറഞ്ഞു അന്നുതൊട്ട പിലാതൊസ അവനെ വിടീപ്പാൻ നൊക്കി എന്നാറെ യഹൂദർ ഇവനെ വിടീച്ചാൽ നീ കൈസരിന്റെ ഇഷ്ടനല്ല തന്നെത്താൻ രാജാവാക്കുന്നവനെല്ലാം കൈസരിന്റെ ദ്രൊഹിയാകുന്നു എന്ന തിണ്ണം വിളിച്ച പറഞ്ഞതു കെട്ട പിലാതൊസ അവരുടെ ഇഷ്ടപ്രകാരം ചെയ്വാൻ മനസ്സായി ബറബ്ബായെ വിടീച്ച യെശുവിനെ കുരിശിൽ തറെക്കെണ്ടുന്നതിന വിധിച്ച എല്പിക്കയും ചെയ്തു. അനന്തരം യെശു തന്റെ കുരിശ ചുമന്നുകൊണ്ട കൊല്ഗൊത്ത എന്ന കപാലസ്ഥലത്തെക്ക പുറപ്പെട്ട പൊയി അനെകം ജനങ്ങളും അവനെ ചൊല്ലി മാറത്തടിച്ചും നിലവിളിച്ചുമിരിക്കുന്ന സ്ത്രീകളും പിന്തുടൎന്നു ആയവരെ യെശു തിരിഞ്ഞുനൊക്കി പറഞ്ഞു യറുശലെം പുത്രിമാരെ എന്നെ ചൊല്ലി കരയാതെ നിങ്ങളെയും നിങ്ങളുടെ മക്കളെയും വിചാരിച്ച കരവിൻ പച്ച വൃക്ഷത്തിൽ ഇതിനെ ചെയ്തുകൊണ്ടാൽ ഉണക്ക വൃക്ഷത്തിൽ എന്തെല്ലാം ചെയ്യുമെന്ന പറകയും ചെയ്തു.

## ൩൪ യെശുവിനെ കുരിശിൽ തറെച്ചത.

പിന്നെ അവർ കപാല സ്ഥലത്തെത്തിയപ്പൊൾ ഒരു മദ്യം കുടിപ്പാൻ കൊടുത്താറെ യെശു ആയതിനെ വാങ്ങാതെ ഇരുന്നു

അവിടെ വെച്ചു ൯ മണി സമയത്ത അവനെയും ഇരു പുറവും രണ്ടു കള്ളന്മാരെയും കുരിശുകളിൽ തറെച്ചു. അപ്പോൾ അവൻ അതിക്രമക്കാരൊട കൂടെ എണ്ണപ്പെട്ടു എന്നുള്ള വെദവാക്യം നിവൃത്തിയായി തല്ക്കാലത്ത യെശു പിതാവെ ഇവർ തങ്ങൾ ചെയ്യുന്നത ഇന്നതെന്ന അറിയായ്കകൊണ്ട ക്ഷമിച്ചുകൊള്ളെണമെന്ന പ്രാൎത്ഥിച്ചു അതിന്റെ ശെഷം ആയുധക്കാർ അവന്റെ വസ്ത്രങ്ങളെ എടുത്ത ഒരൊരുത്തന്ന ഒരൊ അംശം വരെണ്ടതിന നാലംശമായി വിഭാഗിച്ചു. കുപ്പായം തയ്യാതെ മുഴുവനും നെയ്തുതീൎത്തതാകകൊണ്ട അവർ നാം ഇത കീറാതെ ആൎക്കുവരുമെന്ന അറിവാനായി ചീട്ടിടെണമെന്ന പറഞ്ഞു ഇതിനെ ആയുധക്കാർ ചെയ്തു. എന്നാൽ പിലാതൊസ നസറായക്കാരനായ യെശു യഹൂദന്മാരുടെ രാജാവെന്ന എബ്രായ യവന രൊമഭാഷകളിൽ അവന്റെ അപരാധസൂചകമായ ഒരു പരസ്യം എഴുതി കുരിശിന്മെൽ പതിപ്പിച്ചു ആയത ജനങ്ങൾ നൊക്കികൊണ്ട നിന്നു ആ വഴിയായി വന്നവർ തല കുലുക്കി പരിഹസിച്ച നീ ദൈവപുത്രനാകുന്നെങ്കിൽ ഇപ്പൊൾ കുരിശിൽനിന്ന ഇറങ്ങിവാ എന്നാൽ ഞങ്ങൾ നിന്നെ വിശ്വസിക്കും എന്ന നിന്ദിച്ചു പറഞ്ഞു ഒരുമിച്ച തൂക്കിയ കള്ളന്മാരിൽ ഒരുവൻ നീ ക്രിസ്തുവാകുന്നെങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക എന്ന ദുഷിച്ചാറെ മറ്റെവൻ ഒരെ ശിക്ഷയിലകപ്പെട്ട നീയും ദൈവത്തെ ഭയപ്പെടുന്നില്ലയൊ നാം നടത്തിയ ക്രിയകൾക്ക തക്കവണ്ണം ഇത അനുഭവിക്കെണ്ടി വന്നു ഇവനൊ അന്യായമായിട്ടുള്ളതൊന്നും ചെയ്തില്ല എന്ന അവനെ ശാസിച്ചശെഷം യെശുവിനൊട കൎത്താവെ നിന്റെ രാജ്യത്ത എത്തിയാൽ എന്നെ കൂടെ ഒൎത്തുകൊള്ളെണമെ എന്ന അപെക്ഷിച്ചാറെ യെശു ഇന്നുതന്നെ നീ എന്നൊട കൂടി പരദീസയിൽ ഇരിക്കും സത്യം എന്ന പറഞ്ഞു വിശെഷിച്ച യെശുവിന്റെ അമ്മയും അവളുടെ സഹൊദരിയും മഗ്ദലന മറിയയും അവന്റെ കുരിശിന്നരികെ നിന്നുകൊണ്ടിരുന്നു അപ്പൊൾ യെശു തന്റെ അമ്മയെയും താൻ സ്നെഹിച്ച ശിഷ്യനെയും അരികെ നില്ക്കുന്നത കണ്ട അമ്മയൊട സ്ത്രീയെ ഇതാ നിന്റെ മകനെന്നും ശിഷ്യനൊട ഇതാ നിന്റെ അമ്മ എന്നും കല്പിച്ചു അക്കാലംമുതൽ ആ ശിഷ്യൻ അവളെ സ്വഗൃഹത്തിലെക്ക കൈക്കൊള്ളുകയും ചെയ്തു. അനന്തരം ഉച്ചമുതൽ മൂന്നുമണിയൊളവും ആ നാട്ടിലെങ്ങും അന്ധകാരം പരന്നു സൂൎയ്യനും ഇരുണ്ടപൊയി മൂന്നുമണിനെരത്ത യെശു എന്റെ ദൈവമെ എന്റെ ദൈവമെ എന്നെ കൈവിട്ടതെന്തിന എന്ന നിലവിളിച്ചു അതിന്റെശെഷം സകലവും നിവൃത്തിയായെന്നറിഞ്ഞ ഇനിക്ക ദാഹമുണ്ടെന്ന പറഞ്ഞു അപ്പൊൾ അവർ ഒരു സ്പൊംഗിൽ കാടി നിറെച്ച ഇസൊപ്പുതണ്ടിൽ കെട്ടി അവന്റെ വായരികെ നീട്ടികൊടുത്തു ആയതിനെ യെശു വാങ്ങി കുടിച്ചശെഷം നിവൃത്തിയായി ഹെ പിതാവെ നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഭരമെല്പിക്കുന്നു എന്നുറക്കെ വിളിച്ചുപറഞ്ഞു. തലചായിച്ച പ്രാണനെ വിടുകയും ചെയ്തു. അപ്പൊൾ ദൈവാലയത്തിലെ തിരശ്ശീല രണ്ടായി ചീന്തിപ്പൊയി ഭൂമിയും ഇളകി കല്ലുകളും പിളൎന്നു ശവക്കുഴികളും തുറന്നു ഉറങ്ങിയിരുന്ന പരിശുദ്ധന്മാർ അവൻ ഉയിൎത്തെഴു

നീറെറശെഷം ശ്മശാനം വിട്ട വിശുദ്ധപട്ടണത്തിൽ പൊയി പലൎക്കും പ്രത്യക്ഷരായി വന്നു ശതാധിപനും തന്നൊടുകൂടെ യെശുവിനെ കാത്തിരുന്നവരും ഭൂകമ്പവും അവൻ ഇപ്രകാരം നിലവിളിച്ച പ്രാണനെ വിട്ടതും മറ്റും കണ്ടാറെ ഏറെറവും ഭയപ്പെട്ടു ഈ മനുഷ്യൻ നീതിമാനും ദൈവപുത്രനുമായിരുന്നു സത്യമെന്നു പറഞ്ഞു ദൈവത്തെ സ്തുതിച്ചു കൂടിയിരുന്ന ജനങ്ങളും കണ്ടപ്പൊൾ മാൎവ്വിടങ്ങളിൽ അടിച്ചുകൊണ്ട തിരിച്ചുപൊകയും ചെയ്തു.

## ൬൭ യെശുവിന്റെ ശരീരം അടക്കുന്നത.

ആന്നാൾ മഹാ ശാബത ദിവസത്തിന്ന ഒരുക്കുന്ന സമയമാകകൊണ്ട ശവങ്ങളെ കുരിശിൽ ഇരുത്താതെ കാലുകളെ ഒടിച്ചു ഇറക്കി എടുക്കെണ്ടതിന്ന യഹൂദർ പിലാതൊസിനൊട അപെക്ഷിച്ചശെഷം ആയുധക്കാർ വന്ന യെശുവിനൊടു കൂടെ കുരിശിൽ തറെച്ച അതിക്രമക്കാരുടെ കാലുകളെ ഒടിച്ചുകളഞ്ഞു. യെശുവിന്റെ അരികെ വന്ന അവൻ മരിച്ചുവെന്ന കണ്ടിട്ട കാലുകളെ ഒടിച്ചില്ല ഒരുത്തൻ കുന്തംകൊണ്ട അവന്റെ വിലാപ്പുറത്ത കുത്തി ഉടനെ രക്തവും വെള്ളവും പുറത്തുവന്നു അവന്റെ അസ്ഥികളിൽ ഒന്നും ഒടിക്ക ഇല്ല എന്നുള്ള വെദവാക്യം ഇതിനാൽ നിവൃത്തയായി അതല്ലാതെ അവൻ കുത്തിയവനെ നൊക്കും എന്നുള്ള വെറെ വെദവാക്യത്തിൽ പറഞ്ഞിരിക്കുന്നത ഇനി സംഭവിക്കെണ്ടു.

അനന്തരം നീതിമാനും ദൈവരാജ്യത്തെ കാത്തിരിക്കുന്നവനും യഹൂദരിലെ ഭയംവശാൽ യെശുവിന്ന ഗൂഢശിഷ്യനും അവരുടെ ദുരാലൊചനകളിൽ അസമ്മതനുമായ യൊസെഫ എന്നൊരു മെധാവി ധൈൎയ്യപ്പെട്ട വൈകുന്നെരത്ത പീലാതൊസിനെ ചെന്ന കണ്ട യെശുവിന്റെ ശരീരം എടുത്ത കൊണ്ടുപൊകെണ്ടതിന്ന അപെക്ഷിച്ചു. യെശു വെഗത്തിൽ മരിച്ചു എന്ന കെട്ട അവൻ ആശ്ചൎയ്യപ്പെട്ട ശതാധിപനെ വിളിച്ച അവൻ മരിച്ചത എത്രനെരമായി എന്ന ചൊദിച്ചറിഞ്ഞ ശരീരം യൊസെഫിന്ന കൊടുക്കെണമെന്നും കല്പിച്ചു. പിന്നെ യൊസെഫ നെൎത്ത വസ്ത്രം വാങ്ങി വന്ന അവനെ ഇറക്കി മുമ്പെ ഒരു സമയം രാത്രിയിൽ യെശുവിനെ കാണ്മാൻ വന്ന നിക്കൊദീമുസും എത്തി ചെൎത്തുണ്ടാക്കിയ ഏകദെശം ൱റാത്തൽ സുഗന്ധവൎഗ്ഗങ്ങളെ കൊണ്ടുവന്ന യെശുവിന്റെ ശരീരം എടുത്ത യഹൂദർ ശവങ്ങളെ അടക്കുന്ന മൎയ്യാദപ്രകാരം അത സുഗന്ധവൎഗ്ഗങ്ങളൊട കൂടെ നെൎത്ത വസ്ത്രങ്ങളിൽ കെട്ടി ആ സ്ഥലത്ത ഒരു തൊട്ടവും അതിൽ യൊസെഫ തനിക്ക വെണ്ടി പാറ വെട്ടി തീൎപ്പിച്ചൊരു പുതിയ ഗുഹയുമുണ്ടായിരുന്നു ആ ഗുഹ സമീപമാകകൊണ്ട അവർ ഉടനെ യെശുവിന്റെ ശരീരം അതിൽ വെച്ചടക്കയും ചെയ്തു. അതിന്റെശെഷം പ്രധാനാചാൎയ്യന്മാരും പറീശന്മാരും പിലാതൊസിന്റെ അടുക്കൽ വന്ന അവനൊട യജമാനനെ ആ ചതിയൻ ജീവിച്ചിരിക്കുന്നസമയം മൂന്നാം ദിവസത്തിന്നകം ഞാൻ ഉയിൎത്തെഴുനീല്ക്കുമെന്ന പറഞ്ഞതിനെ ഞങ്ങൾ ഒൎക്കുന്നു അതുകൊണ്ട അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന ആ ശവം കട്ടുകൊണ്ടുപൊയി ജനങ്ങളൊട അവൻ ജീവിച്ചെഴുനീറ്റു

എന്ന പറഞ്ഞാൽ പിന്നത്തെതിൽ ചതി ഒന്നാമത്തതിൽ കഷ്ടമായി വരാതിരിക്കെണ്ടതിന്നായി മൂന്നദിവസത്തൊളം ഗുഹയെ കാപ്പാൻ നീ കല്പിക്കെണം എന്ന അപെക്ഷിച്ചാറെ പിലാതൊസ നിങ്ങൾക്ക കാവല്ക്കാരുണ്ടല്ലൊ കഴിയുന്നെടത്തൊളം അതിന്ന ഉറപ്പ വരുത്തുവിൻ എന്നതുകെട്ട അവർ പൊയി കല്ലിന്ന മുദ്രയിട്ട കാവല്ക്കാരെയും വെച്ച ഉറപ്പ വരുത്തുകയും ചെയ്തു.

## ൬൩ ക്രിസ്തുവിന്റെ ഉയിൎത്തെഴുനീല്പ.

ശാബതദിവസത്തിന്റെ പിറെറനാൾ ഉഷസ്സിങ്കൽ കൎത്താവിന്റെ ദൂതൻ സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങിവന്ന ഗുഹാമുഖത്ത വെച്ച കല്ല ഉരുട്ടിക്കളഞ്ഞ അതിന്മെൽ ഇരുന്ന അപ്പൊൾ ഒരു മഹാ ഭൂകമ്പമുണ്ടായി ആ ദൂതന്റെ രൂപം മിന്നൽപൊലെയും ഉടുപ്പ ഉറച്ച മഞ്ഞുപൊലെയും വെണ്മയായിരുന്നു കാവൽക്കാർ അവനെ കണ്ട ഭയപ്പെട്ട വിറെച്ച ചത്തവരെപൊലെ ആയി തീൎന്നു അനന്തരം മഗ്ദലമറിയയും യാക്കൊബിന്റെ അമ്മയായ മറിയയും ശലൊമയും അവന്റെ ശരീരത്തിന്മെൽ സുഗന്ധദ്രവ്യം പൂശെണ്ടതിന്നായി ഗുഹയുടെ അരികെ വന്നു ഗുഹാമുഖത്തുനിന്ന കല്ല ആരുരുട്ടിക്കളയുമെന്ന തമ്മിൽ പറഞ്ഞ നൊക്കിയാറെ കല്ലുരുട്ടിക്കളഞ്ഞതകണ്ട മഗ്ദലനെ മറിയ പത്രൊസിനെയും യൊഹനാനെയും ചെന്ന കണ്ട കൎത്താവിന്റെ ശരീരം ഗുഹയിൽനിന്നെടുത്തുകളഞ്ഞു എവിടെ വെച്ചു എന്നറിയുന്നില്ല എന്ന പറഞ്ഞു മറെറവർ അകത്തുകടന്ന നൊക്കി യെശുവിന്റെ ശരീരം കാണാതെ വിഷാദിച്ചപ്പൊൾ മിന്നുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടുപുരുഷന്മാരെ കണ്ട വളരെ ഭയപ്പെട്ടാറെ ദൂതൻ അവരൊട ഭ്രമിക്കരുത ക്രൂശിൽ തറച്ച യെശുവിനെ നിങ്ങൾ അന്വെഷിക്കുന്നു എന്ന അറിയുന്നു അവൻ ഇവിടെ ഇല്ല മുമ്പെ പറഞ്ഞപ്രകാരം ഉയിൎത്തെഴുനീറ്റു ഇതാ അവൻ കിടന്ന സ്ഥലം നിങ്ങൾ വെഗം പൊയി ഈ കാൎയ്യം അവന്റെ ശിഷ്യന്മാരൊട അറിയിപ്പിൻ എന്ന പറഞ്ഞാറെ അവർ ഭയവും മഹാസന്തൊഷവും പൂണ്ട ഗുഹയെ വിട്ട ഒടിപ്പൊകയും ചെയ്തു.

അനന്തരം പത്രൊസും യൊഹനാനും പുറപ്പെട്ട ഗുഹയുടെ അരികിൽ എത്തി അകത്തു പ്രവെശിച്ച ശീലകളെയും തലശ്ശീലകളെയും വെറിട്ട ഒരു സ്ഥലത്ത ചുരുട്ടി വെച്ചതും കണ്ട ശരീരം കണ്ടില്ല താനും അവൻ മരിച്ചവരിൽനിന്ന എഴുനീല്ക്കെണമെന്നുള്ള വെദവാക്യം അവർ ആ സമയത്തൊളം ഗ്രഹിക്കായ്കകൊണ്ട മടങ്ങി ചെല്ലുകയും ചെയ്തു. മറിയ ഗുഹയുടെ പുറത്ത നിന്നുകൊണ്ട അകത്ത കുനിഞ്ഞ നൊക്കിയപ്പൊൾ യെശുവിന്റെ ശരീരം വെച്ച സ്ഥലത്ത വെള്ളവസ്ത്രങ്ങളെ ധരിച്ചവരായ രണ്ട ദൈവദൂതന്മാരെ തലെക്കലും കാല്ക്കലും ഇരിക്കുന്നത കണ്ടു. ആയവർ അവളൊട സ്ത്രീയെ നീ എന്തിന കരയുന്നു എന്ന ചൊദിച്ചത കെട്ട അവൾ എന്റെ കൎത്താവിനെ എടുത്ത കൊണ്ടുപൊയി എവിടെ വെച്ചു എന്ന അറിയായ്കകൊണ്ടാകുന്നു എന്നു ചൊല്ലി തിരിഞ്ഞു നൊക്കിയപ്പൊൾ യെശുവിനെ കണ്ടു അവനെ യെശുവെന്നറിഞ്ഞില്ല. സ്ത്രീയെ നീ എന്തിന്ന കരയുന്നു ആരെ അന്വെഷിക്കുന്നു

എന്ന യെശു ചൊദിച്ചാറെ അവനെ തൊട്ടക്കാരനെന്ന വിചാരി ച്ച അവൾ യജമാനനെ താൻ അവനെ എടുത്തകൊണ്ടുപൊയിട്ടു ണ്ടെങ്കിൽ എവിടെ വെച്ചു എന്ന പറഞ്ഞാൽ ഞാൻ ചെന്ന എടുത്ത കൊള്ളാം എന്ന പറഞ്ഞ ശെഷം യെശു മറിയ എന്ന വിളിച്ചു ഉ ടനെ അവൾ തിരിഞ്ഞുനൊക്കി ഹെബ്രൊ എന്ന അൎത്ഥമാകുന്നര ബ്ബൂനി എന്ന വിളിച്ചു യെശു അവളൊട എന്നെ തൊടരുത ഞാൻ ഇതുവരയും എന്റെ പിതാവിന്റെ അടുക്കൽ കരെറിട്ടില്ല നീ എന്റെ സഹൊദരന്മാരെ ചെന്ന കണ്ട ഞാൻ ഇനിക്കും നിങ്ങ ൾക്കും പിതാവായ ദൈവത്തിന്റെ അടുക്കൽ കരെറിപ്പൊകുന്നു എന്ന ചൊല്ലുക എന്ന പറഞ്ഞു. അവളെ അയച്ചു. പിന്നെ മറി യയും മറ്റെവരും കണ്ടുകെട്ടത ശിഷ്യന്മാരൊട അറിയിക്കെണ്ടതി ന്ന പൊകുമ്പൊൾ യെശു അവരെ എതിരെറ്റ സലാം പറ ഞ്ഞു. ഉടനെ അവർ കാല്ക്കൽ വീണ നമസ്കരിച്ചു സംഭവിച്ച തെല്ലാം ഭ്രമത്തൊടും സന്തൊഷത്തൊടും അറിയിച്ചപ്പൊൾ ആ യവർ വിശ്വസിച്ചില്ല.

## ൩൭ എമാവൂസ്സിലെക്ക രണ്ടു ശിഷ്യ ന്മാരുടെ പ്രയാണം.

ആ ദിവസത്തിൽ തന്നെ ശിഷ്യന്മാരിൽ രണ്ടു പെർ യറുശലെ മിൽനിന്ന രണ്ടുനാഴിക ദൂരമുള്ള എമാവൂസ്സിലെക്ക പൊയി വഴി യിൽ വെച്ച സംഭവിച്ചതൊക്കയും വിചാരിച്ച സംസാരിച്ചുകൊണ്ടി രിക്കുമ്പൊൾ യെശുവും അടുത്ത ഒരുമിച്ച നടന്നു. അവനെ യെശു എന്നറിഞ്ഞില്ല. അപ്പൊൾ അവൻ നിങ്ങൾ വിഷണ്ണന്മാരായി എന്തു സംഭാഷണം ചെയ്തു നടക്കുന്നു എന്ന ചൊദിച്ചാറെ ക്ലെയൊപ എ ന്നവൻ യറുശലെമിൽ പാൎക്കുന്ന പരദെശികളിൽ നീമാത്രം ഈ ദിവസങ്ങളിൽ അവിടെ സംഭവിച്ച കാൎയ്യം അറിയാത്തവനൊ എ ന്ന പറഞ്ഞശെഷം അവൻ എന്തുകാൎയ്യം എന്ന ചൊദിച്ചതിന്ന അവ ർ നസറായക്കാരനായ യെശുവിന്ന സംഭവിച്ചത തന്നെ ആയവൻ ദൈവത്തിന്റെയും സൎവ്വ ജനങ്ങളുടെയും മുമ്പാകെ ക്രിയയിലും വ ചനത്തിലും ശക്തനായ ദീൎഘദൎശിയായിരുന്നു. നമ്മുടെ പ്രധാനാ ചാൎയ്യന്മാരും മൂപ്പന്മാരും അവനെ മരണശിക്ഷക്ക എല്പിച്ച കുരിശി ൽ തറെപ്പിച്ചു എന്നാലും ഇസ്രയെല്ക്കാരെ ശുദ്ധീകരിക്കുന്നവൻ ഇ വൻ തന്നെ എന്ന ഞങ്ങൾ വിശ്വസിച്ചിരുന്നു ഇതൊക്കയും സംഭവി ച്ചത ഇന്നെക്ക മൂന്നു ദിവസമായി ഞങ്ങളുടെ സ്ത്രീകളിൽ ചിലർ അ തികാലത്ത ഗുഹയുടെ അടുക്കൽ ചെന്നു അവന്റെ ശരീരം കാണാ തെ മടങ്ങി വന്നു. അവൻ ജീവിച്ചിരിക്കുന്നു എന്ന പറയുന്ന സ്വ ൎഗ്ഗീയദൂതരെ കണ്ടു എന്ന അറിയിച്ചു ഞങ്ങളെ ഭ്രമിപ്പിച്ചു ഞങ്ങളിലും ചിലർ ഗുഹയുടെ അരികെ ചെന്നു സ്ത്രീകൾ പറഞ്ഞപ്രകാരം ക ണ്ടു അവനെ കണ്ടില്ല താനും എന്നതുകെട്ടു അവൻ ദീൎഘദൎശിക ൾ അറിയിച്ചത വിശ്വസിക്കെണ്ടതിന്ന വിവെകഹീനരും മന്ദ മന സ്സുകളുമായുള്ളൊരെ ക്രിസ്തു കഷ്ടമനുഭവിച്ചിട്ടു തന്റെ മഹത്വത്തി ലെക്ക പ്രവെശിക്കെണ്ടതാകുന്നുവല്ലൊ എന്നും ചൊല്ലി മൊശ മുത ലായ സകല ദീൎഘദൎശികളുടെ എഴുത്തുകളിൽ തന്നെക്കുറിച്ചു പ

ത്തെതിനെ തെളിയിച്ചറിയിച്ചു. അവർ പൊകുന്ന ഗ്രാമത്തിന്ന സമീപിച്ചപ്പൊൾ അവൻ അപ്പുറം പൊകെണ്ടുന്ന ഭാവം നടിച്ചാറെ അവർ സന്ധ്യയായല്ലൊ നെരവും അസ്തമിപ്പാറായി ഞങ്ങളൊട്ട കൂടെ പാൎക്ക എന്ന വളരെ അപെക്ഷിച്ചശെഷം അവൻ പാൎപ്പാനായി അകത്തു ചെന്ന അവരൊട കൂടെ പന്തിയിലിരുന്ന അപ്പമെടുത്ത വാഴ്ത്തി നുറുക്കി അവൎക്ക കൊടുത്തതിനാൽ അവനെ അറിഞ്ഞപ്പൊൾ അവൻ ക്ഷണത്തിൽ അപ്രത്യക്ഷനായി പിന്നെ അവർ വഴിയിൽവെച്ച അവൻ നമ്മൊട്ട സംസാരിച്ച വെദവാക്യങ്ങൾ തെളിയിച്ചതിൽ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലയൊ എന്ന പറഞ്ഞ എഴുനീറ്റ യറുശലെമിലെക്ക മടങ്ങിപ്പൊയി ശിഷ്യന്മാരെയും അവനൊട ചെൎന്നവരെയും കണ്ട കൎത്താവ ഉയിൎത്തെഴുനീറ്റു എന്നും വഴിയിൽ സംഭവിച്ചതും അപ്പം നുറുക്കി വാഴ്ത്തിയപ്പൊൾ തങ്ങൾ അവനെ അറിഞ്ഞപ്രകാരവും വിവരമായി പറകയും ചെയ്തു

അനന്തരം ശിഷ്യർ യഹൂദരിലെ ഭയം നിമിത്തം വാതിലുകളെ പൂട്ടിയപ്പൊൾ യെശു വന്ന മദ്ധ്യെ നിന്ന നിങ്ങൾക്ക സമാധാനം ഭവിക്കട്ടെ എന്ന പറഞ്ഞു അവർ ഒരു ഭൂതത്തെ കണ്ട എന്ന നിരൂപിച്ചു ഭയപ്പെട്ടാറെ അവൻ നിങ്ങൾ എന്തിന്ന ചഞ്ചലപ്പെടുന്നു നിങ്ങളുടെ ഹൃദയങ്ങളിൽ സംശയം തൊന്നുന്നത എന്ത ഞാൻ തന്നെ ആകുന്നു എന്റെ കൈകാലുകളെ നൊക്കി എന്നെ തൊട്ടറിവിൻ എങ്കൽ കാണുന്നപ്രകാരം ഒരു ഭൂതത്തിന്ന മാംസാസ്ഥികളില്ലല്ലൊ എന്നതു കെട്ട അവർ കൎത്താവിനെ കണ്ടിട്ട സന്തൊഷിച്ചു പിന്നയും ഭ്രമവും സംശയവും ജനിച്ചാറെ അവൻ ആഹാരം വല്ലതും ഉണ്ടൊ എന്ന ചൊദിച്ചപ്പൊൾ അവർ വറുത്ത മീനും തെനുകട്ടയും കൊടുത്തു അവൻ വാങ്ങി അവർ കാണ്കെ ഭക്ഷിക്കയും ചെയ്തു.

## ൩൮ യെശു തൊമാസിനും ഗനെസരെത്ത കടലിന്റെ അരികത്തും പ്രത്യക്ഷനായ്തുന്നത.

യെശു വന്നിരുന്ന സമയം തൊമാസ എന്നവൻ ശിഷ്യന്മാരൊട കൂടെ ഇല്ലായ്കയാൽ അവർ അവനൊട ഞങ്ങൾ കൎത്താവിനെ കണ്ടു എന്ന പറഞ്ഞാറെ അവൻ ഞാൻ അവന്റെ കൈകളിൽ ആണിയുടെ പഴുത കണ്ട അതിൽ എന്റെ വിരലിട്ട അവന്റെ പാൎശ്വത്തിൽ എന്റെ കൈ വെക്കാഞ്ഞാൽ ഞാൻ വിശ്വസിക്ക ഇല്ല എന്ന പറഞ്ഞു. എട്ട ദിവസം കഴിഞ്ഞ ശെഷം ശിഷ്യന്മാർ പിന്നയും അകത്തു കൂടി തൊമാസും അവരൊട ചെൎന്ന വാതിലുകൾ പൂട്ടിയിരിക്കുമ്പൊൾ യെശു വന്ന മദ്ധ്യെ നിന്ന നിങ്ങൾക്ക സമാധാനം ഭവിക്കട്ടെ എന്ന ചൊല്ലി തൊമാസിനെ നൊക്കി നിന്റെ വിരൽ ഇങ്ങൊട്ട നീട്ടി എന്റെ കൈകളെ തൊട്ടനൊക്ക നിന്റെ കൈ എന്റെ പാൎശ്വത്തിലിട്ടുക അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്ന പറഞ്ഞാറെ തൊമാസ എന്നവൻ എന്റെ കൎത്താവും ദൈവവുമായവനെ എന്ന വിളിച്ചു. യെശു തൊമാസെ നീ

എന്നെ കണ്ടതിനാൽ വിശ്വസിച്ചിരിക്കുന്നു കാണാതെ കണ്ട വിശ്വസിക്കുന്നവർ തന്നെ ഭാഗ്യവാന്മാർ എന്ന പറഞ്ഞു.

മറ്റൊരു സമയത്ത പത്രൊസ മുതലായ ചില ശിഷ്യന്മാർ കൂടി ഇരുന്നപ്പൊൾ പത്രൊസ ഞാൻ മീൻ പിടിപ്പാൻ പൊകുന്നു എന്ന പറഞ്ഞാറെ മറ്റെവർ ഞങ്ങളും കൂടെ വരും എന്നു ചൊല്ലി എല്ലാവരും ഒരു പടവിൽ കരെറി രാത്രി മുഴുവൻ പണി ചെയ്തു വന്നാറെയും ഒന്നും സാധിച്ചില്ല. ഉദയ കാലത്ത യെശു കരയിലിരുന്നു അവരെ നൊക്കി കുട്ടികളെ നിങ്ങൾക്ക വല്ല ആഹാരവും ഉണ്ടൊ എന്ന ചൊദിച്ചപ്പൊൾ ഇല്ല കർത്താവെ എന്നവർ പറഞ്ഞു എന്നാൽ പടവിന്റെ വലഭാഗത്ത വല വീശിയാൽ കിട്ടും എന്നത കെട്ട അവർ വീശി ൧൫൩ വലിയ മത്സ്യങ്ങളെ പിടിച്ചു ഇങ്ങിനെയുള്ള അതിശയം കണ്ടപ്പൊൾ യൊഹനാൻ പത്രൊസിനൊട അവൻ കർത്താവുതന്നെ എന്ന പറഞ്ഞു കർത്താവാകുന്നു എന്ന പത്രൊസ കെട്ട കടലിലെക്ക ചാടി യെശുവിന്റെ അടുക്കലെക്ക നീന്തി മറ്റെവർ പടവിൽ കൂടി തന്നെ വന്നു കരയിലിറങ്ങുമ്പൊൾ അപ്പവും തീക്കനലുകളുടെ മെൽ മീനും കണ്ടു പിന്നെ കർത്താവ അവരൊട ഭക്ഷണം കഴിച്ചുകൊൾവിൻ എന്ന പറഞ്ഞു. ഭക്ഷിച്ച ശെഷം യെശു പത്രൊസിനെ നൊക്കി യൊനാപുത്രനായ ശീമൊനെ ഇവരെക്കാൾ നീ എന്നെ അധികം സ്നെഹിക്കുന്നുവൊ എന്ന ചൊദിച്ചാറെ അവൻ കർത്താവെ ഞാൻ നിന്നെ സ്നെഹിക്കുന്നു എന്ന നീ തന്നെ അറിയുന്നുവല്ലൊ എന്നു പറഞ്ഞാറെ കർത്താവ എന്റെ ആട്ടിങ്കുട്ടികളെ മെയ്ക്ക എന്നു പറഞ്ഞു പിന്നെ അവൻ രണ്ടാമതും നീ എന്നെ സ്നെഹിക്കുന്നുവൊ എന്ന ചൊദിച്ചാറെ പത്രൊസ ഞാൻ നിന്നെ സ്നെഹിക്കുന്നു എന്ന നീ തന്നെ അറിയുന്നു എന്ന ചൊന്ന ശെഷം കർത്താവ എന്റെ ആടുകളെ മെയ്ക്ക എന്ന പറഞ്ഞു. പിന്നെ അവൻ മൂന്നാം പ്രാവശ്യം ആ കാര്യം തന്നെ ചൊദിച്ചപ്പൊൾ പത്രൊസിന്ന ദുഃഖമുണ്ടായി കർത്താവെ നീ സകലവും അറിയുന്നു ഞാൻ നിന്നെ സ്നെഹിക്കുന്നു എന്നുള്ളതും നീ അറിയുന്നു എന്നുരച്ചാറെ കർത്താവ എന്റെ ആട്ടിങ്കുട്ടികളെ മെയ്ക്ക നീ ബാലനായിരുന്നപ്പൊൾ അര കെട്ടി നിനക്കിഷ്ടമുള്ള സ്ഥലത്ത സഞ്ചരിച്ചു പൊന്നു വൃദ്ധനായി വന്നാൽ നീ കൈ നീട്ടി മറ്റൊരുത്തൻ നിന്നെ കെട്ടി അനിഷ്ടമുള്ള സ്ഥലത്ത കൊണ്ടുപൊകും സത്യം എന്നു പറഞ്ഞു. പത്രൊസ എതുപ്രകാരമുള്ള മരണം കൊണ്ട ദൈവത്തെ മഹത്വപ്പെടുത്തും എന്ന കാണിക്കെണ്ടതിന്ന കർത്താവ ഇതിനെ അറിയിച്ചത.

## ൩൯ ക്രിസ്തുവിന്റെ സ്വൎഗ്ഗാരൊഹണം.

യെശു തന്റെ ശിഷ്യന്മാരെ വിട്ട സ്വൎഗ്ഗാരൊഹണം ചെയ്യും മുമ്പെ അവൎക്ക കൊടുത്ത കല്പനകളും വാഗ്ദത്തങ്ങളുമാവിത. സ്വൎഗ്ഗത്തിലും ഭൂമിയിലും സകലാധികാരവും എനിക്ക നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ ഭൂമിയിൽ എല്ലാടവും സഞ്ചരിച്ച സൎവ്വസൃഷ്ടികൾക്കും സുവിശെഷം പ്രസംഗിപ്പിൻ പിതാവ പുത്രൻ പരിശുദ്ധാത്മാവ എന്നീനാമത്തിൽ സ്നാനം ചെയ്യിച്ച ഞാൻ നിങ്ങളൊട കല്പിച്ചതൊക്കയും പ്രമാണിച്ച ആചരിക്കെണ്ടതിന്ന ഉപദെശിച്ചും

സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ വിശ്വസിച്ച സ്നാനം കൈക്കൊള്ളുന്നവർ രക്ഷയെ പ്രാപിക്കും വിശ്വസിക്കാത്തവന്ന ശിക്ഷാവിധി ഉണ്ടാകും. വിശ്വസിച്ചവരൊടുകൂടെ നടന്നവരുന്ന അടയാളങ്ങൾ ഇവ. അവർ എന്റെ നാമത്തിൽ പിശാചുകളെ പുറത്താക്കും പുതു ഭാഷകളെ പറയും സൎപ്പങ്ങളെ പിടിച്ചെടുക്കും പ്രാണഹരമായതൊന്ന കുടിച്ചാലും അവൎക്ക ഒരു ഉപദ്രവവും വരികയില്ല. ദീനക്കാരുടെ മെൽ കൈകളെ വെച്ചാൽ അവർ സ്വസ്ഥരായി തീരും ഞാനും ലൊകാവസാനത്തൊളം നിങ്ങളൊടു കൂടെ ഇരിക്കുമെന്ന പറഞ്ഞു. ഇങ്ങിനെ അവൻ മരിച്ചവരിൽ നിന്ന ജീവിച്ചെഴുനീറ്റശെഷം ൪൦ ദിവസം കൂടെക്കൂടെ തന്റെ ശിഷ്യരൊട സംസാരിച്ചും ഉപദെശിച്ചും പാൎത്താറെ അവരെ ഒലിവ മലമെൽ വരുത്തി നിങ്ങൾ യറുശലെം പട്ടണം വിട്ടു പൊകാതെ പിതാവിന്റെ വാഗ്ദത്തമായ അഗ്നിസ്നാനത്തിന്നായി കാത്തിരിക്കെണമെന്ന കല്പിച്ചു. അന്ന അവർ കൎത്താവെ നീ ഇക്കാലത്ത ഇസ്രായെൽ രാജ്യത്തെ യഥാസ്ഥാനമാക്കി നടത്തിക്കുമൊ എന്ന ചൊദിച്ചാറെ അവൻ പിതാവ തന്റെ അധികാരത്തിൽ നിശ്ചയിച്ച വെച്ചിട്ടുള്ള കാലത്തെയും നാഴികയെയും അറിവാൻ നിങ്ങൾക്ക ആവിശ്യമുള്ളതല്ല നിങ്ങൾ പരിശുദ്ധാത്മാവിനെ ലഭിച്ച ശക്തിമാന്മാരായി യറുശലെമിലും യഹൂദയിലും ഭൂമിയുടെ അവസാനത്തൊളം എന്റെ സാക്ഷികളായിരിക്കും എന്ന കല്പിച്ചശെഷം അവർ കാണ്കെ മെല്പെട്ടു കരെറി ഒരു മെഘം അവനെ കൈക്കൊണ്ടു അവൻ ആകാശത്ത കൂടി കരെറി പൊകുന്നത അവർ സൂക്ഷിച്ചു നൊക്കികൊണ്ടിരിക്കുമ്പൊൾ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അടുക്കൽ വന്ന ഗലിലായ്ക്കാരെ നിങ്ങൾ ആകാശത്തിലെക്ക നൊക്കി നില്ക്കുന്നതെന്ത ഠരം യെശു ഇപ്പൊൾ സ്വൎഗ്ഗത്തിലെക്ക കരെറുന്നപ്രകാരം പിന്നെയും വരുമെന്ന പറഞ്ഞു. അനന്തരം അവർ സന്തൊഷിച്ച യറുശലെമിലെക്ക മടങ്ങി ചെന്ന നിരന്തരമായി പ്രാൎത്ഥിച്ചുകൊണ്ടിരിക്കയും ചെയ്തു.

## ൫൦. പെന്തെകൊസ്ത പെരുന്നാൾ.

യെശു സ്വൎഗ്ഗാരൊഹണമായ ശെഷം ശിഷ്യന്മാർ കൎത്താവിന്റെ കല്പന പ്രകാരം പരിശുദ്ധാത്മാവിനെ പ്രാപിപ്പാനായി യറുശലെമിൽ കാത്തിരുന്ന യഹൂദ ഇസ്കൎയ്യൊടിന്റെ സ്ഥാനത്ത മത്തിയാസ എന്നവനെ നിൎത്തി ശെഷമുള്ള വിശ്വാസികളൊടും കൂടെ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു അവരുടെ എണ്ണം അന്ന ൧൨൦ ആയിരുന്നു പെസഹ പെരുന്നാൾ കഴിഞ്ഞിട്ടു അമ്പതാം ദിവസമായ പെന്തെകൊസ്തു പെരുന്നാളിൽ അവരെല്ലാവരും ഒന്നിച്ച എക മനസ്സൊടെ പ്രാൎത്ഥിക്കുമ്പൊൾ ഉടനെ ആകാശത്തനിന്ന കാറൊട്ടം പൊലെ ഒരു മഹാ ശബ്ദം ഉണ്ടായി അവർ ഇരുന്നിരുന്ന ഭവനം നിറഞ്ഞ തീപ്പൊരികളെപ്പൊലെ തങ്ങളുടെ മെൽ ഇറങ്ങുന്നത കണ്ട പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി ആത്മാവ അവൎക്ക ഉച്ചാരണം ചെയ്വാൻ ദാനം ചെയ്ത പ്രകാരം മറുഭാഷകളിൽ സംസാരിച്ചുതുടങ്ങി ആ സമയത്ത സകല ദെശങ്ങളിൽനിന്നും വന്ന ദൈവഭക്തിയുള്ള യഹൂദർ യറുശലെമിൽ പാൎക്കുന്നു

ണ്ടായിരുന്ന ൟ ശബ്ദമുണ്ടായപ്പൊൾ പുരുഷാരം വന്നുകൂടി ചഞ്ചലപ്പെട്ടു എല്ലാവരും താന്താങ്ങളുടെ ഭാഷകളിൽ സംസാരിക്കുന്നതിനെ അവർ കെട്ടു ആശ്ചൎയ്യപ്പെട്ടു പറയുന്ന ഇവരെല്ലാവരും ഗലിലായക്കാരല്ലയൊ പിന്നെ ഒരൊരുത്തൻ അവനവന്റെ ഭാഷയിൽ പറഞ്ഞ കെൾക്കുന്നതെന്ത അത്ഭുതം എന്ന പറഞ്ഞ ഭ്രമിച്ചു പലരും പരിഹസിച്ചു അവർ വീഞ്ഞുകുടിച്ച ലഹരിയായിരിക്കുന്നു എന്ന പറഞ്ഞു. അപ്പൊൾ പത്രൊസ പതിനൊന്ന പെരൊടുകൂടെ എഴുനീറ്റ ഉറക്കെ വിളിച്ചു പറഞ്ഞു. ഹെ യഹൂദരും യറുശലെമിൽ പാൎക്കുന്ന എല്ലാ മനുഷ്യരുമായുള്ളൊരെ എന്റെ വചനങ്ങളെ കെൾപ്പിൻ നിങ്ങൾ വിചാരിക്കുന്നപ്രകാരം ഇവർ മദ്യപാനം ചെയ്യുവരല്ല പകൽ ഒമ്പത മണിനെരം മാത്രമെ ആയിട്ടുള്ളു അവസാനനാളുകളിൽ ഇപ്രകാരമുണ്ടാകും ഞാൻ സകല ജഡത്തിന്മെലും എന്റെ ആത്മാവിൽനിന്ന പകരും നിങ്ങളുടെ പുത്രീപുത്രന്മാരും ദീൎഘദൎശനം പറയും നിങ്ങളുടെ ബാലന്മാർ ദൎശനങ്ങളെയും മൂപ്പന്മാർ സ്വപ്നങ്ങളെയും കാണും ആ നാളുകളിൽ ഞാൻ എന്റെ ദാസീദാസന്മാരുടെമെൽ എന്റെ ആത്മാവിൽനിന്ന പകരുമ്പൊൾ അവർ ദീൎഘദൎശനം പറയും എന്ന ദൈവം യൊവെൽദീൎഘദൎശിയാൽ അറിയിച്ചപ്രകാരം ഇന്നും സംഭവിച്ചത ഇസ്രയെലരെ ൟ വചനങ്ങളെ കെൾപ്പിൻ ദൈവമനുഷ്യനും നസറായക്കാരനുമായ യെശു അവൻ മൂലമായി ദൈവം നിങ്ങളുടെ ഇടയിൽ ചെയ്യ അതിശയപ്രവൃത്തികളും അത്ഭുതങ്ങളുംകൊണ്ട നിങ്ങളിൽ സമ്മതനായിവന്നുവല്ലൊ അവനെ നിങ്ങൾ പിടിച്ച കുരിശിൽ തറെച്ചു കൊന്നുവെങ്കിലും ദൈവം അവനെ ഉയിൎപ്പിച്ചതിന്ന ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു ആകയാൽ അവൻ ദൈവശക്തിയാൽ ഉന്നതപ്പെട്ടിരിക്കകൊണ്ട ഞങ്ങളിൽ പരിശുദ്ധാത്മാവിനെ പകൎന്നു ഇതിന്റെ നിശ്ചയം നിങ്ങൾ കണ്ട കെട്ടുവല്ലൊ യെശുവിനെ ദൈവം കൎത്താവായും ക്രിസ്തുവായും ആക്കിയിരിക്കുന്നു എന്ന സകല ഇസ്രയെലരും അറിഞ്ഞുകൊള്ളട്ടെ എന്നത കെട്ട അവൎക്ക മനൊദുഃഖം ജനിച്ചു അയ്യൊ സഹൊദരന്മാരെ രക്ഷക്കായി നാം എന്ത ചെയ്യെണ്ടു എന്ന പറഞ്ഞാറെ പത്രൊസ അനുതപിച്ചു എല്ലാവരും യെശുവിന്റെ നാമത്തിൽ സ്നാനംചെയ്വിൻ എന്നാൽ നിങ്ങൾക്കും പരിശുദ്ധാത്മദാനം ലഭിക്കും നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ കൎത്താവായ ദൈവം ദൂരത്തനിന്ന വിളിക്കുന്ന എല്ലാവൎക്കുമത്രെ ൟ വാഗ്ദത്തമുള്ളത എന്ന പറഞ്ഞു ൟ വാക്യം സന്തൊഷത്തൊടെ കൈക്കൊണ്ടവരൊക്കയും സ്നാനം ലഭിച്ചു ആ ദിവസത്തിൽ തന്നെ എകദെശം മൂവായിരം ആത്മാക്കൾ ചെൎന്നുവന്നു പിന്നെ അവർ അപ്പൊസ്തൊലന്മാരുടെ ഉപദെശത്തിലും അപ്പം നുറുക്കുന്നതിലും പ്രാൎത്ഥനയിലും സ്ഥിരപ്പെട്ടിരുന്നു ധനവാന്മാർ തങ്ങളുടെ സമ്പത്തുകളെ ദരിദ്രന്മാൎക്ക ഉപകാരമായി കൊടുത്തു ആ വിശ്വാസികൾ സകല ജനങ്ങൾക്കും ഇഷ്ടന്മാരായിവന്നു കൎത്താവും ദിവസെന സഭയെ വൎദ്ധിപ്പിക്കയും ചെയ്തു.

## ൪൧ അനന്നിയാസും സഫീരയും.

അനന്നിയാസ എന്നവൻ തന്റെ ഭാൎയ്യയായ സഫീരയൊടു കൂടി ഒരവകാശം വിറ്റ വിലയിൽനിന്ന എതാനും ഭക്ഷിച്ച എടുത്ത ശെഷമുള്ളത കൊണ്ടുവന്ന അപ്പൊസ്തൊലന്മാരുടെ അരികെ വെച്ചപ്പൊൾ പത്രൊസ അനന്നിയാസെ നീ പരിശുദ്ധാത്മാവിനൊട അസത്യം പറവാനും നിലത്തിന്റെ വിലയിൽനിന്നും എതാനും വഞ്ചിച്ചുവെപ്പാനും സാത്താൻ നിന്റെ ഹൃദയത്തിൽ തൊന്നിച്ചതെന്ത അത നിനക്ക തന്നെ ഇരുന്നെങ്കിൽ കൊള്ളായിരുന്നു വിറ്റശെഷവും നിന്റെ അധികാരത്തിൽ തന്നെ ആയിരുന്നുവെല്ലൊ ൟ കാൎയ്യം നിന്റെ ഹൃദയത്തിൽ വെച്ചതെന്ത നീ മനുഷ്യരൊടല്ല ദൈവത്തൊടത്രെ അസത്യം പറഞ്ഞത എന്ന വാക്യം കെട്ടു അനന്നിയാസ വീണു പ്രാണനെ വിട്ടു പിന്നെ ചില ബാല്യക്കാർ ശവത്തെ മൂടികെട്ടി പുറത്തുകൊണ്ടുപൊയി കുഴിച്ചിടുകയും ചെയ്തു അനന്തരം എകദെശം മൂന്നമണിനെരം കഴിഞ്ഞശെഷം അവന്റെ ഭാൎയ്യയും സംഭവിച്ചത അറിയാതെ അകത്തുവന്നാറെ പത്രൊസ അവളെ നൊക്കി നിങ്ങൾ നിലം ഇത്രെക്കൊ വിറ്റത എന്ന ചൊദിച്ചപ്പൊൾ അവളും അത്രെക്ക തന്നെ എന്ന പറഞ്ഞു അപ്പൊൾ പത്രൊസ കൎത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ നിശ്ചയിച്ചതെങ്ങിനെ കണ്ടാലും നിന്റെ പുരുഷനെ കുഴിച്ചിട്ടവർ വാതില്ക്കലുണ്ട നിന്നെയും കൊണ്ടുപൊകും നിശ്ചയം എന്നുപറഞ്ഞുടനെ അവളും വീണു ജീവനെവിട്ടു ബാല്യക്കാർ അകത്തുവന്ന അവളെയും കുഴിച്ചിടുകയും ചെയ്തു. പിന്നെ സഭക്കും ൟ അവസ്ഥ കെട്ട എല്ലാവൎക്കും മഹാ ഭയമുണ്ടായി.

## ൪൨ സ്തെഫാന്റെ മരണം.

പിന്നെ സഭയിലെ ലൌകികകാൎയ്യങ്ങളുടെ വിചാരണത്തിന്ന എഴുശുശ്രൂഷക്കാരെ തെരിഞ്ഞെടുത്തപ്പൊൾ അവരിൽ സ്തെഫാൻ വിശ്വാസശക്തികൊണ്ട വിളങ്ങി ജനങ്ങളുടെ ഇടയിൽ വലിയ അതിശയപ്രവൃത്തികളെ ചെയ്തുകൊണ്ടിരുന്നാറെ പല യഹൂദമതക്കാർ വന്ന ശാസ്ത്രംകൊണ്ട തൎക്കിച്ചു അവൻ കാണിച്ച ബുദ്ധിയും ആത്മശക്തിയുംകൊണ്ട തൊറ്റുപൊയാറെ ക്രുദ്ധിച്ച ജനങ്ങളെയും മൂപ്പന്മാരെയും ശാസ്ത്രികളെയും ഇളക്കി അവനെ പിടിച്ച വിസ്താരസഭയിലെക്ക കൊണ്ടുപൊയി ൟ ആൾ പരിശുദ്ധസ്ഥലത്തിന്നും വെദപ്രമാണത്തിന്നും വിരൊധമായി ഇടവിടാതെ ദൂഷണവാക്കുകളെ സംസാരിച്ച നസറായക്കാരനായ യെശു ൟ സ്ഥലം നശിപ്പിച്ച മൊശ നമുക്ക കല്പിച്ച മൎയ്യാദകളെ ഭെദം വരുത്തും എന്ന പറഞ്ഞത ഞങ്ങൾ കെട്ടു എന്ന ബൊധിപ്പിച്ച കള്ളസാക്ഷിക്കാരെയും നിൎത്തി അപ്പൊൾ വിസ്താരസഭയിലുള്ളവർ എല്ലാവരും അവനെ സൂക്ഷിച്ച നൊക്കി അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപൊലെ കണ്ടു മഹാചാൎയ്യൻ കാൎയ്യം ഇപ്രകാരം തന്നെയൊ എന്ന ചൊദിച്ചാറെ അവൻ ദൈവം ഇസ്രയെൽജാതിക്ക ചെയ്ത നന്മകളെയും അത്ഭുതപ്രവൃത്തികളെയും അവർ കാട്ടിയ അനുസരണക്കെടുകളെയും മഹാ പാപങ്ങളെയും വൎണ്ണിച്ച

ശെഷം കഠിനകണ്ഠക്കാരും ഹൃദയത്തിലും ചെവികളിലും ചെലാകൎമ്മമില്ലാത്തവരുമായവരെ നിങ്ങൾ എപ്പൊഴും പരിശുദ്ധാത്മാവിനെ വിരൊധിക്കുന്നു നിങ്ങളുടെ പിതാക്കന്മാർ ചെയ്തപ്രകാരം നിങ്ങളും ചെയ്യുന്നു നീതിമാനായ ക്രിസ്തുവിന്റെ വരവിനെ മുൻ അറിയിച്ച ദീൎഘദൎശിമാരെ അവർ പീഡിപ്പിച്ച കൊന്നു നിങ്ങളും ആ നീതിമാനെ ദ്രൊഹിച്ച വധിച്ചുവല്ലൊ ദൈവദൂതന്മാരുടെ പ്രവൃത്തിയാൽ നിങ്ങൾക്ക ന്യായപ്രമാണം വന്നു എങ്കിലും ആയതിനെ പ്രമാണിച്ചില്ല എന്നത കെട്ടാറെ അവരുടെ ഹൃദയങ്ങൾ കൊപംകൊണ്ട ഉരുകി പല്ലു കടിച്ചാറെ അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായി ആകാശത്തെക്ക നൊക്കി ദൈവമഹത്വത്തെയും ദൈവത്തിന്റെ വലഭാഗത്ത യെശു നില്ക്കുന്നതിനെയും കണ്ട ഇതാ സ്വൎഗ്ഗം തുറന്ന മനുഷ്യപുത്രൻ ദൈവത്തിന്റെ വലഭാഗത്തിനിക്കുന്നത ഞാൻ കാണുന്നു എന്ന പറഞ്ഞപ്പൊൾ അവർ ഘൊരമായി നിലവിളിച്ച ചെവികളെ പൊത്തി അവന്റെ നെരെ പാഞ്ഞുചെന്ന അവനെ നഗരത്തിൽനിന്ന പുറത്തു തള്ളിക്കളഞ്ഞു കല്ലെറിഞ്ഞു സാക്ഷിക്കാരും തങ്ങളുടെ വസ്ത്രങ്ങളെ ശൌൽ എന്നൊരു ബാല്യക്കാരന്റെ അരികെവെച്ച സ്തെഫാനെ കല്ലെറിയുമ്പൊൾ അവൻ കൎത്താവായ യെശുവെ എന്റെ ആത്മാവിനെ കൈക്കൊള്ളെണമെ എന്നും കൎത്താവെ ഈ പാപം അവരുടെമെൽ വെക്കരുതെ എന്നും പ്രാൎത്ഥിച്ചും വിളിച്ചും ഉറങ്ങിപ്പൊകയും ചെയ്തു.

## ൪൩ എഥിയൊഫ്യ മന്ത്രി.

ശൌൽ സ്തെഫാന്റെ മരണത്തിൽ പ്രസാദിച്ചതല്ലാതെ അവൻ സഭയെ നശിപ്പിച്ച വീടുകൾതൊറും ചെന്ന ക്രിസ്ത്യാനികളെ പിടിച്ച തടവിൽ വപ്പിച്ചു ഇങ്ങിനെ ഉള്ള ഉപദ്രവത്താൽ ചിതറിപ്പൊയ വിശ്വാസികൾ എല്ലാടവും സഞ്ചരിച്ച ദൈവവചനം പ്രസംഗിച്ച ശുശ്രൂഷക്കാരനായ ഫിലിപ്പൊസ ശമറിയനഗരത്തിലെക്ക ചെന്ന ക്രിസ്തുവിനെ ജനങ്ങളൊടറിയിച്ചപ്പൊൾ എറിയ ആളുകൾ വിശ്വസിച്ച ക്രിസ്ത്യാനികളായി കുറെകാലം അവിടെ പാൎത്തതിന്റെശെഷം കൎത്താവിന്റെ ദൂതൻ അവനൊട നീ എഴുനീറ്റ തെക്കൊട്ടുപൊയി യറുശലെമിൽനിന്ന ഗസെക്ക പൊകുന്ന വഴയിൽ ചെല്ലുക എന്നു കല്പിച്ചു അവൻ അനുസരിച്ചപ്പൊൾ എഥിയൊഫ്യ രാജ്ഞിയുടെ മന്ത്രിയും അവളുടെ ഭണ്ഡാരത്തിന്റെ വിചാരിപ്പുകാരനുമായ ഒരുത്തൻ യറുശലെമിലെക്ക വന്ദിപ്പാൻ ചെന്നിട്ട നാട്ടിലെക്ക മടങ്ങിപ്പൊവാൻ യാത്രയായി. അവൻ രഥത്തിൽ കരെറി ഇരുന്ന യശയ്യ ദീൎഘദൎശിയുടെ പുസ്തകം വായിച്ചുകൊണ്ടിരുന്നാറെ ഫിലിപ്പൊസ ആത്മനിയൊഗപ്രകാരം രഥത്തൊട ചെൎന്ന നടന്നു മന്ത്രി വായിക്കുന്നത കെട്ടപ്പൊൾ നീ വായിക്കുന്നതിന്റെ അൎത്ഥം തിരിയുന്നുണ്ടൊ എന്ന ചൊദിച്ചശെഷം തെളിയിച്ച കൊടുക്കുന്ന ആളില്ലായ്കയാൽ എങ്ങിനെ കഴിയും നീ കരെറി കൂടെ ഇരിക്ക എന്ന അപെക്ഷിച്ചു അവൻ വായിച്ച വെദവാക്യമാവിത അവനെ ഒരാടിനെപ്പൊലെ കൊലെക്ക കൊണ്ടുപൊയി കത്രിക്കാരന്റെ മുമ്പാകെ ശബ്ദിക്കാത്ത ആ

ട്ടിങ്കുട്ടി എന്നപൊലെ അവനും വായ തുറക്കാതെ ഇരുന്നു എന്നാറെ മന്ത്രി ദീൎഘദൎശി ആരെ വിചാരിച്ച ഇത പറഞ്ഞു തന്നെയൊ മറ്റൊരുത്തനെയൊ എന്നു ചൊദിച്ചാറെ ഫീലിപ്പൊസ ൟ വെദവാക്കിന്റെ അൎത്ഥം ഗ്രഹിപ്പിച്ചു യെശുവിനെ അറിയിച്ചു പിന്നെ അവർ വഴി പൊകുമ്പൊൾ വെള്ളമുള്ള ഒരു സ്ഥലത്ത എത്തിയാറെ മന്ത്രി ഇതാ വെള്ളം എന്നെ ജ്ഞാനസ്നാനം ചെയ്യുന്നതിന്ന എന്തു വിരൊധം എന്ന പറഞ്ഞപ്പൊൾ ഫീലിപ്പൊസ നീ പൂൎണ്ണഹൃദയത്തൊടെ വിശ്വസിച്ചാൽ ചെയ്യാമല്ലൊ എന്നത കെട്ട മന്ത്രി യെശുക്രിസ്തു ദൈവപുത്രനാകുന്നു എന്ന ഞാൻ വിശ്വസിക്കുന്നു എന്ന പറഞ്ഞു രഥം നിൎത്തി ഇരുവരും വെള്ളത്തിലിറങ്ങി ഫീലിപ്പൊസ അവന്ന ജ്ഞാനസ്നാനം കഴിച്ച വെള്ളത്തിൽ നിന്ന കരെറിയപ്പൊൾ കൎത്താവിന്റെ ആത്മാവ ഫീലിപ്പൊസിനെ മറ്റൊരു ദിക്കിലെക്ക നടത്തി മന്ത്രിയൊ സന്തൊഷിച്ച തന്റെ വഴിക്കപൊകയും ചെയ്തു.

## ൪൪ ശൌലിന്റെ മാനസാന്തരം.

അനന്തരം ശൌൽ കൎത്താവിന്റെ ശിഷ്യന്മാരെ ഹിംസിച്ച വധിപ്പാൻ ഒരുമ്പെട്ട മഹാചാൎയ്യന്റെ അടുക്കൽ ചെന്ന താൻ ക്രിസ്തുമാൎഗ്ഗക്കാരെ വല്ലവരെയും പിടിച്ച യറുശലെമിലെക്ക കൊണ്ടുവരുവാൻ തക്കവണ്ണം ദമസ്ക പട്ടണത്തിലെ മൂപ്പന്മാൎക്ക കാണിക്കെണ്ടതിന്ന ഒരു എഴുത്ത വാങ്ങി യാത്രയായി ദമസ്കിന്ന സമീപിച്ചപ്പൊൾ ഉടനെ ആകാശത്തനിന്ന ഒരു വെളിച്ചം അവനെ ചുറ്റി പ്രകാശിച്ചു. എന്നാറെ അവൻ നിലത്തു വീണു ശൌലെ ശൌലെ നീ എന്തിനെന്നെ ഉപദ്രവിക്കുന്നു എന്ന പറയുന്നൊരു ശബ്ദം കെട്ട കൎത്താവെ നീ ആരാകുന്നു എന്ന ചൊദിച്ചപ്പൊൾ നീ ഉപദ്രവിക്കുന്ന യെശു തന്നെ, മുള്ളിന്റെ നെരെ ഉതെക്കുന്നത നിനക്ക വിഷമമുള്ളതാകും എന്ന വാക്കും കെട്ടശെഷം അവൻ ഭ്രമിച്ചും വിറെച്ചും കൊണ്ട കൎത്താവെ ഞാൻ ചെയ്യെണ്ടുന്നതിന്റെ ഇഷ്ടമെന്ത എന്ന ചൊദിച്ചാറെ കൎത്താവ നീ എഴുനീറ്റ നഗരത്തിലെക്ക പൊക നീ ചെയ്യെണ്ടുന്നതൊക്കയും നിനക്ക പറഞ്ഞു തരാം എന്ന കല്പിച്ചു അപ്പൊൾ അവൻ എഴുനീറ്റ കണ്ണുകൾ തുറന്നു ഒരുത്തനെയും കാണായ്കകൊണ്ട കൂടെ ഉള്ളവർ അവനെ താങ്ങി പട്ടണത്തിലെക്ക കൂട്ടിക്കൊണ്ടപൊയി പിന്നെ അവൻ മൂന്നദിവസം കണ്ണുകാണാതെയും ഒന്നും ഭക്ഷിച്ച കുടിക്കാതെയും പാൎത്ത ശെഷം കൎത്താവ അനനിയാസ എന്ന ശിഷ്യനെ ഒരു ദൎശനത്തിൽ വിളിച്ച നീ എഴുനീറ്റ യഹൂദാ എന്നവന്റെ ഭവനത്തിൽ ചെന്ന തൎസ്സുക്കാരനായ ശൌലിനെ അന്വെഷിക്ക കണ്ടാലും അവൻ പ്രാൎത്ഥിച്ചു കൊണ്ടിരുന്ന സമയത്ത ദൎശനത്തിലും അനനിയാസ എന്നൊരു മനുഷ്യൻ അകത്ത വരുന്നതും തനിക്ക കാഴ്ച ലഭിക്കെണ്ടതിന്ന തന്റെ മെൽ കൈ വെക്കുന്നതും കണ്ടിരിക്കുന്നു എന്ന കല്പിച്ചത കെട്ട അനനിയാസ കൎത്താവെ യറുശലെമിൽവെച്ച നിന്റെ പരിശുദ്ധന്മാൎക്ക വളരെ കഷ്ടങ്ങളെ വരുത്തി മഹാചാൎയ്യരുടെ അധികാരത്തിൽ ഇവിടെയും വന്ന നിന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവരെയും കെട്ടി യറുശലെമിലെക്ക കൊണ്ടുപൊകുന്ന

ആൾ അവൻ തന്നെ എന്ന ഞാൻ പലരിൽനിന്നും കെട്ടിട്ടുണ്ട
എന്നുരച്ചാറെ കർത്താവ നീ പൊക എന്റെ നാമം പുറജാതികൾ
ക്കും രാജാക്കന്മാൎക്കും ഇസ്രയെൽ പുത്രരുടെ അടുക്കെയും അറിയി
ക്കെണ്ടതിന്ന ഇവൻ ഇനിക്ക കൊള്ളുന്ന പാത്രം തന്നെ എന്റെ
നാമം നിമിത്തം എന്തെല്ലാം കഷ്ടങ്ങൾ അനുഭവിക്കെണം എന്ന
ഞാൻ അവന്ന കാണിക്കും എന്ന പറഞ്ഞു അനന്തരം അനനി
യാസ വീട്ടിൽ ചെന്ന അവന്റെ മെൽ കൈകളെ വെച്ച പ്രിയ
സഹൊദരനായ ശൌലെ നീ കാഴ്ചയെയും പരിശുദ്ധാത്മദാന
വും പ്രാപിപ്പാൻ തക്കവണ്ണം കർത്താവ എന്നെ അയച്ചിരിക്കുന്നു
എന്ന പറഞ്ഞപ്പൊൾ അവൻ കാഴ്ച പ്രാപിച്ച എഴുനീറ്റ സ്നാന
പ്പെട്ട ഭക്ഷിച്ച ആശ്വസിച്ച അന്നു തുടങ്ങി ശൌൽ ദമസ്കിലും യ
റുശലെമിലും യെശുക്രിസ്തു ദൈവപുത്രനാകുന്നു എന്ന ധൈൎയ്യ
ത്തൊടെ കാണിച്ചറിയിക്കയും ചെയ്തു.

## ൪൫ ശതാധിപനായ കൊർന്നലിയൊസ.

യഹൂദദെശത്ത കൈസരയ്യ എന്ന പട്ടണത്തിൽ റൊമപട്ടാളനാ
യകനായ കൊൎന്നലിയൊസ പാൎത്തിട്ടുണ്ടായിരുന്നു. ആയവൻ
തന്റെ കുഡുംബത്തൊട്ടും കൂടെ ദൈവത്തെ ഭയപ്പെട്ട ദരിദ്രന്മാ
ൎക്ക വളരെ ധൎമ്മം ചെയ്തു സൎവ്വദാ പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പൊൾ
ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവനൊട കൊൎന്നലിയൊ
സ നിന്റെ പ്രാൎത്ഥനകളും ധൎമ്മങ്ങളും ദൈവത്തിന്ന ഒൎമ്മക്കായി
എത്തിയിരിക്കുന്നു. യൊപ്പ നഗരത്തിലെ ഒരു തൊല്പണിക്കാരന്റെ
വീട്ടിൽ പാൎത്തുവരുന്ന ശീമൊൻ പത്രൊസിനെ വരുത്തുക നീ
ചെയ്യെണ്ടുന്നതൊക്കയും അവൻ നിന്നൊട പറയും എന്ന ചൊ
ല്ലി മറെകയും ചെയ്തു. അനന്തരം കൊൎന്നലിയൊസ ദൂതവച
ന പ്രകാരം തന്റെ വീട്ടുകാരിൽ മൂന്ന പെരെ യൊപ്പാനഗരത്തി
ലെക്ക നിയൊഗിച്ചയച്ചു. പിറെറനാൾ ഉച്ച സമയത്ത ഭക്ഷണം
കഴിക്കും മുമ്പെ പത്രൊസ വീടിന്റെ മുകളിലിരുന്ന പ്രാൎത്ഥിച്ച
ശെഷം വിശന്ന ഭക്ഷിപ്പാൻ ആഗ്രഹിച്ചപ്പൊൾ അവന്ന ഒരു ദ
ൎശനമുണ്ടായി സ്വൎഗ്ഗത്തിൽനിന്ന നാലുകൊണും കെട്ടിയ തുപ്പട്ടി
പൊലെയുള്ളൊരു പാത്രം തന്റെ അരികിൽ ഇറങ്ങുന്നതും അ
തിന്റെ അകത്ത സകല വിധമായ പശു പക്ഷി മൃഗാദി ജന്തുക്ക
ളിരിക്കുന്ന പ്രകാരവും കണ്ടു പത്രൊസെ നീ എഴുനീറ്റ കൊന്ന
ഭക്ഷിക്ക എന്നൊരു ശബ്ദം കെട്ടപ്പൊൾ അവൻ അയ്യൊ കൎത്താ
വെ നിന്ദ്യമായും അശുദ്ധമായുമുള്ളതൊന്നും ഞാൻ ഒരുനാളും ഭ
ക്ഷിച്ചിട്ടില്ല എന്ന പറഞ്ഞാറെ ദൈവം ശുദ്ധമെന്ന കല്പിച്ചത നീ
അശുദ്ധമെന്നു വിചാരിക്കരുത എന്നിങ്ങിനെ മൂന്ന വട്ടം ദൈവ
കല്പന ഉണ്ടായശെഷം ആ പാത്രം സ്വൎഗ്ഗത്തിലെക്ക കരെറിപ്പൊ
കയും ചെയ്തു. ഈ ദൎശനത്തിന്റെ അൎത്ഥം എന്തെന്ന പത്രൊസ
വിചാരിച്ചുകൊണ്ടിരിക്കുമ്പൊൾ കൊൎന്നലിയൊസ അയച്ച ആളു
കൾ വീട്ടിൽ വന്ന പത്രൊസ എന്നവൻ ഇവിടയൊ പാൎക്കുന്നു എ
ന്ന ചൊദിച്ച സമയം കൎത്താവിന്റെ ആത്മാവ പത്രൊസിനൊ
ട ഇതാ മൂന്നാൾ നിന്നെ അന്വെഷിക്കുന്നു നീ സംശയിക്കാതെ
അവരൊട കൂടെ പൊക ഞാൻ തന്നെ അവരെ അയച്ചു എന്ന

കല്പിച്ചു. ഉടനെ അവൻ ഇറങ്ങി ആ മൂന്നുപെരെ കണ്ടു നിങ്ങൾ അന്വെഷിക്കുന്നവൻ ഞാൻ തന്നെ വന്ന സംഗതി എന്തെന്നു ചൊദിച്ചാറെ അവർ യജമാനന്റെ അവസ്ഥ ബൊധിപ്പിച്ചു പത്രൊസ അവരെ രാത്രിയിൽ പാൎപ്പിച്ച ഉഷസ്സിങ്കൽ എഴുനീറ്റ അവരൊടും മറ്റ ചില സഹൊദരന്മാരൊടും കൂടെ പുറപ്പെട്ടു. പിറ്റെ ദിവസം കൈസരെയ്യ പട്ടണത്തിൽ എത്തി വീട്ടിലെക്ക വന്നപ്പൊൾ കൊൎന്നെലിയൊസ എതിരെറ്റ അവന്റെ കാല്ക്കൽ വീണ വന്ദിച്ചാറെ ഇതരുതെന്നും ഞാനും ഒരു മനുഷ്യനാകുന്നെന്നും പത്രൊസ പറഞ്ഞു അവൻ കൊൎന്നെലിയൊസ വരുത്തിയ ബന്ധുജനങ്ങളെയും ചങ്ങാതികളെയും കണ്ടപ്പൊൾ അവരൊട അന്യ ജാതിക്കാരൊട ചെൎന്ന കൊള്ളുന്നതും അടുക്കൽ വരുന്നതും യഹൂദന്മാൎക്ക ന്യായമല്ലല്ലൊ എങ്കിലും യാതൊരു മനുഷ്യനെയും നിന്ദ്യനെന്നും അശുദ്ധനെന്നും വിചാരിക്കരുത എന്ന ദൈവം ഇനിക്ക കാണിച്ചത കൊണ്ട നീ അയച്ച ആളുകളൊട കൂടെ ഞാൻ സംശയിക്കാതെ പുറപ്പെട്ടു വന്നു എന്തു കാൎയ്യത്തിന്നായി നീ എന്നെ വരുത്തി എന്ന ചൊദിച്ചാറെ കൊൎന്നെലിയൊസ ദൈവദൂതൻ പ്രത്യക്ഷനായതും തന്നൊട പറഞ്ഞിട്ടുള്ളതൊക്കയും വിവരമായി അറിയിച്ച ശെഷം പത്രൊസ ദൈവം പക്ഷവാദിയല്ല സൎവ്വ ജാതികളിലും അവനെ ഭയപ്പെട്ട അവന്റെ ഇഷ്ടത്തെ പ്രവൃത്തിക്കുന്നവനെ കൈക്കൊള്ളുന്നു എന്നു ഞാൻ ഇപ്പൊൾ നിശ്ചയിക്കുന്നു എന്ന പറഞ്ഞു സുവിശെഷത്തെ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പൊൾ വചനം കെട്ടവരെല്ലാവരുടെയും മെൽ പരിശുദ്ധാത്മാവ ഇറങ്ങി വന്നു അവർ പലഭാഷകളിലും സംസാരിച്ചു ദൈവത്തെ സ്തുതിച്ചത വിശ്വാസമുള്ള യഹൂദർ കണ്ടാറെ പുറജാതിക്കാൎക്കും കൂടെ പരിശുദ്ധാത്മദാനം ലഭിച്ചിട്ടുണ്ട എന്നു ചൊല്ലി ആശ്ചൎയ്യപ്പെട്ടു. ഇങ്ങിനെ സംഭവിച്ചത പത്രൊസ കണ്ടപ്പൊൾ ഞങ്ങളെപ്പൊലെ പരിശുദ്ധാത്മാവിനെ ലഭിച്ച ഇവൎക്ക ജ്ഞാനസ്നാനം കഴിക്കുന്നതിന്ന വെള്ളം വിരൊധിക്കുന്നവനാര എന്ന പറഞ്ഞു അവൎക്കെല്ലാവൎക്കും കൎത്താവായ യെശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പാൻ കല്പിച്ചു. അവരുടെ അപെക്ഷ പ്രകാരം ചില ദിവസം അവരൊട കൂടെ പാൎക്കയും ചെയ്തു

## ൪൩ പത്രൊസിനെ തടവിൽ നിന്ന വിടീച്ചത.

ഹെറൊദെസ രാജാവ യൊഹനാന്റെ സഹൊദരനായ യാക്കൊബിനെ വാളുകൊണ്ട കുലചെയ്തു. അത യഹൂദന്മാൎക്ക വളരെ ഇഷ്ടമെന്ന കണ്ടപ്പൊൾ പത്രൊസിനെയും പിടിച്ച തടവിൽ വെച്ചു പെസഹ പെരുനാൾ കഴിഞ്ഞ ശെഷം അവനെയും കൊല്ലുവാൻ വിചാരിച്ചു പത്രൊസ ഇങ്ങിനെ തടവിലായ സമയം സഭക്കാരും ഇടവിടാതെ അവനു വെണ്ടി പ്രാൎത്ഥിച്ചു അവന്റെ വധത്തിന്നായി നിശ്ചയിച്ച ദിവസത്തിന്ന മുമ്പിലത്തെ രാത്രിയിൽ രണ്ടു ചങ്ങല ഇട്ടു അവൻ രണ്ടു പട്ടാളക്കാരുടെ നടുവിൽ ഉറങ്ങി വാതിലിന്റെ പുറത്തും കാവൽകാർ കാത്തിരിക്കുമ്പൊൾ കാരാഗൃഹത്തിൽ ഒരു പ്രകാശമുണ്ടായി കൎത്താവിന്റെ ദൂതൻ അവന്റെ അരികെ വന്ന അവനെ തട്ടി ഉണൎത്തി നീ വെഗം എഴുനീല്ക്ക എ

ന്നു പറഞ്ഞു ഉടനെ ചങ്ങലകൾവീണാറെ ദൈവദൂതൻ അവനൊട നീ അര കെട്ടി ചെരിപ്പുകളുമിട്ട നിന്റെ വസ്ത്രം പുതച്ച എന്റെ പിന്നാലെ വരിക എന്നു കല്പിച്ചു അവനെ കാവല്ക്കാരുടെ നടുവിൽ കൂടി കടത്തി നഗരത്തിലെക്ക പൊകുന്ന ഇരിമ്പു വാതില്ക്കൽ വന്നപ്പൊൾ അത തന്നാലെ തുറന്ന കടന്ന അവർ തെരുവിലെത്തിയാറെ ദൈവദൂതൻ മറെകയും ചെയ്തു ഇങ്ങിനെ സംഭവിച്ചതൊക്കയും പത്രൊസിന്ന ഒരു സ്വപ്നം പൊലെ തൊന്നി സുബൊധം വന്നശെഷം കൎത്താവ തന്റെ ദൂതനെ അയച്ചു എന്നെ ഹെരൊദെസിന്റെ കയ്യിൽനിന്നും രക്ഷിച്ചു സത്യം എന്നു പറഞ്ഞു ഉടനെ അവൻ മൎക്കുസിന്റെ വീട്ടിലെക്ക ചെന്ന അവിടെ പലരും കൂടി പ്രാൎത്ഥിച്ചു കൊണ്ടിരിക്കുമ്പൊൾ വാതില്ക്കൽ മുട്ടിയാറെ ഇവൻ പത്രൊസ തന്നെ എന്നൊരു പണിക്കാരത്തി അറിഞ്ഞപ്പൊൾ സന്തൊഷത്താലെ വാതിൽ തുറക്കാതെ അകത്തു ചെന്ന പത്രൊസ വന്നിട്ടുണ്ട എന്നറിയിച്ചാറെ അവർ വിശ്വസിച്ചില്ല പത്രൊസ പിന്നെയും മുട്ടിക്കൊണ്ടിരുന്നപ്പൊൾ അവർ വന്ന വാതിൽ തുറന്ന അവനെ കണ്ടു ഭ്രമിച്ചു എന്നാറെ അവർ മിണ്ടാതെ ഇരിക്കെണ്ടതിന്ന ആംഗ്യം കാട്ടി കൎത്താവ അവനെ കാരാഗൃഹത്തിൽ നിന്ന രക്ഷിച്ച പ്രകാരം വിവരമായി അറിയിച്ചു ഈ കാൎയ്യം യാക്കൊബിന്നും സകല സഹൊദരന്മാൎക്കും അറിയിക്കെണമെന്ന പറഞ്ഞ വെറെ ഒരു സ്ഥലത്ത പൊയി പാൎത്തു പിറെറനാൾ പത്രൊസ തടവിൽ നിന്ന പൊയി എന്ന രാജാവ അറിഞ്ഞാറെ കാവല്ക്കാരെ കൊല്ലിക്കയും ചെയ്തു.

## ൪൭ പൌൽ ലുസ്ത്രയിൽ പാൎത്തത.

മുമ്പെ ശൌൽ എന്ന പെർ ധരിച്ചിരുന്ന പൌൽ ചിറ്റാസ്യപ്രദെശങ്ങളിൽ സഞ്ചരിച്ചപ്പൊൾ അവൻ ലുസ്ത്രാ പട്ടണത്തിൽപ്രവെശിച്ച സുവിശെഷം പ്രസംഗിച്ചു അവിടെ ജനനംമുതൽ മുടവനായ ഒരു മനുഷ്യൻ പൌലിന്റെ പ്രസംഗം കെട്ടു പൌൽ അവനെ സൂക്ഷിച്ച നൊക്കിയാറെ വിശ്വാസമുണ്ടെന്ന നിശ്ചയിച്ച നീ എഴുനീല്ക്ക എന്നതിണ്ണംവിളിച്ച പറഞ്ഞശെഷം അവൻഎഴുനീററ ചാടി നടന്നു. പൌൽ ചെയ്ത ഈ കാൎയ്യം ജനങ്ങൾ കണ്ടപ്പൊൾ ദെവന്മാർ മനുഷ്യരൂപം ധരിച്ച നമ്മുടെഅടുക്കൽ ഇറങ്ങി വന്നു എന്ന പറഞ്ഞു ദെവെന്ദ്രക്ഷെത്രത്തിലെ ആചാൎയ്യൻ കാളകളെയും പൂമാലകളെയും വാതില്ക്കൽ കൊണ്ടുവന്നു ജനങ്ങളൊടു കൂടെ ബലികഴിപ്പാൻ ഭാവിച്ചപ്പൊൾ അപ്പൊസ്തൊലരായ ബൎന്നബാസും പൌലും തങ്ങളുടെ വസ്ത്രങ്ങളെ കീറിജനങ്ങളുടെ ഇടയിൽ ഓടിച്ചെന്ന ഹെ മനുഷ്യരെ നിങ്ങൾ എന്തിന്ന ഈ കാൎയ്യം ചെയ്യുന്നു ഞങ്ങളും നിങ്ങളെപ്പൊലെയുള്ള മനുഷ്യരല്ലൊ നിങ്ങൾ ഈ വ്യൎത്ഥകാൎയ്യങ്ങളെ വിട്ട ആകാശഭൂമി സമുദ്രങ്ങളെയും അവററിലുള്ള സകലത്തെയും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിലെക്ക തിരിഞ്ഞുകൊള്ളെണമെന്ന നിങ്ങളൊട പറയുന്നു എന്നുറക്കെ വിളിച്ചു ചൊല്ലി അവരെ പണിപ്പെട്ടനിൎത്തി പിന്നെ അന്തിയൊക്യയിൽനിന്നും ഇക്കൊന്യയിൽനിന്നും യഹൂദർ അവിടെക്കു വന്ന ജനങ്ങളെ വശീകരിച്ച പൌലിനെ കല്ലെറിഞ്ഞു അവ

ൻ മരിച്ചു എന്ന വിചാരിച്ച പട്ടണത്തിൽ നിന്ന വലിച്ചുകളഞ്ഞു. എന്നാറെ ശിഷ്യന്മാർ അവനെ ചുറ്റി നിന്നപ്പൊൾ അവൻ എഴുനീറ്റ നഗരത്തിലെക്ക ചെന്ന പിറ്റെ ദിവസം ബൎന്നബാസിനൊട കൂടി ദെൎബ്ബെക്ക യാത്രയായി അവിടെയും സുവിശെഷം പ്രസംഗിച്ച പലരെയും ശിഷ്യന്മാരാക്കുകയും ചെയ്തു.

## ൪൨ ലൂദ്യയും കാരാഗ്രഹപ്രമാണിയും.

പൌൽ ഫിറ്റൊന്ന്യയിലെ ത്രൊവസ പട്ടണത്തിൽ പാൎത്തസമയത്ത ഒരു ദൎശനത്തിൽ മക്കദൊന്ന്യക്കാരനായ ഒരുവൻ നീ മക്കദൊന്ന്യയിലെക്ക കടന്ന വന്ന നമുക്ക സഹായിക്കെണം എന്ന പറഞ്ഞത കെട്ട അൎത്ഥം ഗ്രഹിച്ച മക്കദൊന്ന്യക്ക യാത്രയായി ഫിലിപ്പ പട്ടണത്തിലെത്തി ശാബത ദിവസത്തിൽ നഗരത്തിൻ പുറത്ത യഹൂദന്മാർ പ്രാൎത്ഥിക്കുന്ന സ്ഥലത്ത ചെന്ന പല സ്ത്രീകൾ കൂടിയപ്പൊൾ ദൈവവചനത്തെ അവരൊട അറിയിച്ചു അപ്പൊൾ പൌൽ പറയുന്ന കാൎയ്യങ്ങളെ താല്പൎയ്യമായി കെൾക്കെണ്ടതിന്ന കൎത്താവ തീയത്തിറാ നഗരക്കാരത്തിയായ ലൂദ്യ എന്നവളുടെ ഹൃദയം തുറന്ന പിന്നെ അവളും കുഡുംബവും ജ്ഞാനസ്നാനം കൊണ്ടശെഷം അപ്പൊസ്തൊലരൊട തന്റെ വീട്ടിൽ വന്ന പാൎപ്പാൻ അപെക്ഷിച്ചു നിൎബ്ബന്ധിക്കയും ചെയ്തു. അനന്തരം പൌൽ ഒരു മന്ത്രവാദിനിയുടെ ദുരാത്മാവിനെ പുറത്താക്കിയപ്പൊൾ അവളുടെ യജമാനന്മാർ നമ്മുടെ ലാഭം പൊയല്ലൊ എന്ന വിചാരിച്ച കൊപിച്ച അപ്പൊസ്തൊലരെ പിടിച്ച അധികാരികളുടെ അടുക്കലെക്ക വലിച്ച കൊണ്ടുപൊയി ഇവർ ഒരു പുതുവെദം ഉപദെശിക്കുന്നു എന്ന അന്ന്യായം ബൊധിപ്പിച്ചാറെ അധികാരികൾ അവരുടെ വസ്ത്രങ്ങളെ അഴിച്ച ചൊരചൊരിയുവൊളം അടിപ്പിച്ചശെഷം തടവിൽ വെപ്പിച്ചു. അൎദ്ധരാത്രിയിൽ പൌലും സീലാസും പ്രാൎത്ഥിച്ച വെദനകളെ വിചാരിയാതെ ദൈവത്തെ സ്തുതിച്ചപ്പൊൾ ഉടനെ ഒരു ഭൂകമ്പമുണ്ടായി കാരാഗ്രഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി വാതിലുകൾ തുറന്ന എല്ലാവരുടെ ചങ്ങലകളും അഴിഞ്ഞു വീണു എന്നാറെ കാരാഗ്രഹപ്രമാണി ഉണൎന്ന വാതിലുകൾ ഒക്ക തുറന്നത കണ്ടപ്പൊൾ തടവുകാർ എല്ലാവരും പൊയിക്കളഞ്ഞു എന്ന വിചാരിച്ച തന്റെ വാളൂരി തന്നെത്താൻ വെട്ടി മരിപ്പാൻ പുറപ്പെട്ടാറെ നീ നിനക്ക ഒരു ദൊഷവും ചെയ്യരുതെ ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലൊ എന്ന പൌൽ ഉറക്കെ വിളിച്ചു പറഞ്ഞത കെട്ട അവൻ ഒരു വിളക്ക വരുത്തി അകത്തെക്ക ഓടിച്ചെന്ന വിറച്ചുകൊണ്ട അപ്പൊസ്തൊലരുടെ മുമ്പിൽ വീണു അവരെ പുറത്തു കൊണ്ടുവന്ന പ്രിയ കൎത്താക്കന്മാരെ രക്ഷക്കായി ഞാൻ എന്ത ചെയ്യെണ്ടു എന്ന ചൊദിച്ചാറെ കൎത്താവായ യെശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നിനക്കും നിന്റെ കുഡുംബത്തിന്നും രക്ഷയുണ്ടാകും എന്ന പറഞ്ഞത കെട്ട അവൻ അവരെ രാത്രിയിൽ തന്നെ തന്റെ വീട്ടിൽ ആക്കി അവരുടെ മുറികളെ കഴുകി തന്റെ കുഡുംബത്തൊടുകൂടി സ്നാനപ്പെട്ട അവൎക്ക ഭക്ഷണം കൊടുത്തു തനിക്കും കുഡുംബത്തിന്നും വിശ്വാസം വന്നതിനാൽ സ

ഭന്താക്ഷിച്ചു പിറെന്നാൾ അധികാരികൾ അപ്പൊസ്തൊലരൊട സാമവാക്യങ്ങളെ പറയിച്ച വിട്ടയക്കയും ചെയ്തു.

## ൮൯ പൌൽ അഥെനപട്ടണത്തിൽ സു വിശെഷം പ്രസംഗിച്ചത.

അനന്തരം പൌൽ ഫിലിപ്പിപട്ടണത്തെ വിട്ട അഥെനയിൽ എത്തി തിമൊഥ്യനും സിലാസും വരുവൊളം അവിടെ പാൎത്തപ്പൊൾ നഗരം വിഗ്രഹങ്ങളെകൊണ്ട നിറഞ്ഞു എന്ന കണ്ട വളരെ വിഷാദിച്ചു എന്നാറെ അവൻ ദിവസം തൊറും യെഹൂദരുടെ പള്ളിയിലും ചന്തസ്ഥലത്തിലും കൂടിയവരൊട യെശുവിനെയും ജീവിച്ചെഴുനീല്പിനെയും കുറിച്ച പ്രസംഗിച്ചു അവിടെയുള്ള വിദ്വാന്മാർ അവനൊട തൎക്കിച്ചു അവനെ കൂടി വിസ്താരസ്ഥലത്തെക്ക കൊണ്ടുചെന്ന നിന്റെ പുതിയ ഉപദെശം എന്ത എന്നറിവാൻ പാടുണ്ടൊ എന്ന ചൊദിച്ചു അപ്പൊൾ പൌൽ ഹെ അഥെന്യരെ നിങ്ങൾ സൎവ്വ പ്രകാരത്തിലും മുറ്റും ദൈവഭക്തിയുള്ളവരാകുന്നു എന്ന കാണുന്നു ഞാൻ നടന്നുവന്ന നിങ്ങളുടെ പൂജാരികളെ സൂക്ഷിച്ചു നൊക്കിയപ്പൊൾ അറിയപ്പെടാത്ത ദൈവത്തിന്ന എന്നുള്ളൊരു പീഠവും കണ്ടു അതുകൊണ്ട നിങ്ങൾ ഇങ്ങിനെ അറിയാതെ വന്ദിക്കുന്ന ദൈവത്തെ ഞാൻ നിങ്ങളൊട അറിയിക്കുന്നു ലൊകവും അതിലുള്ള സകല വസ്തുക്കളും ഉണ്ടാക്കിയ ദൈവം താൻതന്നെ ആകാശ ഭൂമികളുടെ കൎത്താവാകകൊണ്ട കയ്യാൽതീൎത്ത ആലയങ്ങളിൽ പാൎക്കുന്നില്ല താൻ എല്ലാവൎക്കും ജീവനുംശ്വാസവും സകലവും നൽകുന്നവനാകകൊണ്ട തനിക്ക വല്ലതും ആവിശ്യമെന്ന വെച്ച മനുഷ്യരുടെ കൈകൊണ്ട വാങ്ങുന്നവനല്ല നമ്മിൽ ഒരുവനിൽ നിന്നും ദൂരസ്ഥനുമല്ല നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത അവനിൽ അല്ലൊ ആകുന്നത ഃനം അറിയായ്മയുടെ കാലങ്ങളെ ദൈവം കാണാതെ പൊലെ ഇരുന്നു ഇപ്പൊൾ സകല മനുഷ്യരൊടും അനുതപിക്കെണം എന്ന കല്പിക്കുന്നു. എന്നാൽ താൻ നിശ്ചയിച്ച പുരുഷനെകൊണ്ട ലൊകത്തിന്ന നീതിയൊടെ ന്യായം വിധിപ്പാനായിട്ട ഒരു ദിവസം നിശ്ചയിച്ചു ദൈവം ആയവനെ മരിച്ചവരിൽ നിന്ന ഉയിൎപ്പിച്ചതിനാൽ ഇതിന്റെ നിശ്ചയം എല്ലാവൎക്കും നൽകിയിരിക്കുന്നു എന്നാറെ അവർ മരിച്ചവരുടെ ഉയിൎപ്പിനെ കുറിച്ച കെട്ടപ്പൊൾ ചിലർ പരിഹസിച്ചു ചിലർ ഇതിനെകൊണ്ട പിന്നയും കെൾക്കുമെന്ന പറഞ്ഞശെഷം പൌൽ പുറത്തപൊയി ചിലർ അവനൊട ചെൎന്ന വിശ്വസിച്ചു അവരിൽ ദിയൊനിസിയുസ എന്ന മന്ത്രിയും ദമറിസ എന്ന സ്ത്രീയും ഉണ്ടായിരുന്നു.

## ൯൦ പൌൽ കൈസരയ്യയിൽ തടവിലിരുന്നത.

ചിലകാലം കഴിഞ്ഞശെഷം പൌൽ യെറുശലെമിൽവെച്ച തടവിലകപ്പെട്ട വിസ്താരത്തിന്നായി കൈസരയ്യ പട്ടണത്തിൽ കൊണ്ടുപൊയി ഫെലിക്സ എന്ന രൊമനാടുവാഴി യെഹൂദരുടെ കൌശ

ലങ്ങളെയും പൌലിന്മെൽ ബൊധിപ്പിച്ച കള്ള അന്ന്യായത്തെയും അത്ര വിചാരിയാതെ അവന്ന കുറെ ദയ കാണിച്ച കൈക്കൂലി വാങ്ങീട്ട വിട്ടയക്കാമെന്ന വിചാരിച്ച അവൻ പലപ്പൊഴും അവനൊട സംസാരിച്ചു ഒരു ദിവസം ഫെലിക്സ തന്റെ ഭാൎയ്യയായ ദ്രുസില്ലയൊട കൂടിവന്ന പൌലിനെ വരുത്തി അവനിൽനിന്ന വല്ലതും കെൾപ്പാൻ മനസ്സായാറെ അവൻ നീതിയെയും ഇച്ശയടക്കത്തെയും വരുവാനുള്ള ന്ന്യായവിധിയെയുംകൊണ്ട സംസാരിച്ചപ്പൊൾ ഫെലിക്സ ഭ്രമിച്ച നീ ഇപ്പൊൾ പൊക നല്ല സമയമുണ്ടായാൽ ഞാൻ നിന്നെ വിളിക്കും എന്നുപറഞ്ഞു പിന്നെ രണ്ട സംവത്സരം കഴിഞ്ഞശെഷം ഫെലിക്സ ആ സ്ഥാനത്തിൽനിന്ന നീങ്ങി ഫെസ്തൂസ എന്നവൻ വാഴുംകാലം അവനും പൌലിന്റെ കാൎയ്യം സത്യപ്രകാരം തീൎപ്പാൻ മനസ്സാകാതെ അവനെ യഹൂദൎക്ക എല്പിച്ച കൊടുപ്പാൻ ഭാവിച്ചപ്പൊൾ പൌൽ ഞാൻ കൈസരിന്റെ ന്ന്യായാസനത്തിൻ മുമ്പാകെ നില്ക്കുന്നു എന്റെ കാൎയ്യം അവിടെ വിസ്തരിക്കെണ്ടതാകുന്നു എന്ന പറഞ്ഞശെഷം ഫെസ്തൂസ നീ കൈസരിലെക്ക അഭയം ചൊല്ലിയതിനാൽ നീ കൈസരിന്റെ അടുക്കലെക്ക പൊകുമെന്ന കല്പിച്ചു ചിലദിവസം കഴിഞ്ഞശെഷം അഗ്രിപ്പരാജാവ ഫെസ്തൂസിനെ ചെന്നുകണ്ട പൌലിന്റെ അവസ്ഥ അറിഞ്ഞാറെ അവനിൽനിന്ന കെൾപ്പാൻ മനസ്സായപ്പൊൾ പൌൽ യെശുവിനെകൊണ്ടും തനിക്ക ലഭിച്ച കൃപയെകൊണ്ടും വളരെ ധൈൎയ്യത്തൊടെ സാക്ഷിപറഞ്ഞു ദൈവസഹായത്താൽ ഞാൻ ഇന്നെവരെയും ചെറിയവൎക്കും വലിയവൎക്കും സുവിശെഷം അറിയിച്ചുംകൊണ്ട നില്ക്കുന്നു ക്രിസ്തു കഷ്ടമനുഭവിച്ച മരിച്ചവരുടെ ഉയിൎപ്പിൽ അവൻ ഒന്നാമനായി ഇസ്രയെലൎക്കും പുറജാതിക്കാൎക്കും വെളിച്ചം അറിയിക്കെണമെന്ന ദീൎഘദൎശിമാർ ചൊന്നകാൎയ്യങ്ങളെ അല്ലാതെ ഞാൻ ഒന്നും പറയുന്നില്ല എന്ന ഉണൎത്തിച്ചാറെ ഫെസ്തൂസ പൌലെ നീ ഭ്രാന്തനാകുന്നു എറിയ വിദ്യ നിന്നെ ഭ്രാന്ത പിടിപ്പിച്ചു എന്നുറക്കെ വിളിച്ച പറഞ്ഞപ്പൊൾ പൌൽ മഹാശ്രെഷ്ഠനായ ഫെസ്തൂസെ ഞാൻ ഭ്രാന്തനല്ല സത്യവും സുബുദ്ധിയുമുള്ള വചനങ്ങളെ അത്രെ ചൊല്ലുന്നു രാജാവിന്ന ൟ കാൎയ്യങ്ങളിൽ അറിവുണ്ടാകകൊണ്ട ഞാൻ ധൈൎയ്യത്തൊടെ സംസാരിക്കുന്നു അഗ്രിപ്പരാജാവെ ദീൎഘദൎശികളെ വിശ്വസിക്കുന്നുവൊ നീ വിശ്വസിക്കുന്നു എന്ന ഞാൻ അറിയുന്നു എന്ന പറഞ്ഞപ്പൊൾ ഞാൻ ക്രിസ്ത്യാനിയാകുവാൻ അല്പം നീ എന്നെ സമ്മതനാക്കുന്നു എന്ന കല്പിച്ചാറെ പൌൽ നീ മാത്രമല്ല ഇന്ന എന്നിൽനിന്ന കെൾക്കുന്നവരെല്ലാവരും അല്പം അല്ല മുഴുവനും ൟ ചങ്ങല ഒഴികെ എന്നെപ്പൊലെ ആകെണമെന്ന ദൈവത്തൊട ഞാൻ അപെക്ഷിക്കുന്നു എന്ന പറഞ്ഞു.

## ൫൯ പൌൽ രൊമപട്ടണത്തിലെക്ക യാത്രയായത.

ചിലകാലം കഴിഞ്ഞശെഷം ഫെസ്തൂസ പൌലിനെയും മറ്റു ചില തടവുകാരെയും ലിയുസ എന്ന ശതാധിപങ്കൽ എല്പിച്ച രൊമപട്ടണത്തെക്ക കൊണ്ടുപൊവാൻ കല്പിച്ചു ഒരു കപ്പലിൽ കരെറി

യാത്രയായപ്പോൾ പൌലിന്റെ ശിഷ്യരായ ലൂക്കനും അറിസ്തൎഖ്നും അവന്റെ കൂടെ പോയി അവർ വൎഷകാലത്തിങ്കൽ ക്രേതദ്വീപിൽ പാൎപ്പാൻ നിശ്ചയിച്ചു എങ്കിലും കൊടുങ്കാറ്റ പിടിച്ച കടൽ ഘോരമായി കോപിക്കകൊണ്ട കരയിൽ ഇറങ്ങുവാൻ വഹിയാതെ അവൎക്ക എല്ലാവൎക്കും അത്യന്തം സങ്കടം സംഭവിക്കയാൽ അവർ സകല പദാൎത്ഥങ്ങളെയും വെള്ളത്തിൽ ഇട്ട കപ്പലിന്ന ഭാരം ചുരുക്കിയാറെ കൎത്താവിന്റെ ദൂതൻ ഒരു രാത്രിയിൽ പൌലിന്ന പ്രത്യക്ഷനായി പേടിക്കേണ്ട നീ കൈസരിന്റെ മുമ്പാകെ നിൽക്കും അതല്ലാതെ കപ്പലിൽ പാൎക്കുന്നവരെല്ലാവരെയും ദൈവം നിനക്ക തന്നിരിക്കുന്നു എന്ന പറഞ്ഞു ആശ്വസിപ്പിച്ചു ഇങ്ങിനെ അവർ പതിനാലുരാപ്പകൽ കടലിൽവെച്ച ദുഃഖിച്ചശേഷം പേർ അറിയാതൊരു കരകണ്ടു കപ്പൽ അടുപ്പിപ്പാൻ നോക്കിയപ്പോൾ രണ്ടുപുറവും കടൽ കൂടിയ ഒരു സ്ഥലത്ത വീണ ഉടഞ്ഞുപോയശേഷം ചിലർ കരയിലെക്ക നീന്തുകയും മറ്റെവർ പലകകളുടെയും കപ്പലിന്റെ ഖണ്ഡങ്ങളുടെയും മേൽ കരേറി കരയിൽ എത്തുകയും ചെയ്തു. ഇങ്ങിനെ ആ കപ്പലിൽ പാൎക്കുന്ന ൨൭൬ പേൎക്കും രക്ഷയുണ്ടായ്വന്നു അവർ കരെക്ക എത്തിയാറെ അത മല്ത്ത ദ്വീപ എന്നറിഞ്ഞു ആ ദ്വീപുകാർ ൟ പരദേശികൾക്ക ഉപകാരം ചെയ്തു മഴയും ശീതവും ഉണ്ടാകകൊണ്ട അവർ തീകത്തിച്ച എല്ലാവരെയും ചേൎത്തു പൌലും ഒരുകെട്ട വിറക പെറുക്കി തീയിലിട്ടാറെ ഒരു അണലി ചൂടുപിടിച്ചപ്പോൾ അതിൽനിന്ന പുറപ്പെട്ട അവന്റെ കൈമേൽ ചുറ്റി തൂങ്ങി ദ്വീപുകാർ അതിനെ കണ്ട ൟ മനുഷ്യന്ന സമുദ്രത്തിൽനിന്ന രക്ഷയുണ്ടായി എങ്കിലും പക അവനെ ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നില്ല അവൻ കുലപാതകനായിരിക്കും എന്ന അന്യോന്യം നോക്കി സംസാരിച്ചു എന്നാറെ പൌൽ പാമ്പിനെ തീയ്യിൽ കുടഞ്ഞുകളഞ്ഞു വിഘ്നം ഒട്ടും വരാതെ ഇരിക്കുന്നത കണ്ടപ്പോൾ ഇവൻ ഒരു ദേവൻ തന്നെ നിശ്ചയം എന്ന പറഞ്ഞു പിന്നെ അവർ മൂന്നുമാസം ആ ദ്വീപിൽ പാൎത്തതിനാൽ പൌലിന്ന ദൈവവചനം അറിയിപ്പാനും പലവിധമുള്ള ദീനക്കാരെ സൌഖ്യമാക്കുവാനും സംഗതി ഉണ്ടായിവന്നു വൎഷകാലം കഴിഞ്ഞശേഷം അവർ വേറെ ഒരു കപ്പലിൽ കരേറി സുഖെന രോമപട്ടണത്തിലെത്തി അവിടെ പൌൽ യഹൂദന്മാൎക്ക സുവിശേഷത്തെ അറിയിച്ചതിനാൽ വളരെ കലശൽ ഉണ്ടായിവന്നു എങ്കിലും ചിലർ വിശ്വസിച്ചു പൌൽ രണ്ടുവൎഷം താൻ കൂലിക്കായി വാങ്ങിയ വീട്ടിൽ പാൎത്ത തന്റെ അരികിൽ വരുന്ന എല്ലാവരെയും കൈകൊണ്ട വിരോധം കൂടാതെ ബഹു ധൈൎയ്യത്തോടും കൂടെ ദൈവരാജ്യം പ്രസംഗിച്ചും കൎത്താവായ യേശുക്രിസ്തുവിനെകുറിച്ചുള്ള കാൎയ്യങ്ങളെ പഠിപ്പിച്ചുകൊണ്ടും ഇരുന്നു.

## ൭൨ അപ്പോസ്തോലർ സുവിശേഷത്തെ അറിയിച്ചത.

പൌൽ ഇങ്ങിനെ തടവുകാരനായി രോമയിൽ പാൎത്തസമയം പല ലേഖനങ്ങളെയും എഴുതി തടവിൽനിന്ന വിട്ടപോക

മെന്നുള്ളത സൂചകമായി അവററിൽപറഞ്ഞിട്ടുണ്ട അവൻ രണ്ടാം പ്രാവിശ്യം തടവിലായി യെശുക്രിസ്തുവിൻെറ നാമം നിമിത്തം വാളാൽ മരിച്ചു എന്ന സഭാചരിത്രത്തിൽ പറഞ്ഞ കെൾക്കുന്നു രണ്ടാംപ്രാവിശ്യം തടവിൽ ഇരിക്കുമ്പൊൾ അവൻ തിമൊഥ്യന്നു രണ്ടാം ലെഖനം എഴുതി അതിന്നുമുമ്പെ അവൻ വഴിയാത്രകളിലും ഒന്നാം തടവുകാലത്തിലും പല സഭകൾക്കും എറിയ ലെഖനങ്ങളെ എഴുതി അയച്ചിരുന്നു അവ ഒക്കയും പുതിയനിയമപുസ്തകത്തിൽ ഇരിക്കുന്നു പൌൽ മരിക്കുംമുമ്പെ മത്തായും മാർക്കൊസും ലൂക്കനും തങ്ങളുടെ സുവിശെഷങ്ങളെ എഴുതിയിരിക്കുന്നു യറുശലെംപട്ടണം നശിച്ചശെഷം അത്രെ യൊഹനാൻ തൻെറ സുവിശെഷത്തെയും അറിയിപ്പിനെയും തീത്തു പത്രൊസും യാക്കൊബും യൂദാവും എന്ന മൂന്നുപെരും ലെഖനങ്ങളെ എഴുതിയിരുന്നു അവയും പുതിയനിയമത്തിൽ ഉണ്ട യൊഹനാൻ എറിയ വയസ്സനായി മരിച്ചു മററെ അപ്പൊസ്തൊലരുടെ അവസ്ഥ സൂക്ഷമായി അറിയുന്നില്ല ഒന്നുമാത്രം നിശ്ചയം നിങ്ങൾ സകല ഭൂലൊകത്തിലും പൊയി സകല സൃഷ്ടിക്കും സുവിശെഷം പ്രസംഗിപ്പിൻ എന്നുള്ള കൎത്താവിൻെറ കല്പനപ്രകാരം അവർ നടന്ന എകദെശം ൩൫ സംവത്സരത്തിന്നകം ക്രിസ്തുവിനെ എല്ലാരാജ്യങ്ങളിലും അറിയിച്ച അവർ കൎത്താവിൻെറ കല്പനയെ പ്രമാണിച്ചപ്രകാരം കൎത്താവും ഞാൻ ലൊകാവസാനത്തൊളം നിങ്ങളൊടുകൂടി ഇരിക്കും എന്നുള്ള വാക്യം അവരിലും നിവൃത്തിച്ചു ഒരു ദിവസത്തൊളം അവൻെറ സൎവ്വശിഷ്യന്മാരിൽ നിവൃത്തിക്കയും ചെയ്യുന്ന സത്യം.

അവസാനം.

1922 G 9992

[Chr. Gottl. Barth. Biblische Geschichten.]

പഴയ

# നിയമത്തിൽനിന്ന

എടുത്ത

അമ്പത്തരണ്ട

## സത്യവെദകഥകളും

പുതിയ

# നിയമത്തിൽനിന്ന

എടുത്ത

അമ്പത്തരണ്ട

## സത്യവെദകഥകളും

ഇതിൽ അടങ്ങിയിരിക്കുന്നു.

---

COTTAYAM:
Printed at the Church Mission Press,
1855.